


# ദൈവശാസ്ത്ര പഠനങ്ങൾ

ഡോ. തോമസ് കുഴിനാപ്പുറത്ത്

www.malankaralibrary.com

# ദൈവശാസ്ത്ര പഠനങ്ങൾ

www.malankaralibrary.com

www.malankaralibrary.com

# ദൈവശാസ്ത്ര പഠനങ്ങൾ

ഡോ. തോമസ് കുഴിനാപ്പുറത്ത്

CARMEL INTERNATIONAL PUBLISHING HOUSE
TRIVANDRUM, KERALA, INDIA – 695 014
2022

www.malankaralibrary.com

**DAIVASASTRA PATANANGAL**
(Malayalam)

by
Dr. Thomas Kuzhinapurath

First Published
September 2022

Printed, Published and Distributed by
Carmel International Publishing House
Cotton Hill, Trivandrum-695 014
e-mail: ciphindia@gmail.com
Website : www.carmelpublication.com

ciph impressions, Trivandrum

Cover Design
Manoj S.

Price
'#160.00

© Author

All rights reserved including the rights of reproduction in whole or in part of any form

CIPH No. 519 September 2022

www.malankaralibrary.com

# ഉള്ളടക്കം

അനുഗ്രഹാശംസ

അവതാരിക

മുഖമൊഴി

1. ഇടവക ദൈവജനകേന്ദ്രം ........................................ 9
2. വിശ്വാസപരിശീലനം ചരിത്രത്തിലൂടെ ........................................ 19
3. വൈദിക പരിശീലനഘട്ടങ്ങൾ ........................................ 29
4. ക്രിസ്മസ് ചിന്തകൾ: കാൾ റാനർ ........................................ 39
5. വിത്തിന്റെ ഉപമ: കാത്തിരിപ്പിന്റെ കഥ ........................................ 46
6. കുരിശ് പ്രത്യാശയുടെ പ്രതീകം: മോൾട്ട്മാൻ ........................................ 52
7. പ്രപഞ്ചപരിണാമം ഉത്ഥിതനായ ക്രിസ്തുവിലേക്ക്: ഷർദ്ദാൻ 58
8. കുരിശ് ഉത്ഥാനത്തിലേക്ക് തുറന്ന വാതിൽ: ഒരു മലങ്കര ദൈവശാസ്ത്ര ദർശനം ........................................ 65
9. മരിയദർശനം: മാർ അപ്രേമിന്റെ വീക്ഷണവും സഭയുടെ വിശ്വാ സസത്യങ്ങളും ........................................ 73
10. മാർ ഗ്രിഗോറിയോസ് ചിന്തകൾ ........................................ 81
11. മാർ ഈവാനിയോസ്: ഭാരത ക്രൈസ്തവ സന്ന്യാസത്തിന്റെ പ്രവാചകൻ ........................................ 89

www.malankaralibrary.com



12. ധനികർക്കു ദൈവരാജ്യം അന്യമോ? ........................................... 97
13. മനുഷ്യമനഃസാക്ഷിയോട് സഭ സംസാരിക്കുന്നു .................... 103
14. സഭയുടെ സാമൂഹിക പ്രബോധനം ............................................. 113
15. വിവാഹവഴിയിലെ കാരുണ്യസ്പർശം ....................................... 123
16. 'ഫ്രത്തെല്ലി തൂത്തി'യുടെ സഭൈക്യദർശനം .......................... 132

www.malankaralibrary.com

# അവതാരിക

സ്രഷ്ടാവും പരിപാലകനും രക്ഷിതാവുമായ ദൈവത്തെ മനുഷ്യൻ അനുഭവിക്കുന്നത് അവിടുത്തെ സ്വയം വെളിപ്പെടുത്തലുകളിലൂടെയാണ്. ഈ ദൈവാവിഷ്കരണത്തിന്റെ സത്ഫലങ്ങൾ മനുഷ്യൻ അനുദിനജീവിതത്തിൽ അനുഭവിച്ച് അറിയേണ്ടതുണ്ട്. പ്രപഞ്ചാസ്തിത്വത്തിന്റെ ആദികാരണം തേടിച്ചെല്ലുന്ന മനുഷ്യനു മുന്നിൽ സ്രഷ്ടാവായ ദൈവം സ്വയം വെളിപ്പെടുത്തുന്നു. അനുദിനജീവിതം ദൈവിക പരിപാലനയാൽ നടത്തപ്പെടുമ്പോൾ പരിപാലകനായ ദൈവത്തെ മനുഷ്യൻ അനുഭവിക്കുന്നു. പാപവിമോചനത്തിന്റെ ആത്മീയ സന്തോഷമനുഭവിക്കുന്ന മനുഷ്യനുമുന്നിൽ ദൈവം സ്വയം വെളിപ്പെടുത്തുന്നതു രക്ഷകനായിട്ടാണ്.

ദൈവത്തിന്റെ ഈ വെളിപ്പെടുത്തലുകളെക്കുറിച്ച് ശാസ്ത്രീയമായും ക്രമീകൃതമായും മനുഷ്യൻ പഠിപ്പിക്കുമ്പോൾ അവിടെ ദൈവശാസ്ത്രം രൂപപ്പെടുന്നു. ദൈവത്തിന്റെ വെളിപ്പെടുത്തലുകൾ ദൈവജനത്തിനു മുഴുവനും വേണ്ടിയുള്ളതാണ്. തന്മൂലം ദൈവശാസ്ത്രപഠനം വൈദികർക്കോ സന്യസ്തർക്കോ മാത്രമായി സംവരണം ചെയ്യപ്പെട്ടിട്ടുള്ളതല്ല. മറിച്ച് മുഴുവൻ ദൈവജനത്തിന്റെയും അനുദിനാനുഭവങ്ങളിൽ ദൈവശാസ്ത്രകിരണങ്ങൾ കടന്നുചെല്ലണം. നിസ്തന്ദ്രമായ ദൈവാന്വേഷണത്തിലൂടെ മാത്രമേ ഇത് സാധിക്കുകയുള്ളൂ. ഇത് ദൈവജനത്തിന്റെ മുഴുവൻ അവകാശവും ഉത്തരവാദിത്തവുമാണ്.

ദൈവാവിഷ്കരണസംഭവങ്ങളും അവയിലൂടെ തെളിഞ്ഞുവരുന്ന സത്യങ്ങളും വിശ്വാസത്തിന്റെ വെളിച്ചത്തിലാണ് വിശകലനം ചെയ്യപ്പെടുന്നത്. അപ്പോൾ മാത്രമേ അത് ഫലദായകമാവുകയുള്ളൂ.

ദൈവശാസ്ത്രം ജീവിതസ്പർശിയാവണം. അപ്പോഴാണ് അതിന് പ്രായോഗിക ഫലങ്ങൾ ഉളവാക്കുവാൻ സാധിക്കുക. യുക്തിഭദ്രങ്ങളായ സൈദ്ധാന്തിക ദർശനങ്ങൾക്കതീതമായി ദൈവശാസ്ത്രത്തിന്റെ സാക്ഷാത്ക്കാരം അനുദിനജീവിതത്തിൽ സംഭവിക്കണം. ഇപ്രകാരമൊരു ക്രൈസ്തവജീവിതദർശനം രൂപപ്പെടുമ്പോൾ ദൈവജനത്തിന്റെ എല്ലാ മേഖലകളിലെയും ജീവിതം ദൈവത്തിന്റെ വെളിപ്പെടുത്തലായി മാറുന്നു. ഇങ്ങനെ ജീവിക്കുന്ന വിശ്വാസംവിട്ട് ഓടിപ്പോകുവാൻ ആർക്കുമാ

www.malankaralibrary.com



വില്ല. വിശ്വാസം നിഷേധിക്കുന്നവൻ സ്വന്തം സത്തയെ തള്ളിപ്പറയുന്ന അവസ്ഥ വരുന്നു.

'ദൈവശാസ്ത്രപഠനങ്ങൾ' എന്ന ഈ ലഘുഗ്രന്ഥം വിശ്വാസജീവിതത്തിന്റെ ബഹുവിധ അർത്ഥതലങ്ങൾ സമന്വയിപ്പിക്കുന്നു എന്നതിൽ സന്തോഷമുണ്ട്. ആനുകാലിക പ്രാധാന്യമുള്ള വിവിധ ലേഖനങ്ങളിലൂടെ ബ. തോമസ് കുഴിനാപ്പുറത്ത് അച്ചൻ അത് കൈവരിച്ചിരിക്കുന്നു. ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ ജനന-ജീവിത-മരണോത്ഥാനങ്ങൾ മനുഷ്യജീവിത യാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെടുത്തി ഏറ്റവും ഹൃദ്യമായ ഭാഷയിൽ ആവിഷ്കരിച്ചിരിക്കുന്നു. രക്ഷയുടെ മാർഗവും വേദിയുമായി ക്രിസ്തുവിനാൽ സ്ഥാപിതമായ സഭയുടെ വിവിധ മാനങ്ങൾ സഭാനിയമങ്ങളുടെയും ഈടുറ്റ ഗ്രന്ഥങ്ങളുടെയും പിൻബലത്തോടെ ചർച്ചചെയ്യപ്പെടുന്നു. ദൈവജനസമൂഹം ആധുനിക ചുറ്റുപാടുകളിൽ അഭിമുഖീകരിക്കുന്ന ചില സാമൂഹിക പ്രതിഭാസങ്ങളോട്, സഭാപ്രബോധനങ്ങളുടെ വെളിച്ചത്തിൽ നടത്തുന്ന ധാർമ്മിക പ്രതികരണങ്ങളും ഈ ചെറുഗ്രന്ഥത്തിന്റെ സവിശേഷതയാണ്.

പുസ്തകപ്രസാധകരംഗത്തും സദ്ഗ്രന്ഥങ്ങൾ വായിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും പ്രത്യേക ശ്രദ്ധതിരിക്കേണ്ട ഒരു കാലയളവാണിത്. മലങ്കര കത്തോലിക്കാസഭ അതിന്റെ വളർച്ചയിൽ വിവിധ ഘട്ടങ്ങൾ പിന്നിട്ടു മുന്നേറുന്ന ഈ അവസരത്തിൽ ആത്മീയവും വൈജ്ഞാനികവുമായ നല്ല ഒരു അടിത്തറ നമുക്ക് അനിവാര്യമാണ്. ഇതിനു സഹായകരമാകുന്ന സദ്ഗ്രന്ഥങ്ങളും ചിന്തോദ്ദീപകങ്ങളായ ലേഖനങ്ങളും രചിക്കുന്നതിലും സംലഭ്യമാക്കുന്നതിലും ഇനിയും നാം മുന്നോട്ടുവരേണ്ടിയിരിക്കുന്നു. 'ദൈവശാസ്ത്രപഠനങ്ങൾ' എന്ന ശീർഷകത്തോടുകൂടിയ ഈ ലേഖനസമാഹാരം ഈ രംഗത്ത് നല്ലൊരു ചുവടുവയ്പാണ്. ഈ ഗ്രന്ഥത്തിന്റെ രചയിതാവ് ബഹു. കുഴിനാപ്പുറത്ത് അച്ചനെയും ഇതിന്റെ പ്രസിദ്ധീകരണം ഏറ്റെടുത്ത് ഭംഗിയായി നിർവ്വഹിച്ച കാർമ്മൽ ഇന്റർനാഷണൽ പബ്ലിഷിംഗ് ഹൗസിനെയും പ്രത്യേകം അഭിനന്ദിക്കുന്നു. ഈ പുസ്തകംവഴി പ്രചരിക്കുന്ന നല്ല ആശയങ്ങളും ആദർശങ്ങളും നമ്മുടെ സഭാജീവിതത്തെ കൂടുതൽ പുഷ്ടിപ്പെടുത്തട്ടെയെന്ന് ആശംസിക്കുന്നു.

**മോസ്റ്റ് റവ. സിറിൽ മാർ ബസേലിയോസ്**
മലങ്കര കത്തോലിക്കാ
മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്

തിരുവനന്തപുരം
1-3-1998

www.malankaralibrary.com

# മുഖമൊഴി

1998 ലാണ് "ദൈവജനം" എന്ന പേരിൽ ഈ പുസ്തകത്തിന്റെ ആദ്യരൂപം പ്രസിദ്ധീകൃതമാകുന്നത്. ഭാഗ്യസ്മരണാർഹനായ സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെ അവതാരികയും യശഃശരീരനായ ഡോ. ബാബുപോൾ ഐ.എ.എസിന്റെ സുദീർഘമായ അവതാരികയും ഈ പുസ്തകത്തെ ധന്യമാക്കി. പിന്നീട് 2000ത്തിൽ ഈ പുസ്തകത്തിന്റെ രണ്ടാം പതിപ്പ് പുറത്തിറങ്ങി. 2012 ൽ ഈ പുസ്തകത്തിലെ കാനാൻ നിയമസംബന്ധിയായ ലേഖനങ്ങൾ സമാഹരിച്ച് "കാനോനിക പഠനങ്ങൾ" എന്ന വാല്യം പുറത്തിറങ്ങി. 2016 ൽ ഈ പുസ്തകത്തിൽനിന്നും സാമൂഹിക പ്രസക്തിയുള്ള ലേഖനങ്ങൾ ഉൾപ്പെടുത്തി "മാതാപിതാക്കളും മക്കളും അറിയാൻ" എന്ന വാല്യവും പ്രസിദ്ധീകൃതമായി. അവശേഷിച്ച ദൈവശാസ്ത്രസംബന്ധിയായ ലേഖനങ്ങളുടെ സമാഹാരത്തോടൊപ്പം ആനുകാലിക പ്രസക്തിയുള്ള ഇതര ലേഖനങ്ങളും ഉൾപ്പെടുത്തിയാണ് "ദൈവശാസ്ത്രപഠനങ്ങൾ" എന്ന ഈ വാല്യം ഇപ്പോൾ പുറത്തിറങ്ങുന്നത്.

യേശുക്രിസ്തു തന്റെ ജനന-ജീവിത-മരണോത്ഥാനങ്ങളിലൂടെ നമുക്ക് പ്രദാനം ചെയ്ത രക്ഷയുടെ അനുഭവം, ഈ രക്ഷയുടെ ആനുകാലിക ആവിഷ്കരണം സഭയിലൂടെ എപ്രകാരം സാധിതമാകുന്നു, സഭയുടെ ഈ രക്ഷാപാതയിൽ ഇന്ന് അഭിമുഖീകരിക്കേണ്ടിവരുന്ന വെല്ലുവിളികൾ തുടങ്ങിയ സമസ്യങ്ങളാണ് ഈ വാല്യത്തിൽ ചർച്ച ചെയ്യപ്പെടുന്നത്.

ഈ പുസ്തകത്തിന് അനുവാദവും ആശീർവാദവും നൽകിയ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലിമീസ് കാതോലിക്കാ

www.malankaralibrary.com



ബാവയോട് പ്രത്യേകം നന്ദി അറിയിക്കട്ടെ. ഇതിന്റെ പ്രസാധനം ഏറ്റെടുത്ത് ഭംഗിയായി നിർവ്വഹിച്ച കാർമ്മൽ ഇന്റർനാഷണൽ പബ്ലിഷിംഗ് ഹൗസിനോടും ഡയറക്ടർ ഫാ. ജയിംസ് ആലക്കുഴി യച്ചനോടും പ്രത്യേകം നന്ദിപറയുന്നു. ഈ പുസ്തകത്തിലെ ദൈവ ശാസ്ത്രചിന്തകളും പ്രായോഗികചിന്തകളും നമ്മുടെ ആത്മീയ ജീവി തത്തെ പുഷ്ടിപ്പെടുത്തുമെന്ന പ്രതീക്ഷയോടെ.

തിരുവനന്തപുരം **ഫാ. തോമസ് കുഴിനാപ്പുറത്ത്**
08 09 2022

www.malankaralibrary.com

# 1
# ഇടവക ദൈവജനകേന്ദ്രം



**ദൈവാരാധന ബാഹ്യവും വൈകാരികവുമായ തലങ്ങൾ കടന്ന് ആന്തരികവും ബോധ്യങ്ങളിലധിഷ്ഠിതവുമായ മേഖലകളിലേക്ക് ഉയരേണ്ടത് ഇന്നിന്റെ ആവശ്യമാണ്. ചിത്രങ്ങൾക്കും ചില്ലുകൂടുകൾക്കും മുന്നിൽ കണ്ണീരൊഴുക്കുന്നതിലുപരി ഓരോ വ്യക്തിയുടെയും സത്താപരമായ ആവശ്യമായി ദൈവാരാധന മാറേണ്ടിയിരിക്കുന്നു.**

**ദൈ**വജനം ഒരു ബലിവേദിക്കുചുറ്റും ഒന്നിച്ച് അണിനിരക്കുമ്പോഴുണ്ടാകുന്ന കൂട്ടായ്മയാണ് ഇടവക. ഇടവകകൾ ആദ്ധ്യാത്മിക പ്രചോദനങ്ങളുടെ ഉറവിടവും ആത്മീയ നവോത്ഥാനത്തിന്റെ പ്രഭവസ്ഥാനവുമാകേണ്ടതുണ്ട്.

റോം, അന്ത്യോക്യാ, അലക്സാൻഡ്രിയ തുടങ്ങിയ നഗരങ്ങളായിരുന്നു ആദിമസഭയുടെ സുവിശേഷപ്രഘോഷണകേന്ദ്രങ്ങൾ. മൂന്നാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തോടെയാണ് സുവിശേഷ സന്ദേശം ഗ്രാമാന്തരങ്ങളിലേക്കു കടന്നുചെന്നത്. അങ്ങനെ ഗ്രാമങ്ങളിൽ ചെറിയ ക്രൈസ്തവസമൂഹങ്ങൾ രൂപംകൊണ്ടു. കാലാന്തരത്തിൽ ഈ പ്രാ

www.malankaralibrary.com



ദേശികസമൂഹങ്ങൾക്കു സ്ഥായിയായ രൂപവും ഭാവവും കൈവന്നു. അവയെ നയിക്കാൻ വൈദികർ നിയമിതരായി. ഇങ്ങനെ രൂപംകൊണ്ട പ്രാദേശിക ക്രൈസ്തവസമൂഹങ്ങളാണ് ഇന്നു നാം മനസ്സിലാക്കുന്ന ഇടവകയുടെ ആദിരൂപങ്ങൾ. പ്രാദേശിക സഭാസമൂഹങ്ങളെ സൂചിപ്പിക്കുവാനായി വിശുദ്ധഗ്രന്ഥത്തിൽ ഉപയോഗിച്ചുകാണുന്ന 'പറോക്കിയ' എന്ന ഗ്രീക്കുപദമാണ് ഇടവക എന്നു തർജ്ജമ ചെയ്യാവുന്ന 'പാരിഷ്' എന്ന ആംഗ്ലേയപദത്തിന്റെ മൂലം. ഈ വാക്കിന്റെ അർത്ഥത്തിൽ, വരുവാനിരിക്കുന്ന ദൈവരാജ്യത്തെ പ്രതീക്ഷിച്ചുകൊണ്ട് ഈ ലോകത്തിൽ തീർത്ഥാടനം നടത്തുന്ന പ്രാദേശിക ക്രൈസ്തവകൂട്ടായ്മയാണ് ഇടവക.

"സാർവത്രികവും ദൃശ്യവുമായ സഭയെ പ്രതിനിധാനം ചെയ്യുന്ന വിശ്വാസികളുടെ പ്രാദേശികസമൂഹ"മായാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ ഇടവകയെ കാണുന്നത് (ആരാധനാക്രമം, 42). ഭരണപരവും സ്ഥാപനപരവുമായ മേഖലകളിൽ ഇടവക, സാർവത്രികസഭയുടെ ഒരു 'ഭാഗം' മാത്രമാണെങ്കിലും കൗദാശികവും ആദ്ധ്യാത്മികവുമായ മാനങ്ങളിൽ അതു സഭയെ മുഴുവൻ ഉൾക്കൊള്ളുന്ന സൂക്ഷ്മരൂപം തന്നെയാണ്. തന്മൂലം സഭയുടെ സുവിശേഷവത്ക്കരണ ദൗത്യം നിവർത്തിയാക്കേണ്ടത് ഇടവകയിലൂടെയാണ്. മാനവരാശിയുടെ മുഴുവൻ സുവിശേഷവത്ക്കരണകേന്ദ്രങ്ങളാകേണ്ട ഇന്നിന്റെ ഇടവകകൾ ഈ ദൗത്യനിർവഹണത്തിന് എത്രകണ്ടു സജ്ജമാണ്? ഇടവകതലത്തിൽ സംഭവിക്കേണ്ട പുനർസുവിശേഷവത്ക്കരണത്തിന്റെ ആവശ്യകതയെയാണ് ഈ വസ്തുത സൂചിപ്പിക്കുക.

**ദൈവാരാധന ഊർജ്ജസ്രോതസ്**

പ്രശസ്ത ദൈവശാസ്ത്രജ്ഞനായ കാൾ റാനർ ഇടവകയെ കാണുന്നത് സാർവ്വത്രികസഭയുടെ പ്രാദേശിക സാക്ഷാത്ക്കാരമായിട്ടാണ്. ദൈവമനുഷ്യബന്ധവും മാനുഷിക പാരസ്പര്യവും ഐക്യവും അതിശക്തമായി സാക്ഷാത്കൃതമാകേണ്ടത് ഇടവകയുടെ പശ്ചാത്തലത്തിലാണ്. നിത്യമായ ദൈവാരാധനയ്ക്കായി നിയുക്തയാണ് സഭ. തന്മൂലം സഭയുടെ ദൃശ്യരൂപമായ ഇടവകയുടെ നിയോഗവും മറ്റൊന്നല്ല. ഇടവക ദൈവാരാധകരുടെ സമൂഹമാ

www.malankaralibrary.com



ണ്. ഇടവകയുടെ ബഹുമുഖമായ പ്രവർത്തനങ്ങൾക്കാവശ്യമായ ഊർജ്ജം സ്വായത്തമാക്കേണ്ടത് പുരോഹിതനും ദൈവജനവും ഒരുമിച്ചുള്ള ആരാധനയിൽനിന്നുമാണ്. ചില ദൃശ്യമാധ്യമങ്ങളുടെ സഹായത്തോടെ ദൈവവുമായി സഭാംഗങ്ങൾ ഓരോരുത്തരും പുലർത്തുന്ന വ്യക്ത്യന്തരബന്ധമാണ് ദൈവാരാധന. എന്നാൽ ദൈവാരാധനയ്ക്ക് അതിന്റെ ആന്തരികതയും വ്യക്തിപരതയും ഒക്കെ നഷ്ടപ്പെട്ടാലോ? അതു വെറും ബാഹ്യാനുഷ്ഠാനങ്ങളുടെ സമാഹാരം മാത്രമായാലോ? ഫലം. മനുഷ്യജീവിതത്തിലെ മാറാല പിടിച്ച ഏതോ ഒരു മൂലയിലായി ദൈവാരാധനയുടെ സ്ഥാനം.

ക്രൈസ്തവന്റെ ദൈവാരാധന ജീവിതഗന്ധിയായ അനുഭവമായി മാറണം. ക്രിസ്തുവിന്റെ ജീവിതത്തെയും മഹത്ത്വീകരണത്തെയും വർത്തമാനകാല സംഭവങ്ങളായി പുനരവതരിപ്പിക്കുന്ന ദൈവാരാധന ക്രൈസ്തവജീവിതത്തിൽ നടുനായകത്വം വഹിക്കേണ്ടതുണ്ട്. സമൂഹമൊന്നാകെ സമർപ്പിക്കുന്ന ആരാധന ആ സമൂഹത്തിന്റെ മുഴുവൻ ഐക്യദാർഢ്യത്തിന്റെയും വ്യക്തികളുടെ പരസ്പര പ്രതിബദ്ധതയുടെയും ബഹിർസ്ഫുരണമാകണം. ദൈവാരാധന ബാഹ്യവും വൈകാരികവുമായ തലങ്ങൾ കടന്ന് ആന്തരികവും ബോധ്യങ്ങളിലധിഷ്ഠിതവുമായ മേഖലകളിലേക്കുയരേണ്ടതും ഇന്നിന്റെ ആവശ്യമാണ്.

ചിത്രങ്ങൾക്കും ചില്ലുകൂടുകൾക്കും മുന്നിൽ കണ്ണീരൊഴുക്കുന്നതിലുപരി ഓരോ വ്യക്തിയുടെയും സത്താപരമായ ആവശ്യമായി പ്രാർഥനയും ദൈവാരാധനയും മാറേണ്ടിയിരിക്കുന്നു. മനുഷ്യനെ ഇതരജീവികളിൽ നിന്നും വ്യതിരിക്തനാക്കുന്ന ഘടകം അവനിൽ കുടികൊള്ളുന്ന ആത്മീയതയാണ് എന്ന ബോധ്യത്തിലേക്കു മനുഷ്യൻ കടന്നുവരുമ്പോഴാണ് ആധ്യാത്മികത അവന്റെ അസ്തിത്വത്തിന് അനിവാര്യമായിത്തീരുന്നത്. ഇവിടെ ദൈവാരാധന ദൈനംദിന സംഭവങ്ങളിൽ ഒന്നുമാത്രമല്ല; എല്ലാ പ്രവർത്തനങ്ങളുടെയും ശക്തിസ്രോതസ്സായി പരിണമിക്കുന്നു. ഈ ബോധ്യത്തിലേക്ക് ഓരോ ക്രൈസ്തവനും കടന്നുവരേണ്ടത് അയാളുടെ ഇടവകയിലെ ദൈവാരാധനയിലെ സജീവഭാഗഭാഗിത്വത്തിലൂടെയാണ്. ഈ അവബോധത്തോടെ പള്ളിവിട്ടു പുറത്തുവരുന്ന പാറമടത്തൊഴിലാളിയുടെ കൂടത്തിന്റെ ശബ്ദം പ്രാർഥനാമഞ്ജരിയായി ഉന്നത

www.malankaralibrary.com



ങ്ങളിലേക്കുയരും; കൃഷീവലന്റെ മൺവെട്ടിയും കാര്യാലയജീവനക്കാരന്റെ തൂലികയുമൊക്കെ ദൈവാരാധനയ്ക്കുള്ള മാധ്യമങ്ങളായി മാറും. ഇങ്ങനെ ജീവിതത്തെ മുഴുവൻ ചൂഴ്ന്നുനില്ക്കുന്ന ഒരു അനുഭവമായി ദൈവമനുഷ്യബന്ധത്തെ മാറ്റുവാൻ ഇടവകയ്ക്കാകുമെങ്കിൽ അവിടെയാണ് ഇടവകയുടെ പുനർസുവിശേഷവത്ക്കരണത്തിന്റെ തുടക്കം.

**വികാരിയുടെ വിളി**

പുരോഹിതനും പ്രവാചകനും അജപാലകനുമായ ക്രിസ്തുവിനെ അനുഗമിക്കുവാനുള്ള വിളിയാണ് ഇടവകവികാരിയുടേത്. പുരോഹിത-അജപാലകതലങ്ങളുടെ അതിപ്രസരം നിമിത്തം വൈദിക ദൗത്യത്തിലെ പ്രവാചകമാനത്തിന്റെ പ്രാധാന്യം വേണ്ടവിധം പ്രകാശിതമാകാറില്ല. വൈദികൻ തീർച്ചയായും പ്രവാചകനും കൂടിയാണ്. ആധുനിക ചുറ്റുപാടുകൾക്കനുസൃതമായ ദൈവവചനഭാഷ്യം ദൈവജനം ശ്രവിക്കേണ്ടത് വൈദികാധരങ്ങളിൽനിന്നുമാണ്. ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്ന സാമൂഹിക-സാംസ്കാരിക വ്യതിയാനങ്ങളോട് ദൈവതിരുമനസ്സിനൊത്തവിധം പ്രതികരിക്കുവാൻ ക്രൈസ്തവസമൂഹത്തെ സജ്ജമാക്കേണ്ടതും ഇടവക വൈദികനിലെ പ്രവാചകന്റെ കടമയാണ്.

വൈദികൻ ആദ്ധ്യാത്മിക നിയന്താവു മാത്രമല്ല. തന്റെ അജഗണത്തിന്റെ എല്ലാ ജീവിതമേഖലകളിലും ഭാഗഭാക്കായിക്കൊണ്ടാണ് അദ്ദേഹം ഇടവകയെ നയിക്കുന്നത്. വിശ്വാസികളുടെ ആവശ്യങ്ങളോടും അവരുടെ ജീവിതത്തിലെ ജയാപജയങ്ങളോടും ക്രിയാത്മകമായും ഉത്തരവാദിത്തപൂർണ്ണമായും പ്രതികരിക്കുവാൻ ഇടവകവികാരിക്കാകണം. ഇങ്ങനെ ക്രൈസ്തവന്റെ ആധ്യാത്മിക-ഭൗതിക ജീവിതമേഖലകളെ സമന്വയിപ്പിക്കാൻ വികാരിയച്ചനാകും. ആദ്ധ്യാത്മിക ഭൗതിക വേർതിരിവുകൾ വഴി മതജീവിതത്തോടുള്ള പ്രതിബദ്ധത വിശ്വാസിയിൽ അന്യംനിന്ന് പോയെന്ന് വരാം. ഈ വേർതിരിവ് ഇല്ലാതാക്കുവാൻ പരിശ്രമിക്കുകവഴി ഇടവക വൈദികൻ ഇടവകയുടെ പുനർസുവിശേഷവത്ക്കരണ പ്രക്രിയയിലെ നിർണായക കണ്ണിയായി ഭവിക്കുന്നു. ഇവിടെ നവമായൊരു ക്രൈസ്തവികത രൂപംകൊള്ളുകയായി.

www.malankaralibrary.com



**അല്മായരുടെ പങ്ക്**

ഇടവക സാർവത്രികസഭയുടെ പ്രാദേശിക സാക്ഷാത്ക്കാരമാണെന്നു നാം കണ്ടു. ഏതാണ്ട് ഇതേ സ്വഭാവമുള്ളതാണ് ഇടവക-വിശ്വാസീ ബന്ധവും. 'പരിശുദ്ധാത്മാവിന്റെ ആലയ'മായ വിശ്വാസി ഇടവകയുടെ സൂക്ഷ്മരൂപമാണ്. ഇടവകയുടെ സ്വഭാവം ദൃശ്യമാകുന്നത് വിശ്വാസിയുടെ വിചിന്തന, വചന, പ്രവർത്തനങ്ങളിലൂടെയാണ്. ഇവിടെ ഇടവകയുടെ പുനർസുവിശേഷവത്ക്കരണം ഒരളവുവരെ വിശ്വാസിയുടെ വ്യക്തിജീവിതത്തിന്റെയും വിശ്വാസികളുടെ സാമൂഹിക ജീവിതത്തിന്റെയും പുനർസുവിശേഷവത്ക്കരണമായി മാറുകയാണ്. ക്രിസ്തുവിനു സാക്ഷ്യം വഹിക്കുക എന്ന സഭയുടെ ദൗത്യം സാക്ഷാത്കൃതമാകുന്നത് സഭാംഗങ്ങളായ വ്യക്തികളുടെ ജീവിതത്തിലൂടെയാണ്. സഭാത്മകജീവിതത്തിനായി സ്വയം സമർപ്പിക്കുവാൻ വ്യക്തി തയ്യാറാകുമ്പോഴാണ് ഈ സാക്ഷാത്ക്കാരം സഫലമാവുക. വിശുദ്ധീകരിക്കുക, പഠിപ്പിക്കുക, നയിക്കുക. സഭയുടെ ഈ ത്രിവിധ ദൗത്യങ്ങൾ നിറവേറ്റപ്പെടുവാൻ വ്യക്തികളുടെ ക്രിയാത്മകമായ സഹകരണം ആവശ്യമാണ്. ളോഹധാരികളിലൂടെ മാത്രമല്ല ഇതു സംഭവിക്കേണ്ടത്. അല്മായരുടെ ഭാഗത്തുനിന്നും സഭാപ്രവർത്തനങ്ങളുടെ നേർക്കു പുലർത്തുന്ന മനംമടുപ്പ് അകറ്റുക എന്നത് ഇടവകയുടെ പുനർസുവിശേഷവത്ക്കരണത്തിലെ പ്രധാന ഘടകമാണ്. പെരുന്നാൾ പ്രദക്ഷിണങ്ങളിലണിനിരക്കുവാനും പള്ളിപ്പറമ്പിന്റെ ആദായത്തിനു കാവൽ നിൽക്കുവാനും മാത്രം അല്മായൻ സന്നദ്ധനായാൽ പോരാ. സഭയുടെ പ്രബോധനങ്ങൾ ആഴമായി പഠിക്കാനും വിശ്വാസസത്യങ്ങൾ ഉത്തരവാദിത്തബോധത്തോടെ ജീവിതപ്രമാണങ്ങളായി സ്വീകരിക്കാനും തയ്യാറുള്ള അല്മായരെയാണ് ഇന്നിന്റെ ഇടവകയ്ക്കാവശ്യം. ദൈവിക വെളിപാടുകളുടെ പിൻബലത്തോടെ സഭ പഠിപ്പിക്കുന്ന സത്യങ്ങൾക്കനുസൃതമായി, സാമൂഹിക, ധാർമ്മിക, രാഷ്ട്രീയ വെല്ലുവിളികളോട് ശക്തിയുക്തം പ്രതികരിക്കുവാൻ കഴിവുറ്റ അല്മായഗണം ഓരോ ഇടവകയ്ക്കും ആവശ്യമാണ്. ഇപ്രകാരം പ്രബുദ്ധരായ അല്മായരുള്ള ഇടവകയുടെ ആധ്യാത്മിക സാംസ്കാരിക പുനരുദ്ധാരണം വളരെ എളുപ്പമാണ്. അല്മായരു

www.malankaralibrary.com



ടെ കഴിവുകൾ കണ്ടെത്തി ഇടവകയുടെ ബഹുമുഖമായ പുരോഗതിക്ക് അവയെ പ്രയോജനപ്പെടുത്തുവാൻ സഭാധികാരികൾ ശ്രദ്ധിക്കുകയും വേണം.

**ദൈവജനത്തെ തേടുന്ന ദൈവശാസ്ത്രം**

ദാർശനികശാസ്ത്രങ്ങളിൽ പലതും ജീവിതയാഥാർത്ഥ്യങ്ങളുമായി ബന്ധമില്ലാത്ത അന്തരീക്ഷശാസ്ത്രങ്ങളായി ഒതുങ്ങിക്കൂടി എന്നതാണ് അവയുടെ പരാജയ കാരണം. ദൈവശാസ്ത്രത്തിൽ ഈ പ്രതിസന്ധി തെല്ലുമില്ല. ദൈവ-മനുഷ്യബന്ധത്തിന്റെ ശാസ്ത്രമായതുകൊണ്ട് അത് മനുഷ്യജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ബുദ്ധിക്കസർത്തിൽ മാത്രം ഒതുങ്ങുന്നതാകരുത് ദൈവശാസ്ത്രം. ദൈവശാസ്ത്ര വിഷയങ്ങൾ ദൈവജനത്തിന്റെ കൂലംകഷമായ വിചിന്തനത്തിന് വിഷയീഭവിക്കണം. ദൈവശാസ്ത്രം പുരോഹിതശാസ്ത്രം എന്ന പരിവേഷം അഴിച്ചുമാറ്റി ദൈവജനശാസ്ത്രം എന്ന ശീർഷകം സ്വീകരിക്കേണ്ടിയിരിക്കുന്നു. വിശ്വാസിയുടെ, വിശ്വാസസത്യങ്ങളുടെ ഗ്രഹണം ഇടവകയിലെ പ്രസംഗപീഠത്തിൽ നിന്നു മാത്രമാകരുത്. കുടുംബം, വിവാഹം, ധാർമ്മികത, സാമൂഹിക അസന്തുലിതാവസ്ഥ തുടങ്ങി തങ്ങൾ ദൈനംദിനജീവിതത്തിൽ അഭിമുഖീകരിക്കുന്ന യാഥാർത്ഥ്യങ്ങളെപ്പറ്റിയുള്ള ദൈവശാസ്ത്രവീക്ഷണങ്ങൾ ആഴത്തിൽ ഗ്രഹിക്കുവാൻ പ്രബുദ്ധരായ കുറെ അല്മായരെങ്കിലും തയ്യാറാകണം. ദൈവശാസ്ത്രപഠനങ്ങളുടെ അടിസ്ഥാനത്തിൽ ആനുകാലിക സംഭവവികാസങ്ങളെ വിലയിരുത്താൻ അല്മായനുമാകണം. അങ്ങനെ സ്വകീയവും പക്വവും സഭാപ്രബോധനങ്ങൾക്കനുസൃതവുമായ ദൈവശാസ്ത്രവിചിന്തനങ്ങൾ സമൂഹവുമായി പങ്കുവയ്ക്കാൻ പ്രാപ്തരായ അല്മായർ ഓരോ ഇടവകയിലുമുണ്ടാകണം. ഇടവകയിലുണ്ടാകേണ്ട വിപുലമായ ഗ്രന്ഥശേഖരത്തിന്റെ ആവശ്യകതയിലേക്കാണ് ഈ വസ്തുത വിരൽചൂണ്ടുക. ദൈവശാസ്ത്രസത്യങ്ങളെ ഓരോ പ്രാദേശികസമൂഹത്തിനും അനുരൂപമായവിധത്തിൽ അവതരിപ്പിക്കുന്നതിനുള്ള നീക്കങ്ങൾ സഭയിലുടനീളം ആരംഭിച്ചുകഴിഞ്ഞു എന്നത് ആശ്വാസകരമായ വസ്തുതയാണ്.

www.malankaralibrary.com



## ഇടവക സാംസ്കാരിക കേന്ദ്രം

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ക്രിയാത്മകമായ പാരസ്പര്യത്തിന്റെ പരിണതഫലമാണ് സംസ്കാരം. ലോക സംസ്കാരങ്ങൾ പലതിന്റെയും പിള്ളത്തൊട്ടിൽ മതങ്ങളാണ്. മതവും സംസ്കാരവും തമ്മിലുള്ള ആരോഗ്യകരമായ ബന്ധം രണ്ടിന്റെയും വളർച്ചയ്ക്ക് അനിവാര്യമാണ്. സാംസ്കാരികാനുരൂപണം സഭയുടെ നിലനില്പിനും വളർച്ചയ്ക്കും വളരെ ആവശ്യമാണെന്ന ബോധം സഭയുടെ ചിന്താമണ്ഡലത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ക്രൈസ്തവികത തദ്ദേശീയ സംസ്കാരങ്ങളുമായി അനുരൂപപ്പെട്ട് അവതീർണമാകണം എന്ന ആശയം പലരും മുന്നോട്ടുവയ്ക്കുന്നു. ഈ നീക്കത്തിന് സഭ ഇതിനോടകം പച്ചക്കൊടി കാട്ടിക്കഴിഞ്ഞു. "ആധികാരിക സാംസ്കാരികമൂല്യങ്ങൾ ക്രൈസ്തവികതയുമായി സമന്വയിപ്പിക്കുമ്പോഴും ക്രൈസ്തവികത വിവിധ മാനവ സംസ്കാരങ്ങളിലേക്ക് കടന്നുചെല്ലുമ്പോഴുമാണ് അനുസംസ്കരണം സാധിക്കുക" (ജോൺ പോൾ II. റിഡെംതോറിസ് മിസ്സിയോ, 52).

ജീവിതത്തിനു നേരേയുള്ള ലൗകിക സമീപനത്തെ തിരുത്തിക്കുറിക്കാനാണ് സഭ നിലകൊള്ളുന്നതെങ്കിലും ദൈവാത്മാവിന്റെ പ്രസരണം ലോകത്തിന്റെ ഓരോ മുക്കിലും മൂലയിലും ഉണ്ടെന്ന വസ്തുത ഉയർത്തിപ്പിടിക്കേണ്ടതും സഭയാണ്. തന്മൂലം സാംസ്കാരിക അനുരൂപണം സഭയുടെ പ്രേഷിതദൗത്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. സഭയുടെ സാംസ്കാരിക അനുരൂപണം സാക്ഷാത്കരിക്കേണ്ടത് ഇടവകയിലൂടെയാണ്. ഓരോ പ്രദേശത്തെയും കൊള്ളേണ്ട സാംസ്കാരികമൂല്യങ്ങൾ കൊണ്ടും തള്ളേണ്ടവ തള്ളിയുമാണ് ഇടവകയുടെ സംസ്കാരം രൂപപ്പെടേണ്ടത്. ഗ്രാമോത്സവങ്ങൾ പള്ളിപ്പെരുന്നാളുകളായി മാറണം. ക്രിസ്തീയ ആഘോഷങ്ങൾ ഗ്രാമത്തിന്റെ മുഴുവൻ സന്തോഷത്തിന്റെ അവസരങ്ങളായി മാറ്റാനും ഇടവകയ്ക്കാകണം. ഇങ്ങനെ ഒരു പ്രദേശത്തിന്റെ സാംസ്കാരികവളർച്ചയിലെ നിർണായകഘടകമായി ഇടവക മാറണം. എങ്കിലേ സഭയുടെ പ്രേഷിത ദൗത്യം ഇന്ന് ഇടവകയിലൂടെ സാർത്ഥകമാവുകയുള്ളു.

www.malankaralibrary.com



**സുരക്ഷിതപാളയങ്ങളേ, വിട**

പലപ്പോഴും ഇടവക വീക്ഷിക്കപ്പെടാറുള്ളത് സാമൂഹിക സുരക്ഷിതത്വകേന്ദ്രമായാണ്. ഇവിടെ ഇടവക കേവലം ലൗകിക സമൂഹമായി തരംതാഴുകയാണ്. സ്വന്തമായി സ്ഥാപനങ്ങളുള്ള ഇടവകയ്ക്ക് ചിലപ്പോൾ കുറെ വ്യക്തികൾക്ക് ഭൗതികസുരക്ഷിതത്വം പ്രദാനം ചെയ്യാൻ സാധിച്ചെന്നു വന്നേക്കാം. ഞായറാഴ്ച കുർബാന മുടക്കാതെ, കൊന്തയും നൊവേനയും ഒക്കെ എത്തിച്ച്, സഭാസ്ഥാപനത്തിൽനിന്നും മാസംതോറും ശമ്പളവുംപറ്റി ജീവിക്കുക-ഹാ എത്ര സുഖം! പക്ഷേ, ഇതുകൊണ്ട് ഒരുവന്റെ ആത്യന്തിക രക്ഷ സുനിശ്ചിതമായെന്ന് ആരും കരുതേണ്ട. ഇടവകയുടെ വിളി ഇതിനപ്പുറമാണ്. കവാടത്തിനു പുറത്തുവച്ചു മാനവരക്ഷയ്ക്കുവേണ്ടി പീഡകൾ സഹിച്ച ക്രിസ്തുവിനെ (ഹെബ്രാ. 13:11,12) പിൻചെന്നുകൊണ്ട് സുരക്ഷിതത്വത്തിന്റെ സ്വകാര്യപാളയം വിട്ടിറങ്ങി കരയുന്നവരുടെ കണ്ണീരൊപ്പാനും അസ്വതന്ത്രരെ വിമുക്തരാക്കാനും തയ്യാറാകണം, ഇന്നിന്റെ ഇടവകയും ഇടവകജനവും.

www.malankaralibrary.com

# 2
# വിശ്വാസപരിശീലനം ചരിത്രത്തിലൂടെ



**യേശു വിഭാവനംചെയ്യുകയും വിശുദ്ധീകരിക്കുകയും തലമുറകളിലൂടെ കൈമാറ്റപ്പെടുകയും ചെയ്ത പ്രബോധന ദൗത്യത്തിന്റെ ആത്യന്തികലക്ഷ്യം സഭാത്മകമായ ജ്ഞാനസമ്പാദനം മാത്രമല്ല, ദൈവവചനത്തിലും ക്രൈസ്തവ മൂല്യങ്ങളിലും അധിഷ്ഠിതമായ വ്യക്തിത്വവളർച്ച കൂടിയാണ്.**

**ബോ**ധവത്ക്കരിക്കുക എന്നതു യേശുവിന്റെ ഒരു ദിനചര്യയായിരുന്നു. ദൈവവചനം അതിന്റെ യഥാർത്ഥ അർത്ഥത്തിൽ മനുഷ്യമനസ്സുകളിലേക്കും ഹൃദയങ്ങളിലേക്കും സംവേദനം ചെയ്യപ്പെടുന്ന അത്യന്തം ഗൗരവമായ പ്രക്രിയയാണു വിശ്വാസപരിശീലനം. ബോധവൽക്കരണോന്മുഖമായ ഈ വചനപ്രഘോഷണത്തിന്, തക്ക പ്രാധാന്യം ആരംഭകാലം മുതൽക്കേ സഭയിൽ നൽകപ്പെട്ടിരുന്നു. ഇളംമനസ്സുകളിൽ ത്തന്നേ വിശ്വാസവിത്തുകൾ പാകി

www.malankaralibrary.com



വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു സഭ തികച്ചും ബോധവതിയാണ്. ഇങ്ങനെ സഹസ്രാബ്ദങ്ങളിലൂടെ സഭയിൽ രൂപപ്പെട്ടുവന്ന വിശ്വാസപരിശീലന പദ്ധതിയുടെ ചരിത്രപരിണാമത്തിലേക്ക് അന്വേഷണം നടത്തുകയാണിവിടെ.

## ഗുരോത്തമനായ ക്രിസ്തു

മനുഷ്യരക്ഷ എന്ന ഏകലക്ഷ്യത്തിലേക്കു സ്വജീവിതം മുഴുവൻ കേന്ദ്രീകരിച്ച യേശുക്രിസ്തു തന്റെ മൂന്നുവർഷത്തെ പരസ്യജീവിതകാലത്തു 'പഠിപ്പിക്കുന്നതിന്' എത്ര പ്രാധാന്യം നല്കി എന്ന് സുവിശേഷങ്ങൾ വേണ്ടവിധം സാക്ഷ്യം നൽകുന്നു. "അവൻ അവരെ പഠിപ്പിക്കാൻ തുടങ്ങി" (മർക്കോ. 8:31), "അവൻ അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും ഗലീലി മുഴുവൻ ചുറ്റിസഞ്ചരിച്ചു" (മത്താ. 4:23; 9:35; ലൂക്കാ. 13:10). "ഞാൻ ദിവസവും ദേവാലയത്തിലിരുന്നു നിങ്ങളെ പഠിപ്പിച്ചിരുന്നില്ലേ?" (മത്താ. 26:55). പഠിപ്പിക്കുക എന്നതു യേശുവിന്റെ പരസ്യജീവിതത്തിലെ ഒരു ദിനചര്യതന്നെ ആയിരുന്നു. യേശുവിന്റെ പ്രബോധനരീതിയും വിഷയവും സമകാലികരിൽ വ്യത്യസ്ത പ്രതികരണങ്ങൾ സൃഷ്ടിച്ചു. ഫരിസേയരുടെ അനുയായികളും ഹേറോദേസ് പക്ഷക്കാരും യേശുവിനെ വാക്കിൽ കുടുക്കാൻ ചോദ്യം എറിയുന്നതിനു മുൻപ് ഒരു പ്രസ്താവന നടത്തുന്നു: "ഗുരോ നീ സത്യവാനാണെന്നും ആരുടെയും മുഖംനോക്കാതെ ദൈവത്തിൻെറ വഴി സത്യമായി പഠിപ്പിക്കുന്നുവെന്നും ഞങ്ങൾ അറിയുന്നു" (മത്താ. 22:16; മർക്കോ. 12:14; ലൂക്കാ. 20:21). നിക്കോദേമൂസും സംഭാഷണം ആരംഭിച്ചിരിക്കുന്നതിങ്ങനെയാണ്: "റബ്ബീ, അങ്ങ് ദൈവത്തിൽനിന്നുവന്ന ഒരു ഗുരുവാണെന്ന് ഞങ്ങൾ അറിയുന്നു" (യോഹ. 3:2). ദേവാലയത്തിൽ പഠിപ്പിക്കുന്ന യേശുവിന്റെ ആധികാരികതയെ ചോദ്യംചെയ്യുന്ന യഹൂദന്മാരെയും മത്തായിയുടെ സുവിശേഷത്തിൽ കാണാം. "അവൻ ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ പ്രധാന പുരോഹിതന്മാരും ജനപ്രമാണികളും അവനെ സമീപിച്ചു ചോദിച്ചു: "എന്തധികാരത്തിലാണ് നീ ഇതൊക്കെ ചെയ്യുന്നത്?" (മത്താ. 21:23). യേശുവിനെ കുരിശിലേക്കു നയിച്ച കുറ്റാരോപണങ്ങളിൽ ഒന്ന്, അവിടുന്നു ജന

www.malankaralibrary.com



ങ്ങളെ പഠിപ്പിച്ചിരുന്നു എന്നതായിരുന്നു. "ഇവൻ ഗലീലി മുതൽ ഇവിടംവരെയും യൂദയായിലെങ്ങും പഠിപ്പിച്ചുകൊണ്ടു ജനത്തെ ഇളക്കിവിടുന്നു" (ലൂക്കാ. 23:5). യേശു ഒരു വിദഗ്ദ്ധഗുരുവായി പരക്കെ പരിഗണിക്കപ്പെട്ടിരിക്കുന്നു എന്നാണ് ഈ പ്രതികരണ ങ്ങളൊക്കെ സൂചിപ്പിക്കുന്നത്. തന്റെ ഉത്ഥാനത്തിനുശേഷം പ്രബോ ധനദൗത്യം യേശു ശിഷ്യന്മാർക്കു കൈമാറുന്നുമുണ്ട്. "ഞാൻ നി ങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പി ക്കുവിൻ" (മത്താ. 28:20).

യേശുവിന്റെ രക്ഷണീയ ദൗത്യനിർവഹണത്തിൽ അവിഭാജ്യ ഘടകമായിരുന്നു പ്രബോധനം. ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ അവിടുത്തെ പ്രബോധനത്തിലൂടെ വെളിപ്പെട്ടു. അങ്ങനെ പ്രബോ ധനദൗത്യത്തിന് രക്ഷണീയമായ അർത്ഥവും പ്രാധാന്യവും കൈ വന്നു. ഈ ദൈവികദൗത്യമാണു തലമുറകൾക്കു കൈമാറാൻ യേ ശു അപ്പസ്തോലന്മാരെ ഭരമേല്പിച്ചത്.

### പ്രബോധനം ആദിമസഭയിൽ

യേശുക്രിസ്തുവിനെ കർത്താവും രക്ഷകനുമായി മറ്റുള്ളവരു ടെ മുൻപിൽ അവതരിപ്പിക്കുവാൻ ആദിമക്രൈസ്തവർ അത്യന്തം പരിശ്രമിച്ചിരുന്നു. മനുഷ്യരക്ഷയ്ക്കുവേണ്ടി കുരിശിൽ സ്വയം ബ ലിയർപ്പിച്ചവനെ അവർ തങ്ങളുടെ പ്രബോധനവിഷയമാക്കി. പീ ഡനങ്ങളോ മരണഭീഷണിയോ ഒന്നും ഈ പ്രബോധന ദൗത്യ നിർവഹണത്തിൽനിന്ന് അവരെ പിന്തിരിപ്പിച്ചില്ല. സാൻഹെദ്രീൻ സംഘം പത്രോസിനോടും യോഹന്നാനോടും ആവശ്യപ്പെടുന്നു: "യേശുവിന്റെ നാമത്തിൽ യാതൊന്നും പഠിപ്പിക്കുകയോ സംസാ രിക്കുകയോ അരുത്" (അപ്പ. 4:18). എന്നാൽ കത്തിനിൽക്കുന്ന പ വിത്രാത്മശക്തിയാൽ പ്രേരിതരായി അവർ തങ്ങളുടെ പ്രബോധ നദൗത്യം തുടരുകതന്നെ ചെയ്തു. അതുകൊണ്ടാണ് ന്യായാധിപ സംഘം അവരെ വീണ്ടും വിളിച്ച് ഇപ്രകാരം ശാസിക്കുന്നത്: "ഈ നാമത്തിൽ പഠിപ്പിക്കരുതെന്നു ഞങ്ങൾ കർശനമായി കല്പിച്ചിരു ന്നില്ലേ? എന്നിട്ടും നിങ്ങൾ നിങ്ങളുടെ പ്രബോധനംകൊണ്ടു ജറു സലേം നിറച്ചിരിക്കുന്നു" (അപ്പ. 5:28). എന്നാൽ അവരാകട്ടെ, "എ ല്ലാ ദിവസവും ദേവാലയത്തിൽവച്ചും ഭവനം തോറും ചെന്നും യേ

www.malankaralibrary.com



ശുവാണു ക്രിസ്തു എന്നു പഠിപ്പിക്കുന്നതിൽനിന്നും വിരമിച്ചില്ല" (അപ്പ. 5:42).

മറ്റെല്ലാ ദൈവിക നൽവരങ്ങളെക്കാളും യേശുക്രിസ്തുവിനെക്കുറിച്ചു പഠിപ്പിക്കുന്നതിൽ സന്തോഷം കാണുന്ന വി. പൗലോസിനെ കോറിന്തോസുകാർക്കെഴുതിയ ലേഖനത്തിൽ കണ്ടെത്താൻ കഴിയും. "നിങ്ങളെല്ലാവരെയുംകാൾ കൂടുതലായി ഭാഷാവരത്തിൽ സംസാരിക്കുന്നുണ്ട് എന്നതിൽ ഞാൻ ദൈവത്തിനു നന്ദി പറയുന്നു. എങ്കിലും സഭയിൽ പതിനായിരം വാക്കുകൾ ഭാഷാവരത്തിൽ സംസാരിക്കുന്നതിനെക്കാൾ ഞാൻ ഇഷ്ടപ്പെടുന്നത് മറ്റുള്ളവരെ പ്രബോധിപ്പിക്കുന്നതിന് അഞ്ചു വാക്കുകൾ ബോധപൂർവം സംസാരിക്കുന്നതാണ്" (1 കോറി. 14:18.19). പ്രബോധനത്തിനുള്ള കഴിവ് പരിശുദ്ധാത്മാവിന്റെ മഹത്തായ ഒരു ദാനമാണെന്ന് വിശുദ്ധ പൗലോസ് വിശ്വസിച്ചിരുന്നു. അദ്ദേഹം ഇങ്ങനെ എഴുതി: "ഞങ്ങൾ ഭൗതിക വിജ്ഞാനത്തിന്റെ വാക്കുകളിൽ സംസാരിക്കുകയല്ല, ആത്മാവ് ഞങ്ങളെ പഠിപ്പിച്ചതനുസരിച്ച് ആത്മാവിന്റെ ദാനങ്ങൾ പ്രാപിച്ചവർക്കുവേണ്ടി ആത്മീയസത്യങ്ങൾ വ്യാഖ്യാനിക്കുകയാണ് ചെയ്യുന്നത്" (1 കോറി. 2:13). ക്രിസ്തീയ പ്രബോധനത്തിന്റെ തനതായലക്ഷ്യത്തെക്കുറിച്ച് പൗലോസ് പ്രതിപാദിക്കുന്നു: 'എല്ലാ മനുഷ്യരെയും ക്രിസ്തുവിൽ പക്വത പ്രാപിച്ചവരാക്കുവാൻവേണ്ടി ഞങ്ങൾ എല്ലാവർക്കും മുന്നറിയിപ്പു നൽകുകയും എല്ലാവരെയും സർവവിജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്നു' (കൊളോ. 1:28). തലമുറകളിലൂടെ പകർന്നു നൽകപ്പെട്ട് പൂർണമാക്കപ്പെടേണ്ട ഒന്നായിട്ടാണു ശ്ലീഹാ പ്രബോധനദൗത്യത്തെ കാണുന്നത്. അദ്ദേഹം തിമോത്തിയോസിനെഴുതി: 'അനേകം സാക്ഷികളുടെ മുൻപിൽവച്ച് നീ എന്നിൽനിന്നും കേട്ടവ മറ്റുള്ളവരെക്കൂടി പഠിപ്പിക്കുവാൻ കഴിവുള്ള വിശ്വസ്തരായ ആളുകൾക്കു പകർന്നുകൊടുക്കുക' (2 തിമോ. 2:2).

ക്രിസ്തുമതത്തിന്റെ കാതലായ ഏകദൈവവിശ്വാസം രൂഢമൂലമാക്കുന്നതിനും വിഗ്രഹാരാധന വർജ്ജിക്കുന്നതിനും ആദിമവിശ്വാസികളെ സഭ ഉദ്ബോധിപ്പിച്ചിരുന്നു. എല്ലാ പഴയനിയമ പ്രവചനങ്ങളുടെയും പൂർത്തീകരണമായി യേശുക്രിസ്തു അവതരിപ്പിക്കപ്പെട്ടു. ഈ രക്ഷകനിൽ വിശ്വസിക്കുന്നവരുടെ സമൂഹമായി സഭ

www.malankaralibrary.com



യെ ചൂണ്ടിക്കാണിച്ചു. ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണമായ സ്നേഹത്തിന്റെ നിയമം ജീവിതത്തിലനുവർത്തിക്കാനും എല്ലാ തിന്മകളിൽ നിന്നും ഒഴിഞ്ഞുനിൽക്കാനുമുള്ള ഉദ്ബോധനം ആദ്യകാല വിശ്വാസപരിശീലനത്തിന്റെ അവിഭാജ്യഘടകമായിരുന്നു. മാമ്മോദീസ, കൈവയ്പ്, മരിച്ചവരുടെ ഉത്ഥാനം തുടങ്ങിയ കൂദാശാപരവും വിശ്വാസപരവുമായ വിഷയങ്ങൾ ഇക്കാലത്തെ ക്രൈസ്തവ പ്രബോധനത്തിന്റെ ഭാഗങ്ങളായിരുന്നു. പ്രാഥമിക കൂദാശകളെക്കുറിച്ചുള്ള പ്രബോധനങ്ങൾ വിശുദ്ധ പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ പലയിടത്തും കണ്ടെത്താനാകും. മാമ്മോദീസ (റോമ. 6:3); വി. കുർബാന (1 കോറി. 11:23.26); സ്ഥൈര്യലേപനം (ഗലാ. 3:2.3).

ആദിമസഭയെ സംബന്ധിച്ചിടത്തോളം യേശുവിന്റെ നാമത്തിലുള്ള പ്രബോധനം ഒരു അനിഷേധ്യദൗത്യമായിരുന്നു. എന്തുവിലകൊടുത്തും ഈ ദൗത്യനിർവഹണത്തിനായി മുന്നിട്ടിറങ്ങിയ ഏതാനും വ്യക്തികളുടെ ചരിത്രം അപ്പസ്തോലപ്രവർത്തനങ്ങളിലും വി. പൗലോസിന്റെ ലേഖനങ്ങളിലുമായി ചിതറിക്കിടക്കുന്നുണ്ട് (അപ്പ. 5:23; 13:1; 15:35; 21:28; 1 കോറി. 4:17; കൊളോ. 3:16; 1 തിമോ. 4:11; 6:2; ഹെബ്രാ. 5:12).

യേശുവിനെക്കുറിച്ചുള്ള പ്രബോധനം ഒന്നുകൊണ്ടുമാത്രം ഒരുവൻ മരണശിക്ഷയ്ക്കു വിധിക്കപ്പെടാം എന്ന സാഹചര്യത്തിലാണ് ഇവരൊക്കെ ഈ ദൗത്യനിർവഹണത്തിനിറങ്ങിയതെന്നോർക്കണം. അവർ കാട്ടിയ ധീരതയും ത്യാഗസന്നദ്ധതയും ചിന്തിയ രക്തത്തുള്ളികളുമാണു സഭയിൽ വിശ്വാസപരിശീലനത്തിന് ഊടും പാവുമായത്.

**വിശ്വാസപരിശീലനം പ്രഘോഷണത്തിലൂടെ (100-200)**

മതപീഡനങ്ങളെ അതിജീവിച്ച സഭയ്ക്കു വൈജ്ഞാനികമായ ഒരു അടിത്തറ പടുത്തുയർത്താനും വിശ്വാസവൈപരീത്യങ്ങൾക്കെതിരേ ശക്തമായി നിലകൊള്ളാനും മുൻകൈയെടുത്ത ധിഷണാശാലികളാണു സഭാപിതാക്കന്മാർ. പ്രഘോഷണത്തിലൂടെ വിശ്വാസം പഠിപ്പിക്കുവാനാണ് ഇവർ ശ്രദ്ധിച്ചത്. ഒരു പ്രഘോഷ

www.malankaralibrary.com



ണത്തിൽ താഴെപ്പറയുന്ന നാലു ഘടകങ്ങളാണുണ്ടായിരുന്നത്: 1. വേദപുസ്തകത്തിൽ നിന്നും പ്രസക്തഭാഗം വായിക്കുന്നു. 2. വചനഭാഗത്തിന്റെ പദാനുപദ വ്യാഖ്യാനം. 3. വചനത്തിന്റെ ക്രിസ്തീയ അർത്ഥവിശദീകരണം. 4. വചനവ്യാഖ്യാനത്തിലൂടെ വെളിവാകുന്ന സത്യം അനുദിന ജീവിതത്തിലൂടെ പ്രാവർത്തികമാക്കേണ്ടതെങ്ങനെയെന്നു വ്യക്തമാക്കുന്നു.

**കാറ്റക്യൂമിനേറ്റുകളുടെ കാലം (200–400)**

പ്രായപൂർത്തിയായവരെ മാമ്മോദീസായ്ക്ക് ഒരുക്കുന്നതിനു തയ്യാറാക്കിയ ഒരു പരിശീലനപദ്ധതിയായിരുന്നു കാറ്റക്യൂമിനേറ്റ്. സ്വന്തമായി ചിന്തിക്കുവാൻ കഴിവുള്ള ഒരാൾ ജ്ഞാനസ്നാനം സ്വീകരിക്കുവാൻ ആഗ്രഹം പ്രകടിപ്പിക്കുന്നപക്ഷം അയാളെ പരിശീലനത്തിൽ ഉൾപ്പെടുത്തുന്നു. വി. പൗലോസ് ശ്ലീഹായുടെ ലേഖനത്തിലും (ഗലാ. 6:6) വിശുദ്ധ ജസ്റ്റിൻ, തെർത്തുല്യൻ തുടങ്ങിയ സഭാപിതാക്കന്മാരുടെ കൃതികളിലും കാറ്റക്യൂമിനേറ്റുകളെക്കുറിച്ച് സൂചനകളുണ്ട്. പൊതുവെ, ഇതൊരു ത്രിവത്സരപരിശീലനപദ്ധതിയായിരുന്നു. മൂന്നു ഘട്ടങ്ങളായാണ് പരിശീലനം നൽകപ്പെട്ടിരുന്നത്. 1. ശ്രവണകാലം—ഈ കാലയളവിൽ സ്നാനാർത്ഥിയുടെ, മാമ്മോദീസാ സ്വീകരിക്കുന്നതിനുള്ള ഉദ്ദേശ്യശുദ്ധി പരീക്ഷിക്കപ്പെടുന്നു. 2. ബോധോദയകാലം—വിശ്വാസപ്രമാണത്തിലെ അടിസ്ഥാനസത്യങ്ങളെക്കുറിച്ച് സ്നാനാർത്ഥിയെ ബോധവത്കരിക്കുന്നു. അതോടൊപ്പം 'സ്വർഗസ്ഥനായ പിതാവേ' തുടങ്ങിയ പ്രാർത്ഥനകൾ ഹൃദിസ്ഥമാക്കാനും സ്നാനാർത്ഥി പരിശീലിപ്പിക്കപ്പെടുന്നു. ഉപവാസത്തിലൂടെയും മറ്റ് ത്യാഗപ്രവൃത്തികളിലൂടെയും യേശുവിന്റെ കുരിശിന്റെ വഴിയിലേക്കു നടന്നടുക്കുന്നതിനുള്ള പരിശീലനവും നൽകപ്പെടുന്നു. 3. ജ്ഞാനസ്നാനകാലം—ഉയിർപ്പുതിരുനാളിനോടനുബന്ധിച്ചു ശരിയായി ഒരുങ്ങിയിട്ടുള്ളവർക്കു പ്രാഥമികകൂദാശകളായ ജ്ഞാനസ്നാനം, സ്ഥൈര്യലേപനം, വി. കുർബാന എന്നിവ മൂന്നും ഒരുമിച്ചു നൽകുന്നു. പുതുതായി സ്നാനം സ്വീകരിച്ചവർ 'നിയോഫൈറ്റ്' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

www.malankaralibrary.com



മുതിർന്നവരുടെ വിശ്വാസപരിശീലനത്തിന് ഏറെ ഉപകരിച്ചിരുന്ന ഈ പരിശീലനപദ്ധതി ശിശുസ്നാനം വ്യാപകമായതോടെ അന്യംനിന്നുപോയി.

**മദ്ധ്യകാലത്തെ വിശ്വാസപരിശീലനം**

ഏഴുമുതൽ 12 വരെയുള്ള നൂറ്റാണ്ടുകളിൽ വിശ്വാസപരിശീലനം കൂടുതൽ ക്രമവത്കൃതവും പ്രായോഗികവുമാക്കുവാൻ പല പരിശ്രമങ്ങളും നടന്നു. ഇക്കാലത്ത് ആരാധനാക്രമവുമായി ബന്ധപ്പെടുത്തി വിശ്വാസം പഠിപ്പിക്കുന്നതിനു മഹാനായ ഗ്രിഗറി മാർപാപ്പ ചില ചുവടുവയ്പുകൾ നടത്തി. അങ്ങനെ വിശ്വാസപ്രമാണവും കർത്തൃപ്രാർത്ഥനയും മറ്റും വിശ്വാസികൾക്ക് ഹൃദിസ്ഥമായി. ഇക്കാലയളവിൽ വിശ്വാസപരിശീലനരംഗത്ത് ക്രൈസ്തവകുടുംബങ്ങൾ നല്കിയ സംഭാവന ഏറെ ശ്രദ്ധേയമായിരുന്നു. വിശ്വാസപ്രബോധനാർത്ഥം രചിക്കപ്പെട്ട ചില ലഘുലേഖകളും ഇക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്നു. പതിമൂന്നാം നൂറ്റാണ്ടോടെ, വചനപ്രഘോഷണത്തിലൂടെ വൈദികർ വിശ്വാസം പഠിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഉദ്ബോധിപ്പിക്കുന്ന ഒരു അപ്പസ്തോലികലേഖനം പ്രസിദ്ധീകൃതമായി. ഫ്രാൻസിസ്കൻ, ഡൊമിനിക്കൻ സന്ന്യാസസഭാസമൂഹങ്ങളിൽപ്പെട്ട വൈദികർ എല്ലായിടങ്ങളിലും ചുറ്റിനടന്നു പ്രഘോഷണത്തിലൂടെ വിശ്വാസം പഠിപ്പിക്കാൻ ശ്രദ്ധിച്ചിരുന്നു.

**പ്രൊട്ടസ്റ്റന്റ് മുന്നേറ്റവും ട്രെന്റ് സൂനഹദോസും**

അഗസ്റ്റീനിയൻ സന്ന്യാസസഭാവൈദികനും ഔഗ്സ്ബൂർഗ് സർവകലാശാലാ പ്രൊഫസറുമായിരുന്ന മാർട്ടിൻ ലൂഥർ 16-ാം നൂറ്റാണ്ടിൽ സഭയുടെ ചില നിലപാടുകൾക്കെതിരേ ചോദ്യശരങ്ങൾ തൊടുത്തുവിട്ടു. ദണ്ഡവിമോചനത്തിന്റെ ദുർവിനിയോഗവും മറ്റും ലൂഥറുടെ നിശിതവിമർശനത്തിനു വിധേയമായി. അങ്ങനെ കത്തോലിക്കാ സഭയിൽ നിന്നും വേർപെട്ടു രൂപം നൽകിയ പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനത്തിലൂടെ വിശ്വാസം പഠിപ്പിക്കാൻ ശ്രമിച്ചു. ലൂഥർ തന്റെ പ്രഥമവിശ്വാസപരിശീലനഗ്രന്ഥം 1529-ൽ പുറത്തിറക്കി. ദൈവപ്രമാണങ്ങൾ, വിശ്വാസപ്രമാണം, കൂദാശകൾ ഇവയൊക്കെയായിരുന്നു ഈ ഗ്രന്ഥത്തിലെ ഉള്ളടക്കം.

www.malankaralibrary.com



സ്വയപരിശോധനയ്ക്കും നവീകരണത്തിനുമുള്ള ഒരു അവസരമായിട്ടാണ് ഈ എതിർ നീക്കങ്ങളെ സഭ നോക്കിക്കണ്ടത്. അങ്ങനെ ട്രെന്റ് കൗൺസിൽ 1566-ൽ ഒരു കത്തോലിക്കാ വിശ്വാസ പ്രബോധനഗ്രന്ഥം പ്രസിദ്ധീകരിച്ചു. മൂന്നു പ്രധാന പ്രമേയങ്ങളായിരുന്നു ഈ ഗ്രന്ഥത്തിൽ നിറഞ്ഞുനിന്നിരുന്നത്: 1. ജീവന്റെ ഉറവിടം യേശുവാണ്. 2. യേശുവിനെ അറിയുന്നതിന് അവിടുത്തെ പ്രബോധനങ്ങൾ അറിയേണ്ടതുണ്ട്. 3. യേശുവിന്റെ എല്ലാ പ്രബോധനങ്ങളുടെയും അന്തഃസത്ത സ്നേഹമാണ്.

ഈ ഗ്രന്ഥം പ്രൊട്ടസ്റ്റന്റ് വെല്ലുവിളികൾക്കു മറുപടി നൽകുന്നതിന് ഉപയുക്തമായി. പിന്നീട് 1597 മുതൽ റോബർട്ട് ബെല്ലാർമിൻ പുറത്തിറക്കിയ വിശ്വാസപരിശീലനഗ്രന്ഥങ്ങൾ ലളിതമായ അവതരണശൈലികൊണ്ടും മനഃശാസ്ത്രപരമായ സമീപനംകൊണ്ടും കത്തോലിക്കാസഭയിൽ ഏറെ ശ്രദ്ധേയമായി.

**മതനവീകരണത്തിനുശേഷം**

മതനവീകരണപ്രസ്ഥാനം ഉയർത്തിയ വെല്ലുവിളികളെ അതിജീവിച്ച സഭയിൽ വിശ്വാസപരിശീലനം ഏറെ ഊർജ്ജസ്വലതയോടെ മുന്നോട്ടുപോയി. വിവിധ തരത്തിലുള്ള പരിശീലനഗ്രന്ഥങ്ങൾ പ്രത്യക്ഷപ്പെടാൻ തുടങ്ങി. പ്രായവ്യത്യാസമനുസരിച്ചു കുട്ടികൾക്കായി പുസ്തകങ്ങൾ തയ്യാറാക്കുന്ന രീതി നിലവിൽവന്നു. വി. വിൻസെന്റ് ഡി പോളിനെപ്പോലുള്ള മഹാനുഭാവന്മാർ തങ്ങളുടെ പ്രേഷിതപ്രവർത്തനത്തിൽ വിശ്വാസപരിശീലനത്തിന് മുഖ്യസ്ഥാനം നൽകിയതും ഒരു നേട്ടമായി. 18-19 നൂറ്റാണ്ടുകൾ കത്തോലിക്കാ സഭയിലെ വിശ്വാസപരിശീലനത്തെ സംബന്ധിച്ചിടത്തോളം ശുഷ്കമായ കാലയളവായിരുന്നു എന്നു പറയാതെ വയ്യാ. ഭൗതികവാദത്തിന്റെയും മറ്റും അതിപ്രസരം വിശ്വാസപരിശീലനത്തെ പ്രതികൂലമായി ബാധിച്ചിരിക്കണം. ചില രാഷ്ട്രീയ നിർബന്ധങ്ങളാൽ പ്രേരിതമായി പല ഇടവകകളിലും ഇക്കാലയളവിൽ വിശ്വാസപരിശീലനം മുടങ്ങി.

**ഇരുപതാം നൂറ്റാണ്ടിലേക്ക്**

വിശ്വാസപരിശീലനത്തിന്റെ നവോത്ഥാനകാലമായിരുന്നു ഇരുപതാം നൂറ്റാണ്ട്. ജർമ്മൻകാരും ഓസ്ട്രിയാക്കാരും ചേർന്ന് സം

www.malankaralibrary.com



ഘടിപ്പിച്ച വിശ്വാസപരിശീലനകോൺഗ്രസ് ഈ നവോത്ഥാനത്തിന്റെ നാന്ദിയായിരുന്നു. പരിശീലനപദ്ധതിയുടെ ഉള്ളടക്കവും പ്രബോധനരീതികളും നവീകരിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ആരാധനക്രമവുമായി ബന്ധപ്പെടുത്തി വിശ്വാസം പരിശീലിപ്പിക്കുന്നതിന് കൂടുതൽ പ്രാധാന്യം നൽകപ്പെട്ടു. ക്രിസ്തുരഹസ്യത്തെ അറിഞ്ഞിരിക്കേണ്ട ഒരു ആശയമോ, നിരുപാധികം സ്വീകരിക്കേണ്ട ഒരു വിശ്വാസസത്യമോ മാത്രമായി ചുരുക്കാതെ, അനുദിന ജീവിതത്തിൽ മനുഷ്യൻ അഭിമുഖീകരിക്കുന്ന സംഭവമായി അതു ചിത്രീകരിക്കപ്പെട്ടു. അങ്ങനെ ക്രിസ്തുകേന്ദ്രീകൃതമായ പരിശീലന പദ്ധതി രൂപംകൊണ്ടു.

വിവിധ ജീവിതാന്തസ്സുകളിലുള്ള വിശ്വാസികൾക്ക് ഈ പരിശീലന രംഗത്തുള്ള കടമകൾ വ്യക്തമായി നിഷ്കർഷിക്കുന്ന പ്രബോധനങ്ങളായിരുന്നു രണ്ടാം വത്തിക്കാൻ കൗൺസിലിന്റേത് (1962–1965). ദൈവവചനം മതബോധനത്തിലൂടെ മറ്റുള്ളവർക്കു പകർന്നുകൊടുക്കുന്നതിൽ അല്മായർ തീക്ഷ്ണതാപൂർവം സഹകരിക്കണമെന്നു കൗൺസിൽ ഉദ്ബോധിപ്പിക്കുന്നു (അല്മായ പ്രേഷിതത്വം–10).

1977 ഒക്ടോബർ 16–ാം തീയതി പ്രസിദ്ധീകൃതമായ 'മതബോധനം ഇന്ന്' (Catechesi Tredentae) എന്ന അപ്പസ്തോലിക പ്രബോധനവും വിശ്വാസപരിശീലനത്തിന്റെ പുരോഗതി ദ്രുതഗതിയിലാക്കി. വിശ്വാസപരിശീലനം സഭയുടെ മർമ്മപ്രധാന ദൗത്യങ്ങളിലൊന്നായി ചൂണ്ടിക്കാണിക്കപ്പെട്ടു. വിശ്വാസപരിശീലനത്തിന്റെ അന്തഃസത്ത ഉൾച്ചേർന്നിരിക്കുന്നത് മൂന്നു പ്രധാന സംഗതികളിലാണെന്ന് ഈ പ്രമാണരേഖ അനുശാസിക്കുന്നു: 1. യേശുക്രിസ്തു ദൈവപുത്രനാണെന്നു വിശ്വസിക്കുന്നതിന് എല്ലാ ആളുകളെയും സഹായിക്കുക. 2. യേശുക്രിസ്തുവിനു ശിഷ്യരെ സമ്പാദിക്കുക. 3. ക്രിസ്തുവിൽ ഒരു നവജീവിതം ആരംഭിക്കേണ്ടതെങ്ങനെയെന്നു ക്രിസ്തുശിഷ്യരെ പഠിപ്പിക്കുകയും അങ്ങനെ സഭയെ പടുത്തുയർത്തുകയും ചെയ്യുക.

1992 ഒക്ടോബർ 11–ന് വെളിച്ചം കണ്ട 'സാർവത്രികമതബോധനഗ്രന്ഥ'(Catechism of the Catholic Church)വും വിശ്വാസപരിശീ

www.malankaralibrary.com



ലനത്തിന്റെ വളർച്ചയ്ക്ക് ആക്കംകൂട്ടിയെന്നു സംശയലേശമെന്യേ പറയാനാവും. ക്രൈസ്തവവിശ്വാസത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെയുള്ള പുരോഗതി വെളിപ്പെടുത്തുംവിധം നാലുഭാഗങ്ങളായാണ് ഈ ഗ്രന്ഥം വിരചിതമായിട്ടുള്ളത്: '1. വിശ്വാസം 2. കൂദാശകൾ 3. ദൈവപ്രമാണങ്ങൾ 4. സ്വർഗ്ഗസ്ഥനായ പിതാവേ'. കത്തോലിക്കാവിശ്വാസത്തിന്റെ സമഗ്രവും ആധികാരികവുമായ ഒരു ചിത്രമാണ് 'സാർവത്രികമതബോധനഗ്രന്ഥത്തിലൂടെ' വിശ്വാസികൾക്കു മുന്നിൽ പ്രകാശിതമായിരിക്കുന്നത്.

**മൂല്യാധിഷ്ഠിത വ്യക്തിത്വം**

ദൈവവചനത്തിന്റെയും ധാർമികമൂല്യങ്ങളുടെയും സംവേദനമാണു വിശ്വാസപരിശീലനത്തിലൂടെ സംഭവിക്കേണ്ടത്. കേവലം മതമാമൂലുകളുടെ കൈമാറ്റം മാത്രമായ 'മതബോധന'മായി വിശ്വാസപരിശീലനത്തെ കാണുന്ന പ്രവണത തിരോഭവിക്കേണ്ടതിന്റെ ആവശ്യകത ഈ അന്വേഷണത്തിൽ വ്യക്തമാകുന്നു. യേശു വിഭാവനംചെയ്യുകയും വിശുദ്ധീകരിക്കുകയും തലമുറകളിലൂടെ കൈമാറ്റപ്പെടുകയും ചെയ്ത പ്രബോധന ദൗത്യത്തിന്റെ ആത്യന്തികലക്ഷ്യം സഭാത്മകമായ ജ്ഞാനസമ്പാദനം മാത്രമല്ല, ദൈവവചനത്തിലും ക്രൈസ്തവമൂല്യങ്ങളിലും അധിഷ്ഠിതമായ വ്യക്തിത്വവളർച്ച കൂടിയാണ്.

www.malankaralibrary.com

# 3
# വൈദിക പരിശീലനഘട്ടങ്ങൾ



**ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്ന വൈദികന്റെ ദൗത്യനിർവഹണത്തിനായുള്ള തയ്യാറെടുപ്പാണ് വൈദികപരിശീലനം. ഇതിൽ സമൂഹങ്ങളുടെയും സ്ഥാപനങ്ങളുടെയും നിയമങ്ങൾക്കും ചട്ടങ്ങൾക്കുമൊപ്പം പരിശീലനം സ്വീകരിക്കുന്നവരുടെ സ്വതന്ത്രവും ഉത്തരവാദിത്തപൂർണവുമായ ചിന്തയ്ക്കും തീരുമാനങ്ങൾക്കും അതുപോലെ അവരുടെ വ്യക്തിത്വങ്ങൾക്കും തക്കതായ പ്രാധാന്യം നൽകണം.**

**പൗ**രോഹിത്യദൈവവിളി സ്വീകരിച്ചെത്തുന്ന യുവാക്കളുടെ ആദ്ധ്യാത്മികവും മാനസികവുമായ പരിശീലനവും സ്വഭാവരൂപവല്ക്കരണവുമാണ് വൈദികപരിശീലനം എന്നതുകൊണ്ട് ഇവിടെ വിവക്ഷിക്കുന്നത്. 'സഭയുടെ അധുനാതനീകരണത്തിൽ', അതിന്റെ വളർച്ചയിൽ, വൈദികപരിശീലനത്തിനുള്ള പരമപ്രധാനമായ പങ്ക് രണ്ടാം വത്തിക്കാൻ കൗൺസിൽ 'രൂപതയുടെ ഹൃദയമാണ് സെമിനാരി' എന്ന പ്രസ്താവത്തിലൂടെ വ്യക്തമാക്കുന്നു. സഭയുടെ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കേണ്ട, സഭാഗാത്രത്തിലെ ശുശ്രൂഷകരായി വർത്തിക്കേണ്ട, ഉത്തമ അജപാലകരായ വൈദികരെ ക്രിസ്തു

www.malankaralibrary.com



വിന്റെ മാതൃകയിൽ രൂപപ്പെടുത്തുക എന്നതാണു ലോകത്തൊട്ടാകെയുള്ള കത്തോലിക്കാ സെമിനാരികളുടെ ലക്ഷ്യം. സെമിനാരി എന്ന പദത്തിന്റെ ലത്തീൻ മൂലത്തിനു (Seminarium) തന്നേ, പറിച്ചുനടുന്നതിനുവേണ്ടി വിത്തുകൾ പാകി, തൈകൾ മുളപ്പിക്കുന്ന സ്ഥലം എന്നാണ് അർത്ഥം. സ്ഥലകാല പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട്, സഭയെന്ന വയലിലേക്കു പറിച്ചുനടേണ്ട ഞാറുകളെ, ആധ്യാത്മിക, ബൗദ്ധിക രൂപീകരണങ്ങളാകുന്ന വെള്ളവും വളവും യഥാകാലം നൽകി പരിപോഷിപ്പിക്കുന്ന ഞാറ്റുപാടമാണു സെമിനാരി. ഈ രൂപവല്ക്കരണത്തിനായി സുദീർഘമായ ഒരു പരിശീലന പദ്ധതിയാണു സഭ മുന്നോട്ടുവച്ചിട്ടുള്ളത്.

മെത്രാപ്പോലീത്തൻ ദേവാലയത്തോടു ചേർന്നുള്ള പാഠശാലയിൽവച്ച് നൽകപ്പെട്ടിരുന്ന വൈദികപരിശീലനത്തിന് ഇന്നു നാം മനസ്സിലാക്കുന്ന തരത്തിലുള്ള നൂതന രൂപവും ഭാവവും കൈവന്നതും, ആധ്യാത്മികവും ബൗദ്ധികവുമായ തലങ്ങൾക്കു തക്ക പ്രാധാന്യം നൽകിക്കൊണ്ടു ക്രമവത്കൃതവും നിശ്ചിതവുമായപാഠ്യപദ്ധതിക്കു രൂപം നൽകുവാൻ സാധിച്ചതും ട്രെന്റ് സൂനഹദോസിനു (1545-1563) ശേഷമാണ്. വൈദിക പരിശീലന പദ്ധതിയുടെ പുരോഗതിയിലെ ഒരു നാഴികക്കല്ലായി ഈ സാർവത്രിക സൂനഹദോസ് ഇന്നും പരിഗണിക്കപ്പെട്ടുപോരുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസും "സഭ മുഴുവന്റെയും ചിരപ്രതീക്ഷിതമായ അധുനാതനീകരണം ക്രിസ്തുവിന്റെ ചൈതന്യത്താൽ ഉത്തേജിതമായ വൈദികശുശ്രൂഷയെ വളരെയേറെ ആശ്രയിച്ചിരിക്കുന്നു" എന്നു മനസ്സിലാക്കിക്കൊണ്ടു വൈദികപരിശീലനത്തെ സംബന്ധിച്ച് ചില അടിസ്ഥാന തത്ത്വങ്ങൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. കാലാകാലങ്ങളിൽ പ. പിതാക്കന്മാരും വിദ്യാഭ്യാസത്തിനായുള്ള തിരുസംഘവും വൈദികപരിശീലനത്തെക്കുറിച്ചു പുറപ്പെടുവിച്ചിട്ടുള്ള വിവിധ അപ്പസ്തോലിക പ്രമാണരേഖകളും ചാക്രിക ലേഖനങ്ങളും ഇന്നത്തെ രീതിയിലുള്ള വൈദിക പരിശീലനപദ്ധതിക്കു രൂപം നൽകുന്നതിൽ വളരെയേറെ സ്വാധീനം ചെലുത്തി.

വൈദികപരിശീലനം പ്രധാനമായും രണ്ടുഘട്ടങ്ങളായാണ് നൽകപ്പെടുക-മൈനർ സെമിനാരി പരിശീലനവും മേജർ സെമിനാരി പരിശീലനവും. പരിശീലനത്തിന്റെ ആദ്യപടവുകൾ മൈനർ സെ

www.malankaralibrary.com



മിനാരിയിലൂടെ ചവിട്ടിക്കയറുന്ന വൈദികാർത്ഥി, തന്റെ വിശ്വാസത്തെക്കുറിച്ച്, തന്റെ ദൈവവിളിയെക്കുറിച്ച്, തന്റെ ജീവിതത്തെക്കുറിച്ച് മൊത്തമായിത്തന്നെ പക്വവും, സ്വന്തവുമായ ഒരു ഉൾക്കാഴ്ച സ്വായത്തമാക്കുന്നു. മേജർ സെമിനാരി പരിശീലനത്തിനിടയിൽ തത്ത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും സാമാന്യം ആഴമാർന്ന അറിവ് വൈദിക വിദ്യാർത്ഥിക്കു ലഭിക്കുന്നു. ഒരു വർഷത്തെ അജപാലനോന്മുഖമായ പരിശീലനം അഥവാ റീജൻസിയും പരിശീലനപദ്ധതിയിലുണ്ട്.

**പ്രാഥമിക പരിശീലനം**

"വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ഭക്തിയുടെയും ചൈതന്യം തുളുമ്പിനില്ക്കുന്ന കുടുംബങ്ങളിൽ" (വൈദികപരിശീലനം, 2) മുളയെടുക്കുന്ന ദൈവവിളിയെ പ്രാഥമിക ശുശ്രൂഷകൾ നൽകി പരിപോഷിപ്പിക്കുന്നത് മൈനർ സെമിനാരിയിലാണ്. ആത്മനിയന്ത്രണത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചുകൊണ്ട്, ക്രിസ്തുവിന്റെ ഉദാത്തമായ മാതൃകയെ നിഷ്കന്മഷമായ മനഃസാക്ഷിയോടെ പിൻചെല്ലാൻ മൈനർ സെമിനാരിയിലെ മൂന്നു വർഷത്തെ പരിശീലനത്തിനിടയ്ക്കു വൈദിക വിദ്യാർത്ഥി പ്രാപ്തനാകണം. അങ്ങനെ വൈദികജീവിതത്തിന്റെ ആദ്ധ്യാത്മികതയ്ക്ക് മൈനർ സെമിനാരി പരിശീലനത്തിലൂടെ അസ്ഥിവാരമിടുകയാണ്. ഓരോ വൈദികവിദ്യാർത്ഥിക്കും തന്റെ ദൈവവിളിയെ പരിശോധിക്കുന്നതിനും വിശ്വസ്തതാപൂർവം അതിനെ പിൻചെല്ലുന്നതിനും ഉള്ള അവസരം മൈനർ സെമിനാരിയിൽ നൽകപ്പെടുന്നു.

കുടുംബത്തിലെ ക്രിസ്തീയ പശ്ചാത്തലത്തിൽനിന്നും കടന്നുവരുന്ന വൈദികവിദ്യാർത്ഥിയിൽ ആത്മീയ ആഭിമുഖ്യം വളർത്തുന്നതിനായി വേദോപദേശസംബന്ധമായും ബൈബിൾ സംബന്ധമായും ഉള്ള പഠനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. ഭാവിയിലെ ദൈവശാസ്ത്ര-തത്ത്വശാസ്ത്ര പഠനങ്ങളെ ലാക്കാക്കി വൈദികവിദ്യാർത്ഥിക്കു തന്റെ മനസ്സിനെ ഒരുക്കുന്നതിനുള്ള അവസരങ്ങളും മൈനർ സെമിനാരി പരിശീലനത്തിനിടയിൽ ലഭ്യമാണ്. ഇതോടൊപ്പം വിവിധ ശാസ്ത്രീയ വിഷയങ്ങളിൽ അറിവു നേടുന്നതിനും ആരാധനാപരവും ബൈബിൾ സംബന്ധവുമായ ഭാഷ

www.malankaralibrary.com



കൾ പഠിക്കുന്നതിനും ഉള്ള അവസരങ്ങൾ ഈ ത്രിവത്സര പരിശീലനത്തിനിടയിൽ ലഭിക്കുന്നു.

സാധാരണ പത്താം ക്ലാസ്സെങ്കിലും വിജയിച്ച കുട്ടികളെയാണ് മൈനർ സെമിനാരിയിൽ ചേർന്നു പഠിക്കുന്നതിനായി സ്വീകരിക്കുക, ബിരുദാനന്തരബിരുദങ്ങൾ കരസ്ഥമാക്കിയിട്ടുള്ളവരും മൈനർ സെമിനാരി പരിശീലനം സ്വീകരിച്ചുകൊണ്ട് വൈദിക ജീവിതാന്തസ് തിരഞ്ഞെടുക്കുന്നുണ്ട്. പത്താം ക്ലാസ് പാസ്സായതിനുശേഷം സെമിനാരിയിൽ ചേരുന്ന വൈദിക വിദ്യാർത്ഥിക്ക് ഒരു വർഷത്തെ പ്രാഥമിക പരിശീലനത്തെത്തുടർന്നുള്ള രണ്ടുവർഷങ്ങളിലായി പ്രീഡിഗ്രി കോഴ്സിനു ചേർന്നുപഠിക്കുന്നതിനുള്ള അവസരം നൽകുന്നു. കേരള കത്തോലിക്കാ വൈദികവിദ്യാർത്ഥികളുടെ പ്രാഥമിക വിദ്യാഭ്യാസയോഗ്യത പ്ലസ്ടൂ ആണ്.

വിദ്യാർത്ഥികളുടെ സമഗ്രമായ വ്യക്തിത്വവികസനം ലാക്കാക്കി അവരിൽ, വൈദികവൃത്തിക്ക് അനുഗുണമായ കഴിവുകളെ വളർത്തിയെടുക്കുന്നതിനുള്ള പരിപാടികളും മൈനർസെമിനാരി പരിശീലനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം വൈദികവൃത്തിക്ക് യോജിച്ച അച്ചടക്കശീലവും പ്രാർത്ഥനാതല്പരതയും സ്വഭാവഗുണങ്ങളും സ്വായത്തമാക്കുന്നതിനു വൈദികവിദ്യാർത്ഥികൾക്കു മൈനർ സെമിനാരി പരിശീലനത്തിനിടയിൽ സാധിക്കും. അങ്ങനെ വൈദിക ജീവിതത്തെക്കുറിച്ചു ധാരാളം ശുഭപ്രതീക്ഷകളുമായി കടന്നുവരുന്ന കൗമാരമനസ്സുകളുടെ ആശാകേന്ദ്രമായി മൈനർ സെമിനാരിയെന്ന സ്നേഹത്തിന്റെ, സാഹോദര്യത്തിന്റെ ഭവനം നിലകൊള്ളുന്നു.

**തത്ത്വശാസ്ത്രപഠനം**

ഭാരത കത്തോലിക്കാ വൈദികരുടെ പ്രേഷിതദൗത്യത്തെക്കുറിച്ചു പഠിക്കുന്നതിനു 1987-ൽ നടത്തിയ ഒരു സർവേയുടെ റിപ്പോർട്ടിൽ ഇപ്രകാരം കാണുന്നു: വൈദികർ തങ്ങളുടെ പരിശീലനകാലത്ത് ആർജ്ജിക്കുന്ന ബൗദ്ധികപരിശീലനം ഭാരതത്തിന്റെ പ്രേഷിത ആവശ്യങ്ങൾക്ക് മതിയാകാത്തതോ ഒരു പരിധിവരെ അനുയോജ്യമല്ലാത്തതോ ആണ്. ഭാരതസംസ്കാരത്തിനും ദാർശനിക പാരമ്പര്യത്തിനും പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് ഭാരതത്തി

www.malankaralibrary.com



ലെ വൈദിക പരിശീലനപദ്ധതി ക്രോഡീകരിക്കേണ്ടതിന്റെ അനുപേക്ഷണീയതയാണ് ഈ വസ്തുത ചൂണ്ടിക്കാട്ടുന്നത്. ഇവിടെയാണ് ഓരോ രാജ്യത്തും നടപ്പിലാക്കേണ്ട വൈദികപരിശീലന പദ്ധതിയിൽ ദാർശനികപഠനം അതിന്റേതായ പ്രാധാന്യത്തോടെ ഉൾപ്പെടുത്തുന്നതിന്റെ ആവശ്യകത മനസ്സിലാകുക.

തത്ത്വശാസ്ത്രത്തിനു യവനചിന്തകനായ അരിസ്റ്റോട്ടിൽ നൽകിയ പേര് ഫിലോസഫി അഥവാ 'വിജ്ഞാനപ്രേമം' എന്നാണ്. ഒരു വ്യക്തിക്കു ജീവിതത്തിനു നേരേയുള്ള ആഭിമുഖ്യം (Attitude to Life) ആണ് അവന്റെ തത്ത്വചിന്തകളിലൂടെ വെളിവാക്കപ്പെടുക. തത്ത്വശാസ്ത്രപഠനത്തിലൂടെ മനുഷ്യൻ അവനാകുന്ന യാഥാർത്ഥ്യത്തെ, അവന്റെ ചുറ്റുമുള്ള പ്രപഞ്ചമാകുന്ന യാഥാർത്ഥ്യത്തെ, യാഥാർത്ഥ്യ സഞ്ചയങ്ങളുടെ ആകെ തുകയെത്തന്നെ സ്വകീയവും പക്വവുമായ ഒരു വീക്ഷണകോണിൽക്കൂടി ദർശിക്കാൻ പരിശ്രമിക്കുന്നു. ഈ ഉൾക്കാഴ്ചയുടെ ഉടമയായ വ്യക്തി തന്റെ ചിന്തകളിലൂടെ താനെത്തിച്ചേർന്ന ബോധ്യങ്ങൾക്കനുസൃതമായി പ്രവൃത്തികളെയും ചലനങ്ങളേയും ചിന്തകളേയും ക്രമപ്പെടുത്തി ജീവിതം മുന്നോട്ട് നയിക്കുമ്പോൾ അവൻ സായൂജ്യമടയുകയായി.

ക്രിസ്തീയവിശ്വാസം പുരാതനചിന്താധാരകളുടെ ഉറവിടമായ ഗ്രീസിൽ പ്രഘോഷിക്കപ്പെട്ടപ്പോൾ, അതിന് ദാർശനികതയുടെ നൂതനപരിവേഷം കൈവന്നു. അങ്ങനെ സഭാപിതാക്കന്മാർ ക്രിസ്തീയ സത്യത്തെയും ദൈവവചനത്തെയും തത്ത്വചിന്തയുടെ പിൻബലത്തോടെ വിശകലനം ചെയ്യുവാനും പഠിക്കുവാനും ആരംഭിച്ചു. സെന്റ് തോമസ് അക്വിനാസും മറ്റും ദൈവശാസ്ത്രസത്യങ്ങൾ മാനുഷികചിന്തയുടെയും ബോധ്യങ്ങളുടെയും അടിസ്ഥാനത്തിൽ സ്ഥാപിച്ചപ്പോൾ ദൈവശാസ്ത്ര വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം തത്ത്വശാസ്ത്രപഠനം അനിവാര്യമായി. അങ്ങനെ കത്തോലിക്കാ വൈദികപരിശീലനത്തിന്റെ സുപ്രധാനഘട്ടമായി തത്ത്വശാസ്ത്രപഠനം കണക്കാക്കപ്പെട്ടു.

മൂന്നുവർഷത്തെ തത്ത്വശാസ്ത്രാഭ്യസന കാലത്തു പാശ്ചാത്യ പൗരസ്ത്യദർശനങ്ങൾ വിശദമായ പഠനത്തിനു വിധേയമാക്കുവാൻ വൈദികവിദ്യാർത്ഥിക്ക് സാധിക്കുന്നു. വിവിധ ദാർശനിക സിദ്ധാന്തങ്ങളുടെ അടിസ്ഥാനപ്രമാണങ്ങൾ മനസ്സിലാക്കുക

www.malankaralibrary.com



എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടു തത്ത്വശാസ്ത്രചരിത്രം പഠിക്കുന്നതിനുള്ള അവസരവും വൈദിക വിദ്യാർത്ഥികൾക്കു നല്കപ്പെടുന്നു. ഇതുവഴി തന്റെ ഉത്തമബോധ്യങ്ങൾക്കു മുന്നിൽ ശരിയായ തത്ത്വങ്ങളെ സ്വീകരിക്കുന്നതിനും തെറ്റായവയെ തള്ളിക്കളയുന്നതിനും, ഖണ്ഡിക്കുന്നതിനും അയാൾ പ്രാപ്തനാകുന്നു. തത്ത്വശാസ്ത്രപഠനം പൂർത്തിയാക്കുമ്പോൾ വിദ്യാർത്ഥിക്ക് മനുഷ്യനെയും ലോകത്തെയും ദൈവത്തെയും കുറിച്ചു സമഗ്രവും വ്യക്തവുമായ അറിവ് ലഭിക്കും. ഇതോടൊപ്പം ആനുകാലികചിന്താധാരകൾ മനസ്സിലാക്കുന്നതിനും ആനുകാലിക ചിന്താഗതികളുടെ വക്താക്കളുമായി ബന്ധപ്പെടുന്നതിനും ഉള്ള സംവിധാനങ്ങൾ തത്ത്വശാസ്ത്രപഠനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ തത്ത്വശാസ്ത്രപഠനത്തിലൂടെ മനുഷ്യന്റെ വൈജ്ഞാനിക പരിമിതികൾക്കുള്ളിൽനിന്നുകൊണ്ടു സത്യം എന്തെന്നു ഗ്രഹിക്കുവാനും, ഗ്രഹിച്ച സത്യത്തെ സൂക്ഷ്മമായ വിലയിരുത്തലിനുശേഷം മറ്റുള്ളവരുടെ മുമ്പിൽ അവതരിപ്പിക്കുവാനും വൈദിക വിദ്യാർത്ഥിക്കു സാധിക്കുന്നു.

**അജപാലന പരിശീലനം**

വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയിലെ സുപരിചിതമായ വാക്യം – "വൈദിക പരിശീലനത്തിന്റെ ഉദ്ദേശ്യം ഉത്തമന്മാരായ ആത്മപാലകന്മാരെ പുരോഹിതനും അജപാലകനുമായ യേശുക്രിസ്തുവിന്റെ മാതൃകയിൽ സൃഷ്ടിക്കുക എന്നതായിരിക്കണം" (വൈദിക പരിശീലനം, 4). തന്റെ ജീവിതത്തിലൂടെ യേശു കാട്ടിത്തന്ന ഇടയനടുത്ത മാതൃക അനുകരിക്കുവാൻ സഭയിവിടെ വൈദികരെയും വൈദികവിദ്യാർത്ഥികളെയും ഉദ്ബോധിപ്പിക്കുന്നു. ഇതു മനസ്സിലാക്കിക്കൊണ്ട് വൈദികവിദ്യാർത്ഥികളുടെ രൂപീകരണവുമായി ബന്ധപ്പെട്ടിരിക്കുന്ന അധികാരികൾ അജപാലനപരമായ പരിശീലനവും തക്ക പ്രാധാന്യത്തോടെ രൂപീകരണപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതനുസരിച്ച്, തത്ത്വശാസ്ത്രപഠനം പൂർത്തിയാക്കുന്ന വൈദികവിദ്യാർത്ഥിക്കു ദൈവജനവുമായി ബന്ധപ്പെടുന്നതിനും അവരുടെ എല്ലാ മേഖലകളിലുമുള്ള ജീവിതം അടുത്തറിയുന്നതിനും മനസ്സിലാക്കുന്നതിനുമായി ഒരു വർഷത്തെ

www.malankaralibrary.com



അജപാലനപരമായ പരിശീലനം നല്കുന്നു. ഈ പരിശീലനകാലം സാധാരണ 'റീജൻസി' എന്നാണറിയപ്പെടുക. ഇതുവഴിയായി വിവിധ പ്രേഷിതമേഖലകളിൽ പ്രവർത്തിക്കുന്നതിനും പരിചയം സമ്പാദിക്കുന്നതിനും വൈദികവിദ്യാർത്ഥിക്കു സാധിക്കുന്നു. ദൈവവചനം പ്രസംഗിക്കുന്നതിനും കുട്ടികളുടെ മതബോധനത്തിൽ ശ്രദ്ധിക്കുന്നതിനും ആരാധനാനുഷ്ഠാനങ്ങളും അവ പരികർമ്മം ചെയ്യുന്നവിധവും അവയുടെ അർത്ഥവും മനസ്സിലാക്കുന്നതിനുമുള്ള പരിശീലനവും ഇക്കാലത്തു വൈദികവിദ്യാർത്ഥിക്കു ലഭിക്കുന്നു. കാരുണ്യപ്രവൃത്തികൾ ചെയ്യുവാനും സത്യവിശ്വാസം മറ്റുള്ളവർക്കു പറഞ്ഞുകൊടുക്കുവാനും അവർ അഭ്യസിച്ചിട്ടുള്ള കാര്യങ്ങൾ പ്രായോഗികമാക്കുവാനുമുള്ള അവസരം കൂടിയാണ് റീജൻസിക്കാലം. വൈദികവിദ്യാർത്ഥികളുടെ പരിശീലനവുമായി ബന്ധപ്പെട്ടിരിക്കുന്ന അധികാരികളെ സംബന്ധിച്ചിടത്തോളം അർത്ഥികളുടെ ദൈവവിളി പരിശോധിക്കുന്നതിനും അതിന്റെ ആഴം മനസ്സിലാക്കുന്നതിനുമുള്ള പ്രത്യേക കാലമാണ് റീജൻസി. ഇങ്ങനെ വൈദിക വിദ്യാർത്ഥിക്കു തന്റെ ബൗദ്ധികപരിശീലനത്തിലൂടെ താൻ ആർജ്ജിച്ച ബോധ്യങ്ങൾക്കു വിവിധ പ്രേഷിത മേഖലകളിലുള്ള ദൈവജനത്തിന്റെ ജീവിതവുമായി ബന്ധപ്പെടുത്തി ഒരു പ്രായോഗിക മാനം കണ്ടെത്തുന്നതിനും തന്റെ ദൈവവിളിയെ ശരിയായ പരിശോധനയ്ക്കു വിധേയമാക്കുന്നതിനുമുള്ള അവസരമായി റീജൻസി വൈദികപരിശീലനപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### ദൈവശാസ്ത്രപഠനം

റീജൻസിക്കുശേഷം ഉറച്ച തീരുമാനത്തോടും ശരിയായ ബോദ്ധ്യത്തോടും കൂടി പരിശീലനം തുടരുന്ന വൈദികാർത്ഥി പരിശീലനത്തിന്റെ അവസാന ഘട്ടമായ നാലുവർഷത്തെ ദൈവശാസ്ത്ര പഠനത്തിൽ ഏർപ്പെടുന്നു. വിശുദ്ധ ഗ്രന്ഥത്തെയും സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളെയും കുറിച്ചു സഭാപിതാക്കന്മാരും ദൈവശാസ്ത്രജ്ഞന്മാരും നടത്തിയിട്ടുള്ള പഠനങ്ങളുടെ അടിസ്ഥാനത്തിൽ ആഴമായ അറിവ് സമ്പാദിക്കുക എന്നതാണു ദൈവശാസ്ത്രപഠനത്തിന്റെ പ്രഥമലക്ഷ്യം. "ആവിഷ്കൃത ദൈവവചനം ഉത്തരോത്തരം ഗ്രഹിക്കുന്നതിനും ഗ്രഹിച്ചവ ധ്യാനംവഴി ഹൃദിസ്ഥ

www.malankaralibrary.com



മാക്കുന്നതിനും പ്രസംഗവും പ്രവർത്തനവുംവഴി അവയെ അവതരിപ്പിക്കുന്നതിനും" (വൈദിക പരിശീലനം, 4) വൈദികവിദ്യാർത്ഥി ദൈവശാസ്ത്രപഠനകാലത്തു പരിശീലിപ്പിക്കപ്പെടുന്നു. ദൈവജനത്തിന്റെ മുന്നിൽ ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യേണ്ട വ്യക്തിയാണു താൻ എന്ന ബോധ്യത്തിൽ തന്നെ ഒരുക്കുന്നതിനുള്ള അവസരം വൈദികാർത്ഥിക്കു ദൈവശാസ്ത്ര പഠനകാലത്തു ലഭിക്കുന്നു.

ക്രിസ്തീയവിശ്വാസങ്ങളെ സംബന്ധിച്ച് വ്യക്തിപരമായ ബോധ്യത്തിലെത്തിച്ചേരുന്നതിനും അതുവഴി വിശ്വാസസത്യങ്ങളുടെ സംരക്ഷകനായി വർത്തിക്കുന്നതിനും ദൈവശാസ്ത്രവിദ്യാർത്ഥിക്കു സാധിക്കുന്നു. പഠിക്കുന്ന ദൈവശാസ്ത്രസത്യങ്ങൾക്കനുസരിച്ച് തങ്ങളുടെ ആദ്ധ്യാത്മികജീവിതം കരുപ്പിടിപ്പിക്കുന്നതിനും അവ ജീവിതത്തിൽ പ്രായോഗികമാക്കുന്നതിനും വൈദികവിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനുള്ള പരിപാടികളും ദൈവശാസ്ത്രപഠനത്തിലുണ്ട്. സഭയുടെ പ്രബോധനങ്ങളുടെ അടിസ്ഥാനത്തിൽ സമകാലിക സാമൂഹിക പ്രശ്നങ്ങൾക്ക് ഉത്തരമാരായുവാനും വൈദികവിദ്യാർത്ഥി പരിശീലിപ്പിക്കപ്പെടുന്നു. മറ്റു സഭാവിഭാഗങ്ങളുടെയും ഇതരമതങ്ങളുടെയും വിശ്വാസസംഹിതകൾ മനസ്സിലാക്കുന്നതിനും ഇതുവഴിയായി അവയിൽ സത്യമായിട്ടുള്ളവയെ അംഗീകരിക്കുന്നതിനും വിരുദ്ധമായവയെ ഖണ്ഡിക്കുന്നതിനും വേണ്ട പരിശീലനവും ദൈവശാസ്ത്രപഠനകാലത്തു നൽകും.

വി. ഗ്രന്ഥം, ത്രിത്വരഹസ്യം, ക്രിസ്തുവിജ്ഞാനീയം, മരിയശാസ്ത്രം, സഭാശാസ്ത്രം, ആരാധനക്രമം തുടങ്ങിയവയാണു പ്രധാന ദൈവശാസ്ത്ര വിഷയങ്ങൾ. ഇവയുടെ പഠനം വൈദികവിദ്യാർത്ഥിയുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെ പരിപോഷണത്തിനു പ്രയോജകീഭവിക്കുന്നു. വി. ഗ്രന്ഥത്തിലെ പ്രമേയങ്ങൾ വിശദീകരിക്കുന്നതിൽ പാശ്ചാത്യ-പൗരസ്ത്യപിതാക്കന്മാർ നൽകിയിട്ടുള്ള സംഭാവനകൾ മനസ്സിലാക്കുന്നതിനും ദൈവശാസ്ത്രപഠനം സെമിനാരിക്കാരെ പ്രാപ്തരാക്കുന്നു. ഇതോടൊപ്പം വിവിധ വേദപുസ്തകവ്യാഖ്യാനരീതികളെക്കുറിച്ചു പഠിക്കുന്നതിനുള്ള അവസരവും ദൈവശാസ്ത്ര പഠനകാലത്തു ലഭ്യമാണ്.

www.malankaralibrary.com



ഈ പരിശീലന ഘട്ടത്തിൽ സെമിനാരി അധികാരികളുടെ ശുപാർശകൾ പരിഗണിച്ചുകൊണ്ട് അതാതു രൂപതകളിലെ മെത്രാന്മാർ വൈദികവിദ്യാർത്ഥിക്കു വിവിധ പൗരോഹിത്യ ശുശ്രൂഷാപദവികൾ അഥവാ 'പട്ടങ്ങൾ' നല്കുന്നു. നാലാം വർഷത്തിന്റെ അവസാനത്തിൽ വൈദികപട്ടവും നൽകപ്പെടുന്നു. ഇവിടെ പതിനൊന്നു വർഷത്തെ സെമിനാരിപരിശീലനം അതിന്റെ പരിസമാപ്തിയിലെത്തുന്നു. സഭാമാതാവിന് ഒരു ശുശ്രൂഷാപുരോഹിതനെക്കൂടി ലഭിക്കുകയായി.

**ഇതാ പുരോഹിതൻ**

പതിനൊന്നു വർഷങ്ങളിലായി മൈനർ സെമിനാരി-മേജർ സെമിനാരി പരിശീലനങ്ങളിലൂടെ വൈദികവിദ്യാർത്ഥിയുടെ ഭാവി പ്രേഷിതപ്രവർത്തനങ്ങൾക്ക്, ആദ്ധ്യാത്മികവും സാംസ്കാരികവും ബൗദ്ധികവുമായ ഉറച്ച അടിത്തറയിടുകയാണ് ചെയ്യുക. ഓരോ പരിശീലനഘട്ടവും ഏർപ്പെടുത്തിയിരിക്കുന്നത് വൈദിക വിദ്യാർത്ഥിയുടെ ഭാവി ദൈനംദിന ജീവിതത്തെ മുന്നിൽ കണ്ടുകൊണ്ടാണ്. തന്മൂലം വൈദിക ജീവിതത്തിൽ ഏറ്റം പ്രാധാന്യമർഹിക്കുന്ന ഒരു പ്രത്യേക കാലഘട്ടം കൂടിയാണ് വൈദികവിദ്യാഭ്യാസ കാലം. സാധാരണ വൈദിക പരിശീലനം പതിനൊന്നു വർഷം ദീർഘിക്കുമെങ്കിലും വിവിധ രൂപതകളും സന്ന്യാസ സമൂഹങ്ങളും അവയുടെ പ്രത്യേക പരിശീലനപദ്ധതിയും കീഴ്വഴക്കങ്ങളും അനുസരിച്ച് ഈ കാലഘട്ടം ദീർഘിപ്പിക്കുകയോ ഹ്രസ്വമാക്കുകയോ ചെയ്യാറുണ്ട്.

വൈദികൻ ആരെന്ന് ഒരുവൻ മനസ്സിലാക്കുന്നതിനെ ആശ്രയിച്ചാണ് – വൈദികപരിശീലനത്തെപ്പറ്റിയുള്ള അവന്റെ ഉൾക്കാഴ്ച രൂപപ്പെടുന്നത്. എന്റെ പ്രതീക്ഷകളിലെ വൈദികൻ ക്രിസ്തുവിന്റെ പ്രതിനിധിയാണ്. ദൈവപുത്രനായ ക്രിസ്തുവിന്റെ, മാനുഷികദുഃഖങ്ങളിൽ മനസ്സലിഞ്ഞ മനുഷ്യസ്നേഹിയായ ക്രിസ്തുവിന്റെ, കാലങ്ങൾക്കതീതനായി ഇന്നും നമ്മോടൊപ്പം ജീവിക്കുന്ന ക്രിസ്തുവിന്റെ പ്രതിനിധി.

ദൈവത്തോടു നിരന്തരം പ്രാർത്ഥനയിൽ ബന്ധപ്പെട്ടുകൊണ്ടു തന്നെ ഭരമേല്പിച്ചിരിക്കുന്ന മനുഷ്യസമൂഹത്തെ ദൈവിക ചൈ

www.malankaralibrary.com




തന്യത്തിലേക്ക് നയിക്കേണ്ട അജപാലകനാണ് വൈദികപരിശീലനത്തിലൂടെ രൂപപ്പെടേണ്ടത്. സ്നേഹമാകുന്ന ഊർജ്ജം സ്വായത്തമാക്കിക്കൊണ്ട് ക്രിസ്തുവിലേക്കു വളരേണ്ട മനുഷ്യസമൂഹത്തെ നയിക്കേണ്ട വൈദികരുടെ രൂപവത്കരണം, ആധ്യാത്മിക, മാനുഷിക മൂല്യങ്ങൾക്കു തക്കതായ പ്രാധാന്യം നല്കിക്കൊണ്ടുള്ള പരിശീലന പദ്ധതിയിലൂടെ മാത്രമേ സാധിക്കൂ. നിശ്ചിതനിയമങ്ങളോടൊപ്പം സ്വതന്ത്രചിന്തയ്ക്കും സ്വയം രൂപവത്കരണത്തിനും (Self formation) വേണ്ട പ്രാധാന്യം നൽകിക്കൊണ്ടുള്ള പരിശീലനമാണ് ഇവിടെ ആവശ്യം.

വൈദികപരിശീലനം സ്വീകരിക്കുന്ന ആൾ എന്ന നിലയിൽ കേവലം അകർമകമായ (passive) സ്ഥാനം മാത്രമേ പരിശീലനാർത്ഥിക്കുള്ളു എന്നു കരുതുന്നത് ശരിയല്ല. ഓരോ വൈദികാർത്ഥിയും തന്നെത്തന്നെ ദൈനംദിനം രൂപവത്കരിക്കേണ്ടിയിരിക്കുന്നു. സ്വാതന്ത്ര്യം ഉത്തരവാദിത്തത്തോടുകൂടി ഉപയോഗിച്ചുകൊണ്ടാണ് ഈ സ്വയംരൂപവത്കരണം സാധിക്കേണ്ടത്.

ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്ന വൈദികന്റെ ദൗത്യനിർവഹണത്തിനായുള്ള തയ്യാറെടുപ്പാണ് വൈദികപരിശീലനം. ഇതിൽ സമൂഹങ്ങളുടെയും സ്ഥാപനങ്ങളുടെയും നിയമങ്ങൾക്കും ചട്ടങ്ങൾക്കുമൊപ്പം പരിശീലനം സ്വീകരിക്കുന്നവരുടെ സ്വാതന്ത്ര്യവും ഉത്തരവാദിത്തപൂർണവുമായ ചിന്തയ്ക്കും തീരുമാനങ്ങൾക്കും അതുപോലെ അവരുടെ വ്യക്തിത്വങ്ങൾക്കും തക്കതായ പ്രാധാന്യം നൽകണം.

www.malankaralibrary.com

# 4
# ക്രിസ്മസ് ചിന്തകൾ: കാൾ റാനർ




**ക്രിസ്മസ് സന്ദേശം ക്രിയാത്മകതയുടെ സന്ദേശമാണെന്ന് റാനർ പറഞ്ഞുതരുന്നു. ജീവിതാനുഭവങ്ങളിൽനിന്നുള്ള ഒളിച്ചോട്ടമല്ല, അവയോട് ഏറ്റുമുട്ടി വിജയം വരിക്കുന്നതിന്റെ സന്ദേശമാണത്.**

**അ**സ്തിത്വദാർശനികൻ കാൾറാനറുടെ ദൈവശാസ്ത്രാന്വേഷണത്തിൽ നിത്യതയുടെ കവാടം അനുതാപികൾക്കായി തുറന്നുതന്ന തിരുനാളാണ് ക്രിസ്മസ്. സംഘർഷാത്മകതയിൽ നിന്നു സമാധാനമാർഗം ഉരുത്തിരിഞ്ഞ സുദിനം. ജീവിതാനുഭവങ്ങളിൽനിന്ന് ഒളിച്ചോടിയല്ല ഇത് അനുഭവിക്കേണ്ടത്. ഏറ്റുമുട്ടി വിജയം വരിക്കാനാണ് ആഹ്വാനം. ക്രിയാത്മകമായ ഈ സന്ദേശം ആഹ്ലാദത്തോടൊപ്പം ജീവിതായോധനവും ഓർമ്മിപ്പിക്കുന്നു. മുരടിപ്പും മന്ദതയും അകറ്റുന്നു.

അസ്തിത്വവാദം ആധുനികകാലത്ത് ഏറെ ശ്രദ്ധിക്കപ്പെട്ട ദാർശനിക

www.malankaralibrary.com



ശാഖയാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ ഇത് രൂപംകൊണ്ടു. ഈ ചിന്താധാര ഫ്രഞ്ച് ദാർശനികൻ ഴാങ്ങ് പോൾ സാർത്രിന്റെയും മറ്റും കൈകളിൽ ദൈവവിശ്വാസത്തിനും പ്രത്യാശാജീവിതത്തിനുമെതിരേ ആഞ്ഞടിക്കുന്നതിനുള്ള ഇരുമ്പുകൂടമായി. മാനവജീവിതം അർത്ഥശൂന്യമാണെന്ന് അവർ വിളിച്ചുപറഞ്ഞു. ഇതിന്റെ ആഘാതത്തിൽ, പ്രത്യാശയിൽ പണിതുയർത്തിയ ദൈവരാജ്യദർശനത്തിന്റെ തൂണുകൾക്ക് അങ്ങിങ്ങ് ചലനം സംഭവിക്കുന്നുവെന്ന് സത്യവിശ്വാസികൾക്കുപോലും തോന്നിത്തുടങ്ങി. ഈ ഭൂകമ്പത്തിലൊന്നും വിശ്വാസസൗധം തകർന്നടിഞ്ഞില്ല. ആഘാതത്തിൽ സഭയെ പിടിച്ചുനിർത്തുന്നതിന് സഹായകമായി ചില ബൗദ്ധികതാരങ്ങൾ സഭാനഭസ്സിൽ ഉയർന്നുവന്നു. അസ്തിത്വവാദം പിടിച്ചുലച്ച ക്രൈസ്തവവിശ്വാസത്തെ ആ ദാർശനികചിന്താധാരയുടെ പിൻബലത്തോടെതന്നെ അരക്കിട്ടുറപ്പിക്കുവാൻ അരയും തലയും മുറുക്കി ഇറങ്ങിയ ധിഷണാശാലിയായ ദൈവശാസ്ത്രജ്ഞനാണ് കാൾ റാനർ.

ജർമ്മനിയിലെ ഫ്രൈബുർഗിൽ 1904 മാർച്ച് 5-ന് ഇടത്തരം കുടുംബത്തിലാണ് റാനറുടെ ജനനം. 1932-ൽ ഈശോസഭാവൈദികനായ അദ്ദേഹം അഗാധമായ പഠനത്തിനും പര്യവേക്ഷണത്തിനുംശേഷം നാലുവർഷങ്ങൾക്കകം തത്ത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ഡോക്ടറേറ്റുകൾ നേടി. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങളുടെ അണിയറയിൽ ഏറെ പ്രവർത്തിച്ചിട്ടുള്ളത് റാനറുടെ ചിന്തയും ബുദ്ധിയുമാണെന്ന് പറയാം. നീണ്ട ചിന്താജീവിതത്തിന്റെ പരിണതഫലമായി വെളിച്ചംകണ്ട പ്രസിദ്ധീകരണങ്ങളുടെ സംഖ്യ നാലായിരത്തിൽ കവിയും, അവയിൽ പ്രധാനം 23 വാല്യങ്ങളുള്ള 'ദൈവശാസ്ത്ര അന്വേഷണങ്ങളും' (Theological Investigations) 'ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനങ്ങളും' (Foundations of Christain Faith) ആണ്. 1984 മാർച്ച് 31-നായിരുന്നു റാനറുടെ മരണം. ആ മഹാചിന്തകൻ ദൈവത്തിന്റെ മനുഷ്യാവതാരരഹസ്യത്തെക്കുറിച്ച്, ചിന്തോദ്ദീപകങ്ങളായ കാഴ്ചപ്പാടുകൾ പല ഗ്രന്ഥങ്ങളിലായി വെളിപ്പെടുത്തി. 'ദൈവശാസ്ത്ര അന്വേഷണങ്ങൾ' ഏഴാം വാല്യത്തിലെ മൂന്ന് ലേഖനങ്ങളെ ആസ്പദമാക്കി റാനറുടെ ക്രിസ്മസ് ചിന്തകളിലേക്ക് ഒന്നെത്തിനോക്കാം.

www.malankaralibrary.com



## ക്രിസ്മസ് നിത്യയൗവനത്തിരുനാൾ

വാർഷികചക്രത്തിലെ തിരുനാളുകളുടെ മുറതെറ്റാതെയുള്ള ആവർത്തനം നമ്മിൽ മടുപ്പുളവാക്കും. ക്രിസ്മസ് ആഘോഷങ്ങൾ പോലും പഴഞ്ചനും കാലഹരണപ്പെട്ടതുമായി തോന്നാം. തിരുനാളാഘോഷങ്ങൾക്കിടയിലെ വചനപ്രഘോഷണം ഉത്തേജനം സൃഷ്ടിക്കാനാവാത്ത ശബ്ദവീചികളായി അന്തരീക്ഷത്തിൽ ചുറ്റിക്കറങ്ങും. എന്താണിതിനൊക്കെ കാരണം? ഹൃദയാന്തരതലങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള നൈരാശ്യത്തിന്റെയും മനസ്സിലെ ശക്തിക്ഷയത്തിന്റെയും ബാഹ്യപ്രതിഫലനങ്ങളാണീ തോന്നലുകൾ.

നോക്കൂ, ആ പുൽക്കൂട്ടിലേക്ക്, അവിടെയെന്താണ് സംഭവിച്ചത്? എന്താണ് സംഭവിക്കുന്നത്? ദൈവത്തിന്റെ അക്ഷയനിത്യയൗവനം ഈ ലോകത്തിലേക്ക് കടന്നുവരുന്നു. ആ കുഞ്ഞിന്റെ പിറവി സാധാരണ മാനവജനനമാണോ? അല്ല. ജനനമരണങ്ങളുടെ മായാവലയത്തിൽനിന്നു മോചനമില്ലാതിരുന്ന ലോകത്തിൽ, ജനനസമയംമുതൽ ഉപയോഗിച്ചുതീർക്കുന്ന ഒരു നിശ്ചിതകാലയളവിലേക്കല്ല ആ കുഞ്ഞ് ജനിച്ചുവീണത്. പുരാതനത്വവും നവീനത്വവും സമന്വയിപ്പിക്കുന്ന നിത്യയൗവനത്തിന്റെ സമാഗമനമാണ് അവിടെ സംഭവിച്ചത്. മരണവിധിക്ക് കീഴെ നാഴികയെണ്ണി ജീവിക്കുന്ന നമുക്കിടയിലേക്കാണ് നിത്യയുവത്വവുമായി ദൈവം കടന്നുവന്നത്. ദൈവത്തിന്റെ നിത്യയൗവനം മരണത്തെ ഇല്ലാതാക്കി എന്നർത്ഥമില്ല. മറിച്ച് മാനവജീവിതം ഇവിടെ അജയ്യമാക്കപ്പെട്ടു. എങ്ങനെ? മരണവിഹീനൻ മൃതനായതിലൂടെ. മരണമിവിടെ വിജയപന്ഥാവായി ഭവിക്കുന്നു. മരണത്തിന്റെ നിഴലിൽ കഴിഞ്ഞവർ ദൈവത്തിന്റെ നിത്യയുവത്വത്തിൽ ഭാഗഭാക്കുകളാകുന്നു. മാനവജീവിതത്തിന്റെ ശരിയായ അർത്ഥവ്യാഖ്യാനവുമാണ് യേശുക്രിസ്തുവിന്റെ ജനനമരണങ്ങളിലൂടെ സംഭവിച്ചത്. നിശ്ചിതകാലയളവിനുള്ളിൽ, താൻ ഇല്ലായ്മയായി ഭവിക്കുമെന്നു ഭയപ്പെട്ടിരുന്ന മനുഷ്യനു മുന്നിൽ നിത്യതയുടെ കവാടം തുറന്ന ദിവസമാണ് ക്രിസ്മസ്. ഈ സാധ്യത ഇന്നും മനുഷ്യനുമുന്നിൽ തുറന്നു കിടക്കുന്നു. എങ്കിലും അവന് നൈരാശ്യത്തിൽനിന്നും മോചനമില്ലാത്തതെന്തുകൊണ്ട്? യേശുമാർഗം പിന്തുടരുന്നതിൽ പരാജയപ്പെട്ടിട്ടുണ്ടാവ

www.malankaralibrary.com



ണം. വയലിലെ ലില്ലികളുടെ മനോഹാരിത ആസ്വദിക്കുകയും പൊട്ടിക്കിളിർക്കുന്ന വിത്തുകളെക്കുറിച്ച് കവിത രചിക്കുകയും ചെയ്യുന്ന ജീവിതം. ആത്മാവു നഷ്ടപ്പെട്ട സാമൂഹികജീവിതത്തോടും, ആചാരങ്ങളുടെ സമാഹാരമായി അധഃപതിച്ച മതാത്മകതയോടും ക്രിയാത്മകമായി പ്രതികരിക്കുന്ന ജീവിതം; കൂട്ടുകാരുടെ ഓടിപ്പോകലിനും ശത്രുക്കളുടെ കുതന്ത്രങ്ങൾക്കും നടുവിൽ വീർപ്പുമുട്ടുന്ന ജീവിതം; സ്നേഹവും പ്രഹരവും തുറന്നമനസ്സോടെ സ്വീകരിക്കുന്ന ജീവിതം; ഇതാണ് നിത്യതയുടെ കവാടം മനുഷ്യനു മുന്നിൽ തുറന്നിട്ടതിനുശേഷം യേശു കാട്ടിത്തന്ന ജീവിതമാർഗം – മനുഷ്യജീവിതം ഈ പാതയിലൂടെ യാത്രയാകുമ്പോൾ പഴയവ പുതിയവയാകുന്നു. നിത്യയുവത്വം സാക്ഷാത്കൃതമാകുന്നു. ഓരോ ക്രിസ്മസും ഒരു അനന്യ സംഭവമായി പരിണമിക്കുന്നു... മരണംപോലും ഈ അക്ഷയയൗവനത്തിലെ അനിഷേധ്യ കണ്ണിയായി മാത്രം ഭവിക്കുന്നു.

**വിമോചനത്തിന്റെ വിശുദ്ധ രാത്രി**

പാരമ്പര്യം ക്രിസ്മസ് രാത്രിയെ പരമ പരിശുദ്ധിയുടെ രാത്രി (Nox Sacratissima) എന്നാണ് വിശേഷിപ്പിക്കുക. ക്രിസ്മസിന്റെ ജർമ്മൻ ഭാഷാന്തരമായ വൈനാഹ്റ്റി(Weihnacht)ന്റെ അക്ഷരാർത്ഥവും വിശുദ്ധീകൃതരാത്രി (Blessed Night) എന്നാണ്. എപ്പിഫെനിയും സ്വർഗാരോഹണവും പെന്തക്കുസ്തായുമെല്ലാം പകൽ ആഘോഷിക്കപ്പെടുമ്പോൾ ക്രിസ്മസും ഈസ്റ്ററും മാത്രം നിശയുടെ തിരുനാളുകളായതെന്തുകൊണ്ട്? നിത്യമായ പ്രഭാതത്തിലേക്കു നയിക്കുന്ന അനന്യമായ ക്രിസ്തുസംഭവമായിരുന്നു അവയിലൂടെ സാക്ഷാത്കൃതമായത്.

പാപ ആധിപത്യത്തിന്റെയും ദൈവമനുഷ്യസംസർഗത്തിന്റെയും സമയമായി രാത്രി വി. ഗ്രന്ഥത്തിൽ ചിത്രീകരിക്കപ്പെടുന്നു. ആർക്കും ജോലി ചെയ്യാനാവാത്ത രാത്രി (യോഹ. 9:4), മരണനിഴൽ ഉൾക്കൊള്ളുന്ന രാത്രി (ലൂക്കാ. 1:79), യാത്രികന് വഴിതെറ്റിപ്പോകുന്ന രാത്രി (യോഹ. 12:35), യേശുവിൽ വിശ്വസിക്കുന്നവന് അന്യമായ രാത്രി (യോഹ. 12:46), യേശു ഒറ്റിക്കൊടുക്കപ്പെട്ട രാത്രി

www.malankaralibrary.com



(യോഹ. 13:30; ലൂക്കാ. 22:53; 1 കോറി. 11:23), പകൽ സമീപിച്ചിരിക്കുന്നതിനാൽ കൊഴിഞ്ഞുവീഴാറായ രാത്രി (റോമ. 13:12), മനുഷ്യനിൽ നിന്നും ദൈവം ആത്മാവിനെ ആവശ്യപ്പെടുന്ന രാത്രി (ലൂക്കാ. 12:20), അപ്പസ്തോലന് ദൈവദർശനം ഉണ്ടാകുന്ന രാത്രി (അ. പ്ര. 16:9; 18:9), പുത്രനായ ദൈവം സ്വഹൃദയത്തെ പിതൃസന്നിധിയിലേക്കുയർത്തി പ്രാർത്ഥിക്കുന്ന രാത്രി (ലൂക്കാ. 6:12), നിക്കോദെമൂസ് യേശുവിനെ തേടിയെത്തുകയും വീണ്ടും ജനനത്തിന്റെ ജ്ഞാനം ഗ്രഹിക്കുകയും ചെയ്യുന്ന രാത്രി (യോഹ. 3:2), ദൈവപുത്രന്റെ ജനനത്തിൽ സന്തോഷിച്ച് സ്വർഗീയവൃന്ദങ്ങൾ ആനന്ദഗീതം ആലപിക്കുന്ന രാത്രി (ലൂക്കാ. 2:8).

സുഖദുഃഖസമ്മിശ്രമാണ് മനുഷ്യജീവിതത്തിലെ രാവുകൾ. പക്ഷേ രാവിനും പകലിനും അതീതനായവൻ ആ രാത്രികളിലൊന്നിൽ പിറന്നുവീണതോടെ രാവും പകലും ഒരുപോലെ ക്രിസ്മസ് രാത്രികളായി മാറി. ദാരിദ്ര്യത്തിന്റെയും അന്ധകാരത്തിന്റെയും ശൂന്യതയുടെയും മേലെ ദൈവകൃപ വന്നുപതിച്ച രാത്രിയായി ക്രിസ്മസ്. ആ രാത്രി മുന്നോട്ടുവയ്ക്കുന്ന വാഗ്ദാനങ്ങളിൽ വിശ്വസിക്കുന്നവനു മാത്രമേ രാവിന്റെ അന്ധകാരത്തിനുനേരേ ഭാവാത്മകമായി നോക്കാനാവൂ.

ആദ്യത്തെ ക്രിസ്മസ്‌രാത്രിക്കു ശേഷമുണ്ടായ രാവുകളെല്ലാം പ്രകാശത്തിന്റെ ഗർഭവുംപേറിയെത്തിയവയായിരുന്നു. അതിനുശേഷം എരിഞ്ഞുതീരുന്ന ഓരോ പകലും അന്ത്യമില്ലാത്ത പകൽവെളിച്ചത്തിന്റെ പ്രത്യാശ പകരുന്നു. പ്രകാശപൂർണമായ ‘ആ ദിവസ’ത്തെക്കുറിച്ചുള്ള പ്രത്യാശ ഇന്ന് നമുക്കു മുന്നിൽ സംഭവിക്കുന്ന രാപകലുകളുടെ ആവർത്തനം, ആഹ്ലാദകരമാക്കുവാൻ പ്രചോദനമേകുന്നു. അന്ത്യമില്ലാത്ത ഒരു പകലിലേക്കുള്ള തീർത്ഥാടനത്തിന്റെ ആരംഭമാണ് ക്രിസ്മസ് രാത്രി. ക്രൈസ്തവന് രാത്രി ആഘോഷത്തിന്റെ സമയമായിമാറുന്നു. രാത്രിയുടെ അന്ധകാരത്തെ ഭാവാത്മകമായി നോക്കിക്കാണുവാൻ അവനു മാത്രമേ സാധിക്കൂ. രാത്രികളിലൂടെ ക്രൈസ്തവൻ അന്ത്യമില്ലാത്ത പ്രഭാതത്തിലേക്ക് അടുത്തുകൊണ്ടിരിക്കുകയാണെന്ന് അവനറിയാം. ഈ പ്രത്യാശയോടെ കടന്നുപോകുന്ന ക്രിസ്ത്യാനിക്ക് ഓരോ നിശയും വിശു

www.malankaralibrary.com



ദ്ധരാത്രിയായി പരിണമിക്കുന്നു. അതിനാൽ അവരൊരുമിച്ചു പാടുന്നു: 'നിശ്ശബ്ദരാത്രി, വിശുദ്ധരാത്രി.'

**സംഘർഷഭൂമിയിൽ സമാധാനം**

'അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം, ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം' (ലൂക്കാ. 2:14). ക്രിസ്മസ് സമാധാനത്തിന്റെ ഉത്സവമായി ചിത്രീകരിക്കപ്പെടാറുണ്ട്. ദൈവത്തിന്റെ മഹത്ത്വം ക്രിസ്മസ് സംഭവത്തിലൂടെ ഭൂമിയിൽ സമാധാനമായി വെളിപ്പെടുത്തപ്പെടുകയാണ്.

ഇന്ന് നമുക്കു ചുറ്റുമുള്ള ലോകം പലതരത്തിലും സംഘർഷാത്മകമാണ്. അതിനെങ്ങനെ ദൈവമഹത്വം വെളിപ്പെടുത്താനാകും? എല്ലാ സംഘർഷാത്മക ഉപരിപ്ലവതയുടെയും അന്തർധാരയായി ഒരു ദൈവിക ഐക്യശൃംഖലയുണ്ട്. കാരണം ഏകസ്രഷ്ടാവ് സൃഷ്ടികളുടെ നാനാത്വത്തിലെ ഏകീകരണബിന്ദുവാണ്. സംഘർഷത്തിലേർപ്പെട്ടിരിക്കുന്ന സൃഷ്ടികളെ പുനരേകീകരിക്കാനുള്ള ദൈവികയത്നത്തിന്റെ വ്യക്തമായ വെളിപ്പെടുത്തലാണ് മനുഷ്യാവതാരം. എല്ലാ സംഘർഷാത്മക യാഥാർത്ഥ്യങ്ങളെയും സ്വയം ഉൾക്കൊണ്ടാണ് ദൈവം ഇത് സാധിച്ചത്. ഏകനായിരുന്നവൻ നാനാത്വത്തിന്റെ സങ്കീർണതകളെ ഉൾക്കൊള്ളുന്നു. അവയുമായി താദാത്മ്യം പ്രാപിക്കുന്നു. ഇതുവഴി അനുരഞ്ജനത്തിന്റെ മകുടോദാഹരണം അവതീർണമായി. ലോകത്തിനു മുന്നിൽ ദൈവം ഒരു സമാധാനമാർഗം തുറന്നിടുകയായിരുന്നു. പക്ഷേ, ഇന്നും സംഘർഷങ്ങൾ, ചേരിപ്പോരുകൾ.....? ഒന്നു നാം മനസ്സിലാക്കണം. സമാധാനമാർഗ്ഗം സംഘർഷാത്മകതയിൽനിന്നുള്ള വിമോചനമല്ല, സംഘർഷങ്ങളെ അതിജീവിക്കുന്നതാണ് യഥാർത്ഥ സമാധാനം. ഇതായിരുന്നു യേശു കാട്ടിത്തന്ന സമാധാനമാർഗ്ഗം. അനുരഞ്ജനത്തിനുവേണ്ടിയുള്ള അഭിവാഞ്ഛ എല്ലാ ഹൃദയങ്ങളിൽനിന്നും ഇന്നും നെടുവീർപ്പായി ഉയരുന്നുണ്ട്. സംഘർഷങ്ങൾക്കും വൈരുദ്ധ്യാത്മകതയ്ക്കും അതീതമായി വർത്തിക്കുന്ന ദൈവിക ഏകത കണ്ടെത്താനുള്ള ആത്മാവിന്റെ മുറവിളിയാണ് ഈ നിശ്വാസം. ഈ നിശ്വാസത്തിനുള്ള പ്രത്യുത്തരം ഒന്നേയുള്ളു - മനുഷ്യനായിത്തീർന്ന ദൈവം - എമ്മാനുവേൽ.

www.malankaralibrary.com



**ക്രിയാത്മക സന്ദേശം**

മാനവജീവിതത്തിന്റെ നൈരാശ്യത്തിനും രാത്രിയിലെ ഭയപ്പാടിനും സംഘർഷാത്മകത സൃഷ്ടിക്കുന്ന അസമാധാനത്തിനുമൊക്കെ ലഭിച്ച ശക്തമായ ദൈവിക മറുപടിയായിരുന്നു ദൈവത്തിന്റെ മനുഷ്യാവതാരം. മാനവജീവിതത്തെ പിടിച്ചുലച്ചിരുന്ന ഈ പ്രതിഭാസങ്ങളെ ഇല്ലായ്മയിലേക്ക് തള്ളിവിട്ടുകൊണ്ടല്ല ദൈവം മനുഷ്യജീവിതത്തെ അർത്ഥപൂർണമാക്കിയത്. ഇവയിലൂടെയൊക്കെ 'കടന്നുപോയി' – ഇവയ്ക്കതീതനാകുകയായിരുന്നു ദൈവം. ഈ കടന്നുപോകലിന്റെ തുടക്കം കുറിച്ച സംഭവമാണ് ക്രിസ്മസ്. തന്മൂലം ക്രിസ്മസ് സന്ദേശം ക്രിയാത്മകതയുടെ സന്ദേശമാണെന്ന് റാനർ പറഞ്ഞുതരുന്നു. ജീവിതാനുഭവങ്ങളിൽനിന്നുള്ള ഒളിച്ചോട്ടമല്ല, അവയോട് ഏറ്റുമുട്ടി വിജയം വരിക്കുന്നതിന്റെ സന്ദേശമാണത്.

www.malankaralibrary.com

# 5
# വിത്തിന്റെ ഉപമ:
# കാത്തിരിപ്പിന്റെ കഥ




**ദൈവരാജ്യ സമാഗമത്തിനുവേണ്ടിയുള്ള ഈ കാത്തിരിപ്പിനിടയിൽ അഭിമുഖീകരിക്കുന്ന വെല്ലുവിളികളും കുരിശുകളും ക്രൈസ്തവജീവിതപരിണാമത്തിന്റെ നിർണായക ഘടകങ്ങളത്രേ. ഈ പരിണാമങ്ങളിലൂടെയുള്ള പ്രയാണത്തിന് ഒരേയൊരു ലക്ഷ്യമേയുള്ളൂ. ക്രിസ്തുവുമായുള്ള ഏകീഭാവം.**

**പ്ര**ത്യാശയോടെ കാത്തിരുന്ന് സാധിക്കേണ്ടതാണ് ദൈവരാജ്യസംസ്ഥാപനം. അതിനെ സംബന്ധിച്ച യേശുദർശനം യഥാർത്ഥ ക്രൈസ്തവ ജീവിതശൈലി രൂപപ്പെടുത്തുന്നതിനുള്ള ചില സനാതന സത്യങ്ങൾ ആവിഷ്കരിക്കുന്നു.

മർക്കോസിന്റെ സുവിശേഷത്തിൽ (4:26.29) മാത്രം കാണുന്ന വിത്തിന്റെ ഉപമയാണ് സന്ദർഭം. ദൈവരാജ്യത്തിന്റെ ആരംഭവും വളർച്ചയും ഇത് വിശദമാക്കുന്നു. നാലു വാക്യങ്ങളിൽ മർക്കോസ് സുവിശേഷകൻ അവതരിപ്പിച്ച ഈ ലഘു ഉപമയുടെ അർത്ഥവ്യാപ്തി ചെറുതൊന്നുമല്ല.

www.malankaralibrary.com



വയലേലകളിൽ ചാലുകൾ കീറി വെള്ളമെത്തിച്ച് ഉഴുതുമറിച്ച് നിലമൊരുക്കിയാണ് വിത്തുവിതയ്ക്കുക. അതിനുശേഷവും കൃഷിക്കാരൻെറ നിരന്തര സാന്നിദ്ധ്യം പാടങ്ങളിലനിവാര്യമാണ്. വിത്തുകൾ കൊത്തിപ്പെറുക്കാനെത്തുന്ന പറവകളെ ആട്ടിയോടിക്കണം, കളകളുടെ മുകുളങ്ങൾ നുള്ളണം, വെള്ളവും വളവും യഥാകാലം എത്തിക്കണം, കീടങ്ങൾ ഇലക്കാമ്പുകളിൽ കൂടുകൂട്ടുന്നുണ്ടോയെന്ന് നോക്കണം. കൃഷീവലന്റെ വസ്ത്രത്തിന്റെ ചലനത്താലുണ്ടാകുന്ന ഇളംകാറ്റാണ് വിത്തുകളുടെ ജീവശ്വാസം എന്ന പരമ്പരാഗത വിശ്വാസം ഇന്നും നിലനില്ക്കുന്നു. എന്നാൽ വിതയ്ക്കുശേഷം കൊയ്ത്തിനല്ലാതെ വയലിൽ തിരിഞ്ഞുനോക്കാത്ത കൃഷിക്കാരനെയാണ് ഉപമയിൽ അവതരിപ്പിക്കുന്നത്. ഈ വിരോധാഭാസത്തിന്റെ മറുപടി തേടുകയാണ് ഉപമയുടെ പശ്ചാത്തലപഠനത്തിലൂടെ.

**തീവ്രവാദത്തിന് മറുപടി**

ഏതൊരു വിദേശാധിപത്യത്തിനും വഴങ്ങിക്കൊടുക്കുന്നത് ദൈവനിന്ദയ്ക്ക് തുല്യമാണെന്ന് യേശുവിന്റെ സമകാലികരായ യഹൂദ തീവ്രവാദികൾ ചിന്തിച്ചിരുന്നു. പാലസ്തീനായെ അടക്കി വാണിരുന്ന റോമാചക്രവർത്തിയോട് പടപൊരുതി വിജയിച്ച് ദൈവരാജ്യം സ്ഥാപിക്കുകയായിരുന്നു തീവ്രവാദി ലക്ഷ്യം. പടയോട്ടങ്ങളുടെയും വിജയഭേരികളുടെയും പശ്ചാത്തലത്തിൽ സംഭവിക്കേണ്ടതാണു ദൈവരാജ്യ സംസ്ഥാപനമെന്നായിരുന്നു ചിന്ത. ഈ തീവ്രവാദത്തിന്റെ പ്രതിധ്വനികൾ പാലസ്തീനായിൽ അങ്ങിങ്ങായി മുഴങ്ങിക്കൊണ്ടിരുന്ന പശ്ചാത്തലത്തിലാണ് സ്നേഹവിപ്ലവവുമായി യേശു കടന്നുചെന്നത് (യേശുശിഷ്യരിൽ ഒരാളായ ശിമയോൻ പോലും തീവ്രവാദിയെന്നറിയപ്പെട്ടിരുന്നു - മർക്കോ. 3:18; മത്താ. 10:4). പ്രത്യാശയോടെ കാത്തിരുന്ന് സാധിക്കേണ്ട ദൈവരാജ്യസ്ഥാപനത്തെ സംബന്ധിക്കുന്ന യേശുദർശനം സമകാലികർക്ക് ഉൾക്കൊള്ളാനായില്ല. കുതന്ത്രങ്ങളും കൈക്കരുത്തും ഉപയോഗിച്ച് യാഹ്വേയ്ക്കു രാജ്യം പണിയാൻ ഇറങ്ങിത്തിരിച്ചവർക്ക് യേശു നല്കുന്ന ശക്തമായ മറുപടിയാണ് കാത്തിരുന്ന കർഷകന്റെ ഉപമ.

www.malankaralibrary.com



## യുഗാന്ത്യം വിദൂരസ്ഥമോ?

ആദിമസഭയുടെ പ്രതീക്ഷകളിൽ എന്നും പൂവിട്ടുനിന്നിരുന്ന സ്വപ്നമായിരുന്നു മനുഷ്യപുത്രന്റെ രണ്ടാം ആഗമനവും തദനുബന്ധിയായ യുഗാന്ത്യവും. ഉത്ഥിതനായ ക്രിസ്തു മഹത്ത്വപൂർണ്ണനായി തിരികെയെത്തുന്നതിന് ഇനിയേറെ കാത്തിരിപ്പ് വേണ്ട. ഇതായിരുന്നു ആദിമസഭയുടെ വിശ്വാസം (മത്താ. 10:23; 24:34). ഈ വിശ്വാസം ആദിമക്രൈസ്തവരുടെ മത-സാമൂഹിക ജീവിതത്തെ നിരന്തരം സ്വാധീനിച്ചിരുന്നു. ഈ കാത്തിരിപ്പ് സാക്ഷാത്കാരം കാണാതെ നീണ്ടുപോയി. കാത്തിരുന്ന കണ്ണുകൾ പലതുമടഞ്ഞു. സംശയങ്ങളും ചോദ്യങ്ങളും ഉയർന്നു. യേശുവിന്റെ യുഗാന്ത്യ പ്രബോധനങ്ങൾക്ക് ഈ പശ്ചാത്തലത്തിൽ ആനുകാലിക വ്യാഖ്യാനം അനിവാര്യമായി. പാലസ്തീനക്കാരല്ലാത്ത വിജാതീയ ക്രൈസ്തവരോട് സാവധാനം സമാഗതമാകുന്ന ദൈവരാജ്യത്തിന്റെ കഥ പറയുകയാണ് മർക്കോസ് സുവിശേഷകൻ.

## പ്രത്യാശയുടെ സുവിശേഷം

കൃഷിക്കാരൻ വിത്ത് വിതച്ചിട്ട് തന്റെ ദൈനംദിനകൃത്യങ്ങളിൽ മുഴുകുന്നു. രാവും പകലും ഉറങ്ങിയും ഉണർന്നും കഴിയുന്ന അയാൾ വിത്തിന്റെ വളർച്ചയെപ്പറ്റി ഉത്ക്കണ്ഠാകുലനല്ല. അയാളുടെ ഏക പ്രവൃത്തി കാത്തിരിപ്പ് മാത്രം. കൃഷിക്കാരന്റെ നിഷ്ക്രിയത്വം ശരിയാംവിധം വ്യക്തമാവുന്നുണ്ടിവിടെ.

യേശുവിന്റെ ജീവിതപശ്ചാത്തലത്തിൽ ഈ കാത്തിരിപ്പിന് ഏറെ അർത്ഥം കൈവരുന്നു. പാപികളെയും പതിതരെയും ഒഴിവാക്കി വർഗശുദ്ധീകരണത്തിലൂടെ ഒരു വിശുദ്ധ സാമ്രാജ്യം ഉടനടി കെട്ടിപ്പടുക്കാൻ യേശു ഒരിക്കലും പരിശ്രമിച്ചില്ല (മത്താ. 13:24.30). റോമൻ ആധിപത്യത്തിനെതിരേ പരസ്യപ്രസ്താവന നടത്തി യഹൂദരുടെ നേതൃസ്ഥാനത്തേക്കുയരാൻ അവിടുന്ന് ഒരുമ്പെടുന്നുമില്ല (മർക്കോ. 12:14.15). കാത്തിരിപ്പായിരുന്നു യേശുവിന്റെ നയം. കീടങ്ങളോടും കളകളോടും സ്വയം പൊരുതി ശക്തിയാർജ്ജിച്ച് വളർന്നുവരുന്ന ഗോതമ്പുമണികളെ മാറിയിരുന്നു കാണാനായിരുന്നു വിതക്കാരനായ യേശുവിനിഷ്ടം.

www.malankaralibrary.com



യേശുവിന്റെ തുടർച്ചയായ സഭയിലും ഈ കാത്തിരിപ്പിനുവേണ്ടിയുള്ള ആഹ്വാനം കാണാം. യാക്കോബ്ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു: 'കർത്താവിന്റെ രണ്ടാമത്തെ ആഗമനം വരെ ക്ഷമയോടെ കാത്തിരിക്കുവിൻ, ഭൂമിയിൽനിന്ന് നല്ല ഫലങ്ങൾ ലഭിക്കുന്നതിനുവേണ്ടി കൃഷിക്കാരൻ ആദ്യത്തെ മഴയും അവസാനത്തെ മഴയും പ്രതീക്ഷിച്ചിരിക്കുന്നതുപോലെ നിങ്ങളും ക്ഷമയോടെ കാത്തിരിക്കുവിൻ' (യാക്കോ. 5:7). വിഭാഗീയതകൾക്കും, വിധിതീർപ്പുകൾക്കും അതീതമായ കാത്തിരിപ്പാണിവിടെ ആവശ്യം; പാപിയെന്നോ ഫരിസേയനെന്നോ മുദ്രകുത്തി ഒരുവനെയും മാറ്റിനിർത്താൻ ആർക്കുമാവില്ല. ലോകത്തിൽ സർവാശ്ളേഷിയായി വർത്തിച്ച് എല്ലാറ്റിനെയും വിശുദ്ധീകരിക്കേണ്ടവളാണ് സഭ. യുഗാന്ത്യകൊയ്ത്തിൽ അരിവാൾ വായ്തലയുടെ പ്രകാശത്തിൽ മനുഷ്യപ്രവൃത്തികൾ വിലയിരുത്തപ്പെടുന്നതുവരെ അവൾ കാത്തിരിക്കേണ്ടതുണ്ട്.

**സഹനത്തിന്റെ സൃഷ്ടികൾ**

"അവൻ അറിയാതെതന്നെ വിത്തുകൾ പൊട്ടിമുളച്ചു വളരുന്നു. ആദ്യം ഇല - പിന്നെ കതിർ, തുടർന്ന് കതിരിൽ ധാന്യമണികൾ". വിവേചിച്ചറിയാനാകാത്ത ഏതോ ഒരു പ്രേരണയാലാണ് വിത്തുകൾ പൊട്ടിമുളച്ചുവരുന്നത്. വിതയ്ക്കപ്പെട്ട വിത്തുകൾ വിതക്കാരന്റെ പരിചരണം കൂടാതെ വളർന്നുവരുന്നതിന്റെ വിവരണം Automate എന്ന ഗ്രീക്കുപദമുപയോഗിച്ച് സുവിശേഷകൻ ദ്യോതിപ്പിച്ചിരിക്കുന്നു. പരാശ്രയവിഹീനതയാണ് ഈ വാക്കിലൂടെ അർത്ഥമാക്കുക. കളകളോടും കാലാവസ്ഥാവൈപരീത്യങ്ങളോടും സ്വയം മല്ലടിച്ച് ശക്തിയാർജ്ജിച്ചാൽ മാത്രമേ വളർച്ചയും ഫലദാനവും സാധിക്കുകയുള്ളൂ (യോഹ. 12:24). അഴിച്ചിലും സംഘർഷങ്ങളും ഫലദായകത്വത്തിനു വേണ്ടിയുള്ള പരിണാമപ്രക്രിയകളായി ഭവിക്കുന്നു.

സംഘർഷങ്ങൾക്കിടയിലുള്ള വളർച്ചയിലൂടെ ദൈവരാജ്യസമാഗമത്തിലേക്ക് സുധീരം മുന്നേറാൻ യേശു തന്റെ അനുയായികളെ ക്ഷണിക്കുന്നു. ക്രമാനുഗതമായ വളർച്ച(ഇല, കതിർ, ധാന്യമണികൾ.....)യ്ക്കിടയിലതിജീവിക്കേണ്ട വെല്ലുവിളികൾ കുറച്ചൊന്നും

www.malankaralibrary.com



ആയിരിക്കുകയില്ലെന്ന് യേശു സ്വജീവിതമാതൃകയിലൂടെ കാട്ടിത്തരുന്നുണ്ട്. വചനവിത്തായ യേശു കതിർവീശി ഫലമണിഞ്ഞത് ക്രൂശുമരണവും ഉത്ഥാനവും ആകുന്ന അഴിച്ചിലിലിലൂടെയും പുനർജ്ജനിയിലൂടെയുമാണ്. ബാഹ്യമാത്രമായിരുന്ന മതാനുഷ്ഠാനങ്ങളോടും ആത്മാവു നഷ്ടപ്പെട്ടിരുന്ന സാമൂഹിക ജീവിതശൈലിയോടും മറുതലിച്ച് നേടിയെടുത്ത വളർച്ചയായിരുന്നു ഇത്. തന്മൂലം ക്രൂശുമരണത്തിനും ഉത്ഥാനത്തിനും സ്വാതന്ത്ര്യസാക്ഷാത്കാരത്തിന്റെ ഒരു മാനവും കൈവന്നു.

**കൊയ്ത്ത് സുനിശ്ചിതം**

"ധാന്യം വിളയുമ്പോൾ കൊയ്ത്തിന് സമയമാകുന്നതുകൊണ്ട് അവൻ അരിവാൾ വയ്ക്കുന്നു" (മർക്കോ. 4:29). കതിരുകൾ പാകമാകുമ്പോൾ കൃഷിക്കാരൻ എത്തുകയായി. വയലേലകളിൽ നിന്നും അപ്പോൾ ആരവമുയരും. "അരിവാളെടുക്കുവിൻ, വിളവ് പാകമായിരിക്കുന്നു" (ജോയേ. 3:13). കൊയ്ത്തിലൂടെ സുവിശേഷകൻ ഇവിടെ യുഗാന്ത്യം അവതരിപ്പിക്കുന്നു. എന്നാൽ കൊയ്ത്തിന്റെ സമയത്തെക്കുറിച്ചുള്ള യാതൊരു സൂചനയും ഇവിടെനിന്നും ലഭ്യമല്ല. ദൈവത്തിന്റെ സമയപൂർത്തിയിലാണ് യുഗാന്ത്യകൊയ്ത്ത് സംഭവിക്കുക. ബൈബിൾ ഭാഷയിൽ ഈ സമയത്തെ സൂചിപ്പിക്കുവാൻ Kairos എന്ന ഗ്രീക്കു പദമാണ് ഉപയോഗിച്ചിരിക്കുന്നത്. വിശിഷ്ടവിനാഴിക എന്ന അർത്ഥം ദ്യോതിപ്പിക്കുന്നു. ഈ വാക്ക് മനുഷ്യമനസ്സിന് അളന്ന് തിട്ടപ്പെടുത്താവുന്ന സമയത്തെ സൂചിപ്പിക്കുവാനായി ഉപയോഗിച്ചുകാണുന്ന Chronos എന്ന വാക്കിൽനിന്നും തികച്ചും വിഭിന്നമാണ്. ദൈവികസമയത്തിന്റെ പൂർണ്ണതയിലാണ് യുഗാന്ത്യം സംഭവിക്കുക. അതിനുവേണ്ടി കാത്തിരിക്കുവാൻ മാത്രമേ മനുഷ്യനാവുകയുള്ളു. ഇതെപ്പോൾ സംഭവിക്കുമെന്ന് മനുഷ്യമനസ്സിന് തിട്ടപ്പെടുത്താൻ സാധിക്കായ്കയാൽ ഈ സമയപൂർത്തി അസംഭാവ്യമാണെന്ന് വിധിതീർപ്പു നടത്താനാവില്ല. സുനിശ്ചിതമായ കൊയ്ത്തിനുവേണ്ടിയുള്ള ക്ഷമാപൂർവമായ കാത്തിരിപ്പാണ് യേശു തന്റെ അനുയായികളിൽ നിന്നു പ്രതീക്ഷിക്കുക. യുഗാന്ത്യകൊയ്ത്തിനെക്കുറിച്ചുള്ള പ്രത്യാശ

www.malankaralibrary.com




നമ്മുടെ എല്ലാ മേഖലകളെയും ഭരിക്കേണ്ടതുണ്ട്. മാനുഷികബന്ധങ്ങളിൽ നമ്മെ നയിക്കേണ്ടത് ഈ ചിന്തതന്നെയാണ്. സുനിശ്ചിതമായ യുഗാന്ത്യത്തെക്കുറിച്ചുള്ള ചിന്ത മനസ്സിൽ നിറഞ്ഞു നില്ക്കുന്ന ക്രൈസ്തവന് അർദ്ധപട്ടിണിക്കാരനായ അയല്ക്കാരനെ മറക്കാനാവില്ല.

**കാത്തിരിപ്പിൻെറ ജീവിതം**

ക്രൈസ്തവജീവിതം സഹിഷ്ണുതയോടെയുള്ള കാത്തിരിപ്പിന്റെ ജീവിതമാണ്. ദൈവരാജ്യ സമാഗമത്തിനുവേണ്ടിയുള്ള ഈ കാത്തിരിപ്പിനിടയിൽ അഭിമുഖീകരിക്കുന്ന വെല്ലുവിളികളും കുരിശുകളും ക്രൈസ്തവജീവിതപരിണാമത്തിന്റെ നിർണായക ഘടകങ്ങളത്രേ. ഈ പരിണാമങ്ങളിലൂടെയുള്ള പ്രയാണത്തിന് ഒരേയൊരു ലക്ഷ്യമേയുള്ളു. ക്രിസ്തുവുമായുള്ള ഏകീഭാവം. ദൈവത്തിന്റെ സമയപൂർത്തിയിൽ സംഭവിക്കാനിരിക്കുന്ന ഈ ദൈവികാനുഭവത്തെക്കുറിച്ചുള്ള ഭാവന നമ്മുടെ മനസ്സിൽ എന്നും ചിറകുവിടർത്തട്ടെ. ഈ പരലോകഭാവന നമ്മുടെ ഇഹലോകജീവിതത്തിലെ ദൈവ-മനുഷ്യബന്ധങ്ങളെ നിരന്തരം ഭരിക്കട്ടെ.

www.malankaralibrary.com

# 6
# കുരിശ് പ്രത്യാശയുടെ പ്രതീകം: മോൾട്ട്മാൻ



**സാങ്കേതികവും സാമ്പത്തിക വുമായ വികസനത്തിലൂടെ ആധുനികമനുഷ്യൻ മഹത്ത്വ ത്തിന്റെ ഉന്നതശ്രേണിയിൽ മുന്നേറുകയാണ്. ഈ ആരോഹണത്തിനിടയിൽ അവൻ ചവിട്ടുപടികളാക്കുന്നത് കുറെ കരിപുരണ്ട ജീവിതങ്ങളാണെന്ന വസ്തുത സൗകര്യ പൂർവം വിസ്മരിക്കുന്നു. വിജയഭേരി മുഴക്കി മുന്നേറുന്ന വിശ്വാസികളുടെ കാല്കീഴിലും കണ്ടെത്താനാകും ഞെരിഞ്ഞമരുന്ന മനുഷ്യത്വത്തിന്റെ നേരിയ അംശങ്ങൾ.**

**ക്രൈ**സ്തവവിശ്വാസത്തിന്റെ അനുരണനങ്ങൾ അല്പമായെങ്കിലും പ്രതിഫലിക്കുന്നിടങ്ങളിലെല്ലാം വിപരീതദിശകളിലേക്ക് വിരിച്ച ഭുജങ്ങളുമായി നിൽക്കുന്ന കുരിശ് കണ്ടെത്താം. ക്രൈസ്തവികതയുടെ വികാസ പരിണാമങ്ങൾക്കിടയിൽ വൈവിധ്യമാർന്ന വ്യാഖ്യാനങ്ങൾക്ക് വിഷയീഭവിച്ച പ്രതീകം. പാപത്തിലധഃപതിച്ച മനുഷ്യന് രക്ഷാകരമായ അടയാളമായി മാറി കുരിശ്. വേദനിക്കുന്നവർക്ക്, യേശുവിന്റെ സഹനത്തെ പ്രതിബിംബിപ്പിക്കുന്ന കുരിശ് ആശ്വാസദായകമായ പ്ര

www.malankaralibrary.com



തീകമായി. മതപീഡനങ്ങളെ അതിജീവിച്ച സഭയിൽ, കോൺസ്റ്റ റൈന്റൻ ചക്രവർത്തിയുടെ കാലം മുതൽ കുരിശിന് മൂന്നാമതൊരു വ്യാഖ്യാനംകൂടി നൽകപ്പെട്ടു - വിജയത്തിന്റെ, മഹത്ത്വത്തിന്റെ അട യാളം. കുരിശെന്ന പ്രതീകത്തിന്റെ സമഗ്രമായ അർത്ഥവ്യാഖ്യാനം ഈ വൈവിധ്യമാർന്ന വീക്ഷണങ്ങളുടെ സമന്വയത്തിലൂടെ മാത്രമേ സാധിക്കുകയുള്ളു. പ്രശസ്ത ദൈവശാസ്ത്രജ്ഞൻ യൂർഗൻ മോൾ ട്ട്മാന്റെ 'കുരിശിന്റെ ദൈവശാസ്ത്ര'ത്തിലേക്ക് ഒരു അന്വേഷണം നടത്തുകയാണിവിടെ.

ട്യൂബിംഗൻ സർവകലാശാലയിലെ ദൈവശാസ്ത്ര പ്രൊഫ സറായ യൂർഗൻ മോൾട്ട്മാൻ 'ക്രൂശിതനായ ദൈവം', 'പ്രത്യാശ യുടെ ദൈവശാസ്ത്രം' എന്നീ വിശ്വവിഖ്യാതഗ്രന്ഥങ്ങളുടെ കർ ത്താവുമാണ്. 1983-ൽ പ്രസിദ്ധീകൃതമായ 'ശക്തിഹീനരുടെ ശക്തി' എന്ന സമാഹാരത്തിലെ 'കുരിശേ, ഏക പ്രത്യാശയേ സ്വസ്തി' എന്ന ലേഖനമാണ് ഈ രചനയ്ക്ക് ആധാരം.

### അർത്ഥശൂന്യമായ മുദ്രാവാക്യം

'കുരിശേ ഏക പ്രത്യാശയേ സ്വസ്തി': എത്ര അർത്ഥശൂന്യമാ ണീ മുദ്രാവാക്യം? കുരിശെങ്ങനെ പ്രത്യാശയുടെ പ്രതീകമാകും? സഭാചരിത്രത്തിന്റെ ആദ്യനാളുകളിൽ യഹൂദരിൽ പലരും ആവർ ത്തിച്ചിരുന്ന ചോദ്യമാണിത്. യേശുവിന്റെ ഐഹികജീവിത കാല ത്തെ യഹൂദപശ്ചാത്തലം വച്ചുനോക്കുമ്പോൾ ഈ ചോദ്യത്തിൽ തെല്ലും അതിശയോക്തി ഇല്ലെന്ന് കണ്ടെത്താനാകും (അടിമകളു ടെ മരണശിക്ഷ നടപ്പാക്കാൻ മാത്രം ഉപയോഗിച്ചിരുന്ന ഉപകരണ മായിരുന്നു കുരിശ് - Crudens Complete Concordence). ശുഭകരമാ യ ഒരു ഭാവിക്കും സ്നേഹസമ്പന്നമായ ഒരു ജീവിതത്തിനും വേ ണ്ടിയുള്ള പ്രതീക്ഷയാണല്ലോ പ്രത്യാശ എന്ന വാക്കിലൂടെ വിവ ക്ഷിതമാകുന്നത്. പ്രത്യാശയുടെ പ്രതീകമായ കുരിശിൽ സംഭവി ച്ചതോ? ജീവിതം അവിടെ തകർന്നുതരിപ്പണമാകുകയായിരുന്നി ല്ലേ? പ്രത്യാശ നിരാശയായി പരിണമിക്കുകയായിരുന്നില്ലേ? ഈ ചോദ്യങ്ങൾക്ക് 'അതേ' എന്ന ഉത്തരമാണ് യേശുവിന്റെ ജീവിത ത്തിൽനിന്നു ലഭിക്കുക. പക്ഷേ അതേ എന്ന ആ ഉത്തരത്തിൽ പു നർജ്ജനിക്കുന്ന ഒരു പുത്തൻ പ്രത്യാശയുടെ ലോകത്തിലേക്കാ ണ് മോൾട്ട്മാൻ നമ്മെ നയിക്കുന്നത്.

www.malankaralibrary.com



**കുരിശിന്റെ വഴിയിലേക്ക്**

വീണ്ടും യൂദയായിലേക്ക് പോകുവാൻ തീരുമാനിച്ചപ്പോൾ തന്നെ (യോഹ. 11:7:8) യേശു കുരിശിന്റെ വഴിയിലേക്ക് ചുവടുവയ്ക്കുകയായിരുന്നു. അവിടുത്തെ അധരങ്ങളിൽ നിന്നും ദൈവരാജ്യത്തിന്റെ സുവിശേഷം ഉതിർന്നുവീണ നഗരമാണ് ജറുസലേം. രോഗികളധികം സുഖപ്പെട്ടതും പാപികൾക്കും പീഡിതർക്കും മോചനം കൈവന്നതും ഈ ദിവ്യനഗരത്തിൽ വച്ചുതന്നെ. ഇക്കാരണത്താൽ ജറുസലേമിലെ പുരോഹിതപ്രമാണിമാരും റോമൻ അധികാരികളും യേശുവിനെ വകവരുത്താൻ തക്കംപാർത്തിരുന്നു. ഈ വസ്തുതകളെല്ലാം അറിഞ്ഞുകൊണ്ട് അവിടേക്കുപോകുവാൻ യേശു തയ്യാറാകുന്നത് (യോഹ. 11:9) തന്റെ ജീവിതത്തിൽ കുരിശിന്റെ ആവശ്യകതയെക്കുറിച്ചുള്ള ഉത്തമബോധ്യത്തിലാണ്. അവിടുന്നു പറയുന്നു: "മനുഷ്യപുത്രൻ വളരെ സഹിക്കുകയും തിരസ്കരിക്കപ്പെടുകയും വേണം" (മർക്കോ. 8:31). വേദനാജനകമായ ഈ ബോധ്യത്തോടെയാണ് തന്റെ അനുഗാമികൾ കുരിശെടുക്കട്ടെ (മർക്കോ. 8:34) എന്ന് യേശു പറയുന്നത്. കുരിശിന്റെ പ്രാഥമികമായ അർത്ഥവ്യാഖ്യാനം - രക്ഷയുടെ പാതയിലെ അനിഷേധ്യഘടകം. ഇവിടെ നടക്കുകയായിരുന്നു.

**ഗത്സെമൻ: തിരസ്കരണത്തിന്റെ വേദി**

പിതാവും താനും ഒന്നാണെന്ന ബോധ്യം എന്നും യേശുവിൽ നിറഞ്ഞുനിന്നിരുന്നു. എങ്കിലും വേദനയുടെ പാനപാത്രം തന്നിൽ നിന്നും നീക്കുന്നതിന് പുത്രൻ പിതാവിനോട് കേണപേക്ഷിച്ചു (മർക്കോ. 14:36). രക്തം വീണ് തോട്ടത്തിലെ ചെടിച്ചുവടുകൾ നനഞ്ഞതല്ലാതെ മറ്റ് അനുകൂല ഫലങ്ങളൊന്നും ഉണ്ടായില്ല. പിതാവിന്റെ തിരസ്കരണമായിരുന്നു യേശുവിനെ ഏറെ വേദനിപ്പിച്ചത്. താൻ എല്ലാ പ്രത്യാശയും അർപ്പിച്ചവൻ തന്നെ കൈവെടിഞ്ഞതിലുള്ള ആത്മനൊമ്പരമായിരുന്നു അവിടുത്തേക്ക് ഏറെ അസഹനീയം. യേശു ഇവിടെ ഒരു കുതിച്ചുചാട്ടം നടത്തുകയായിരുന്നു - തന്നെ കൈവിട്ട പിതാവിന് സ്വയം സമർപ്പിച്ചുകൊണ്ട്. ഈ അനിശ്ചിതത്വത്തിലേക്കുള്ള എടുത്തുചാട്ടമായിരുന്നു എല്ലാ വിജയങ്ങൾ

www.malankaralibrary.com



ക്കും പിന്നിൽ. കുരിശിനെ അണിയിച്ചൊരുക്കുന്ന ചമയമുറിയായിരുന്നു ഗത്സെമൻ എന്നു പറയാനാകും.

## ഹൃദയഭേദകമായ നിലവിളി

യേശുവിന്റെ പീഡാനുഭവത്തിന്റെ അവസാനരംഗമാണ് ഗോഗുൽത്തായിൽ അരങ്ങേറിയത്. മൂന്നു മണിക്കൂറോളം ആണികളിൽ കുടുങ്ങിക്കിടന്ന ശേഷം അവിടുന്ന് നിലവിളിച്ചു:. 'ഏലോയ് ഏലോയ് ലാമാസബക്താനി – എന്റെ ദൈവമേ, എന്റെ ദൈവമേ നീയെന്നെ കൈവിട്ടതെന്തേ?' (മർക്കോ. 15:34). തിരസ്കരണാനുഭവത്തിന്റെ പരമകാഷ്ഠയാണ് ഈ നിലവിളിയിൽ നിഴലിക്കുന്നത്. മർക്കോസിന്റെ സുവിശേഷത്തിന്റെ മറ്റു ചില കയ്യെഴുത്തുപ്രതികളിൽ കുറെക്കൂടി വേദനാപൂർണമായ നിലവിളിയായാണ് ഈ വാക്യം രേഖപ്പെടുത്തിയിരിക്കുന്നത്. "നീയെന്നെ നാണംകെടുത്തിയതെന്തേ?" (Why have you exposed me to shame) "നീയെന്നെ ശപിച്ചു തള്ളിയതെന്തേ?" (Why have you cursed me) 'പിതാവേ' എന്ന ഹൃദ്യമായ അഭിസംബോധന കുരിശിൽ 'ദൈവമേ' എന്ന ഔപചാരികതയ്ക്ക് വഴിമാറുന്നതും ശ്രദ്ധേയമാണ്. യേശു സഹിച്ച വേദനയുടെ ആധിക്യം ശരിയാംവിധം വ്യക്തമാക്കപ്പെടുകയാണിവിടെ. താനും പിതാവും ഒന്നാണ് എന്ന ബോധ്യത്തിൽ നിന്നും വിഭിന്നമായുണ്ടായ അനുഭവമാണ് ഈ നിലവിളിക്ക് നിദാനം. താൻ മുഴുവൻ പ്രത്യാശയും അർപ്പിച്ചവൻപോലും തന്നിൽനിന്നും അകന്നുനിൽക്കുന്നതിലെ വേദന ഇവിടെ നാം കാണുന്നു. ഒറ്റപ്പെടലിന്റെയും തിരസ്കരണത്തിന്റെയും പരമകാഷ്ഠയായ ഈ അനുഭവത്തിലൂടെ യേശു തന്റെ രക്ഷാകരദൗത്യത്തിന്റെ പൂർത്തീകരണത്തിലേക്ക് അടുത്തു എന്ന് സുവിശേഷകൻ സമർത്ഥിക്കുന്നു.

## കുരിശിന്റെ ദൈവശാസ്ത്രം

എന്തിനാണ് മോൾട്ട്മാൻ യേശുവിന്റെ സഹനത്തിന് ഇത്രയേറെ പ്രാധാന്യം കല്പിക്കുന്നത്? ദൈവത്തിലാരോപിക്കപ്പെട്ട തികച്ചും അക്രൈസ്തവമായ ബിംബ(Image)ങ്ങളുടെ നിഷേധമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. വേദനിക്കുന്നവരിൽ നിന്നും അകന്നുമാറി സ്വർഗത്തിന്റെ ഔന്നത്യങ്ങളിലെവിടെയോ വിഹരിക്കു

www.malankaralibrary.com



ന്ന ദൈവത്തിന്റെ ചിത്രമായിരിക്കാം മാർക്സിനെയും ഫ്രോയ്ഡിനെയും ഒക്കെ ദൈവനിഷേധികളാക്കിയത്. ദൈവത്തിന്റെ ഈ പ്രതിഛായയ്ക്കുപകരം, സുവിശേഷാടിസ്ഥാനത്തിൽ, മൺമയനും മനുഷ്യസ്പർശിയുമായ ദൈവത്തെ അവതരിപ്പിക്കുകയായിരുന്നു മോൾട്ട്മാൻ. അദ്ദേഹം ചോദിക്കുന്നു, സഹനത്തിൽ മനുഷ്യനോട് താദാത്മ്യപ്പെടാനാകാത്ത ദൈവം പരിമിതനല്ലേ? വേദനയുടെ പരമകോടിവരെ സഹിക്കുന്ന ക്രിസ്തുവിലൂടെ അവിടുത്തെ ദൈവത്വത്തിന്റെ പൂർണത വെളിവാക്കപ്പെടുകയായിരുന്നു. Christian message of the Cross of Christ ... must think of the suffering of Christ as the power of Christ and death of Christ as God's potentiality (*Crucified God,* 215). മനുഷ്യനു സഹിക്കാവുന്നതിന്റെ അങ്ങേയറ്റത്തെ അതിർവരമ്പുവരെ സഹിച്ച യേശു ദൈവത്തിനു മനുഷ്യനുമായിട്ടുള്ള താദാത്മ്യത ഉച്ചത്തിൽ പ്രഖ്യാപനം ചെയ്യുകയായിരുന്നു. "ഏലോയ്, ഏലോയ്, ലാമാ സബക്താനി" എന്നതിന്റെ അർത്ഥം ഇവിടെയാണ് ശരിക്കും വ്യക്തമാകുന്നത്. 'ഇമ്മാനുവേൽ' പ്രവചനം തന്റെ ജീവിതത്തിൽ പൂർണമായും അന്വർത്ഥമായെന്നു വിളംബരം ചെയ്യുകയായിരുന്നു യേശു ഈ നിലവിളിയിലൂടെ. വേദനയുടെ ഏത് അതിർവരമ്പിലും നമ്മോടൊപ്പം ഉള്ളവനും നമ്മെ മനസ്സിലാക്കുന്നവനുമാണ് ദൈവം എന്ന പ്രഖ്യാപനമാണ് കുരിശിൽ നടന്നത്.

**കുരിശു പ്രത്യാശയുടെ പ്രതീകം**

സഹനത്തിലൂടെ മനുഷ്യജീവിതത്തിന്റെ ഓരോ അംശവും അനുഭവിച്ചറിഞ്ഞ യേശു അവയെ എല്ലാം അതിജീവിക്കുക കൂടി ചെയ്തു. ഈ വിജയമായിരുന്നു ക്രിസ്തുവിന്റെ ഉത്ഥാനം. ഇത് കുരിശിന്റെ മറുവശമല്ലാതെ മറ്റൊന്നല്ല. മരിച്ചവനേ ഉത്ഥിതനാവുകയുള്ളു. ഇവിടെയാണ് പൗലോസ് ശ്ലീഹാ ചോദിക്കുന്നത്: "മരണമേ നിന്റെ വിജയമെവിടെ? മരണമേ നിന്റെ ദംശനമെവിടെ?" (1 കോറി. 15:55) യേശുവിന്റെ ഉത്ഥാനത്തിലൂടെ മരണത്തിന്റെ പരിമിതിയും കുരിശിന്റെ മഹനീയ സ്ഥാനവും വെളിവാക്കപ്പെടുകയായിരുന്നു. യേശു അനുഭവിച്ചറിഞ്ഞ സഹനത്തിന്റെ ഓരോ അനുഭവവും ഉത്ഥാനത്തിലൂടെ വിജയാനുഭവമായി പരിണമിച്ചു. അപമാനത്തിന്റെ

www.malankaralibrary.com



അടയാളമായിരുന്ന കുരിശ് പ്രത്യാശയുടെ പ്രതീകവും വിജയത്തിന്റെ പ്രതിഛായയുമായി മാറി.


### കുരിശ് സാർത്ഥകമാകുന്നിടം

സാങ്കേതികവും സാമ്പത്തികവുമായ വികസനത്തിലൂടെ ആധുനികമനുഷ്യൻ മഹത്ത്വത്തിന്റെ ഉന്നതശ്രേണിയിൽ മുന്നേറുകയാണ്. ഈ ആരോഹണത്തിനിടയിൽ അവൻ ചവിട്ടുപടികളാക്കുന്നത് കുറെ കരിപുരണ്ട ജീവിതങ്ങളാണെന്ന വസ്തുത സൗകര്യപൂർവം വിസ്മരിക്കുന്നു. വിജയഭേരി മുഴക്കി മുന്നേറുന്ന വിശ്വാസികളുടെ കാല്കീഴിലും കണ്ടെത്താനാകും ഞെരിഞ്ഞമരുന്ന മനുഷ്യത്വത്തിന്റെ നേരിയ അംശങ്ങൾ. ഈ വിജയമുന്നേറ്റങ്ങളിലെല്ലാം നാം കുരിശിന്റെ പാതയിൽ തന്നെയാണോ എന്നു പുനഃപരിശോധിക്കേണ്ടിയിരിക്കുന്നു. ത്യാഗത്തിന്റെ പാതയിലൂടെ നേടിയെടുക്കുന്ന വിജയത്തിനാണ് തിളക്കമേറുന്നത് എന്ന് യേശുവിന്റെ കുരിശ് നമ്മെ പഠിപ്പിക്കുന്നു. *ക്രിസ്തുവുമായുള്ള താദാത്മ്യപ്പെടൽ അതിന്റെ പ്രാഥമിക അർത്ഥത്തിൽ അന്വർത്ഥമാകുന്നത് വേദനയിലും സഹനത്തിലുമാണെന്ന വസ്തുത നമുക്ക് മറക്കാതിരിക്കാം. വിജയവും മഹത്ത്വവും കുരിശിന്റെ രണ്ട് അർത്ഥതലങ്ങൾ മാത്രമാണ്. തന്മൂലം സഹിക്കുന്നവനു മാത്രമേ കുരിശിന്റെ വിജയം ആഘോഷിക്കാനവകാശമുള്ളൂ.* ഇങ്ങനെ ചിന്തിക്കുമ്പോൾ കുരിശിന്റെ അർത്ഥം പ്രാഥമികമായി അന്വർത്ഥമാകുന്നത് അഭയാർത്ഥിക്യാമ്പുകളിലും അരവയർപോലും നിറയാത്തവർക്കിടയിലുമാണെന്ന് അംഗീകരിക്കേണ്ടിവരും.

www.malankaralibrary.com

# 7

# പ്രപഞ്ചപരിണാമം ഉത്ഥിതനായ ക്രിസ്തുവിലേക്ക്: ഷർദ്ദാൻ



**മണ്ണും മരവും മൃഗവും മനുഷ്യനുമെല്ലാം ക്രിസ്തുവിന്റെ ഉത്ഥാനത്താൽ മഹത്ത്വീകരിക്കപ്പെട്ടു. സർവ്വപ്രപഞ്ചത്തിന്റെയും പ്രത്യാശയുടെ പ്രതീകമായി, വിഭാഗീയതകളുടെ അനുരഞ്ജനബിന്ദുവായി ഉത്ഥിതനായ ക്രിസ്തു വിരാജിക്കുന്നു.**

**മാ**നവകുലത്തിന് പ്രത്യാശയുടെയും പ്രതീക്ഷയുടെയും സന്ദേശം കൈമാറുന്ന സംഭവമാണ് ക്രിസ്തോത്ഥാനം എന്നതിൽ സംശയമില്ല. എന്നാൽ, ഈ മഹാസംഭവം മനുഷ്യന്റെ മാത്രം മഹത്ത്വീകരണത്തിലേക്കാണോ വിരൽചൂണ്ടുക? അനിശ്ചിതത്വത്തിന്റെ നെടുവീർപ്പുകൾ ഉതിർത്തുകൊണ്ട് ഏങ്ങിയും ഞരങ്ങിയും നീങ്ങിയിരുന്ന മനുഷ്യജീവിതത്തെ സുവ്യക്തമായ ഒരു

www.malankaralibrary.com



ലക്ഷ്യത്തിലേക്കുള്ള തീർത്ഥാടനമായി ഉയർത്തി എന്നതിലുപരി, ഉത്ഥാനത്തിന് കുറേക്കൂടി വിശാലമായ ഒരു അർത്ഥമേഖലയില്ലേ? ക്രിസ്തുവിന്റെ ഉത്ഥാനം മാനവരാശിയുടെ മാത്രമല്ല, സർവ്വപ്രപഞ്ചത്തിന്റെയും മഹത്ത്വീകരണമാണ്. ഇതു മനസ്സിലാക്കാൻ ആധുനിക ദൈവശാസ്ത്രജ്ഞരിൽ ചിലർക്കെങ്കിലും കഴിഞ്ഞു.

ഭൗതികതയുടെ അതിപ്രസരം, മാനവശക്തിയെ അതിശയിക്കുന്ന ശാസ്ത്രപുരോഗതി എന്നിവ ആധുനിക സഭാവിജ്ഞാനീയ മേഖലയ്ക്ക് അഭിമുഖീകരിക്കേണ്ടിവന്ന വെല്ലുവിളികളിൽ ചിലതുമാത്രം. പക്ഷേ, ഈ കാറ്റിലുംകോളിലുമൊന്നും പത്രോസിന്റെ നൗക തകർക്കപ്പെട്ടില്ല. ഇവയെ ചെറുക്കാൻ പോരുന്ന ധിഷണാശക്തിയുടെയും ആന്തരിക അനുഭവത്തിന്റെയും ഉടമകളായ തുഴക്കാർ ഉണ്ടായിരുന്നു, അതിനെ നയിക്കാൻ. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ചാൾസ് ഡാർവിൻ ദൈവാസ്തിത്വത്തിനുനേരേ വെല്ലുവിളി ഉയർത്തിയപ്പോൾ ഡാർവിന്റെ ആവനാഴിയിലുണ്ടായിരുന്ന ബ്രഹ്മാസ്ത്രമായിരുന്നു 'പരിണാമസിദ്ധാന്തം'. പക്ഷേ, ഈ പരിണാമത്തെത്തന്നെ ദൈവത്തിൻെറ അസ്തിത്വത്തിനു തെളിവായി ആരെങ്കിലും ചൂണ്ടിക്കാണിച്ചാലോ? ആ വൻനേട്ടവുമായാണ് പിയേർ തെയ്യാർദ് ദെ ഷർദ്ദാൻ എന്ന ഈശോസഭാവൈദികൻ ദൈവശാസ്ത്ര രംഗത്തു നിലകൊള്ളുന്നത്. 1881 മെയ് ഒന്നാം തീയതി ജനിച്ച് 1955-ലെ ഈസ്റ്റർനാളിൽ (ഏപ്രിൽ 10) അവസാനിച്ച ആ ധന്യജീവിതം ക്രൈസ്തവചിന്താധാരയ്ക്ക് നൂതന വാതായനങ്ങൾ തുറന്നിട്ടുകൊടുത്തു എന്നതിൽ രണ്ടുപക്ഷമില്ല.

**പരിണാമം - പുരോഗമനം**

ഡാർവിൻ ഉയർത്തിപ്പിടിച്ച കേവലരൂപാന്തരീകരണം മാത്രമല്ല ഷർദ്ദാനിയൻ ചിന്തയിലെ പരിണാമം. പരിണാമപ്രക്രിയയിലെ ഓരോ ചലനവും ഒരു പ്രജനനം (Genesis) ആണ് ഷർദ്ദാന്റെ ചിന്തയിൽ. പരിണാമപ്രക്രിയയ്ക്ക് ഉത്തേജനം പകരുന്ന ഒരു ആന്തരികശക്തികേന്ദ്രം ഉണ്ടെന്നുള്ള ബോധ്യമായിരുന്നു ഷർദ്ദാനെ നയിച്ചിരുന്നത്. ഈ പ്രചോദനകേന്ദ്രത്തിലേക്കുള്ള പുരോഗമനമായാണ് ഷർദ്ദാൻ പരിണാമത്തെ മനസ്സിലാക്കുന്നത്. ഇവിടെയാണ്

www.malankaralibrary.com



ഷർദ്ദാന്റെ പരിണാമസിദ്ധാന്തത്തിൽ ഉത്ഥിതനായ ക്രിസ്തുവിനുള്ള സ്ഥാനവും.

**സങ്കീർണ്ണതയിൽനിന്നു സങ്കീർണ്ണതയിലേക്ക്**

ഷർദ്ദാന്റെ പരിണാമസിദ്ധാന്തത്തിന്റെ അടിത്തറ സങ്കീർണ്ണതാവബോധനിയമം (Law of Complexity Consciousness) ആണ്. ഒരു പദാർത്ഥം എത്രമാത്രം സങ്കീർണ്ണമാക്കപ്പെടുന്നുവോ (Complexified), അത്രകണ്ട് അത് ബോധവത്ക്കരിക്ക(Conscientised)പ്പെടുന്നു. ഇതാണ് ഈ നിയമത്തിന്റെ അന്തഃസത്ത. ഈ സങ്കീർണ്ണമാക്കൽപ്രക്രിയയുടെ പ്രത്യക്ഷരൂപമാണ് ഭൗതികപരിണാമം. ബാഹ്യമായ ഭൗതികപരിണാമത്തോടൊപ്പം ആന്തരികമായ ആത്മീയപരിണാമവും സംഭവിക്കുന്നു.

സമയപുരോഗമനത്തിനനുസരിച്ച് പ്രപഞ്ചത്തിന്റെ പ്രാഗ്രൂപങ്ങൾ പ്രത്യക്ഷപ്പെട്ടു. പിന്നീട് അവ കൂടുതൽ സങ്കീർണ്ണമാക്കപ്പെട്ടു. ഇതിനു സമാന്തരമായി ഒരു ബോധവത്ക്കരണപ്രക്രിയയും അവയിൽ സംഭവിക്കുന്നുണ്ടായിരുന്നു. ഈ സങ്കീർണ്ണമാക്കൽ-ബോധവത്ക്കരണപ്രക്രിയകളുടെ പരിണതഫലമായി, യാതൊരു സങ്കീർണ്ണതയുമില്ലാതെ ചിന്നിച്ചിതറിക്കിടന്നിരുന്ന (ഇല്ലായ്മതന്നെ ആയിരുന്ന) സൂക്ഷ്മകണികകളിൽ നിന്ന് അചേതനലോകം ജന്മമെടുത്തു. തുടർന്ന് ജീവനും ചിന്തയും വിചിന്തനവും (Reflection) ഭൗതികപ്രപഞ്ചത്തിൽ ഉരുത്തിരിഞ്ഞു. ഇന്ന് പരിണാമശ്രേണി വിചിന്തനത്തിലെത്തിയിരിക്കുന്നു. മനുഷ്യനാണ് ഈ ശൃംഖലയിലെ ഒടുവിലത്തെ കണ്ണി. വിചിന്തനമേഖലയിലെ സുപ്രധാന കണ്ണിയായ മനുഷ്യൻ അവനെക്കുറിച്ചും അവന്റെ ചുറ്റുമുള്ള പ്രപഞ്ചത്തെക്കുറിച്ചും അവനുൾപ്പെടുന്ന പരിണാമപ്രക്രിയയെക്കുറിച്ചുതന്നെയും ബോധവാനാണ്. അവൻ സ്വതന്ത്രനാണ്. സ്വയം ചിന്തിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് അവനു സാധിക്കും. പരിണാമത്തെത്തന്നെ അവനു നയിക്കാനാകും. ഭാവി പരിണാമം മനുഷ്യന്റെ സ്വതന്ത്രതീരുമാനമനുസരിച്ച് അവൻ നയിക്കുന്നിടത്തേക്കാണ് പുരോഗമിക്കേണ്ടത് എന്ന സ്ഥിതിവരെ എത്തിയിരിക്കുന്നു.

www.malankaralibrary.com



**പരിണാമത്തിന്റെ പ്രചോദനകേന്ദ്രം**

ഷർദ്ദാൻ പരിണാമത്തെ കാണുന്നത് ഒരു പ്രകൃത്യനുസൃത ചലനമോ പുരോഗമനമോ മാത്രമായല്ല, അദൃശ്യവും ആന്തരികവുമായ ഏതോ ഒരു പ്രചോദനശക്തിയാണ് ഈ പരിണാമത്തിനു പിന്നിൽ എന്നു ഷർദ്ദാൻ വിശ്വസിക്കുന്നു. തന്മൂലം പരിണാമസിദ്ധാന്തത്തെയും സൃഷ്ടിതത്ത്വങ്ങളെയും സമന്വയിപ്പിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചു. മതവും ശാസ്ത്രവും തമ്മിലുള്ള ഒരു വലിയ വിടവ് ഇവിടെ നികത്തപ്പെടുകയായിരുന്നു. എന്നാൽ, ഷർദ്ദാന്റെ അനന്യമായ ദൈവശാസ്ത്രസംഭാവന ഇവിടം കൊണ്ടവസാനിക്കുന്നില്ല.

**ചലനാത്മകപരിണാമം നിശ്ചലമാകുമോ?**

അടിസ്ഥാനപരമായി ചലനാത്മകമായ ഒരു പരിണാമപ്രക്രിയയ്ക്കു ഡാർവിൻ പറയുന്നതുപോലെ മനുഷ്യനിലെത്തി എങ്ങനെ നിശ്ചലമാകാനാവും? മനുഷ്യനിലെത്തുമ്പോൾ ചലനം നിലയ്ക്കുന്ന പരിണാമം പൂർണ്ണമോ സംതൃപ്തമോ ആണെന്നു പറയാനാവില്ല. എന്നാൽ, മനുഷ്യനിൽ കാണുന്ന പുരോഗമനത്വരയും അനിർവചനീയമായ അഭിവാഞ്ഛയും മനുഷ്യനുമപ്പുറത്തേക്കുള്ള പരിണാമപ്രവണതയെയാണു സൂചിപ്പിക്കുക. തന്നെയുമല്ല, ഇരുളടഞ്ഞ ഒരു ഭാവിയിലേക്കുള്ള പുരോഗമനത്തിനു ബുദ്ധിമാനായ മനുഷ്യൻ സമ്മതം മൂളുന്നതെങ്ങനെ? അതുകൊണ്ട്, മനുഷ്യന്റെ ഭാവിപരിണാമത്തിന് സുവ്യക്തമായ ഒരു ലക്ഷ്യം അനിവാര്യമാണ്. എന്താണീ ലക്ഷ്യം? പൂർണ്ണമായും അഭൗതികമായ ഒരു യാഥാർത്ഥ്യത്തിന് ഭൗതികപരിണാമത്തിന്റെ ആത്യന്തികലക്ഷ്യമായി നിലകൊള്ളാൻ പറ്റില്ല. പക്ഷേ, ഈ ആത്യന്തികലക്ഷ്യം (ഒമേഗ) പരിമിതികളുള്ള, സ്ഥലകാലങ്ങൾ(Space time)ക്ക് അതീതമല്ലാത്ത ഒരു ഭൗതികയാഥാർത്ഥ്യം മാത്രമാണെങ്കിൽ അതിനെ എങ്ങനെ ആത്യന്തികം (Ultimate) എന്ന് വിളിക്കാനാകും? അങ്ങനെയെങ്കിൽ ഭൗതികതയെയും ആത്മീയതയെയും സമന്വയിപ്പിക്കുന്ന ഒന്നിനു മാത്രമേ മനുഷ്യനാൽ നയിക്കപ്പെടുന്ന പ്രപഞ്ചപരിണാമത്തിന്റെ ആത്യന്തിക ലക്ഷ്യമായി നിലകൊള്ളാൻ സാധിക്കുകയുള്ളൂ. ഈ

www.malankaralibrary.com



വിഷമസന്ധിയിൽ ഷർദ്ദാന്റെ മുന്നിൽ ഒരു ഉത്തരമേ ഉണ്ടായിരുന്നുള്ളൂ – ക്രിസ്തു: ദൈവമായിരിക്കെ സ്വയം താഴ്ത്തി മനുഷ്യനായ ക്രിസ്തു; ദൈവികത ഇല്ലായ്മ ചെയ്യാതെതന്നെ ഭൗതികതയിലേക്കു കടന്നുവന്ന ക്രിസ്തു. ഇവിടെ പരിണാമം ക്രിസ്തുവെന്ന സുവ്യക്തമായ ലക്ഷ്യ(ഒമേഗ)ത്തിലേക്കുള്ള പുരോഗമനമായി ഭവിക്കുന്നു. ഓരോ പ്രാപഞ്ചികകണികയും ക്രിസ്തുവിൽ സമന്വയിക്കപ്പെടുമ്പോൾ പ്രപഞ്ചപരിണാമം പൂർണ്ണത കൈവരിക്കുന്നു. ക്രിസ്തുവിലുള്ള ഈ പ്രാപഞ്ചികസമന്വയമാണ് ആത്യന്തികപരിണാമലക്ഷ്യം.

### ലക്ഷ്യം – ഉത്ഥിതനായ ക്രിസ്തു

ഉയിർത്തെഴുന്നേറ്റ ക്രിസ്തുവാണ് പരിണാമത്തിന്റെ ലക്ഷ്യം. ഭൗതികതയുടെ പരിമിതികൾക്കതീതനായിരുന്ന ദൈവം ഭൗതികതയിലേക്ക് കടന്നുവന്നതുകൊണ്ടുമാത്രം പ്രപഞ്ചപരിണാമത്തിന്റെ ലക്ഷ്യമായി ഭവിക്കുകയില്ല. മനുഷ്യാവതാരത്തിലൂടെ ഭൗതികതയിലേക്ക് കടന്നുവന്ന്, മനുഷ്യനെപ്പോലെ ജീവിച്ച്, സഹനത്തിന്റെ മരക്കുരിശിൽ രക്തസാക്ഷിയായി മരിക്കുക – ഇതുമാത്രമായിരുന്നില്ല ക്രിസ്തുവിന്റെ ദൗത്യം. തന്റെ ഉത്ഥാനത്തിലൂടെ ഈ പ്രാപഞ്ചികതയെ മുഴുവൻ ദൈവികമായ ഒരു തലത്തിലേക്കുയർത്തുമ്പോഴാണ് ക്രിസ്തുദൗത്യം പൂർണ്ണമാവുക. ഇങ്ങനെയാണ് ഷർദ്ദാൻ ഉത്ഥാനത്തെക്കുറിച്ച് പറയുന്നത്: “പ്രപഞ്ചകേന്ദ്രം എന്ന നിലയിൽ ക്രിസ്തു തന്റെ ദൗത്യം കാര്യക്ഷമമായി നിറവേറ്റുന്ന അദ്ഭുതാവഹമായ സംഭവമാണ് ഉത്ഥാനം” (‘Resurrection is the tremendous cosmic event in which Christ effectively takes Possession of His function as the universal centre). ക്രിസ്തുവിന്റെ രക്ഷാകരപ്രവർത്തനം പൂർത്തിയാകുന്നത് അവിടുത്തെ ഉത്ഥാനത്തിലൂടെയാണെന്ന ഉറച്ച വിശ്വാസമായിരുന്നു ഷർദ്ദാനുണ്ടായിരുന്നത്. ഉത്ഥിതനായ ക്രിസ്തു തന്നിലേക്ക്, തന്റേതായ ദൈവികമേഖല(Divine Milieu)യിലേക്ക് സമസൃഷ്ടത്തെയും ആകർഷിക്കുന്നു. ഈ ആകർഷണത്താൽ പ്രചോദിതമായ പ്രപഞ്ചം ക്രിസ്തുവിലേക്ക് പുരോഗമിക്കുന്നു. ഈ പുരോഗമനമാണ് പ്രപഞ്ചപരിണാമം.

www.malankaralibrary.com



### ഉത്ഥാനത്തിലൂടെ പ്രപഞ്ചമഹത്ത്വീകരണം

ക്രിസ്തോത്ഥാനത്തിന്റെ ലക്ഷ്യം മാനവരക്ഷ മാത്രമായിരുന്നില്ല; പ്രപഞ്ചത്തിന്റെ മുഴുവൻ മഹത്ത്വീകരണം പ്രഖ്യാപനം ചെയ്യുന്ന മഹാസംഭവംകൂടിയായിരുന്നു യേശുവിന്റെ ഉയിർത്തെഴുന്നേല്പ്. "സൃഷ്ടി ജീർണ്ണതയുടെ അടിമത്തത്തിൽനിന്നും മോചിതമാകുകയും ദൈവമക്കളുടെ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യും. സമസ്തസൃഷ്ടികളും ഒന്നുചേർന്ന് ഇതുവരെയും ഈറ്റുനോവനുഭവിക്കുകയും നെടുവീർപ്പിടുകയും ചെയ്യുന്നു" (റോമ. 8:21.22). തന്മൂലം ക്രിസ്തു ഉത്ഥാനം ചെയ്തത്, "സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള എല്ലാറ്റിനെയും തന്നിൽ ഒന്നിപ്പിക്കുന്നതിനുവേണ്ടിയായിരുന്നു" (എഫേ. 1:10). ഭൗതികതയെ ദൈവികമാക്കുക, അതായിരുന്നു ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ലക്ഷ്യം. "ക്രിസ്തു എല്ലാമാണ്" (കൊളോ. 3:11). അങ്ങനെയെങ്കിൽ ക്രിസ്തുവിന്റെ ഉത്ഥാനം എല്ലാറ്റിന്റെയും ഉത്ഥാനമാണ്; മഹത്ത്വീകരണമാണ്.

### പുത്തൻ പ്രപഞ്ച-മനുഷ്യബന്ധം

പ്രപഞ്ചത്തെ മുഴുവൻ ക്രിസ്തുവിൽ ഒന്നിപ്പിക്കുന്നതിൽ മനുഷ്യന്റെ പങ്ക് വളരെ പ്രധാനപ്പെട്ടതുതന്നെ. വിചിന്തനത്തിനുശേഷിയുള്ള മനുഷ്യൻ പരിണാമലോകത്തിൽ അവന്റെ ദൗത്യത്തെക്കുറിച്ചു ബോധവാനാകുന്നു. സർവ്വപ്രപഞ്ചത്തിന്റെയും ഏകീകരണം ക്രിസ്തുവിൽ സംഭവിക്കുന്നതിനുള്ള മാധ്യമമാണ് താനെന്ന് അവൻ മനസ്സിലാക്കുന്നു. മനുഷ്യൻ തന്റെ അറിവിലൂടെ, പ്രവർത്തനങ്ങളിലൂടെ, പരസ്പരബന്ധങ്ങളിലൂടെ, ഈ ഒന്നാകൽ പ്രക്രിയയ്ക്ക് നേതൃത്വം നല്കുന്നു. ഇങ്ങനെ സർവ്വഭൗതികയാഥാർത്ഥ്യങ്ങളുടെയും ഏകീകരണം സാധിതമാകുന്നു. ഇവിടെ വൈപരീത്യങ്ങൾക്കു സ്ഥാനമില്ല. വിഭാഗീയതകൾക്കതീതമായ ഒരു ഏകീകരണം മനുഷ്യർ വഴി ക്രിസ്തുവിൽ സാധിക്കുന്നു. ഭൗതികത മഹത്ത്വീകരണം പ്രാപിക്കുന്നു. വൈജാത്യങ്ങളുടെ വേലിക്കെട്ടുകൾ പിഴുതെറിയപ്പെടുകയായി. ഇവിടെ ഭൗതികം എന്നോ ആത്മീയം എന്നോ ഉള്ള വ്യതിരിക്തതയ്ക്ക് അർത്ഥം നഷ്ടപ്പെടുന്നു. ഏറ്റ

www.malankaralibrary.com



വും കടുത്ത ഭൗതികകണികയിലും ആത്മാവിന്റെ തിളക്കം കണ്ടെത്താനാകുന്നു. ഈ സാർവത്രിക ഏകീകരണത്തിനുള്ള കാഹളധ്വനിയായിരുന്നു ക്രിസ്തുവിന്റെ ഉത്ഥാനത്തിലൂടെ മുഴങ്ങിക്കേട്ടത്.

**പ്രാപഞ്ചികസമന്വയം**

സമസ്ത സൃഷ്ടങ്ങളുടെയും ഒന്നാകലിനുള്ള സാധ്യതയാണ് ഭൗതികതയിലേക്ക് കടന്നുവന്ന ക്രിസ്തുവിന്റെ ഉത്ഥാനം വിളംബരം ചെയ്യുന്നത്. ഭൗതികത ഇവിടെ ദൈവികതയുടെ തലത്തിലേക്കുയർത്തപ്പെടുന്നു. ഇങ്ങനെയെങ്കിൽ, പ്രപഞ്ചം ഇനി ഒരു നൂതന കാഴ്ചപ്പാടിലൂടെയാണ് വീക്ഷിക്കപ്പെടേണ്ടത്. ഭൗതികതയുടെ ഓരോ അണുവിലും മറഞ്ഞിരിക്കുന്ന ദൈവികത മനുഷ്യൻ കണ്ടെത്തേണ്ടിയിരിക്കുന്നു. മണ്ണും മരവും മൃഗവും മനുഷ്യനുമെല്ലാം ക്രിസ്തുവിന്റെ ഉത്ഥാനത്താൽ മഹത്ത്വീകരിക്കപ്പെട്ടു. സർവ്വപ്രപഞ്ചത്തിന്റെയും പ്രത്യാശയുടെ പ്രതീകമായി, വിഭാഗീയതകളുടെ അനുരഞ്ജനബിന്ദുവായി ഉത്ഥിതനായ ക്രിസ്തു വിരാജിക്കുന്നു.

www.malankaralibrary.com

# 8
# കുരിശ് ഉത്ഥാനത്തിലേക്ക് തുറന്ന വാതിൽ: ഒരു മലങ്കര ദൈവശാസ്ത്ര ദർശനം



**ഓരോ ചെറിയ കുരിശിലെയും ജീവദാനത്തിന്റെ സാധ്യത നമുക്ക് തള്ളിക്കളയാനാകില്ല. ഓരോ സഹനവും പുഷ്പിതമാകാൻ പോരുന്നതാണെന്ന് വരച്ചുകാട്ടുകയാണ് നമ്മുടെ ആരാധനാക്രമം. വിശുദ്ധിയെ കുരിശിന്റെയും സഹനത്തിന്റെയും ഉൽപന്നമായി സഭ കാണുകയാണിവിടെ.**

**ഓ**രോ ദൈവശാസ്ത്ര ശാഖയ്ക്കും മികവുറ്റ സംഭാവനകൾ നൽകുവാൻ പോരുന്ന ഒരു അക്ഷയനിധി പേടകമാണ് മലങ്കര ആരാധനാക്രമം. മലങ്കര ആരാധനാക്രമത്തിൽനിന്നും ഉരുത്തിരിയുന്ന കുരിശിന്റെ ദൈവശാസ്ത്രത്തിലേക്ക് ഒന്ന് കണ്ണോടിക്കുവാനുള്ള പരിശ്രമമാണ് ഈ ലേഖനം. ഇതിന് ആധാരമായി എടുത്തിരിക്കുന്നത് ദുഃഖവെള്ളിയാഴ്ചയിലെ സ്ലീബാ വന്ദനവിന്റെ ശുശ്രൂഷയിലെ വിവിധ പ്രാർത്ഥനകളാണ്. കുരിശിന്റെ സമഗ്രമായ ദൈവശാസ്ത്രത്തിലേക്കുള്ള ഒരു ചൂണ്ടുപലകയാണ് ഈ ശുശ്രൂഷക

www.malankaralibrary.com



ളിലെ പ്രാർത്ഥനകളെല്ലാം തന്നെ. പാശ്ചാത്യ സുറിയാനി പിതാക്കന്മാരുടെ ധ്യാനത്തിൽനിന്നും ഉയിർകൊണ്ട ഈ ദർശന ശകലങ്ങൾ ഇന്നിന്റെ ക്രൈസ്തവ ആധ്യാത്മിക ജീവിതത്തിനും ഏറെ വെളിച്ചം പകരാൻ പോരുന്നവയാണ്.

**കുരിശിന്റെ അർത്ഥ പരിണാമം**

ക്രിസ്തുവിനുമുമ്പ് കുരിശ് ക്രൂരമായ പീഡനോപകരണം മാത്രമായിരുന്നു. അടിമകളുടെ മരണശിക്ഷ നടപ്പാക്കാൻ മാത്രം ഉപയോഗിച്ചിരുന്ന ഉപകരണമായിരുന്നു അത് (Cruden's Complete Concordence). എന്നാൽ ക്രിസ്തുവിന്റെ മരണത്തോടെ കുരിശിന് രക്ഷാകരവും മഹത്തായതുമായ ഒരു അർത്ഥവ്യാഖ്യാനം കൈവന്നു. ക്രൈസ്തവവിശ്വാസത്തിന്റെ അനുരണനങ്ങൾ അൽപമായെങ്കിലും പ്രതിഫലിക്കുന്നിടങ്ങളിലെല്ലാം വിപരീത ദിശകളിലേക്ക് വിരിച്ച ഭുജങ്ങളുമായി നിൽക്കുന്ന കുരിശ് കണ്ടെത്താം. ക്രൈസ്തവികതയുടെ വികാസപരിണാമങ്ങൾക്കിടയിൽ വൈവിധ്യമാർന്ന വ്യാഖ്യാനങ്ങൾക്ക് വിഷയീഭവിച്ച പ്രതീകം; പാപത്തിലധഃപതിച്ച മനുഷ്യന് രക്ഷാകരമായ അടയാളമായി മാറി കുരിശ്. വേദനിക്കുന്നവർക്ക് യേശുവിന്റെ സഹനത്തെ പ്രതിബിംബിപ്പിക്കുന്ന കുരിശ് ആശ്വാസദായകമായ പ്രതീകമായി. മതപീഡനങ്ങളെ അതിജീവിച്ച സഭയിൽ, കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലംമുതൽ കുരിശിന് മൂന്നാമതൊരു അർത്ഥവും വ്യാഖ്യാനവും കൂടി നൽകപ്പെട്ടു. വിജയത്തിന്റെ, മഹത്വത്തിന്റെ അടയാളം. എന്നാൽ പൗരസ്ത്യസഭകളിൽ കുരിശിനെ ക്രിസ്തുവിന്റെ ഉത്ഥാനത്തോട് ചേർത്തു കാണുവാനാണ് എന്നും പരിശ്രമിച്ചിട്ടുള്ളത്. കുരിശെന്ന പ്രതീകത്തിന്റെ സമഗ്രമായ അർത്ഥവ്യാഖ്യാനം ഈ വൈവിധ്യമാർന്ന വീക്ഷണങ്ങളുടെ സമന്വയത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. ക്രൈസ്തവ ആരാധനാക്രമങ്ങളിൽ ഏറ്റവും പുരാതനമായ പാശ്ചാത്യ സുറിയാനി ആരാധനാക്രമത്തിൽ ഇതൾവിരിയുന്ന കുരിശിന്റെ ദൈവശാസ്ത്രത്തിൽ ഈ ദർശന സമഗ്രത കണ്ടെത്തുവാൻ കഴിയും.

**കുരിശ് ജീവദായകം**

ക്രിസ്തുവിനു മുമ്പ് കുരിശ് മരണത്തിന്റെ അടയാളം മാത്രമായിരുന്നു. എന്നാൽ ജീവന്റെ ഉറവിടമായവൻ അതിലേറി മരണത്തെ

www.malankaralibrary.com



അതിജീവിച്ചപ്പോൾ അത് ജീവദായകമായ അടയാളമായി. അതുകൊണ്ടാണ് ക്രിസ്തുവിന്റെ സഭ ഇപ്രകാരം പ്രാർത്ഥിക്കുന്നത്: "ഇപ്പോൾ കർത്താവേ, രക്ഷാകരമായ നിന്റെ കഷ്ടാനുഭവത്തിന്റെയും ജീവദായകമായ സ്ലീബായുടെയും സ്മരണ നിർവഹിക്കപ്പെടുന്ന ഈ വെള്ളിയാഴ്ച ദിവസം നിന്റെ സഭ ഈ പരിമളധൂപം അർപ്പിച്ചുകൊണ്ട് അവളുടെ മക്കളുടെ അധരങ്ങളാൽ നിന്റെ തിരുമുമ്പാകെ അപേക്ഷിച്ച് പ്രാർത്ഥിക്കുന്നു" (*പെരുന്നാളുകളുടെ ക്രമം*, 2003, 193). മനുഷ്യന്റെ നാസാരന്ധ്രങ്ങളിലേക്ക് ജീവശ്വാസം ഊതിക്കയറ്റിയ ദൈവത്തെ മറുതലിച്ച മനുഷ്യൻ പിശാചിന്റെയും പാപത്തിന്റെയും അടിമയായിത്തീർന്നു. ഈ അടിമത്തത്തിൽനിന്നും മർത്യനെ നിത്യജീവനിലേക്ക് വീണ്ടും കരകയറ്റുന്നതിന് മരണമില്ലാത്തവൻ കുരിശിൽ മരണം വരിച്ചു. മരണത്തിന്റെ അടയാളമായിരുന്ന ഉണങ്ങിവരണ്ട കുരിശ് അവിടെ ഉത്ഥാനത്തിന്റെ തളിർക്കുന്ന വടവൃക്ഷമായി. മരണം ജീവന് വഴിമാറി. സഭ വീണ്ടും പ്രാർത്ഥിക്കുന്നു. "ആധ്യാത്മിക ഇസ്രായേലിന്റെ പരിശുദ്ധാ ഞങ്ങളുടെ മുമ്പാകെ തൂങ്ങിനിൽക്കുന്ന ജീവൻ തന്നെയായ നിന്നിൽ ഞങ്ങളുടെ ദൃഷ്ടി പതിയുമാറാകണമെ" (*പെരുന്നാൾക്രമം*, 2003, പുറം. 196). സ്ലീബാ ജീവദായകമായി. ആദിമ സഭയുടെ ഈ ധ്യാനാത്മക ചിന്തയിലേക്കാണ് മുകളിലുദ്ധരിച്ച പ്രാർത്ഥന വിരൽചൂണ്ടുന്നത്.

ജീവൻ സൃഷ്ടിപരമാണ്. അവിടെ പുതുനാമ്പുകൾ പിറവികൊള്ളുന്നു. നവസൃഷ്ടിക്കുള്ള ഉപകരണമായി കുരിശിനെ മാറ്റുകയായിരുന്നു ക്രിസ്തു. അതോടൊപ്പം ക്രിസ്തു കുരിശിലൂടെ പഠിപ്പിക്കുന്ന മറ്റൊരു സത്യം കൂടിയുണ്ട്; ഓരോ സൃഷ്ടിക്കു പിന്നിലും കുരിശിന്റെ വേദനയുടെ ഒരു ചരിത്രം കൂടിയുണ്ട് എന്ന്. "സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അതുവളരെ ഫലം പുറപ്പെടുവിക്കും" (യോഹ 12:24). ഇങ്ങനെ ചിന്തിക്കുമ്പോൾ ഓരോ ചെറിയ കുരിശിലെയും ജീവദാനത്തിന്റെ സാധ്യത (സാധ്യത അല്ല ഉറപ്പുതന്നെ) നമുക്ക് തള്ളിക്കളയാനാകില്ല. ഓരോ സഹനവും പുഷ്പിതമാകാൻ പോരുന്നതാണെന്ന് വരച്ചുകാട്ടുകയാണ് നമ്മുടെ ആരാധനാക്രമം.

www.malankaralibrary.com



## കുരിശ് വിശുദ്ധിയുടെ ഉറവിടം

കുരിശിനെ സഭ വിശുദ്ധമായി മാത്രമല്ല കാണുന്നത്. സഭയിൽ കുരിശ് വിശുദ്ധിയുടെ ഉറവിടം കൂടിയാണ്. അതിനാൽ സഭ പ്രാർത്ഥിക്കുന്നു, "നിന്റെ വിശുദ്ധ സ്ലീബായാൽ ഞങ്ങളുടെ ആത്മാക്കൾ ബലംപ്രാപിച്ച് നിന്റെ ദൈവത്വത്തിന് യോഗ്യമാംവിധം വിശുദ്ധിയോടെ നിന്നെ ആരാധിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ" (*പെരുന്നാളുകളുടെ ക്രമം*, 2003, 193). ആത്മാക്കളെ ബലം പ്രാപിക്കുന്നതിന് സഹായിക്കുന്നതാണ് കുരിശ്. ആത്മാവിന്റെ ബലം അതിന്റെ നിർമ്മലമായ അവസ്ഥയാണ്. കളങ്കലേശമില്ലാതെ ആത്മാവിനെ കാത്തുസൂക്ഷിക്കുന്നതിനുള്ള പരിചയായി സഭയിവിടെ കുരിശിനെ പരിചയപ്പെടുത്തുന്നു. സഭ വീണ്ടും പ്രാർത്ഥിക്കുന്നു, "ഞങ്ങളുടെ ശരീരാവയവങ്ങളെ സദാ നിഗ്രഹിക്കുവാനും കർത്താവായ നിന്റെ കൽപന പ്രകാരവും ക്രിസ്തീയമായും വിശുദ്ധ സ്ലീബായെ ഞങ്ങളുടെ തോളുകളിൽ വഹിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമെ" (*പെരുന്നാളുകളുടെ ക്രമം*, 2003, പുറം. 193). ആന്തരികവും ബാഹ്യവുമായ വിശുദ്ധിക്കുവേണ്ടി ആത്മാവ് ധരിക്കേണ്ട പടച്ചട്ടയായി സഭയിവിടെ കുരിശിനെ മുന്നോട്ടു വയ്ക്കുന്നു. സഭ വീണ്ടും പ്രാർത്ഥിക്കുന്നു; നിന്റെ കുരിശാൽ "പള്ളികളേയും ആശ്രമങ്ങളേയും ഉറപ്പിക്കേണമേ. നിന്റെ സ്ലീബായാൽ പുരോഹിതന്മാരെ പ്രശോഭിതരാക്കുകയും ശെമ്മാശന്മാരെ ശ്രേഷ്ഠരാക്കുകയും ചെയ്യണമെ. നിന്റെ സ്ലീബായാൽ വൃദ്ധന്മാരെ താങ്ങുകയും യുവാക്കന്മാരെ പരിപാലിക്കുകയും ബാലികാബാലന്മാരെ സംരക്ഷിക്കുകയും ചെയ്യണമെ. നിന്റെ സ്ലീബായാൽ പാപികളെ പുണ്യപ്പെടുത്തുകയും കുറ്റക്കാരോട് ക്ഷമിക്കുകയും ചെയ്യണമേ" (*പെരുന്നാൾക്രമം*, 2003, 194). വിശുദ്ധിയുടെ ഒഴിച്ചുകൂടാനാവാത്ത ഘടകമായി കുരിശ് മാറുന്നു. വിശുദ്ധിയെ കുരിശിന്റെയും സഹനത്തിന്റെയും ഉൽപന്നമായി സഭ കാണുകയാണിവിടെ. യേശുക്രിസ്തുവിന്റെ മാത്രമല്ല, അവിടുത്തെ പിൻചെന്ന എണ്ണമില്ലാത്ത, വിശുദ്ധരുടെ ജീവിത കഥകളും വിളിച്ചോതുന്നത് മറ്റൊരു സത്യമല്ല. കുരിശിന്റെ മറുപുറമാണ് വിശുദ്ധി എന്നാണ് അവരൊക്കെ പറഞ്ഞുതന്നിട്ടുള്ളത്. കുരിശ് അഥവാ സഹനം വിശുദ്ധി എന്ന സമവാക്യ

www.malankaralibrary.com



ത്തിലേക്ക് സഭയുടെ പ്രാർത്ഥന വിരൽചൂണ്ടുന്നു. വിശുദ്ധിയുടെ അവിഭാജ്യഘടകമായി കുരിശു മാറുന്നു. സഹനം ഇവിടെ നിരാശ യുടെ അനുഭവമല്ല. മറിച്ച് വിജയത്തിന്റെ, വിശുദ്ധിയുടെ കണ്ടുമുട്ട ലാണ് എന്ന പാഠം കൂടി ഇതോടൊപ്പം ചേർത്തു വായിക്കാം. ശരീ രത്തെയും സുഖസന്തോഷങ്ങളെയും പരിത്യജിക്കുമ്പോൾ നാം കുരിശിന്റെ പാതയിലൂടെ വിശുദ്ധിയിലേക്ക് അടിവച്ച് അടിവച്ച് മു ന്നേറുകയാണെന്ന് പറഞ്ഞുതരികയാണ് സഭയിവിടെ. പരിത്യാഗ ത്തിലെ സന്തോഷം ഈ പ്രയാണത്തിലെ ഒഴിച്ചുകൂടാനാവാത്ത പ്രത്യേകതയാണ് താനും. സന്തോഷിച്ചുകൊണ്ട് സഹിക്കുന്നവനു മാത്രമേ കുരിശിന്റെ പാതയിലൂടെ വിശുദ്ധി കരഗതമാവുകയുള്ളൂ. ചില ബാഹ്യ ഇടപെടലുകളാൽ 'പെട്ടുപോയി' എന്ന മനോഭാവ ത്തോടെ സഹനത്തെയും പരിത്യാഗത്തെയും നോക്കിക്കാണുന്ന വന് കുരിശിന്റെ മനോഹാരിത അവന്റെ ആധ്യാത്മിക ജീവിതത്തിൽ ആസ്വദിക്കുവാനാവില്ല.

### രക്ഷപ്രദാനം ചെയ്യുന്ന കുരിശ്

മാനവരക്ഷയുടെ അടയാളമായി സഭ കുരിശിനെ അവതരി പ്പിക്കുന്നു. മനുഷ്യന്റെ മാത്രമല്ല പ്രപഞ്ചത്തിന്റെ മുഴുവൻ രക്ഷയുടെ അടയാളമായി കുരിശ് ക്രിസ്തുവിലൂടെ മാറി. ഒരു വലിയ വിമോ ചന ഉപകരണമായി കുരിശ് പരിണമിച്ചെന്ന് സഭ സാക്ഷ്യം നൽകു ന്നു. അവൾ ഇപ്രകാരം പ്രാർത്ഥിക്കുന്നു, "മനുഷ്യരെ സ്നേഹി ക്കുന്നവനേ, ഈ വെള്ളിയാഴ്ച ദിവസം നിന്റെ ക്രൂശാരോഹണ ത്താൽ ഞങ്ങളെ നീ ജീവിപ്പിക്കുകയും നിന്റെ മരണത്താൽ ഞങ്ങളെ നീ സ്വതന്ത്രരാക്കുകയും ചെയ്തു" (*പെരുന്നാളുകളുടെ ക്രമം,* 2003, 192). രക്ഷയുടെ അനുഭവത്തിൽനിന്നും പിശാചിന്റെ സ്വാധീനത്താൽ വഴിമാറിച്ചരിച്ച മനുഷ്യനു മുന്നിൽ കർത്താവായ യേശുക്രിസ്തു പ്രസരിപ്പിച്ച ദൈവിക വെളിച്ചമായിരുന്നു കുരിശിന്റെ പ്രകാശമെന്നും സഭ ഏറ്റുപറയുന്നു. ആ പ്രകാശത്തിലൂടെ രക്ഷ യിലേക്ക് വീണ്ടും കടന്നുവരുവാനുള്ള സാധ്യത മനുഷ്യനു മുന്നിൽ മലർക്കെ തുറക്കപ്പെട്ടു. സഭ വീണ്ടും പ്രാർത്ഥിക്കുന്നു, "നിനക്ക് തിരുവിഷ്ടം തോന്നി ആദിയിൽ നീ സൃഷ്ടിക്കുകയും അവസാന

www.malankaralibrary.com



ത്തിൽ രക്ഷിച്ച് ജീവിപ്പിക്കുകയും ചെയ്തപ്രകാരം ഇപ്പോഴും കരുണാപൂർവ്വം നിന്റെ സൃഷ്ടിയെ മുഴുവൻ ദർശിക്കുകയും സ്ലീബായാൽ ഭൂതലത്തിന് മുഴുവൻ സഹായം നൽകുകയും ചെയ്യണമേ" (*പെരുന്നാളുകളുടെ ക്രമം*, 2003, പുറം. 193). കുരിശിൽ വാഗ്ദാനം ചെയ്യപ്പെട്ട രക്ഷയും വിമോചനവും ഒരേസമയം സ്വർഗ്ഗീയവും സാർവ്വലൗകികവുമാണെന്ന് സഭയിവിടെ പഠിപ്പിക്കുന്നു. ഏതെങ്കിലും ഒരു വിഭാഗത്തിന്റെ രക്ഷയുടെ അടയാളം മാത്രമായല്ല കുരിശിനെ സഭയിവിടെ അവതരിപ്പിക്കുന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. സഭയെ സംബന്ധിച്ചിടത്തോളം സർവലോകത്തിന്റെയും സർവ്വപ്രപഞ്ചത്തിന്റെയും രക്ഷയുടെ അടയാളമാണ് കുരിശ്.

### കുരിശ് സമാധാനത്തിന്റെയും ഐക്യത്തിന്റെയും കാവൽ അടയാളം

കലഹത്തിന്റെയും അസഹിഷ്ണുതയുടെയും അലയൊലികൾ എങ്ങും മുഴങ്ങുന്ന ഇന്നിന്റെ ചരിത്രത്തിൽ ഏറെ പ്രസക്തമായ ഒരു പ്രാർത്ഥന സഭ ഉരുവിടുന്നുണ്ട്. "നിന്റെ സ്ലീബായാൽ കോപം ശമിപ്പിക്കേണമേ, യുദ്ധങ്ങൾ ഇല്ലാതാക്കേണമേ. കലഹങ്ങൾ മായിക്കേണമേ, ശിക്ഷകൾ ഒഴിവാക്കേണമേ, നിന്റെ സ്ലീബായാൽ കോപിച്ചിരിക്കുന്നവരെ ശാന്തരാക്കണമേ, നിഗളികളെ വിനയമുള്ളവനാക്കണമേ, അഹംഭാവം ഇല്ലാതാക്കേണമേ, ശത്രുത നീക്കിക്കളയണമേ, തിന്മയുടെ ശക്തിയെ അമർത്തേണമേ" (*പെരുന്നാൾക്രമം*, 2003, 193–194). സമാധാനത്തിന്റെയും ഐക്യത്തിന്റെയും അടയാളമായാണ് പൗരസ്ത്യസഭയെന്നും കുരിശിനെ നോക്കിക്കണ്ടിരുന്നത്. കുരിശു യുദ്ധങ്ങളുടെ ചരിത്രംപേറുന്ന പാശ്ചാത്യസഭയുടെ ചിന്താഗതികൾക്കു നേരെ ഉയർന്നിട്ടുള്ള ഒരു താക്കീതായി കൂടി ഈ പ്രാർത്ഥനയെ കാണാം. ലോകത്തിൽ യുദ്ധങ്ങളും കലഹങ്ങളും പ്രബലപ്പെടുമ്പോൾ കുരിശിന്റെ വക്താക്കൾ പരാജയപ്പെടുകയാണ് എന്ന സന്ദേശവും ഈ പ്രാർത്ഥന പങ്കുവയ്ക്കുന്നുണ്ട്.

"കുരിശുമരത്തിന്മേൽ കൈനീട്ടി കിടന്നുകൊണ്ട് സ്വജനത്തേയും വിജാതീയരെയും കൂട്ടിച്ചേർത്ത സ്വർഗ്ഗീയ സമാധാനം അവനാകുന്നു... സ്ലീബായിൽ കിടന്നുകൊണ്ട് ലോകത്തെ അഭിമു

www.malankaralibrary.com



ഖീകരിക്കുകയും അതിന്റെ എല്ലാ അതിർത്തികളിൽനിന്ന് യഥാർത്ഥ സ്തുതിയും സത്യാരാധനയും സ്വീകരിച്ച അവതീർണ്ണനായ കർത്താവ് അവനാകുന്നു" (*പെരുന്നാൾക്രമം*, 2003, പുറം. 192). എല്ലാ വിഭജിതഘടകങ്ങളെയും സമന്വയിപ്പിക്കുന്ന പരിമളധൂപകലശമാണ് കുരിശെന്നും സഭ പ്രാർത്ഥിക്കുന്നു. "നിന്റെ ക്രൂശാരോഹണം ആധ്യാത്മിക ധൂപകലശമായി തീർന്നു. ആ ധൂപകലശത്താൽ നിന്റെ പിതാവിനെ സൃഷ്ടികളുമായി നീ രമ്യപ്പെടുത്തി. നിന്റെ പീഡാനുഭവം അഗ്നിക്ക് പകരവും സ്നേഹം സുഗന്ധവർഗ്ഗങ്ങൾക്ക് പകരവും ആയിത്തീർന്നു. നീ മനുഷ്യാവതാരം ചെയ്ത് നിന്റെ പൗരോഹിത്യം വഴി പീഡാനുഭവമാകുന്ന ധൂപം പിതാവിന് സമർപ്പിച്ചു" (*പെരുന്നാൾക്രമം*, 2003, 195–196). കുരിശിന്റെ വക്താവായ പുരോഹിതന് സമാധാനത്തിനും അനുരഞ്ജനത്തിനുമുള്ള അടിസ്ഥാനപരമായ ഉത്തരവാദിത്തത്തിലേക്കും ഈ അപേക്ഷ വിരൽചൂണ്ടുന്നു.

### കുരിശ് ഉത്ഥാനത്തിന്റെ അച്ചാരം

കുരിശിൽമരിച്ച് ക്രിസ്തു മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റുകൊണ്ട് സർവ്വലോകത്തിനും പ്രത്യാശയുടെ പരിമളം പകർന്നുതന്നു. സഭ വീണ്ടും പ്രാർത്ഥിക്കുന്നു, "ഞങ്ങൾക്കും നിന്റെ സർവ്വജനത്തിനും രക്ഷ നൽകേണമേ. നിന്റെ വാഗ്ദാനങ്ങൾ ഞങ്ങളിൽ നിറവേറണമേ. തേജസ്സോടുകൂടി ഞങ്ങളെ നീ സന്ദർശിക്കേണമേ. ഞങ്ങൾ ആത്മവിശ്വാസത്തോടെ മഹത്വമുള്ള നിന്റെ ഉയിർത്തെഴുന്നേൽപ്പിന് വന്നുചേരുവാൻ ഇടയാക്കണമേ. ഞങ്ങൾ നിന്റെ സ്വർഗ്ഗീയ മണവറയിൽ പരികർമ്മികളും വിരുന്നിൽ ക്ഷണിക്കപ്പെട്ടവരും നിത്യരാജ്യത്തിന് അവകാശികളുമായി തീരേണമേ" (*പെരുന്നാളുകളുടെ ക്രമം*, 2003, 194). കുരിശിന് വ്യക്തമായ ലക്ഷ്യമുണ്ടെന്ന് സ്ഥാപിക്കുകയാണ് സഭയിവിടെ. കുരിശിന്റെ വഴി അതിൽത്തന്നെ പൂർണ്ണമാകുന്നില്ല. നിത്യമായ സന്തോഷം പ്രദാനം ചെയ്യുന്ന ഉത്ഥാനത്തിലേക്ക് മലർക്കെ തുറക്കപ്പെട്ട വാതിലാണ് കുരിശ്. അതോടൊപ്പം ഒരു കാര്യംകൂടി കുരിശ് നമ്മെ ഓർമ്മപ്പെടുത്തുന്നു. ക്രൂശിക്കപ്പെടുന്നവനു മാത്രമേ ഉയിർത്തെഴുന്നേൽക്കുവാൻ അവകാശമുള്ളൂ. ഉയിർത്തെഴുന്നേൽപ്പിനുള്ള എൻട്രി ടിക്ക

www.malankaralibrary.com



റ്റായി കുരിശും സഹനവും ഇവിടെ പരിണമിക്കുന്നു. കുരിശിന്റെ പാത ഉത്ഥാനത്തിലേക്കാണ് നയിക്കപ്പെടുന്നത് എന്നത് ലോകത്തിനു മുമ്പിൽ ഒരു നവസുവിശേഷത്തിന്റെ പുതിയ ചക്രവാളം പണിതുയർത്തുന്നു.

**ഉപസംഹാരം**

ദൈവശാസ്ത്രസത്യങ്ങളെ സുരഭില സുന്ദരമായ പ്രാർത്ഥനകളിലൂടെ ദൈവസന്നിധിയിലേക്കും ഒപ്പം ദൈവജനഹൃദയങ്ങളിലേക്കും പകരുകയാണ് പാശ്ചാത്യസുറിയാനി അഥവാ അന്ത്യോക്യൻ ആരാധനാക്രമം. കുരിശിന് രക്ഷയുടെയും ജീവന്റെയും സമാധാനത്തിന്റെയും ഐക്യത്തിന്റെയും സർവ്വോപരി ഉത്ഥാനത്തിന്റെയും അർത്ഥതലങ്ങളുണ്ടെന്ന് നാം കണ്ടു. മനോഹരങ്ങളായ ഈ പ്രാർത്ഥനകൾ നമ്മുടെ അനുദിന ജീവിതപ്രമാണങ്ങളാകേണ്ടതുണ്ട്. അതിന് ദൈവം നമ്മെ സഹായിക്കട്ടെ.

www.malankaralibrary.com

# 9

# മരിയദർശനം: മാർ അപ്രേമിന്റെ വീക്ഷണവും സഭയുടെ വിശ്വാസസത്യങ്ങളും



**മറിയത്തിന്റെ കവിയായ മാർ അപ്രേം മുൻകൂട്ടിക്കണ്ട മരിയദർശനത്തിന്റെ പുനരാവിഷ്കരണമായിരുന്നു പിൽക്കാലത്ത് കത്തോലിക്കാ സഭയുടെ മരിയൻ വിശ്വാസസത്യങ്ങളായി പരിണമിച്ചത്**

**പ**രിശുദ്ധ ദൈവമാതാവായ കന്യകാമറിയത്തെയും അവൾക്ക് ദൈവത്തിന്റെ രക്ഷാകരപദ്ധതിയിലുള്ള പങ്കാളിത്തത്തെയും കുറിച്ച് ശാസ്ത്രീയമായി പഠിക്കുന്ന ദൈവശാസ്ത്രശാഖയാണ് മരിയദർശനം. കത്തോലിക്കാസഭയുടെ ദൈവശാസ്ത്ര പ്രബോധനങ്ങളിൽ അതിപ്രധാനമായ സ്ഥാനമാണ് മരിയദർശനത്തിനുള്ളത്. സഭാപിതാക്കന്മാരിൽ അഗ്രഗണ്യനായ സുറിയാനി സഭാപിതാവ് മാർ അപ്രേം 'പരിശുദ്ധ കന്യകാമറിയത്തിന്റെ കവി' എന്നറിയപ്പെടുന്നു. പരിശുദ്ധ കന്യകാമറിയത്തെക്കു

www.malankaralibrary.com



റിച്ച് മാർ അപ്രേമിന്റെ ഏതാനും ചില ചിന്തകളും അവ കത്തോലിക്കാസഭയുടെ പ്രധാന മരിയൻ വിശ്വാസസത്യങ്ങളിൽ ചെലുത്തിയ സ്വാധീനവുമാണ് ഈ ലേഖനത്തിൽ ചർച്ച ചെയ്യപ്പെടുന്നത്.

**മാർ അപ്രേമിന്റെ മരിയദർശനം**

നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സുറിയാനി സഭാപിതാവ് മാർ അപ്രേം (306–373) മറിയത്തിന്റെ ഒരു കവിയായിരുന്നു എന്നു തന്നെ പറയാം. ദൈവമാതാവിന് ദൈവത്തിന്റെ രക്ഷാകര പദ്ധതിയിലുള്ള അതുല്യ പങ്കാളിത്തം മാർ അപ്രേം പ്രത്യേകമാംവിധം സാക്ഷ്യപ്പെടുത്തിയിരുന്നു. മാതാവിന്റെ ദൈവമാതൃത്വത്തെക്കുറിച്ചുള്ള കത്തോലിക്കാ സഭയുടെ വിശ്വാസസത്യത്തിന്റെ ഒരു അടിസ്ഥാനമായി മാർ അപ്രേമിന്റെ ഈ ചിന്തയെ സഭ സ്വീകരിച്ചിരുന്നു. അതോടൊപ്പം മറിയത്തിന്റെ അമലോത്ഭവം, നിത്യകന്യാത്വം തുടങ്ങിയ വിശ്വാസസത്യങ്ങളെക്കുറിച്ചും മാർ അപ്രേം വ്യക്തമായ സൂചനകൾ നൽകുന്നുണ്ട്. താഷിയന്റെ പ്രബന്ധത്തെക്കുറിച്ചുള്ള അപ്രേമിന്റെ വ്യാഖ്യാനത്തിൽ മറിയത്തിന്റെ നിത്യകന്യാത്വവും അമലോത്ഭവവും വ്യക്തമായി സ്ഥാപിക്കപ്പെടുന്നു.

“Because there are those who done to say that Mary cohabited with Joseph after she bore the redeemer, we reply, “How would it have been possible for her who was the home of the indwelling of the spirit, whom the divine power over shadowed, that she he joined by a mortal being and gave birth filled with birth pangs, in the image of the primeval curse? If Mary was blessed of women she would have been except from the curse from the beginning, and from the bearing of children in birth pangs and curses. It would be impossible to call on who gave birth with these birth pangs blessed” (*St. Ephraem's commentary on Tatian's Treatise*).

അതോടൊപ്പം മറിയത്തെ ദേവാലയമായി മാർ അപ്രേം ദർശിക്കുന്നു; അദ്ദേഹം പറയുന്നു, മറിയത്തിലേക്ക് പ്രവേശിച്ച ദൈവത്തിന് മനുഷ്യശരീരമില്ലായിരുന്നു. എന്നാൽ അവളിൽനിന്നും പുറത്തുവന്ന ദൈവപുത്രൻ ഉടൽ ഉടുത്തവനായിരുന്നു. മറിയത്തെ ദ്യോതിപ്പിക്കുവാനായി മാർ അപ്രേം ഉപയോഗിക്കുന്ന മറ്റൊരു സംജ്ഞ പുതിയ സ്വർഗ്ഗം എന്നതായിരുന്നു. അദ്ദേഹം പറയുന്നു,

www.malankaralibrary.com



മറിയം പുതിയ മൗതികസ്വർഗ്ഗമാണ്. രാജാക്കന്മാരുടെ രാജാവ് തന്റെ സിംഹാസനത്തിൽ ആരൂഢനാകുന്നതുപോലെ ദൈവം അവളിൽ വസിച്ചു. ഭൂമിയിലെ സ്വർഗ്ഗവും ദേവാലയവുമായ മറിയം ഉടലോടെ സ്വർഗ്ഗത്തിലേക്ക് സംവഹിക്കപ്പെട്ടു എന്ന കത്തോലിക്കാസഭയുടെ വിശ്വാസസത്യത്തിലേക്കും ഈ വസ്തുതകൾ വിരൽചൂണ്ടുന്നുണ്ട്. കത്തോലിക്കാസഭയുടെ മരിയൻ വിശ്വാസസത്യങ്ങളുടെ വേരുകൾ തേടുമ്പോൾ മാർ അപ്രേമിനെ ഒഴിച്ചുനിർത്തിയുള്ള അന്വേഷണം സാധ്യമല്ല എന്ന സ്ഥിതി വരുന്നു. ഈ പശ്ചാത്തലത്തിൽ കത്തോലിക്കാസഭയുടെ പ്രധാന മരിയൻ വിശ്വാസസത്യങ്ങളിലേക്ക് ഒരു അന്വേഷണം നടത്തുകയാണിവിടെ.

## പരിശുദ്ധ ദൈവമാതാവിന്റെ അമലോത്ഭവം

പരിശുദ്ധ ദൈവമാതാവ് തന്റെ അമ്മയുടെ ഉദരത്തിൽ ഉത്ഭവിച്ചപ്പോൾ തന്നെ ജന്മപാപത്തിന്റെ കൈകളിൽനിന്നും വിമുക്തയായിരുന്നു എന്നതാണ് പരിശുദ്ധ ദൈവമാതാവ് അമലോത്ഭവയാണ് എന്ന വിശ്വാസസത്യത്തിന്റെ കാതൽ. തന്റെ മാതാവിന്റെ ഉദരത്തിലെ ഉത്ഭവാവസ്ഥയിൽതന്നെ പരിശുദ്ധ കന്യകാമറിയം ദൈവകൃപയാൽ സമ്പൂർണ്ണയായിരുന്നു എന്നർത്ഥം. 1476 മുതൽ പരിശുദ്ധ ദൈവമാതാവിന്റെ അലോത്ഭവതിരുനാൾ കത്തോലിക്കാ സഭയിൽ ആചരിച്ചുവന്നിരുന്നു എങ്കിലും പരിശുദ്ധ ദൈവമാതാവിന്റെ അമലോത്ഭവം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചത് ഒമ്പതാം പീയൂസ് മാർപാപ്പ 'ഇന്നെഫാബിലിസ് ദേവൂസ്' എന്ന പ്രമാണരേഖയിലൂടെ 1854 ൽ ആണ്. ഈ പ്രമാണരേഖയിൽ രക്ഷാകരപദ്ധതിയിലെ തന്റെ പ്രത്യേക ദൗത്യനിർവ്വഹണത്തിനായി മറിയം പ്രത്യേകം മുൻനിർണ്ണയിക്കപ്പെട്ടിരുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

രണ്ടാം വത്തിക്കാൻ സൂന്നഹദോസ് ഇപ്രകാരം പഠിപ്പിക്കുന്നു, "ദൈവവചനത്തിന്റെ മനുഷ്യാവതാരത്തോടൊപ്പം, ദൈവമാതാവാകാൻ അനാദികാലം മുതൽ നിർണ്ണയം ചെയ്യപ്പെട്ടിട്ടുള്ള ഭാഗ്യവതിയായ കന്യക ദൈവപരിപാലനത്തിന്റെ പദ്ധതിയനുസരിച്ച് ഈ ലോകത്തിൽ ദിവ്യരക്ഷകന്റെ വത്സല മാതാവായും മറ്റുള്ളവരേക്കാൾ പ്രത്യേകമാംവിധം കർത്താവിന്റെ ഔദാര്യനിധിയായ സഹകാരിണിയായും വിനീതദാസിയായും ഉയർന്നുനിന്നു." പൂർവ്വനിർണ്ണയം ചെയ്യപ്പെട്ടിരുന്ന പരിശുദ്ധ കന്യകാമറിയത്തിന്റെ

www.malankaralibrary.com



അമലോത്ഭവം ദൈവത്തിന്റെ അനന്തപരിപാലനയിൽനിന്നും മാന വജനതയ്ക്ക് നൽകപ്പെട്ട ഒരു ദിവ്യസമ്മാനമായി സഭ കരുതുന്നു.

### പരിശുദ്ധ ദൈവമാതാവിന്റെ നിത്യകന്യാത്വം

പരിശുദ്ധ കന്യകാമറിയത്തെ സംബന്ധിച്ച് കത്തോലിക്കാസഭ വിശ്വസിക്കുകയും ഔദ്യോഗികമായി പഠിപ്പിക്കുകയും ചെയ്യുന്ന മറ്റൊരു സത്യം അവളുടെ നിത്യകന്യാത്വമാണ്. രണ്ടാം വത്തിക്കാൻ സുന്നഹദോസ് ഇങ്ങനെ പഠിപ്പിക്കുന്നു, "വിശ്വസിച്ചും അനുസരി ച്ചുംകൊണ്ട് പിതാവിന്റെ സുതനെതന്നെ ഈ ലോകത്തിൽ മറിയം ജനിപ്പിച്ചു. അവൾ ഇതു ചെയ്തത് പുരുഷനെ അറിയാതെ, പരി ശുദ്ധാത്മാവാൽ ആവസിക്കപ്പെട്ടവളായാണ് (തിരുസഭ 63). കത്തോ ലിക്കാസഭയുടെ മതബോധനം ഇതേക്കുറിച്ച് പഠിപ്പിക്കുന്നതിപ്ര കാരമാണ്: "മറിയത്തിന്റെ കന്യകാമാതൃത്വത്തിലുള്ള വിശ്വാസ ത്തിന്റെ ആഴം വർദ്ധിച്ചതോടെ അവളുടെ യഥാർത്ഥവും നിത്യവു മായ കന്യാത്വം-മനുഷ്യനായിത്തീർന്ന ദൈവപുത്രനെ പ്രസവി ക്കുന്ന അവസരത്തിൽ പോലുമുള്ള കന്യാത്വം-പ്രഘോഷിക്കാൻ സഭ പ്രേരിപ്പിക്കപ്പെട്ടു. വാസ്തവത്തിൽ മിശിഹായുടെ ജനനം അവി ടുത്തെ അമ്മയുടെ കന്യാത്വത്തിന്റെ സമഗ്രതയ്ക്ക് ഒരു വിധത്തിലും മങ്ങലേൽപ്പിക്കാതെ പകരം അതിനെ പവിത്രീകരിക്കുകയാണ് ചെയ്തത്. അങ്ങനെ സഭയുടെ ആരാധനാക്രമം മറിയത്തെ 'നിത്യ കന്യക' (Aeiparthenos) എന്ന് പ്രകീർത്തിക്കുന്നു (മതബോധന ഗ്രന്ഥം 499), ഇതിലൂടെ അവൾ സഭാമക്കളുടെ എല്ലാവരുടെയും കന്യകയായ മാതാവായിത്തീരുകയായിരുന്നു. വിശുദ്ധ പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു, "അവിടുന്ന് മുൻകൂട്ടി അറിഞ്ഞവരെ തന്റെ പുത്രന്റെ സാദൃശ്യത്തോട് അനുരൂപരാക്കാൻ നിശ്ചയിക്കുകയും ചെയ്തു. ഇത് തന്റെ പുത്രൻ അനേകം സഹോദരരിൽ ആദ്യജാത നാകുന്നതിനുവേണ്ടിയാണ് (റോമാ 8:29). ഇങ്ങനെ വിശ്വാസികൾക്ക് മാതൃസ്നേഹത്തോടെ ജന്മം കൊടുക്കുന്നതിലും പരിശീലനം നൽകുന്നതിലും അവൾ സഹകരിക്കുന്നു (തിരുസഭ 63).

മറിയത്തിന്റെ കന്യാത്വം യേശുവിന്റെ ജനനത്തിനു മുമ്പും ജന നസമയത്തും ജനനത്തിനുശേഷവും നിലനിന്നിരുന്നതായി കത്തോ ലിക്കാസഭ വിശ്വസിക്കുന്നു. അന്ത്യോഖ്യായിലെ മാർ ഇഗ്നാത്യോസ് ഇങ്ങനെ പഠിപ്പിക്കുന്നു, "മറിയത്തിന്റെ കന്യാത്വവും മാതൃത്വവും

www.malankaralibrary.com



കർത്താവിന്റെ മരണംപോലും ഈ ലോകത്തിന്റെ ഭരണാധികാരിയുടെ ദൃഷ്ടിയിൽപ്പെട്ടില്ല; പ്രഘോഷണ യോഗ്യങ്ങളായ ഈ മൂന്ന് രഹസ്യങ്ങളും ദൈവത്തിന്റെ നിശബ്ദതയിൽ നിറവേറിയവയാണ്."

ഇക്കാര്യത്തിൽ ഉയർന്നേക്കാവുന്ന ചില ചോദ്യങ്ങൾക്കും മതബോധനഗ്രന്ഥം മറുപടി നൽകുന്നു, "യേശുവിന്റെ സഹോദരീസഹോദരന്മാരെക്കുറിച്ച് ബൈബിൾ പരാമർശിക്കുന്നുണ്ടെന്ന ആക്ഷേപം ഈ വിശ്വാസപ്രബോധനത്തിനെതിരായി ചിലപ്പോൾ ഉയരാറുണ്ട്. ഈ ബൈബിൾ വിവരണങ്ങൾ കന്യകാമാതാവിന്റെ മറ്റുമക്കളെപ്പറ്റി പരാമർശിക്കുന്നതല്ല എന്നതാണ് സഭ എല്ലായ്പ്പോഴും മനസ്സിലാക്കിയിട്ടുള്ളത്. 'യേശുവിന്റെ സഹോദരന്മാർ' ആയ യാക്കോബും ജോസഫും വാസ്തവത്തിൽ യേശുവിന്റെ ശിഷ്യയായ മറ്റൊരു മറിയത്തിന്റെ മക്കളാണ്. ഈ മറിയത്തെയാണ് മത്തായി സുവിശേഷകൻ 'മറ്റേ മറിയം' എന്നു വിശേഷിപ്പിക്കുന്നത് (മതബോധനഗ്രന്ഥം 500; മത്താ 13,55,28,1; 27,56).

### പരിശുദ്ധ കന്യകാമറിയത്തിന്റെ ദൈവമാതൃത്വം

ആദിമ നൂറ്റാണ്ടുകളിൽ നിലനിന്നിരുന്ന ക്രൈസ്തവവിശ്വാസത്തിലും പ്രാർത്ഥനകളിലും കന്യകാമറിയത്തിന്റെ ദൈവമാതൃത്വം ശരിയാംവിധം സ്ഥാപിക്കപ്പെട്ടിരുന്നു. അന്ത്യോഖ്യായിലെ മാർ ഇഗ്നാത്യോസ് (2-ാം നൂറ്റാണ്ട്) ഇപ്രകാരം പഠിപ്പിക്കുന്നു, "നിങ്ങൾക്ക് ഉറച്ച ബോധ്യമുണ്ടായിരിക്കുന്നു. ശാരീരികമായി തീർച്ചയായും ദാവീദിന്റെ വംശത്തിൽ ജനിച്ച നമ്മുടെ കർത്താവ് ദൈവത്തിന്റെ തിരുവിഷ്ടവും ശക്തിയുമനുസരിച്ച് യഥാർത്ഥത്തിൽ ദൈവപുത്രനാണ്. അവൻ സത്യമായും കന്യകയിൽനിന്ന് ജനിച്ചു." മൂന്നാം നൂറ്റാണ്ടിലെ (250) മാതാവിനോടുള്ള ഒരു പ്രാർത്ഥനയിൽ (Sub Tuum Praesidium) ഇപ്രകാരം കാണുന്നു, "പരിശുദ്ധ ദൈവമാതാവേ നിന്റെ സംരക്ഷണയിൽ ഞങ്ങൾ അഭയംതേടുന്നു." 431-ലെ എഫേസ്യൂസ് എക്യുമെനിക്കൽ സുന്നഹദോസിൽവച്ചാണ് കത്തോലിക്കാസഭ കന്യകാമറിയത്തിന്റെ ദൈവമാതൃത്വം വിശ്വാസസത്യമായി പ്രഖ്യാപിച്ചത്. ഈ വിശ്വാസസത്യത്തിന് അടിസ്ഥാനമായി സ്വീകരിച്ച ദൈവവചനങ്ങൾ ഇവയാണ്: "വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു" (യോഹ 1:14); "എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ അയച്ചു. അവൻ

www.malankaralibrary.com



സ്ത്രീയിൽനിന്ന് ജാതനായി നിയമത്തിന് അധീനനായി ജനിച്ചു" (ഗലാ 4:4); "ദൂതൻ അവളോട് പറഞ്ഞു, പരിശുദ്ധാത്മാവ് നിന്റെ മേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും; ആകയാൽ ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്ന് വിളിക്കപ്പെടും" (ലൂക്കാ 1:35).

രണ്ടാം വത്തിക്കാൻ സുന്നഹദോസ് ഇപ്രകാരം പഠിപ്പിക്കുന്നു, "ആദത്തിന്റെ മകളായ മറിയം ദൈവവചനത്തിന് സമ്മതം നൽകിക്കൊണ്ട് യേശുവിന്റെ അമ്മയായിത്തീർന്നു. അങ്ങനെ അവൾ ദൈവത്തിന്റെ രക്ഷാകരമായ തിരുവിഷ്ടം മുഴുമനസ്സോടെയും പാപത്താൽ അൽപംപോലും തടയപ്പെടാതെയും ആശ്ലേഷിച്ചുകൊണ്ട് സ്വയം പുത്രന്റെ വ്യക്തിത്വത്തിനും പ്രവർത്തനത്തിനുംവേണ്ടി മുഴുവനായി സമർപ്പിച്ചു. അവനു വിധേയമായും അവനോടുകൂടെ സർവ്വശക്തനായ ദൈവത്തിന്റെ കൃപയാൽ രക്ഷയുടെ രഹസ്യത്തിന് ശുശ്രൂഷചെയ്തു. അതുകൊണ്ട് മറിയത്തെ ദൈവത്താൽ നിഷ്ക്രിയയായി ഉപയോഗിക്കപ്പെട്ടവളായല്ല; സ്വതന്ത്രമായ വിശ്വാസത്തോടും അനുസരണയോടുംകൂടി മനുഷ്യരക്ഷയ്ക്ക് സഹകരിച്ചവളായി സദാ കരുതുന്നു" (തിരുസഭ 56).

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിൽ ഇപ്രകാരം വായിക്കുന്നു, "മറിയത്തെ സുവിശേഷകർ 'യേശുവിന്റെ അമ്മ' എന്ന് വിശേഷിപ്പിക്കുന്നു. എലിസബത്ത് ആകട്ടെ മറിയത്തിന്റെ പുത്രൻ ജനിക്കുന്നതിനു മുമ്പുതന്നെ ആത്മാവിൽ പ്രചോദിതയായി മറിയത്തെ 'എന്റെ കർത്താവിന്റെ അമ്മ' എന്ന് പ്രകീർത്തിക്കുന്നു. വാസ്തവത്തിൽ, മറിയത്തിന്റെ ഉദരത്തിൽ പരിശുദ്ധാത്മാവിനാൽ മനുഷ്യനായി അവതരിച്ചവൻ, ജഡപ്രകാരം യഥാർത്ഥത്തിൽ മറിയത്തിന്റെ മകനായിത്തീർന്നവൻ, പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ വ്യക്തിയും പിതാവിന്റെ നിത്യപുത്രനുമല്ലാതെ മറ്റാരുമല്ല. തന്നിമിത്തം തിരുസഭ ഉദ്ഘോഷിക്കുന്നു, മറിയം യഥാർത്ഥത്തിൽ ദൈവത്തിന്റെ അമ്മ (Theotokos) ആണ് (മതബോധനഗ്രന്ഥം 495).

### പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണം

പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളിനോടനുബന്ധിച്ചുള്ള ബൈസന്റൈൻ ആരാധനാക്രമത്തിൽ ഇപ്രകാരം കാണുന്നു, "ദൈവത്തിന്റെ അമ്മേ, നീ പ്രസവിച്ചപ്പോൾ നീ നിന്റെ

www.malankaralibrary.com



കന്യാത്വം സൂക്ഷിച്ചു. നിന്റെ നിദ്രയിൽ (Dormition) നീ ലോകത്തെ ഉപേക്ഷിച്ചില്ല; ജീവന്റെ ഉറവിടത്തോട് ഒന്നുചേർന്നു നിൽക്കുകയാണ് ചെയ്തത്'' (Troparion, Feast of Dormition). അഞ്ചാം നൂറ്റാണ്ട് മുതൽ ഇത് വിശ്വാസത്തിന്റെ ഭാഗമായി പ്രചരിക്കപ്പെട്ടിരുന്നു. എട്ടാം നൂറ്റാണ്ടായപ്പോഴേക്കും സഭാപിതാവായ മാർ യോഹന്നാൻ ദമഷീനും മറ്റും ഇത് ഒരു വിശ്വാസസത്യമായി അംഗീകരിക്കുകയുണ്ടായി.

1950 ൽ പന്ത്രണ്ടാം പീയൂസ് മാർപാപ്പ മാതാവിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചുകൊണ്ട് ഇങ്ങനെ എഴുതി, "ഉത്ഭവപാപത്തിന്റെ എല്ലാ മാലിന്യങ്ങളിൽ സ്വതന്ത്രയായി സൂക്ഷിക്കപ്പെട്ടിരുന്ന നിർമ്മല കന്യക അവളുടെ ഇഹലോകവാസത്തിന്റെ പരിസമാപ്തിയിൽ ആത്മശരീരങ്ങളോടെ സ്വർഗ്ഗീയ മഹത്വത്തിലേക്ക് എടുക്കപ്പെട്ടു. കർത്താവ് അവളെ എല്ലാറ്റിന്റെയും രാജ്ഞിയായി ഉയർത്തി. ഇത് കർത്താക്കളുടെ കർത്താവും പാപത്തെയും മരണത്തെയും കീഴടക്കിയവനുമായ പുത്രനോട് അവൾ കൂടുതലായി അനുരൂപപ്പെടാൻ വേണ്ടിയായിരുന്നു'' (*Munificentissimus,* DS. 3903).

ഇതിനടിസ്ഥാനമായി വെളിപാടു പുസ്തകത്തിലെ തിരുവചനം വ്യാഖ്യാനിക്കപ്പെട്ടു, "സ്വർഗ്ഗത്തിൽ വലിയ അടയാളം കാണപ്പെട്ടു; സൂര്യനെ ഉടയാടയാക്കിയ ഒരുസ്ത്രീ, അവളുടെ പാദങ്ങൾക്കിടയിൽ ചന്ദ്രൻ; ശിരസ്സിൽ പന്ത്രണ്ട് നക്ഷത്രങ്ങൾകൊണ്ട് കിരീടം" (വെളി 12:1). പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണം മരണത്തിനുമേൽ മനുഷ്യൻ വരിക്കുന്ന വിജയമായി സഭാപിതാക്കന്മാർ വാഴ്ത്തുന്നുണ്ട്. ഉൽപത്തിയുടെ ആദിമചരിത്രത്തിൽ തന്നെ ദൈവം നൽകിയ വിജയവാഗ്ദാനത്തിന്റെ നിറവേറ്റലായി ഇത് വ്യാഖ്യാനിക്കപ്പെടുന്നു. "നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുതയുളവാക്കും, അവൻ നിന്റെ തല തകർക്കും" (ഉൽപ 3:15). ഇതിനെക്കുറിച്ച് തന്നെയാണ് വിശുദ്ധ പൗലോസും സാക്ഷ്യപ്പെടുത്തുന്നത്, "അങ്ങനെ നശ്വരമായത് അനശ്വരവും മർത്യമായത് അമർത്യതയും പ്രാപിച്ചുകഴിയുമ്പോൾ മരണത്തെ വിജയം ഗ്രസിച്ചു എന്നെഴുതപ്പെട്ടത് യാഥാർത്ഥ്യമാകും" (1 കോറി. 15:54).

www.malankaralibrary.com



രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ പ്രബോധനങ്ങളിൽ ഇങ്ങനെ കാണുന്നു, "കറയില്ലാത്ത കന്യക ജന്മപാപത്തിന്റെ എല്ലാ കറകളിൽനിന്നും ഒഴിവാക്കി സംരക്ഷിക്കപ്പെട്ടവളായി ഈ ലോക ജീവിതപ്രവാസം പൂർത്തിയാക്കി ആത്മശരീരങ്ങളോടെ സ്വർഗ്ഗീയ മഹത്വത്തിൽ സംവഹിക്കപ്പെടുകയും ചെയ്തു" (തിരുസഭ 59). കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ചും ഇങ്ങനെ പഠിപ്പിക്കുന്നു, "വാഴ്ത്തപ്പെട്ട കന്യകയുടെ സ്വർഗ്ഗാരോപണം തന്റെ പുനരുത്ഥാനത്തിലുള്ള അനന്യമായ പങ്കുചേരലും ക്രൈസ്തവരുടെ പുനരുത്ഥാനത്തിന്റെ മുന്നാസ്വാദനവുമാണ്" (മതബോധനഗ്രന്ഥം 966). അതെ, മർത്യതയുടെയും ഭൗതികതയുടെയും ദൈവികത കൈവരിക്കലിന്റെ മുന്നാസ്വാദനം തന്നെയായിരുന്നു മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിലൂടെ സംഭവിച്ചത് (Teilhard De Chardin, Phenomenon of Man).

**ഉപസംഹാരം**

മറിയത്തിന്റെ കവിയായ മാർ അപ്രേം മുൻകൂട്ടിക്കണ്ട മരിയ ദർശനത്തിന്റെ പുനരാവിഷ്കരണമായിരുന്നു പിൽക്കാലത്ത് കത്തോലിക്കാ സഭയുടെ മരിയൻ വിശ്വാസസത്യങ്ങളായി പരിണമിച്ചത് എന്നത് അന്ത്യോഖ്യൻ പാരമ്പര്യം പിന്തുടരുന്ന കത്തോലിക്കർക്ക് അഭിമാനകരമായ ഒരു വസ്തുതയാണ്. മറിയത്തിന്റെ ഉത്ഭവം മുതൽ സ്വർഗ്ഗാരോപണം വരെയുള്ള വിശ്വാസസത്യങ്ങളെക്കുറിച്ച് സുറിയാനി സഭാപിതാവായ മാർ അപ്രേം മനനം ചെയ്തിരുന്നു എന്ന് കാണുമ്പോൾ, ആദിമ നൂറ്റാണ്ടുകളിൽ തന്നെ മരിയഭക്തി ക്രൈസ്തവികതയുടെ അനിഷേധ്യഭാഗമായിരുന്നു എന്ന വസ്തുത വെളിവാക്കുന്നു. സഹരക്ഷകയും മാനവകുലത്തിന്റെ മധ്യസ്ഥതയുമായ പരിശുദ്ധ കന്യകമറിയത്തോടുള്ള ഭക്തി നിഷേധിക്കുന്ന ക്രൈസ്തവവിഭാഗങ്ങൾ സഹസ്രാബ്ദങ്ങൾ പഴക്കമുള്ള യഥാർത്ഥ വിശ്വാസസത്യങ്ങളെ മനഃപൂർവ്വം ഒഴിവാക്കുകയാണ് ചെയ്യുന്നത്.

www.malankaralibrary.com

# 10
# മാർ ഗ്രിഗോറിയോസ് ചിന്തകൾ



**സഭാപിതാക്കന്മാരുടെ ചിന്തകളിൽനിന്നും കണ്ടെത്താൻ മുത്തുകളേറെയുണ്ട്. ആ വലിയ നിധി ഇനിയും അന്വേഷകരെ കാത്തുകിടക്കുന്നു. ക്രൈസ്തവജീവിതത്തിന്റെ എല്ലാ മേഖലകളെയും തൊട്ടുണർത്താൻ പോരുന്ന വാക് ശേഖരങ്ങൾ അവയിൽ ഒളിഞ്ഞിരിക്കുന്നു.**

സഭാപിതാക്കന്മാരുടെ കൃതികൾ വി. ഗ്രന്ഥത്തിനും മദ്ധ്യകാല ദൈവശാസ്ത്രചിന്താസരണികൾക്കുമിടയിൽ അവയെ പരസ്പരം ബന്ധിപ്പിക്കുന്നു. കാലത്തിന്റെ അതാര്യകവചം ഭേദിച്ച് ഈ ഉറവിടങ്ങളിൽ നിന്നു പ്രസരിക്കുന്ന ചിന്താകിരണങ്ങൾ ഇന്നും മനുഷ്യബുദ്ധിയിൽ വെളിച്ചം വിതറാൻ പോരുന്നവയാണ്. ആധുനികദൈവശാസ്ത്രചിന്തകരുടെ ശ്രദ്ധ സഭാപിതാക്കന്മാരുടെ കൃതികളിലേക്ക് അനിതരസാധാരണമായി തിരിയുന്നതുമാത്രം മതി മേല്പറഞ്ഞ വസ്തുതയ്ക്ക് തെളിവു നൽകാൻ.

www.malankaralibrary.com



ആര്യനിസം തുടങ്ങിയ വിശ്വാസവൈപരീത്യങ്ങൾക്കെതിരേ നാലാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ അരയും തലയും മുറുക്കി ഇറങ്ങിയവരാണ് കപ്പദോഷ്യൻ പിതൃത്രയം (മഹാനായ മാർ ബസേലിയോസ്, മാർ ഗ്രിഗറി നസ്യാൻസൻ, നിസായിലെ മാർ ഗ്രിഗോറിയോസ്). ഇവരിൽ ഇളയ ആളും ഭാഗ്യസ്മരണാർഹനായ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ സ്വർഗ്ഗീയ മധ്യസ്ഥനുമായ നിസായിലെ മാർ ഗ്രിഗോറിയോസിന്റെ ജീവിതത്തിലേക്കും ചിന്താലോകത്തേക്കും ഒരു തീർത്ഥാടനം നടത്തുകയാണിവിടെ.

ഇതിന് അവലംബമായി സ്വീകരിച്ചിട്ടുള്ളത് വില്യം ഏ യുർഗൻസിന്റെ 'പിതാക്കന്മാരുടെ വിശ്വാസം' (The Faith of the Early Fathers) എന്ന സമാഹാരത്തിലെ രണ്ടാം വാല്യമാണ്. ഉദ്ധരണികൾക്കുശേഷം ചേർത്തിരിക്കുന്ന സംഖ്യകൾ ഈ ഗ്രന്ഥത്തിലെ ഖണ്ഡികകളുടേതാണ്.

**ചിന്തകനായ മെത്രാൻ**

ഏ.ഡി. 335-ൽ കപ്പദോഷ്യയിലാണ് മാർ ഗ്രിഗോറിയോസിന്റെ ജനനം. മാതാപിതാക്കളായ ബേസിലും എമിലിയും തങ്ങളുടെ കുഞ്ഞുങ്ങളെ ദൈവഭക്തിയിലും വിജ്ഞാനത്തിലും വളർത്തുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചു. അവരുടെ മക്കളിൽ മൂന്നുപേർ മെത്രാന്മാരും ഒരു മകൾ വിശുദ്ധയുമായതിൽ അത്ഭുതപ്പെടാനില്ല. മാർ ഗ്രിഗോറിയോസിന്റെ സഹോദരന്മാരായ മഹാനായ ബസേലിയോസ് ചെസേരിയായിലെയും പീറ്റർ സെബാസ്റ്റയിലെയും മെത്രാന്മാരായി. വിശുദ്ധയായ കൊച്ചു മക്രീന സഹോദരിയും.

മാർ ഗ്രിഗോറിയോസിനെ വിദ്യാഭ്യാസത്തിൽ ഏറെ സഹായിച്ചത് സഹോദരനായ ബസേലിയോസ്തന്നെ. ഒന്നാംപട്ടം സ്വീകരിച്ചതിനുശേഷം കുടുംബജീവിതം നയിച്ചുകൊണ്ട് അധ്യാപകവൃത്തി ചെയ്യുവാൻ അദ്ദേഹം ആഗ്രഹിച്ചു. ഗ്രിഗറി നസ്യാൻസന്റെ പ്രേരണയാൽ ബസേലിയോസ്, ഗ്രിഗോറിയോസിനെ ഏ.ഡി. 371-ൽ നിസ്സായിലെ മെത്രാനായി അഭിഷേചിച്ചു. മെത്രാനെന്ന നിലയിൽ ആര്യനിസത്തിന്റെ എതിർപ്പുകൾ എന്നും അഭിമുഖീകരിക്കേണ്ടിവന്നു. ഈ വിശ്വാസ വൈപരീത്യചിന്താഗതിയോടുള്ള പ്രതികരണ

www.malankaralibrary.com



ങ്ങളാണ് അദ്ദേഹത്തിന്റെ പ്രമുഖ ദൈവശാസ്ത്രകൃതികൾ. 394-ൽ മാർ ഗ്രിഗോറിയോസ് കാലം ചെയ്തതായി കരുതപ്പെടുന്നു.

മാർ ബസേലിയോസിനെപ്പോലെ ഭരണനൈപുണ്യം കൊണ്ടോ നയചാതുര്യം കൊണ്ടോ അല്ല, മാർ ഗ്രിഗോറിയോസ് സഭാചരിത്രത്തിൽ ശ്രദ്ധേയനായത്. ഗ്രിഗറി നസ്യാൻസനെപ്പോലെ ഉജ്ജ്വല വാഗ്മിയുമല്ലായിരുന്നു അദ്ദേഹം. ഒരു യോഗിവര്യൻ, ദൈവശാസ്ത്രജ്ഞൻ, എഴുത്തുകാരൻ എന്നീ നിലകളിൽ അദ്ദേഹം ഏറെ ശ്രദ്ധിക്കപ്പെട്ടു.

**മരണത്തിന്റെ പരാജയം**

തന്റെ മെത്രാഭിഷേകത്തിനുമുമ്പ് മാർ ഗ്രിഗോറിയോസ് എഴുതിയ പ്രധാന കൃതിയാണ് 'കന്യാത്വം' (Virginity). കറകളഞ്ഞ ജീവിതവിശുദ്ധിയുടെ നിസ്സീമശക്തിയാണ് ഈ വാക്കുകൾ വെളിപ്പെടുത്തുന്നത്. "ജനനം മുതൽ തന്നെ മരണവും തുടങ്ങുകയായി. പക്ഷേ കന്യാത്വം, പാലിക്കുന്നവർ ഈ പ്രവാഹത്തിൽനിന്നുമകന്ന് മരണത്തിനു നേരേ പരിമിതിരേഖ നിർണയിക്കുന്നു. കന്യകയായ ദൈവമാതാവിനു മുന്നിൽ മരണത്തിനു മുട്ടുമടക്കേണ്ടി വന്നില്ലേ?... കന്യാത്വത്തിന്റെ കോട്ടയിൽ തന്റെ വിഷപ്പല്ല് കോർക്കാനിടംകാണാതെ മരണം തട്ടിത്തകരുന്നു" (1020:9).

ധാർമ്മികവിശുദ്ധിയുടെ അജയ്യത എന്നും മനുഷ്യചിന്തയിലെ അനിവാര്യവിഷയമായിരുന്നു. അധാർമ്മികത സൃഷ്ടിച്ച വ്രണങ്ങളിൽ വിഷപ്പല്ലു കോർത്ത് മരണമിന്നു വിജയഭേരി മുഴക്കുന്നു. മാർ ഗ്രിഗോറിയോസിന്റെ ധാർമ്മിക ദർശനം ഇന്നും പ്രസക്തമായ ഒരു വെല്ലുവിളിതന്നെ. ഈ ദർശനത്തിന്റെ പ്രേരകശക്തി പാപത്തിന്റെ സഹചാരിയായി മരണത്തെ കാണുന്ന ബൈബിൾ ചിന്തയാകാം (റോമ. 5:12; 1 കോറി. 15:22). ക്രിസ്തു, തന്റെ ഉത്ഥാനത്തിലൂടെ വായ്ത്തലയൊടിച്ച മരണത്തിന്റെ വിഷപ്പല്ല് വീണ്ടും വിളക്കിച്ചേർക്കുന്ന മനുഷ്യനുനേരേയാണ് മാർ ഗ്രിഗോറിയോസ് വെല്ലുവിളി ഉയർത്തുന്നത്.

**മനുഷ്യസൃഷ്ടി**

ഏ.ഡി. 379-തോടെ വിരചിതമായ മറ്റൊരു കൃതിയാണ് 'മനുഷ്യസൃഷ്ടി' (The Making of Man). തന്റെ സഹോദരനായ സെബാ

www.malankaralibrary.com



സ്റ്ററയിലെ പീറ്ററിനെ അഭിസംബോധനചെയ്തുകൊണ്ട് മാർ ഗ്രിഗോറിയോസ് തയ്യാറാക്കിയ ഈ നീണ്ട പ്രഭാഷണം ഉല്പത്തിപ്പുസ്തകം ഒന്നാം അധ്യായം 26-ാം വാക്യത്തിന്റെ വ്യാഖ്യാനമാണ് - "ദൈവം വീണ്ടും അരുളിച്ചെയ്തു. നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം. അവർക്ക് കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും നാല്ക്കാലികളുടെയും ഭൂമി മുഴുവന്റെയും ഭൂമിയിൽ ഇഴയുന്ന സർവജീവികളുടെയുംമേൽ ആധിപത്യമുണ്ടായിരിക്കട്ടെ."

ഈ വാക്യത്തിന്റെ വ്യാഖ്യാനത്തിലൂടെ മനുഷ്യന്റെ ആത്മശരീരങ്ങൾതമ്മിലുള്ള ബന്ധം മാർ ഗ്രിഗോറിയോസ് വ്യക്തമാക്കുന്നു. അഭൗതികമായ മനുഷ്യാത്മാവ് ഇന്ദ്രിയങ്ങൾ വഴി ഭൗതികപ്രപഞ്ചവുമായി ഇടപഴകുന്നു (1021). ആത്മശരീരങ്ങളുടെ പരസ്പരബന്ധം സുദൃഢവും ശക്തവുമായ മറ്റൊരു പാരസ്പര്യത്തിലേക്ക് വിരൽചൂണ്ടുന്നു. ഭൗതികതയും ആത്മീയതയും തമ്മിലുള്ള കൈകോർക്കൽ. ആത്മാവും ഭൗതികപ്രപഞ്ചവും തമ്മിലുള്ള കണ്ടുമുട്ടൽ. പ്രപഞ്ചത്തെ ദൈവികതയിലേക്കുയർത്തുന്ന കോവണിയായി മനുഷ്യാത്മാവ് മാറുന്നു. തെയ്യാർദ്ദെ ഷർദ്ദാനെപ്പോലുള്ള ആധുനിക ചിന്തകന്മാർ ഈ ഉൾക്കാഴ്ച പങ്കുവയ്ക്കുന്നതിന് അനേക ശതാബ്ദങ്ങൾക്കു മുൻപുതന്നെ സഭാപിതാക്കന്മാർ പ്രകൃതിക്കും മനുഷ്യനുമിടയിൽ ഉണ്ടായിരിക്കേണ്ട ആരോഗ്യകരമായ ബന്ധത്തിന്റെ ആവശ്യകതയെപ്പറ്റി ബോധവാന്മാരായിരുന്നു.

**രക്ഷയുടെ വഴി**

പ്രവൃത്തിയും വിശ്വാസവും രക്ഷയുടെ കാര്യത്തിൽ പരസ്പര പൂരകങ്ങളാണ്. മാർ ഗ്രിഗോറിയോസ് ഇവ രണ്ടിനെയും ഒരു പടയാളിയുടെ രക്ഷാകവചത്തോട് ഉപമിച്ചിരിക്കുന്നു. ഇതിൽ ഒന്നുമാത്രം ധരിക്കുന്ന പടയാളി ഒരിക്കലും സുരക്ഷിതനല്ല (1024). യാക്കോബുശ്ലീഹായുടെയും വിശുദ്ധ പൗലോസിന്റെയും വിശ്വാസദർശനങ്ങളുടെ സ്വാധീനം ഇവിടെ കണ്ടെത്താനാവും (യാക്കോ. 1:25; 2:15.17; ഗലാ. 5:6; 1 തെസ. 1:3; 2 തെസ. 1:11). ജീവിതബന്ധിയായ വിശ്വാസമാണ് ഇവിടെ വിവക്ഷിക്കപ്പെടുക. കാതുകളിലൂടെ ക

www.malankaralibrary.com



യറിയിറങ്ങുന്ന പ്രഘോഷണവീചികളെക്കാൾ ഫലപ്രദം അനുകരണീയങ്ങളായ അനുഭവങ്ങളാണെന്ന് നമ്മുടെ പ്രേഷിതമേഖലകൾ ഇന്ന് തെളിയിച്ചുകൊണ്ടിരിക്കുന്നു.

സന്മാർഗ്ഗജീവിതത്തിനു പിന്നിലെ പ്രേരകശക്തികൾ പലതാവാം-ശിക്ഷയെക്കുറിച്ചുള്ള ഭയം, സ്വർഗീയ വാഗ്ദാനങ്ങളെക്കുറിച്ചുള്ള പ്രത്യാശ തുടങ്ങിയവ. പക്ഷേ മാർ ഗ്രിഗോറിയോസ് പറയുന്നു: ഇവ എല്ലാറ്റിനെയുംകാൾ ഉത്കൃഷ്ടം ലാഭേച്ഛയില്ലാത്ത ദൈവസ്നേഹമാണ് (1025). ലാഭനഷ്ടങ്ങളുടെ കണക്കുകൂട്ടി ചുവടുവയ്ക്കുന്നവർക്ക് ഈ വഴി അപ്രായോഗികമായേക്കാം.

**മർത്യന്റെ ഔന്നത്യം**

മാർ ഗ്രിഗോറിയോസിന്റെ ഒരു ബൈബിൾ വ്യാഖ്യാനകൃതിയാണ് ‘സൗഭാഗ്യങ്ങൾ’ (The Beatitudes). മത്തായിയുടെ സുവിശേഷം 5:1–10–ൽ രേഖപ്പെടുത്തിയിട്ടുള്ള അഷ്ടസൗഭാഗ്യങ്ങളെ ആസ്പദമാക്കി തയ്യാറാക്കിയ എട്ടു പ്രഭാഷണങ്ങളുടെ സമാഹാരമാണിത്. മനുഷ്യന് കരഗതമായ ദൈവപുത്രത്വത്തിന്റെ മഹനീയത വ്യക്തമായി വിവരിക്കുന്നുണ്ട്, ഈ സമാഹാരത്തിൽ. “കേവലം ധൂളിയും ഒരുപിടി ഭസ്മവും വയൽചെടിയും മിഥ്യയും ഒക്കെയായി എണ്ണപ്പെടുന്ന മനുഷ്യൻ, കാഴ്ചയ്ക്കും ശ്രവണത്തിനും തിരിച്ചറിയലിനും അതീതമായ ദൈവമഹത്ത്വവുമായി പരിചയത്തിലാവുന്നു. പ്രപഞ്ചത്തിന്റെ അതിനാഥനായ ദൈവം മനുഷ്യനെ സ്വപുത്രനായി സ്വീകരിക്കുന്നു. ഈ അതുല്യദാനത്തിന് എങ്ങനെ നന്ദി പറയാനാവും? ഏത് ശബ്ദത്താൽ, ഏത് ചിന്തയാൽ, ഏത് ഹൃദ്ചലനത്താൽ ഇതിന് സ്തുതി ചൊല്ലാനാവും? മനുഷ്യൻ സ്വസ്വഭാവംതന്നെ മറികടക്കുന്നു; മർത്യൻ അമർത്യനാവുന്നു, കലർപ്പുള്ള ലോഹക്കൂട് തനിത്തങ്കമായി പരിണമിക്കുന്നു. മനുഷ്യനിൽ ദൈവം പിറക്കുന്നു. ദൈവപുത്രനാവാൻ യോഗ്യനെങ്കിൽ, തീർച്ചയായും പിതാവിന്റെ മഹത്ത്വം മനുഷ്യനിൽ വിളങ്ങുന്നുമുണ്ട്. അവൻ പിതൃസ്വത്തുക്കളുടെയെല്ലാം അവകാശിയുമാകുന്നു. കണ്ടില്ലേ സമ്പന്നനായ യജമാനൻെറ വിശാലമനസ്കത?

www.malankaralibrary.com



ദൈവപുത്രത്വം മനുഷ്യന് ഒരു അത്യുന്നതപദവി എന്നതോടൊപ്പം ഒരു വെല്ലുവിളികൂടിയാണ്. പിതാവിന്റെ പരിപൂർണതയിലേക്കും സ്നേഹത്തിലേക്കും വളരുവാനുള്ള വെല്ലുവിളി (മത്താ. 5:48; 6:5.8; 7:11; 10:29.31; 18:14; ലൂക്കാ. 11:13; 15:11).

**അമർത്യതയുടെ അപ്പം**

മാർ ഗ്രിഗോറിയോസിന്റെ രചനകൾ പ്രധാനമായും രണ്ടു വിഭാഗത്തിൽപ്പെടുന്നു. ഒന്ന്: വിശ്വാസവൈപരീത്യങ്ങൾക്കെതിരേ രചിക്കപ്പെട്ടവ; രണ്ട്: വിശ്വാസപ്രബോധനാർത്ഥം രചിക്കപ്പെട്ടവ. രണ്ടാം വിഭാഗത്തിൽ ഏറ്റവും മികച്ച കൃതിയാണ് എ.ഡി. 383 നുശേഷം വിരചിതമായ 'മഹത്തായ പ്രബോധനം' (The Great Catechism). പരിശുദ്ധ ത്രിത്വം, മനുഷ്യരക്ഷ, ജ്ഞാനസ്നാനം, വി. കുർബാന എന്നിവയാണ് ഇതിലെ പ്രധാന പ്രതിപാദ്യങ്ങൾ. തികച്ചും ബൗദ്ധികവും ചിന്താപരവുമായ വാദമുഖങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന കൃതിയാണിതെന്ന് പറയാം.

ഗോതമ്പപ്പം കർത്താവിന്റെ ശരീരമായി മാറുന്നതെങ്ങനെ, മാർ ഗ്രിഗോറിയോസിന് അഭിമുഖീകരിക്കേണ്ടിവന്ന ഒരു ചോദ്യമാണിത്. അദ്ദേഹം നൽകുന്ന ഉത്തരം നോക്കുക:

അമർത്യമായ ഒന്നുമായുള്ള അഭേദ്യബന്ധത്തിലൂടെയല്ലാതെ നമ്മുടെ മർത്യശരീരത്തിന് അമർത്യത കൈവരിക്കാനാവില്ല. പക്ഷേ, അമർത്യമായ ഒന്നിന് അതിന്റെ സാകല്യത (wholeness) നിലനിർത്തിക്കൊണ്ട് ഒരു സംഖ്യാതീത സമൂഹത്തിനിടയിൽ എങ്ങനെ വിഭജിതമാകാനാവും? ഉത്തരമിതാണ്: വചനമായ ദൈവം തന്റെ അധിവാസത്താൽ അപ്പത്തെ തിരുശരീരമാക്കി ദൈവീകമാക്കുന്നു. ഇപ്രകാരം വിശുദ്ധീകൃതമാക്കപ്പെടുന്ന അപ്പവീഞ്ഞുകളിലൂടെ ദൈവാസ്തിത്വം ഓരോ മനുഷ്യവ്യക്തിയുടെ അസ്തിത്വത്തിലേക്കും സംവേദനം ചെയ്യപ്പെടുന്നു. ഒരു ഏകീഭാവമാണ് ഇവിടെ സംഭവിക്കുന്നത്. തത്ഫലമായി മർത്യൻ അമർത്യനാകുന്നു. പാപപരിഹൃതനാകുന്നു (1035).

ദൈവമനുഷ്യബന്ധത്തിലെ ഒരു നിർണായകഘടകമായാണ് വി. കുർബാനയെ കാണുന്നത്. പിതാക്കന്മാരുടെ മഹോന്നതവും

www.malankaralibrary.com



ഉദാത്തവുമായ ദർശനമാണിവിടെ വ്യക്തമാക്കപ്പെടുക. ദൈവത്തിന്റെ പരിപൂർണ്ണതയിലേക്ക് ഉയർത്തപ്പെടുന്നതിനുള്ള അനന്യസാധ്യതയാണ് വി. കുർബാന എന്ന കൂദാശയിലൂടെ മനുഷ്യനുമുന്നിൽ തുറന്നുകിടക്കുന്നത്. ദൈവസംയോഗത്തിനുവേണ്ടിയുള്ള മനുഷ്യന്റെ അഭിവാഞ്ഛയുടെ ദൃശ്യമായ മറുപടിയാണ് വി. കുർബാന. ഈ സംയോഗംവഴി മനുഷ്യൻ അവന്റെ പരിമിതികളെ അതിജീവിച്ചുകൊണ്ട് ഉദാത്തമായ ദൈവികതലത്തിലേക്ക് ഉയർത്തപ്പെടുന്നു എന്ന് പിതാക്കന്മാർ വിശ്വസിച്ചുപോരുന്നു. അന്ത്യോക്യായിലെ മാർ ഇഗ്നാത്യോസ് (ഏ.ഡി. 100) വി. കുർബാനയെ വിശേഷിപ്പിച്ചിരിക്കുന്നത് 'അമർത്യതയുടെ ദിവ്യഔഷധം' (The Medicine of Immortality) എന്നാണ്.

**പൗരോഹിത്യത്തിന്റെ മഹനീയത**

ദനഹ(കർത്താവിന്റെ മാമ്മോദീസ)തിരുനാളിൽ മാർ ഗ്രിഗോറിയോസ് നടത്തിയ ഈടുറ്റ ഒരു പ്രഭാഷണം ഇന്ന് ലഭ്യമാണ്. കൂദാശകളുടെ സ്വീകരണത്തിലൂടെ വ്യക്തികൾക്കും വസ്തുക്കൾക്കും സംഭവിക്കുന്ന ആത്മീയ വ്യതിയാനം ഇവിടെ പരാമർശവിധേയമാകുന്നു.

"കേവലം ഭക്ഷണമായ അപ്പം, ദൈവികരഹസ്യത്തിന്റെ ആവാസത്താലുള്ള വിശുദ്ധീകരണത്തിലൂടെ ക്രിസ്തുശരീരമാകുന്നു. ഇതുപോലെ വിശുദ്ധ തൈലവും വീഞ്ഞും വാഴ്ത്തപ്പെടുന്നതിനു മുൻപ് അല്പമൂലികളായിരുന്നു. ആത്മാവിന്റെ പവിത്രീകരണത്തിനുശേഷം അവ ഔന്നത്യത്തിലേക്കുയർത്തപ്പെടുന്നു. ഇതേ വചനത്തിന്റെ ശക്തിതന്നെ പുരോഹിതനെ ആദരണീയനും ബഹുമാന്യനും ജനസാമാന്യത്തിൽനിന്നും വ്യത്യസ്തനുമാക്കുന്നു. ഇന്നലെവരെ അയാൾ ആൾക്കൂട്ടത്തിലൊരുവനായിരുന്നു. ഇന്ന് അദ്ദേഹം വഴികാട്ടിയും അധ്യക്ഷനും ആത്മീയഗുരുവും ദൈവിക രഹസ്യങ്ങളുടെ പ്രബോധകനുമായി മാറിയിരിക്കുന്നു" (1062).

ദൈവജനത്തിലൊരുവനും അതേസമയം അവരിൽനിന്നും വ്യതിരിക്തനുമായി ജീവിക്കുക: ഈ ദൗത്യനിർവഹണത്തിനാണ് പുരോഹിതൻ വിളിക്കപ്പെട്ടിരിക്കുന്നത്. പൗരോഹിത്യത്തിൽ വ്യതി

www.malankaralibrary.com



രിക്തതയും താദാത്മ്യതയും സമന്വയിക്കപ്പെടുന്നു. ഈ സമന്വയം സൃഷ്ടിക്കുന്നതിൽ പുരോഹിതൻ അനുഭവിക്കുന്ന ഈറ്റുനോവാണ് യഥാർത്ഥത്തിൽ പൗരോഹിത്യത്തിന്റെ മഹനീയത.

**അക്ഷയഖനി**

സഭാപിതാക്കന്മാരുടെ ചിന്തകളിൽനിന്നും കണ്ടെത്താൻ മുത്തുകളേറെയുണ്ട്. ആ വലിയ നിധി ഇനിയും അന്വേഷകരെ കാത്തുകിടക്കുന്നു. ക്രൈസ്തവജീവിതത്തിന്റെ എല്ലാ മേഖലകളെയും തൊട്ടുണർത്താൻ പോരുന്ന വാക്ശേഖരങ്ങൾ അവയിൽ ഒളിഞ്ഞിരിക്കുന്നു. ഈ നിധിശേഖരത്തിന്റെ അറപ്പുരവാതിലുകൾ മലയാളികൾക്കുവേണ്ടി തുറന്നുതന്ന റവ. ഡോ. ഗീവർഗീസ് ചേടിയത്തിന് നന്ദി.

www.malankaralibrary.com

# 11
# മാർ ഈവാനിയോസ് ഭാരത ക്രൈസ്തവ സന്ന്യാസത്തിന്റെ പ്രവാചകൻ



**ജീവിത ദർശനത്തിലും ആദർശങ്ങളിലും നമുക്കൊരു വിസ്മയമായി മാർ ഈവാനിയോസ് പിതാവ് മുന്നിൽ നിൽക്കുന്നു. ആ ആദർശങ്ങളും ജീവിതശൈലിയും സാക്ഷാത്കൃതമാക്കുവാനുള്ള കർമ്മവീഥികളാണ് പിതാവ് നമുക്കു മുന്നിൽ തുറന്നിട്ടിട്ടുള്ളത്.**

**മാ**ർ ഈവാനിയോസ് - കണ്ടറിവില്ലെങ്കിലും ഓർക്കുമ്പോഴൊക്കെ മനസ്സിൽ സ്നേഹാദരവുകളുളവാക്കുന്ന ഒരു നാമമാണത്. കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിന് ക്രൈസ്തവ മൂല്യങ്ങളിൽ അധിഷ്ഠിതമായി നിന്നുകൊണ്ട് നിർണായക സംഭാവനകൾ നല്കിയ ഒരു മഹാത്മാവായിരുന്നു അദ്ദേഹം. 1882 സെപ്റ്റംബർ 21-ന് മാവേലിക്കരയിൽ ജനിച്ച മാർ ഈവാനി

www.malankaralibrary.com



യോസ് തിരുമേനി, കേരളക്കരയിലെ വിഭജിത ക്രൈസ്തവ സമൂഹങ്ങൾക്കിടയിൽ ഐക്യബോധം ജനിപ്പിക്കുന്നതിനു വഹിച്ച പങ്ക് അവിസ്മരണീയമാണ്. വ്യവഹാരങ്ങളുടെ ഇടവഴികളിലൂടെയല്ല ക്രൈസ്തവസമൂഹം മുന്നോട്ട് നീങ്ങേണ്ടതെന്ന ഉറച്ചബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. തത്ഫലമായി വിഭജിത ക്രൈസ്തവസമൂഹങ്ങളെ ഒന്നിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ യാക്കോബായ സമൂഹവും ആഗോള കത്തോലിക്കാസഭയും തമ്മിലുള്ള പുനരൈക്യനീക്കങ്ങൾ 1920-കളിൽ മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. പിന്താങ്ങിയിരുന്നവരൊക്കെ പിന്തിരിഞ്ഞപ്പോഴും നഷ്ടധൈര്യനാകാതെ 1930 സെപ്തംബർ 20-ന് പുനരൈക്യസ്വപ്നം സാക്ഷാത്കരിച്ചപ്പോൾ തന്റെ മനഃസാക്ഷിയിലധിഷ്ഠിതമായ ഒരു സത്യാന്വേഷണത്തിന്റെ പൂർത്തീകരണം സാധിക്കുകയായിരുന്നു മാർ ഈവാനിയോസ്. തുടർന്ന് തിരുവനന്തപുരം കേന്ദ്രമാക്കി നടത്തിയ മത-സാംസ്കാരിക-വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മാർ ഈവാനിയോസിനെ അനന്തപുരിയുടെ ചരിത്രത്തിൽ അവിസ്മരണീയനാക്കുന്നു. അഞ്ഞൂറോളം വരുന്ന വിദ്യാകേന്ദ്രങ്ങളുമായി മലങ്കര കത്തോലിക്കാസഭ, കേരളത്തിലെ സാംസ്കാരിക രംഗത്ത് ഇന്ന് അനിഷേധ്യമായി നിലകൊള്ളുമ്പോൾ അതിനു കാരണഭൂതനായ ദീർഘവീക്ഷണപടുവിനെ ആർക്കു വിസ്മരിക്കാനാവും? 1953 ജൂലൈ 15-നു കാലംചെയ്യുമ്പോൾ എന്നും ഓർമ്മിക്കത്തക്ക നേട്ടങ്ങളുടെ ഒരു നീണ്ടനിരതന്നെ അദ്ദേഹത്തിന് അവകാശപ്പെടാനുണ്ടായിരുന്നു. ഇതിന് അദ്ദേഹത്തെ പ്രാപ്തനാക്കിയത് സംസ്കാരങ്ങളെ സമന്വയിപ്പിക്കാൻ അദ്ദേഹത്തിനുണ്ടായിരുന്ന ദർശനസിദ്ധിയായിരുന്നു. ക്രൈസ്തവസന്ന്യാസത്തിന് ഭാരതീയച്ഛായ നൽകിയ മാർ ഈവാനിയോസ് പിതാവിന്റെ സന്ന്യാസദർശനത്തിലേക്ക് ഒരു വിഹഗവീക്ഷണം നടത്തുകയാണിവിടെ.

**ഭാരതസന്ന്യാസം ഒരാമുഖം**

ഇൻഡ്യയിലെ സന്ന്യാസജീവിത ചരിത്രത്തിന് ആർഷഭാരത സംസ്കാരത്തോളംതന്നേ കാലദൈർഘ്യമുള്ള ഒരു പാരമ്പര്യം അ

www.malankaralibrary.com



വകാശപ്പെടാനാവും. ബ്രഹ്മസാക്ഷാത്കാരത്തിൽ ആനന്ദം കണ്ടെത്തുന്ന സർവ്വസംഗ പരിത്യാഗപൂർണമായ ഒരു ജീവിതശൈലിയാണ് ഭാരതത്തിലെ സന്ന്യാസത്തിന്റേത്. 'സംയഗ്പ്രാകാരേണ' (സമ്പൂർണം), 'ന്യാസ' (പരിത്യാഗം) എന്നീ ധാതുക്കളുടെ സംയോജനത്താൽ സൃഷ്ടിക്കപ്പെടുന്ന അർത്ഥഗർഭമായ ഒരു വാക്കാണ് സംസ്കൃതഭാഷയിൽ സന്ന്യാസം. സാർവ്വലൗകിക വ്യാപാരങ്ങളോടുള്ള വിരക്തിയും ദൈവസാക്ഷാത്കാരത്തിലുള്ള ആനന്ദവും സമന്വയിക്കാവുന്ന ഒരു ജീവിതശൈലിയാണ് ഭാരതത്തിൽ സന്ന്യാസം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. മനുസ്മൃതികർത്താവ് ആ ജീവിതത്തെ അവതരിപ്പിക്കുന്നതിങ്ങനെയാണ്, "സ്വഭവനം ഉപേക്ഷിച്ച്, സൗഹൃദബന്ധങ്ങളില്ലാതെ, ഏകനായി മോക്ഷപ്രാപ്തി ലക്ഷ്യംവച്ച് മുന്നേറുന്നവനാണ് സന്ന്യാസി.... ജീവിത-മരണചിന്തകൾക്കപ്പുറമായി കൂലി കാംക്ഷിക്കുന്ന വാല്യക്കാരനെപ്പോലെ തന്റെ നിയുക്തസമയം പാർത്തിരിക്കുന്നവനാണ് സന്ന്യാസി" (മനുസ്മൃതി. VI, 45). 'പുരാതനഭാരതത്തിലെ സന്ന്യാസം' എന്ന ഗ്രന്ഥത്തിൽ എം.ജി. ഭഗത് പറയുന്നു, "ഭൗതികസ്വത്തുക്കളെല്ലാം ഉപേക്ഷിച്ചുകൊണ്ട് ദൈവചിന്തയിലും ഭക്തിയിലുംമാത്രം ശ്രദ്ധിക്കുന്ന ഒരു ശൈലിയാണ് സന്ന്യാസജീവിതത്തിന്റേത്". പരിവ്രാജകൻ, ഭിക്ഷു, മുനി, സാധു എന്നീ സംജ്ഞകളിലൂടെ സന്ന്യാസജീവിതത്തിന്റെ വിവിധ ഭാവങ്ങൾ പുരാതന ഭാരതീയഗ്രന്ഥങ്ങളിൽ വിവരിക്കുന്നുണ്ട്. ഭാരതീയചിന്ത അനുസരിച്ച് സന്ന്യാസജീവിതത്തിന് അവശ്യം വേണ്ടവയെന്ന് കരുതപ്പെട്ടുപോന്ന സവിശേഷതകൾ താഴെപ്പറയുന്നവയാണ്: 1. *പരിത്യാഗം*- മർത്യൻ അമർത്യനാകുന്നത് പരിത്യാഗത്തിലൂടെയാണെന്നതാണ് ഭാരത സന്ന്യാസത്തിന്റെ പ്രഥമപാഠം. പുറംലോകത്തിൽനിന്നുള്ള ഒളിച്ചോട്ടമല്ല, മറിച്ച്, ആഗ്രഹങ്ങളെ ഏകാഗ്രമാക്കി ദൈവത്തിലേക്കുമാത്രം ശ്രദ്ധിക്കുന്നു എന്നാണിവിടെ അർത്ഥമാക്കുന്നത്. 2. *ധ്യാനം* - ബൃഹദാരണ്യകോപനിഷത്തിൽ ഇങ്ങനെ കാണുന്നു, "നിശ്ശബ്ദധ്യാനത്തിലൂടെ ഒരുവൻ ഈശ്വരസാക്ഷാത്കാരം സാധിക്കുന്നു" (III, 5:1). 3. *തപസ്സ്* - ഭാരതീയ ആചാര്യന്മാർ ആത്മനിയന്ത്രണത്തിലധിഷ്ഠിതവും ചിട്ടയുള്ളതുമായ ഒരു ജീവിതമാണ് തപസ്സ് എന്നതു

www.malankaralibrary.com



കൊണ്ട് വിവക്ഷിക്കുക. 4. *യോഗ*-ജ്ഞാന-കർമ്മ-ഭക്തി മാർഗ്ഗത്തിലൂടെ മനസ്സിന്റെയും ഇന്ദ്രിയങ്ങളുടെയും സചേതനമായ ഒരു ഐക്യം സ്ഥാപിക്കപ്പെടുന്നു. 5. *സമചിത്തത* - പൂർണമായ പരിത്യാഗത്തിലൂടെയും ആത്മസാക്ഷാത്കാരത്തിലൂടെയും ഒരു സന്ന്യാസി കൈവരിക്കുന്ന ആത്മസ്വാതന്ത്ര്യമാണിത്. 6. *ശാന്തതയും നിശ്ശബ്ദതയും* - എല്ലാ ലൗകിക ആകർഷണങ്ങളിൽനിന്നും വിമുക്തമായി ആത്മസ്വാതന്ത്ര്യത്തിൽ നിരന്തരം വ്യാപരിക്കുന്ന അവസ്ഥയാണിത്. 7. *അതിമാനുഷികത* - മാനുഷിക പരിമിതികൾക്കതീതമായ ഒരു സ്വാതന്ത്ര്യജീവിതം സന്ന്യാസി ആരംഭിക്കുന്നു. സാർവ്വലൗകികതയിൽനിന്നും സ്വയം അന്യവത്കൃതനാണെന്ന ബോധ്യത്തോടെ സന്ന്യാസി ലോകത്തിൽ ജീവിക്കുന്നു.

**ക്രിസ്തീയ സന്ന്യാസദർശനം**

ക്രൈസ്തവസഭയുടെ ആദിമകാലം മുതൽ തപോനിഷ്ഠമായ ജീവിതത്തെ തക്കതായ പ്രാധാന്യത്തോടെ സ്വീകരിച്ചിരുന്നു. മാർ ഈവാനിയോസ് പിതാവുതന്നെ ക്രിസ്തീയ സന്ന്യാസജീവിതത്തെപ്പറ്റി പ്രതിപാദിക്കുന്നതിങ്ങനെയാണ്, "ക്രിസ്തീയ സന്ന്യാസത്തിന്റെ അടിസ്ഥാനം ദൈവപുത്രനായ യേശു മിശിഹായുടെ മനുഷ്യാവതാരവും കുരിശിന്മേൽ നിർവഹിച്ച യാഗവും ആകുന്നു" (*മലങ്കര സന്ന്യാസജീവിത സഹായി*). ദൈവാത്മാവിനാൽ പൂരിതമാകുന്ന, സമർപ്പണജീവിതം ദൈവികമായിത്തീരുന്നു എന്ന ക്രൈസ്തവദർശനം മാർ ഈവാനിയോസ് പിതാവിനെ ഏറെ സ്വാധീനിച്ചിരുന്നു. അദ്ദേഹം എഴുതി, "നമ്മുടെ കർത്താവിനെ അനുഗമിക്കുന്നവർ അങ്ങേ അടുക്കൽ ആഴമായ ഭക്തിയോടും തുടർച്ചയായ യോജിപ്പിലും ജീവിക്കുമ്പോൾ അങ്ങേ ആത്മാവ് അവനിൽ വ്യാപിക്കുകയും അങ്ങയുടെ നേരേ കേവലം സ്നേഹവും നന്ദിയും വർദ്ധിച്ചിട്ട് അവിടുന്നു ജീവിച്ചതുപോലെ ജീവിക്കാൻ പ്രേരിതരായിത്തീരുകയും ചെയ്യുന്നു" (*മലങ്കര സന്ന്യാസജീവിത സഹായി*). അതുപോലെ ക്രൈസ്തവസന്ന്യാസത്തിന് അനിവാര്യമായ മറ്റൊരു ഘടകമാണ് പരിത്യാഗമെന്നു മാർ ഈവാനിയോസ് പിതാവ് വിശ്വസിച്ചിരുന്നു. "ത്യാഗം കൊണ്ടല്ലാതെ അനന്യ സാധാരണമായ ദൈ

www.malankaralibrary.com



വസാമീപ്യം ലഭിക്കാവതല്ല. ദൈവവുമായി അടുത്തുനില്ക്കണമെന്നുള്ളവർ സകലത്തിലും യേശുമിശിഹായെ അനുകരിച്ചേ മതിയാവുകയുള്ളൂ. ഗാഗുൽത്താമലമേൽ കാണപ്പെടുന്ന സ്വയപരിത്യാഗത്തിന്റെ അച്ഛസ്ഫടികമായ മാതൃക അവന്റെ ഉള്ളിൽ പ്രതിഫലിക്കപ്പെടണം.... സ്വയമേവ തങ്ങളെത്തന്നെ ദൈവത്തിനായി പ്രതിഷ്ഠിച്ചിട്ടുള്ള സന്യാസികളടങ്ങിയ ഒരു സമൂഹം തന്നെയാണ് വേണ്ടതെന്നും ദൈവതിരുവിഷ്ടം അതാണെന്നും അതിനാൽ അതാണ് ജീവിതാദർശമായിരിക്കേണ്ടതെന്നും അതിനായിട്ടുവേണം ശിഷ്ടായുസ്സിനെ വിനിയോഗിപ്പാനെന്നും നാം ദൈവകൃപയെ അവലംബിച്ചുകൊണ്ട് നിശ്ചയിച്ചു" (*ഗിരിദീപം*).

ദൈവാരാധന, അനുസരണം, നിസ്സീമമായ സ്നേഹം, ആഴമായ താഴ്മ, സ്വയപരിത്യാഗം, സന്തോഷപൂർണമായ സമാധാനം. യേശുമിശിഹായിൽ വിരാജിച്ചിരുന്ന ഈ മൂല്യങ്ങൾ ക്രൈസ്തവ സന്ന്യാസിയുടെ ജീവിതാദർശങ്ങളായിരിക്കണമെന്ന ബോധ്യം മാർ ഈവാനിയോസ് പിതാവിനുണ്ടായിരുന്നു.

**നവസന്ന്യാസത്തിന്റെ വഴിത്താരകൾ**

"ഒട്ടധികം ദിവസങ്ങളിലെയും മാസങ്ങളിലെയും പര്യവേഷണങ്ങളുടെയും പര്യാലോചനകളുടെയും പ്രാർത്ഥന, വി. കുർബാന എന്നിവയുടെയും ഫലമായി ദൈവത്തിൽനിന്നും ലഭിക്കപ്പെട്ട പ്രസ്തുത ആദർശത്തെ (സന്ന്യാസ ജീവിതം) നാം ഒരു അമൂല്യ നിധിയെന്നവണ്ണം വിലമതിക്കുകയും അതിനെ വ്യാപാരം ചെയ്യുവാനുള്ള പരിജ്ഞാനത്തെ തേടുവാൻ ഉദ്യമിക്കുകയും ചെയ്തു" (*ഗിരിദീപം*). കേവലം നൈമിഷികമായ ചില തോന്നലുകളുടെ ആവിഷ്കരണം മാത്രമായിരുന്നില്ല മാർ ഈവാനിയോസ് പിതാവിന്റെ സന്ന്യാസദർശനം. മേൽ വിവരിച്ച രണ്ട് സന്ന്യാസജീവിത ശൈലികളെ (ഭാരതീയ-ക്രിസ്തീയ) ക്കുറിച്ചും ശരിയായി പഠിച്ചശേഷം ഉൾക്കൊണ്ട തനതായ ദർശനമായിരുന്നു അത്.

കത്തോലിക്കാസഭയിലെ സന്ന്യാസജീവിത ശൈലിയെക്കുറിച്ച് പുരാതന സന്ന്യാസഗ്രന്ഥങ്ങളിൽനിന്നും നിയമാവലികളിൽനിന്നും അഭിവന്ദ്യ പിതാവ് ശരിക്കും വായിച്ചറിഞ്ഞു. മാർ ബസേലി

www.malankaralibrary.com



യോസിന്റെയും മറ്റും സന്ന്യാസനിയമങ്ങൾ പിതാവ് പഠനവിധേയമാക്കിയെന്നുവേണം കരുതുവാൻ.

ചെറുപ്പകാലംമുതൽ ആർഷഭാരത സംസ്കാരവുമായി ഇടപഴകിയിരുന്ന അഭിവന്ദ്യ പിതാവ് ക്രൈസ്തവസന്ന്യാസത്തെ ഭാരതീയദർശനവുമായി സമന്വയിപ്പിക്കാനുള്ള പരിശ്രമമാണ് നടത്തിയത്. ഹൈന്ദവ സന്ന്യാസാദർശമുൾക്കൊള്ളുന്ന ഗ്രന്ഥങ്ങൾ വായിക്കുന്നതിന് പിതാവ് ശ്രദ്ധിച്ചിരുന്നു. വിശ്വഭാരതിയിൽ പോയി മഹാകവി രവീന്ദ്രനാഥ ടാഗോറുമായി സന്ന്യാസജീവിതത്തെക്കുറിച്ച് സംഭാഷണം നടത്തുന്നതിന് പിതാവ് സമയം കണ്ടെത്തിയിരുന്നു. ശാന്തിനികേതൻ പലതവണ സന്ദർശിച്ചിട്ടുള്ളതായി ജീവചരിത്രത്തിൽ നാം വായിക്കുന്നു. മഹാത്മാഗാന്ധിയാൽ സ്ഥാപിതമായ സബർമതി ആശ്രമം, രാമകൃഷ്ണ മിഷൻ ആശ്രമം തുടങ്ങിയവയും സന്ദർശിച്ച് സന്ന്യാസജീവിതാദർശങ്ങളുൾക്കൊള്ളാൻ പിതാവ് പരിശ്രമിച്ചിരുന്നു. ഈ പര്യവേക്ഷണങ്ങളുടെയെല്ലാം ഫലമായി ഭാരതീയ സന്ന്യാസ ദർശനമെന്തെന്നു വ്യക്തമായ ഒരു ധാരണ പിതാവിനു ലഭിച്ചു. “ജനനിബിഡമായ പ്രദേശങ്ങളിൽനിന്നും ഒഴിഞ്ഞ് പർവതസാനുക്കളിലും വനപ്രദേശങ്ങളിലും പർണ്ണശാലകൾ കെട്ടി, ജപതപാദികളിൽ മുഴുകി ജീവിച്ചിരുന്ന സന്ന്യാസിമാരുടെ ജീവിതശൈലിയായിരുന്നു ആർഷസംസ്കാരത്തിന്റെ പൈതൃകം” എന്നു പിതാവ് മനസ്സിലാക്കി.

പൗരസ്ത്യക്രൈസ്തവ പാരമ്പര്യത്തിൽ ഉറച്ചുനിന്നുകൊണ്ട് ഭാരതസംസ്കാരത്തിന്റെ മൂല്യങ്ങളുൾക്കൊള്ളുന്ന സന്ന്യാസ സമൂഹങ്ങൾക്ക് രൂപം നല്കുവാൻ പിതാവ് തീരുമാനിച്ചു. അപ്പസ്തോലിക പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആർഷഭാരത സന്ന്യാസ ജീവിതശൈലി ഏറെ ഫലപ്രദമാണെന്നു മനസ്സിലാക്കിയാണ് ഈ തീരുമാനം പിതാവ് കൈക്കൊണ്ടത്.

### സാക്ഷാത്കാരം മുണ്ടൻമലയിൽ

ഭാരതീയശൈലിയിലുള്ള ക്രൈസ്തവ സന്ന്യാസാശ്രമത്തെക്കുറിച്ച് മാർ ഈവാനിയോസ് പിതാവിനുണ്ടായിരുന്ന സ്വപ്നം 1920-ലെ പെന്തക്കുസ്താനാളിൽ, പെരുനാട് മുണ്ടൻമലയിൽ കെ

www.malankaralibrary.com



ട്ടിയുണ്ടാക്കിയ പർണശാലയിൽ സാക്ഷാത്കൃതമായി. പുരാതന ഋഷിമാരുടെ സന്ന്യാസാശ്രമങ്ങളെ അനുസ്മരിപ്പിക്കും വിധം "പമ്പാനദിയുടെയും കക്കാട്ടാറിന്റെയും സംഗമസ്ഥാനത്തുനിന്നും അല്പം കിഴക്കുമാറി, ഉയർന്നുപൊങ്ങിനില്ക്കുന്നതും കുറ്റിക്കാടുകളാൽ നിബിഡവും" ആയ സ്ഥലത്ത് പ്രഥമ ബഥനി ആശ്രമം സ്ഥാപിതമായി. ഭാരതീയതയെയും ക്രൈസ്തവികതയെയും സമന്വയിപ്പിക്കുന്ന ഒരു ജീവിതക്രമമാണിവിടെ ഉണ്ടായിരിക്കേണ്ടതെന്ന നിഷ്കർഷ അഭിവന്ദ്യപിതാവിനുണ്ടായിരുന്നു.

1917 നവംബർ 25-ന് സെറാമ്പൂരിൽനിന്നും വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന് അയച്ച കത്തിൽ എം.എ. അച്ചൻ (മാർ ഈവാനിയോസ്) സന്ന്യസ്തരുടെ വേഷത്തെ സംബന്ധിച്ച് ഇപ്രകാരം എഴുതി: "ഇൻഡ്യയിൽ ഏതു ഭാഗത്തും ചേരുന്ന വേഷമായിരിക്കണം. ഈ നാടിനു ചേരുന്നതായിരിക്കണം. പരദേശികളുടേതെന്ന് ആരും കുറ്റം പറയാത്തതായിരിക്കണം. എത്രയും ചെലവു കുറഞ്ഞതായിരിക്കണം" (*ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്,* വാല്യം 1). സന്ന്യാസസമൂഹങ്ങൾക്ക് ആശ്രമം, മഠം എന്നീ പേരുകൾ നല്കിയതിനു പിന്നിലും മാർ ഈവാനിയോസ് പിതാവിന്റെ ഭാരതീയവീക്ഷണമാണ് ദർശിക്കുക. സന്ന്യാസജീവിതക്രമത്തിലും ബഥനി ആശ്രമത്തിലും ഭാരതീയശൈലി നിലനിർത്തിപോന്നിരുന്നു. "കഠിനാദ്ധ്വാനം, ഉപവാസം, പഠനം, പ്രാർത്ഥന എന്നിവയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള" ഒരു ജീവിതമായിരുന്നു മുണ്ടൻമലയിലെ ആശ്രമസ്തരുടേത്. സാംസ്കാരികാനുരൂപണത്തിന്റെ അലയടികൾ കേരളക്കരയിലുയരുന്നതിന് ദശാബ്ദങ്ങൾക്കു മുമ്പുതന്നെ, കുടിലുകളിലെ താമസവും മൺചട്ടികളിൽ വിളമ്പിയിരുന്ന സസ്യഭക്ഷണവും മുണ്ടൻമലയിൽ ആരംഭിച്ചിരുന്നുവെന്നോർക്കണം. "ക്രൈസ്തവലോകത്തിന്റേതെന്നല്ല ഇതര മതവിഭാഗങ്ങളുടെയും സവിശേഷമായ ശ്രദ്ധയും ആദരവും ആകർഷിച്ച ബഥനിപ്രസ്ഥാനം ഒരു സാമൂഹിക കോളിളക്കം തന്നെ ഉണ്ടാക്കിയതാണ്... എം.എ. അച്ചൻ കാവിവസ്ത്രവും മൺചട്ടിയുമായി, മഹാകവി ടാഗോറിന്റെ വിശ്വഭാരതിയെയും മഹാത്മാഗാന്ധിയുടെ സബർമതി ആശ്രമത്തെയും അനുസ്മരിപ്പിക്കുന്ന റാന്നിയിലെ ബഥനിക്കുന്നിൽ ആസ്ഥാ

www.malankaralibrary.com



നമുറപ്പിച്ചപ്പോൾ സമുദായ ഭക്തർക്ക് അതൊരു തീർത്ഥാടന കേന്ദ്രമായിരുന്നു" (*ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്,* വാല്യം.1).

**പ്രകാശദീപമായി**

ജീവിത ദർശനത്തിലും ആദർശങ്ങളിലും നമുക്കൊരു വിസ്മയമായി മാർ ഈവാനിയോസ് പിതാവ് മുന്നിൽ നിൽക്കുന്നു. ആ ആദർശങ്ങളും ജീവിതശൈലിയും സാക്ഷാത്കൃതമാക്കുവാനുള്ള കർമ്മവീഥികളാണ് പിതാവ് നമുക്കു മുന്നിൽ തുറന്നിട്ടിട്ടുള്ളത്. ഈ ദർശന സാക്ഷാത്കാരത്തിൽ മലങ്കര കത്തോലിക്കരുടെ സഭാനിയോഗം അടങ്ങിയിരിക്കുന്നു എന്നു പറയാം. ഈ സാക്ഷാത്കാരം സംഭവിക്കേണ്ടത് സഭാസന്താനങ്ങളായ നാമോരോരുത്തരുടെയും ജീവിതശൈലിയിൽ തന്നെയാണെന്ന ബോധ്യം നമുക്കു സ്വന്തമാക്കാം. ഈ ബോധ്യസമ്പത്തിന്റെ ഉടമയാകുമ്പോൾ മലങ്കര കത്തോലിക്കാ സഭ അതിന്റെ വ്യക്തിത്വം നിലനിർത്തുന്നതോടൊപ്പം ഒരു സാക്ഷ്യസമൂഹമായി കേരളക്കരയിൽ പ്രശോഭിക്കുകയും ചെയ്യും. ഈ പാതയിൽ നമ്മുടെ സന്ന്യാസസമൂഹങ്ങൾ വഴിവിളക്കുകളായി നിലകൊള്ളുന്നു എന്നതിൽ നമുക്കഭിമാനിക്കാം.

(1996 ജൂലൈ 15-ന് ദീപികദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ഈ ലേഖനം മാർ ഈവാനിയോസ് പിതാവിനെ ഒരു ദാർശനികനായി അവതരിപ്പിക്കുന്ന പ്രഥമ പഠനമായിരുന്നു)

www.malankaralibrary.com



# 12
# ധനികർക്കു ദൈവരാജ്യം അന്യമോ?



പ്രകൃതി കനിഞ്ഞു നൽകിയിരിക്കുന്ന വിഭവസമൃദ്ധി ഉപയോഗപ്പെടുത്തി ദരിദ്രരുടെ കൂടി ഉന്നമനത്തെ ലാക്കാക്കിയുള്ള പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് യേശുരാജ്യത്തിന്റെ പ്രേഷിതരാകുക. ഇത് ആണ് ഇന്നത്തെ ക്രിസ്ത്യാനിയുടെ സുപ്രധാന ദൗത്യം.

**സാ**മൂഹിക വേർതിരിവുകൾക്കും സാമ്പത്തിക ഉച്ചനീചത്വങ്ങൾക്കും അതീതമായി, സുവിശേഷ പ്രകാശം എല്ലാവർക്കും ലഭ്യമാകണം. അതായിരുന്നു യേശുവിന്റെ അഭീഷ്ടം.

"അനന്തരം കർത്താവ് വേറെ എഴുപത്തിരണ്ടുപേരെ തിരഞ്ഞെടുത്ത് താൻ പോകാനിരുന്ന നാട്ടിൻപുറങ്ങളിലേക്കും പട്ടണങ്ങളിലേക്കും അവരെ അയച്ചു" (ലൂക്കാ 10:1). നാട്ടിൻപുറങ്ങളെന്നോ, പട്ടണങ്ങളെന്നോ വ്യത്യാസമില്ലാതെ എല്ലായിടത്തും

www.malankaralibrary.com



പ്രഘോഷിക്കപ്പെടേണ്ട സദ്വാർത്തയാണ് യേശുവിന്റെ സുവിശേഷം.

തന്റെ പ്രസംഗങ്ങളിലും ഉപദേശങ്ങളിലും യേശു ധനികരെ നിശിതമായി വിമർശിക്കുന്നു. സമാന്തര സുവിശേഷകന്മാരായ മത്തായിയും മർക്കോസും ലൂക്കായും വരച്ചുകാട്ടുന്ന യേശുവിന്റെ ചിത്രം ദരിദ്രരുടെ സ്നേഹിതന്റേതാണ്, ആലംബഹീനർക്ക് അത്താണിയായവന്റേതാണ്. യേശുവിനെ അനുഗമിക്കുവാൻ ആഗ്രഹിച്ച് ഇറങ്ങിത്തിരിച്ച ധനികന്റെ കഥ ഈ മൂന്നു സുവിശേഷങ്ങളിലും വിവരിക്കുന്നു (മത്താ. 19: 16.30; മർക്കോ. 10:17.22; ലൂക്കാ. 18: 18.30). നിത്യജീവൻ പ്രാപിക്കുന്നതിന് കല്പനകൾ പാലിക്കുന്നതിനുപുറമേ യേശു ധനികനോട് ഇങ്ങനെയും ആവശ്യപ്പെടുന്നു: “നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക.” ഇതുകേട്ട് വ്യാകുലചിത്തനായി മടങ്ങിപ്പോകുന്ന ധനികനെ നോക്കി യേശു പറയുന്നു: *“ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നത് എത്രയോ പ്രയാസം”* (ലൂക്കാ 18:25). *ഈ വസ്തുതകൾ വെളിവാക്കുന്നത് യേശു ധനികരെ വെറുത്തിരുന്നു എന്നാണോ? യേശു പ്രസംഗിച്ച നീതിയുടെ ദൈവരാജ്യത്തിന്റെ വാതിലുകൾ ധനികർക്കു മുന്നിൽ അടയ്ക്കപ്പെട്ടിരിക്കുന്നു എന്നാണോ? തീർച്ചയായും അല്ല.*

**അന്തരംഗത്തെ വിലയിരുത്തുന്ന യേശു**

യേശുദർശനത്തിൽ ഏറെ പ്രാധാന്യം കല്പിക്കുന്ന ഒരു ഘടകം മനുഷ്യനിലെ ആന്തരിക നന്മയാണ്. മനുഷ്യന്റെ അന്തരംഗമാണ് യേശുവിന്റെ പരിശോധനയ്ക്ക് വിധേയമാകുന്നത്. ധനിക-ദരിദ്ര വ്യത്യാസമില്ലാതെ നിരന്തരം മനുഷ്യാത്മാവുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്ന ദൈവികചൈതന്യമാണ് യേശുവിൽ കാണാൻ കഴിയുക. മനോഭാവത്തെ വിലയിരുത്തുന്ന യേശുവിന്റെ ദൃഷ്ടിയിൽ ധനാരാധകനായ ദരിദ്രനെക്കാൾ ദൈവിക സ്നേഹത്തിലും മാനുഷിക സാഹോദര്യത്തിലും അടിയുറച്ച് സത്യസന്ധമായ ജീവിതം നയിക്കുന്ന ധനികനാണ് ശ്രേഷ്ഠൻ. “ഉള്ളവന് കൂടുതൽ നൽകപ്പെടുന്നു. ഇല്ലാത്തവനിൽനിന്നു ഉള്ളതുകൂടി എടുക്കപ്പെടുന്നു.” മനുഷ്യമനസ്സിന്റെ ആന്തരികചോദനകളെ “രഹസ്യത്തിൽ കാണുന്ന” പിതാവിൻെറ പുത്രനാണ് യേശു.

www.malankaralibrary.com



സമ്പത്തോ ദാരിദ്ര്യമോ അല്ല മനുഷ്യരക്ഷയുടെ മാനദണ്ഡം. രക്ഷയ്ക്കു വേണ്ടത് ആത്മപരിശുദ്ധിയാണ്. ചില ധനികരെ യേശു അപലപിച്ചെങ്കിൽ, അവർ തങ്ങളുടെ മനോഭാവത്താൽ സ്വയംരക്ഷയിൽ നിന്ന് ഓടി അകന്നവരായിരുന്നു. തന്റെ സ്വത്തെല്ലാം വാരിക്കൂട്ടിവയ്ക്കുന്നതിന് അറപ്പുരകൾ വലുതാക്കി പണിയിക്കുന്ന സുഖലോലുപതയിൽ അഴിഞ്ഞാടാൻ തന്റെ ആത്മാവിനെ അനുവദിക്കുന്ന ധനികനെയാണ് യേശു 'ഭോഷാ' എന്നു വിളിക്കുന്നത് (ലൂക്കാ. 12:16.21). നരകത്തീയിൽ കിടന്ന് ഇത്തിരി വെള്ളത്തിനു വേണ്ടി കേണപേക്ഷിക്കുന്ന ധനവാന്, ഭൂമിയിലായിരുന്നപ്പോൾ തന്റെ കാൽച്ചുവട്ടിൽ കിടന്ന യാചകനായ ലാസറിനെ കാണാൻ കണ്ണില്ലായിരുന്നു (ലൂക്കാ 16:19–31). ധനം അതിൽത്തന്നെ രക്ഷയുടെ പാതയിൽ ഒരു വിലങ്ങുതടിയല്ല; ധനമാണ് സർവ്വസ്വവും എന്ന ധനികമനഃസ്ഥിതിയാണ് ദൈവരാജ്യത്തിൽ നിന്നും ധനവാനെ അന്യനാക്കുന്നത്. ധനവാൻ ആത്മാവിൽ ശുദ്ധിയുള്ളവനെങ്കിൽ രക്ഷ അവന്റെയും അവകാശമാണ്.

**ചഞ്ചലചിത്തനായ മനുഷ്യൻ**

സമ്പൂർണ്ണ സമർപ്പണമാണ് യേശുശിഷ്യത്വത്തിന്റെ അടിസ്ഥാനം. ഈ സർപ്പണത്തിൽനിന്നും പിന്തിരിപ്പിക്കുന്ന എല്ലാ ശക്തികളെയും വിട്ട് ശിഷ്യൻ ഓടിയകലേണ്ടിയിരിക്കുന്നു. ചഞ്ചലപ്രകൃതിയായ മനുഷ്യന് സമ്പത്ത് വച്ചുനീട്ടുന്ന സുഖലോലുപതകൾ ആസ്വദിച്ചുകൊണ്ടു കഴിയുമ്പോൾ ദൈവികനായിരിക്കുക സാധ്യമല്ലെന്ന് വന്നേക്കാം. ഈ ഉൾക്കാഴ്ചയുടെ പശ്ചാത്തലത്തിലാണ് യേശു ധനിക യുവാവിനോട് പറയുന്നത്: "നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക." ആ യുവാവിന്റെ മനസ്സിൽ നടന്ന സംഘർഷത്തിൽ ദൈവാന്വേഷണം ധനമോഹത്തിന് അടിയറവു പറയുന്നു. നൊമ്പരപ്പെട്ടു മടങ്ങിപ്പോകുന്ന യുവാവിനെ നോക്കി യേശു പറഞ്ഞു: "ധനവാൻ ദൈവരാജ്യത്തിൽ കടക്കുക എത്രയോ പ്രയാസം?"

ദൈവത്തെയും മാമോനെയും സേവിക്കുവാൻ ഒരു മനുഷ്യന് ഒരേസമയം സാധിക്കുകയില്ല. ധനമെന്ന വിഗ്രഹത്തിനു മുന്നിൽ

www.malankaralibrary.com



പൂവിട്ടു പൂജിക്കുന്ന ധനികന്റെ മനോവിചാരങ്ങൾ ദൈവികമായിരിക്കാൻ ഇടയില്ല. ഇവിടെയാണ് യേശു പറയുന്നത്: “ധനികരേ, നിങ്ങൾക്കു ഹാ കഷ്ടം.” കാരണം, ധനികന്റെ രക്ഷ തീവ്രമായ പ്രലോഭനങ്ങൾക്കു നടുവിൽ ആത്മപരിശുദ്ധിയോടെ ജീവിക്കുന്നതിലാണ്. ധനികൻ ധനാരാധകനാകുമ്പോൾ രക്ഷയുടെ കവാടം അവനുനേരേ കൊട്ടിയടയ്ക്കപ്പെടുന്നു. രക്ഷാകവാടത്തിന്റെ ഓടാമ്പൽ അവനു വേണ്ടി ഇനിയും നീക്കാൻ അവനു മാത്രമേ കഴിയുകയുള്ളു. സക്കേവൂസിനെപ്പോലെ മാനസാന്തരത്തിലൂടെ.

**രക്ഷ പ്രാപിച്ച ധനികർ**

രക്ഷ ധനികർക്കെല്ലാം നിഷിദ്ധമല്ലെന്നതിന് സുവിശേഷങ്ങളിൽതന്നെ വേണ്ടുവോളം ഉദാഹരണങ്ങളുണ്ട്. രക്ഷ പ്രാപിക്കുന്ന സക്കേവൂസ് തന്റെ സ്വത്തു മുഴുവൻ ദരിദ്രർക്കായി പങ്കുവയ്ക്കുന്നില്ല (ലൂക്കാ 19:1-10). ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ വിലയേറിയ കാഴ്ചദ്രവ്യങ്ങളുമായി ദൈവപുത്രനെ ആരാധിക്കാനെത്തുന്ന ധനികവിജ്ഞാനികൾ ദൈവരാജ്യത്തിന് അന്യരാണെന്ന് പറയാനാവില്ല. യേശുവിന്റെ കബറടക്കത്തിന് വിലപിടിപ്പുള്ള സുഗന്ധദ്രവ്യങ്ങളും വാങ്ങിയെത്തിയ അരിമത്യാക്കാരൻ ജോസഫ് ധനവാനായിരുന്നിരിക്കണം.

തന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ പ്രതിരൂപമായി യേശു ചൂണ്ടിക്കാട്ടുന്ന ധൂർത്തപുത്രന്റെ പിതാവും (ലൂക്കാ 15:11-32) തോട്ടത്തിലേക്ക് വേലക്കാരെ അന്വേഷിച്ചിറങ്ങുന്ന മനുഷ്യനും തന്റെ സേവകന്മാരുടെ കണക്കു തീർക്കുവാനാഗ്രഹിക്കുന്ന രാജാവും (മത്താ. 18:23.25) ധനികരായിരുന്നു.

**ആത്മപരിശുദ്ധിയും ദൈവരാജ്യ പ്രവേശവും**

സമ്പൂർണ സമർപ്പണത്തിലൂടെ ദൈവികതയിലേക്കു വളരുവാൻ വിളിക്കപ്പെട്ടിരുന്ന മനുഷ്യന് സഹോദരസ്നേഹം കൂടാതെ ഈ ലക്ഷ്യം അപ്രാപ്യമാണ്. സാഹോദര്യത്തിലൂടെ മനുഷ്യജാതിയെ ഒന്നാകെ ദൈവരാജ്യ മഹത്ത്വത്തിലേക്ക് നയിക്കുന്നതിൽ ധനികർക്കുള്ള ഉത്തരവാദിത്തം വലുതാണ്. ധനവാൻ ഭാഗ്യവാനാ

www.malankaralibrary.com



കുന്നത് തന്റെ കാര്യസ്ഥതയിൽ (Stewardship) ഏല്പിച്ചിരിക്കുന്ന സ്വത്ത് ചുറ്റുമുള്ള ദരിദ്രർക്കു കൂടി ഉപയുക്തമാകത്തക്ക രീതിയിൽ ഉപയോഗിക്കുമ്പോഴാണ്. "നീ ഒരു സദ്യയോ അത്താഴവിരുന്നോ കൊടുക്കുമ്പോൾ വികലാംഗർ, ദരിദ്രർ, മുടന്തർ, കുരുടർ എന്നിവരെ വിളിക്കുക, അപ്പോൾ നീ ഭാഗ്യവാനാകും" (ലൂക്കാ 14:12-14). അത്താഴവിരുന്നു നടത്തുന്ന ധനികനും (അത്താഴവിരുന്നു ചെലവുള്ളതാണല്ലോ) ഭാഗ്യവാനാകും. ദരിദ്രരെ സ്നേഹിക്കുന്നതിലൂടെ അയാൾ ആത്മപരിശുദ്ധി പ്രാപിക്കുന്നു. ധനവാന്റെ ദൈവരാജ്യപ്രവേശനത്തിന് ദരിദ്രരോടുള്ള സ്നേഹം അനിവാര്യമാണെന്ന വസ്തുത ഇവിടെ അടിവരയിട്ട് സ്ഥാപിക്കപ്പെടുന്നു.

ദൈവരാജ്യം ശൂന്യതയിൽനിന്നും ഉരുത്തിരിയുന്ന യാഥാർത്ഥ്യമൊന്നുമല്ല. കടുകുമണിപോലെ ആരംഭിച്ച് വടവൃക്ഷംപോലെ വളർന്നു വലുതാകുന്ന ദൈവരാജ്യം (മത്താ. 13:18-19) ദൈവസ്നേഹത്താൽ സമ്പന്നമായ മനുഷ്യസമൂഹം വളർന്ന് പൂർണത പ്രാപിക്കുമ്പോഴാണ് സമാഗതമാകുന്നത്. ഇതുകൊണ്ടാണ് ധനമോഹജടിലമായ മനോഭാവത്തോടെ തന്റെ ചുറ്റുമുള്ള പട്ടിണിപ്പാവങ്ങൾക്കു നേരേ കണ്ണുകൾ പൂട്ടി, മനുഷ്യന്റെ സാമൂഹിക ബന്ധങ്ങളിൽ നിന്നും സ്വയം അന്യവത്കരിച്ച് കഴിയുന്ന ധനികൻ ദൈവരാജ്യത്തിന് അന്യനാണെന്നു യേശു പറയുന്നത്. എന്നാൽ സാർവത്രിക മനുഷ്യസ്നേഹത്താൽ പ്രേരിതനായി സമൂഹത്തിന്റെ മുഖ്യധാരയിൽ ഉൾപ്പെട്ട് സമൂഹത്തെ മുഴുവൻ ദൈവരാജ്യസമാഗമത്തിലേക്ക് നയിക്കുമ്പോൾ ധനികനും രക്ഷ കരഗതമാകുന്നു. ഇതുവഴി സ്വയം രക്ഷപ്രാപിക്കുന്നതോടൊപ്പം, ദാരിദ്ര്യത്തിൻെറ കൂടപ്പിറപ്പായ നിരാശയിൽ നിപതിച്ച, ദൈവവിശ്വാസംപോലും നഷ്ടപ്പെട്ട മനുഷ്യരെ ക്രിസ്തീയ പ്രത്യാശ നൽകി ദൈവരാജ്യത്തിലേക്ക് കൈപിടിച്ചുയർത്തുന്നതിനും ധനികർക്കു സാധിക്കുന്നു.

**ഇടുങ്ങിയ കവാടം തുറക്കുന്നു**

ഭാരതജനസംഖ്യയിൽ 25 ശതമാനത്തിലധികം ഇന്നും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. ധനിക ദരിദ്ര വിടവ് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നഗരങ്ങൾ വളരുന്നു. ധനികരുടെ ഉദാരതയ്ക്കും വിശാ


www.malankaralibrary.com



ല മനസ്കതയ്ക്കും സമൂഹത്തിന്റെ സമഗ്ര സമുദ്ധാരണത്തിൽ എത്ര വലിയ പങ്കാണ് വഹിക്കാനുള്ളതെന്ന് ഇവിടെ വ്യക്തമാക്കപ്പെടുന്നു. വർദ്ധിച്ചുവരുന്ന ദാരിദ്ര്യത്തിനുനേരേ കണ്ണടയ്ക്കുന്ന ധനികമനഃസ്ഥിതിക്ക് യേശുവിന്റെ ശാപത്തിൽനിന്നും മോക്ഷമില്ല. തങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന സമ്പത്തിന്റെ കാര്യവിചാരകന്മാർ മാത്രമാണ് തങ്ങളെന്ന ബോധ്യത്താൽ പ്രേരിതരായി തങ്ങളുടെ സ്വത്ത് പൊതുനന്മയ്ക്കായി ഉപയോഗിക്കുവാൻ സാമ്പത്തികമായി മേലേക്കിടയിലുള്ളവർ മുന്നോട്ടു വരേണ്ടിയിരിക്കുന്നു. *പ്രകൃതി കനിഞ്ഞു നൽകിയിരിക്കുന്ന വിഭവസമൃദ്ധി ഉപയോഗപ്പെടുത്തി ദരിദ്രരുടെ ഉന്നമനത്തെ ലാക്കാക്കിയുള്ള പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് യേശുരാജ്യത്തിന്റെ പ്രേഷിതരാകുക. ഇത് ഇന്നത്തെ ക്രിസ്ത്യാനിയുടെ സുപ്രധാന ദൗത്യം ആണ്. ഇവിടെ ദൈവരാജ്യത്തിന്റെ ഇടുങ്ങിയ കവാടം ധനികർക്കായി തുറക്കപ്പെടുന്നു.*

www.malankaralibrary.com

# 13
# മനുഷ്യമനഃസാക്ഷിയോട് സഭ സംസാരിക്കുന്നു




**ധാർമ്മികമൂല്യങ്ങളുടെ പ്രചാരണം പ്രേഷിതവൃത്തിയുടെ അനിവാര്യഘടകമായി പരിണമിക്കേണ്ടിയിരിക്കുന്നു. അധാർമ്മികതയ്ക്കും അനീതിക്കും എതിരേ ക്രിയാത്മകമായി പ്രതികരിച്ച് ജീവൻ ബലികഴിച്ച ക്രൂശിതന്റെ വ്യക്തിത്വം നമ്മുടെ സുവിശേഷ പ്രഘോഷണങ്ങളിൽ നിറഞ്ഞുനിൽക്കട്ടെ.**

**സെ**ന്റ് പീറ്റേഴ്സ് സ്ക്വയറിൽ 1993 ഒക്ടോബർ മൂന്നിന് ത്രികാലജപത്തിന് ഒരുമിച്ചുകൂടിയ സമൂഹത്തോട്, ജോൺപോൾ രണ്ടാമൻ മാർപാപ്പ 'വേരിത്താത്തിസ് സ്പ്ലെൻദോർ' (സത്യത്തിന്റെ പ്രഭ) എന്ന ചാക്രികലേഖനത്തെക്കുറിച്ചു പറഞ്ഞ വാക്കുകളാണ് ഈ ലേഖനത്തിന്റെ ശീർഷകം. ഒക്ടോബർ 5-ന് ഈ പ്രമാണരേഖ പ്രസിദ്ധീകൃതമായി. ധർമ്മച്യുതിയുടെയും ആപേക്ഷിക സിദ്ധാന്തങ്ങളുടെയും കേളീരംഗമായി മാറിയിരിക്കുന്നു ആധുനിക ലോകം. ഇന്നിന്റെ ചില ദു

www.malankaralibrary.com



ഷ്പ്രവണതകൾക്കെതിരേ ക്രിയാത്മകമായി പ്രതികരിക്കുന്നതിന് മനുഷ്യമനഃസാക്ഷിയെ തട്ടിയുണർത്തുകയായിരുന്നു പാപ്പ. ആധുനിക മനുഷ്യൻ മനസ്സിന്റെ അടിത്തട്ടിൽ മനഃപൂർവ്വം പൂഴ്ത്തിവച്ചിരിക്കുന്ന ധർമ്മബോധത്തെ വി. ഗ്രന്ഥത്തിലെ ധാർമ്മികപ്രബോധനങ്ങളുടെ പിൻബലത്തോടെ വെളിച്ചത്തുകൊണ്ടുവരുവാനുള്ള പരിശ്രമം. ഇതിലൂടെ ആധുനിക ലോകത്തിൽ സഭയ്ക്കുള്ള അനിവാര്യദൗത്യം  നിർവ്വഹിക്കപ്പെടുകയായിരുന്നു.

**സഭ മാർഗസമൂഹം**

'ക്രിസ്തുമത'ത്തിന് ആ പേര് ലഭിക്കുന്നതിന് മുൻപ് അറിയപ്പെട്ടിരുന്നത് മാർഗം എന്ന സംജ്ഞയിലാണ്. സഭയുടെ ആരംഭചരിത്രമുൾക്കൊള്ളുന്ന അപ്പസ്തോലപ്രവർത്തനങ്ങളിൽ കുറഞ്ഞത് ആറു സ്ഥലങ്ങളിലെങ്കിലും ഈ പ്രയോഗം കണ്ടെത്താം. തന്റെ കഴിഞ്ഞകാല ജീവിതത്തെക്കുറിച്ച് വി. പൗലോസ് ശ്ലീഹ അനുസ്മരിപ്പിക്കുന്നതിങ്ങനെയാണ്: "ഈ മാർഗ്ഗത്തെ നാമാവശേഷമാക്കത്തക്കവിധം പീഡിപ്പിച്ചവനാണു ഞാൻ" (അപ്പ. പ്രവ. 22:4). ഭാരതക്രൈസ്തവർ ആദ്യ നൂറ്റാണ്ടുകളിൽ 'മാർഗ്ഗവാസികൾ' എന്നറിയപ്പെട്ടിരുന്നുവല്ലൊ. ക്രൈസ്തവികത ഒരു തത്ത്വസംഹിതയോ പ്രത്യയശാസ്ത്രമോ മാത്രമല്ല അതു ജീവിതത്തിന്റെ വഴിയും വെളിച്ചവുമാണ്. മനുഷ്യന് ജീവിതമാർഗ്ഗം വെളിപ്പെടുത്തുകയും നിർദ്ദേശം നല്കുകയും ചെയ്യുക എന്നത് ക്രൈസ്തവമതത്തിന്റെ അനുപേക്ഷണീയ ദൗത്യമാണ്. ഈ ദൗത്യത്തിന്റെ അടിസ്ഥാനത്തിലാണ് ധാർമ്മിക നിയമങ്ങളും ചട്ടങ്ങളും സഭയിൽ പ്രാബല്യത്തിൽ വന്നത്. ഇത്തരം ധാർമ്മിക നിയമങ്ങൾക്കനുസൃതമായ ജീവിതമാണു സഭയെ ഇതര സമൂഹങ്ങളിൽനിന്നും വ്യതിരിക്തമാക്കിയത്. ഇതാണ് ആദിമസഭയുടെ വിശ്വാസത്തിന്റെ അനന്യതയും. മനുഷ്യജീവിതമാർഗ്ഗത്തിൽ വെളിച്ചം തെളിക്കാൻ സഭയ്ക്കുള്ള ഉത്തരവാദിത്തം വളരെ വലുതാണ്. വഴിയും വഴികാട്ടിയുമാവാൻ ഒരുപോലെ വിളിക്കപ്പെട്ടവളാണ് സഭ. സഭയുടെ ഈ ദൈവവിളിയുടെ ആധുനിക കാലയളവിലെ പൂർത്തീകരണമായാണ് 'വേരിത്താത്തിസ് സ്പ്ളെൻദോറി'നെ വിശ്വാസസംഘത്തിന്റെ അധ്യക്ഷനായ കർദ്ദിനാൾ ജോസഫ് റാറ്റ്സിംഗർ കണ്ടത്.

www.malankaralibrary.com



**ധാർമ്മിക ആപേക്ഷികത്വത്തിനെതിരേ**

ധാർമ്മിക നവോത്ഥാനം മറ്റെന്നത്തെക്കാളുമുപരി മാനവരാശിയുടെ അതിജീവനത്തിന് ഇന്ന് അനിവാര്യമായി തീർന്നിരിക്കുന്നു. അനന്യങ്ങളും വ്യത്യസ്തങ്ങളുമായ സംസ്കാരങ്ങൾ ഒരുപോലെ പരിപാവനമായി നാളിതുവരെ സംരക്ഷിച്ചുപോന്ന ധാർമ്മിക ബോധ്യങ്ങളെ കാൽക്കീഴിലാക്കിക്കൊണ്ട് ഒരുതരം അഖില ലോക സാങ്കേതികസംസ്കാരത്തിലേക്ക് മനുഷ്യൻ അതിവേഗം പാഞ്ഞുകൊണ്ടിരിക്കുന്നു. 'ഇതു ചെയ്യണം' എന്ന കർക്കശ നിലപാടിനേക്കാൾ മനുഷ്യനിന്നേറെയിഷ്ടം 'ഇതു ചെയ്യാനാവുമോ?' എന്ന അയഞ്ഞ മനോഭാവമാണ്. എല്ലാ ധാർമ്മിക നിഷ്കർഷങ്ങൾക്കും ഉപരി മനുഷ്യമനസ്സിലിന്നു കുടികൊള്ളുന്നത് ശാസ്ത്രസാങ്കേതികത പ്രദാനം ചെയ്യുന്ന ഉറപ്പാണ്. ജനജീവിതത്തെ കംപ്യൂട്ടറുകളുടെ ബട്ടണിൽ ഒതുക്കിനിർത്താമെന്ന മിഥ്യാധാരണ മനുഷ്യമനസ്സുകളെ മഥിച്ചു തുടങ്ങിയിട്ട് നാളേറെയായി. ഇത്തരത്തിലുള്ള ജീവിതദർശനത്തിന്റെ സ്വാധീനത്താൽ പ്രയോജനവാദം, പരിണതഫലസിദ്ധാന്തം, അനുപാതവാദം തുടങ്ങിയ ധാർമ്മിക പ്രത്യയശാസ്ത്രങ്ങൾ ക്രൈസ്തവ ധാർമ്മികതയിലേക്കും കടന്നുവന്നിട്ടുണ്ട്. ഒരു മതത്തിനും ധർമ്മസിദ്ധാന്തത്തിനും എല്ലാവരെയും ഒരുപോലെ ബാധിക്കുന്ന ഒരു ധാർമ്മിക നിശ്ചയം (Moral Certitute) നൽകാനാവില്ല എന്നാണിവരുടെ വാദം. മനുഷ്യജീവിതത്തെക്കുറിച്ചു ചില പൊതുവായ നിർദ്ദേശങ്ങൾ മുന്നോട്ടുവെച്ച് ഓരോ പ്രത്യേക സാഹചര്യത്തിലും വ്യക്തിസ്വാതന്ത്ര്യത്തിന് അനുസൃതമായി പ്രവർത്തിക്കാനുള്ള ആഹ്വാനമാണ് ബൈബിളിലും ഉള്ളതെന്നും ഇക്കൂട്ടർ വാദിക്കുന്നു. മാർഗ്ഗമേതായാലും ലക്ഷ്യം നന്നായാൽ മതിയെന്നും പരിണത ഫലത്തിന്റെ നന്മതിന്മകളാണ് പ്രവൃത്തിയുടെ ഗുണമേന്മ നിശ്ചയിക്കുന്നതെന്നും മറ്റുമുള്ള വാദമുഖങ്ങൾ പലയിടത്തുനിന്നും ഉയർന്നുകേൾക്കുന്നു. ഇവയുടെയെല്ലാം ഫലമായി ഒരുതരം ധാർമ്മിക ആപേക്ഷികത്വം (Moral relativism) മനുഷ്യമനസ്സുകളിൽ വാസമുറപ്പിച്ചിട്ടുണ്ട്. വ്യക്തികളുടെ പ്രവർത്തനശൈലികളെ നിയന്ത്രിക്കുന്ന സാമൂഹിക ധാർമ്മിക നിയമങ്ങൾ അറുപഴഞ്ചനാണെന്നും ഓരോ വ്യക്തിയും തനിക്ക് ശരി

www.malankaralibrary.com



യെന്നു തോന്നുംവിധം മാത്രം പ്രവർത്തിച്ചാൽ മതിയെന്നുമുള്ള ജീവിതവീക്ഷണമാണ് ഈ ചിന്താഗതിക്ക് പിന്നിൽ. ഈ ജീവിത ദർശനങ്ങൾക്കൊന്നും ആധുനിക ലോകം നേരിട്ടുകൊണ്ടിരിക്കുന്ന ധാർമ്മിക അപചയത്തിനു പര്യാപ്തമായ പ്രതിവിധികളെന്തെങ്കിലും നിർദ്ദേശിക്കുവാനുമില്ല. ധാർമ്മികമേഖല അവമൂലം കൂടുതൽ കലുഷിതമാവുകയും ചെയ്യുന്നു. ഇവിടെയാണ് ക്രൈസ്തവ സഭയുടെ മാർഗ്ഗനിർദ്ദേശക ദൗത്യത്തിന്റെ പ്രസക്തി. കൃത്യമായ ധാർമ്മികനിയമങ്ങൾ പ്രദാനം ചെയ്യാതെ 'സ്നേഹിക്കുക' എന്ന പൊതുനിർദ്ദേശത്തിൽ മാത്രമൊതുങ്ങി നിൽക്കുന്ന ധാർമ്മികതയാണ് സഭയുടേതെങ്കിൽ 'മാർഗ്ഗം' എന്ന അർത്ഥസംപുഷ്ടമായ ആ നാമധേയം സഭാകുപ്പായത്തിലെ ഒരു അലങ്കാരപതക്കമായി അവശേഷിക്കും.

**ജീവന്റെ മാർഗമിതാ**

'നിത്യജീവൻ പ്രാപിക്കുവാൻ എന്തു നന്മയാണ് ഞാൻ ചെയ്യേണ്ടത്' (മത്താ. 19:16). ഭൂതകാലത്തിൽ മുഴങ്ങിയ ഒരു അന്വേഷണത്തിന്റെ ധ്വനി മാത്രമല്ല ഈ ചോദ്യം. ഓരോ മനുഷ്യവ്യക്തിയും അനുദിനം ആവർത്തിക്കേണ്ടതാണിത്. ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താനുള്ള പരിശ്രമമാണ് ചാക്രികലേഖനത്തിന്റെ ഒന്നാം അധ്യായത്തിൽ. നന്മയ്ക്കുവേണ്ടിയുള്ള അന്വേഷണമാണിവിടെ. ഈ അന്വേഷണത്തിന്റെ ആത്യന്തിക ലക്ഷ്യം സർവനന്മസ്വരൂപിയായ ദൈവമാണെന്നതിൽ സംശയമില്ല. എങ്കിൽ നന്മയ്ക്കുവേണ്ടിയുള്ള അന്വേഷണം ദൈവത്തിന്റെ പക്കലേക്കുള്ള തിരിയൽ (Turning) ആണ്. നന്നാവുക എന്നു പറയുമ്പോൾ ഇവിടെ അർത്ഥം ദൈവത്തെപ്പോലെയാവുക എന്നായിരിക്കും. ഈ പ്രയത്നത്തിൽ മനുഷ്യനെ സഹായിക്കുന്ന മാർഗരേഖകളാണ് ദൈവകല്പനകൾ. നിത്യജീവന്റെ വാഗ്ദാനമാണ് അവയിലൂടെ വ്യക്തമാവുക. ദൈവസാദൃശ്യമായ മനുഷ്യൻ സ്വജീവിതം എപ്രകാരം നയിക്കണമെന്നതിനെക്കുറിച്ചുള്ള നിഷേധാത്മക നിർദേശങ്ങളാണ് പഴയനിയമകല്പനകളിൽ കാണുന്നത്. തന്മൂലം പത്തു കല്പനകളിലെ ധാർമ്മികദർശനത്തെ ക്രൈസ്തവജീവിത വീക്ഷണത്തിന്റെ പ്രാഗ്‌രൂപമായി മാത്രമേ പരിഗണിക്കാനാവൂ. ഈ പ്രാരംഭ ദൈവാ

www.malankaralibrary.com



വിഷ്കരണത്തിന്റെ പരിപൂർണ്ണതയാണ് യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തിലൂടെയും വാക്കുകളിലൂടെയും പ്രകാശിതമായത്. മോശയുടെ നിയമത്തിൽ നിഷേധാത്മകമായി പറഞ്ഞുവച്ച ധാർമിക നിയമങ്ങൾക്ക് സ്വജീവിതത്തിലൂടെ ഭാവാത്മകവും പൂർണവുമായ വ്യാഖ്യാനം നൽകുകയായിരുന്നു യേശുക്രിസ്തു. മനുഷ്യനു ദൈവത്തോടുള്ള കടമകളും മനുഷ്യന്റെതന്നെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും അവയുടെ പൂർണാർത്ഥത്തിൽ ആവിഷ്കരിക്കപ്പെടുന്ന വേദഭാഗമാണ് സുവിശേഷ ധാർമ്മികതയുടെ 'മാഗ്നാകാർട്ട' എന്നറിയപ്പെടുന്ന ഗിരിപ്രഭാഷണം. അഷ്ടസൗഭാഗ്യങ്ങൾ യേശുവിന്റെ ആത്മകഥയായിരുന്നു എന്നു വേണമെങ്കിൽ പറയാം. ഗുരുവിന്റെ ഈ മാതൃകാജീവിത ചിത്രം യേശുശിഷ്യർക്കു മുന്നിൽ ഇന്നും ഒരു ആഹ്വാനമായി അവശേഷിക്കുന്നു. യേശുക്രിസ്തുവിലൂടെ പൂർത്തീകരിക്കപ്പെട്ട ഉടമ്പടി കാലദേശങ്ങൾക്കതീതമായി എല്ലാ സംസ്കാരങ്ങളുടെയും അടിസ്ഥാനപ്രമാണമായി വർത്തിക്കേണ്ടതുണ്ട്.

### സത്യവും സ്വാതന്ത്ര്യവും

കമ്മ്യൂണിസ്റ്റു സ്വേച്ഛാധിപത്യത്തിന്റെ തകർച്ചയോടെ വ്യക്തിസ്വാതന്ത്ര്യത്തിന് ആക്കം കിട്ടിയിരിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ ഉദാത്തത നിലനില്ക്കുന്നത് അതു നിയന്ത്രിത സ്വാതന്ത്ര്യമാകുമ്പോഴാണ്. സ്വാതന്ത്ര്യത്തിന്റെ പേരിൽ മനുഷ്യസ്വഭാവത്തെ കയറൂരിവിടുന്ന പ്രവണത അത്യന്തം ആപത്കരമാണ്. ഈ അപകടത്തിനുള്ള ഏക പ്രതിവിധി സ്വാതന്ത്ര്യത്തിന് വഴികാട്ടിയായി വർത്തിക്കുന്ന ഒരു ആന്തരിക മാനദണ്ഡം കണ്ടെത്തുക എന്നതാണ്. മനുഷ്യനിൽ അന്തർഭവിച്ചിരിക്കുന്ന ഒരു സത്യത്തിനു മാത്രമേ സ്വാതന്ത്ര്യത്തിന്റെ മാനദണ്ഡമായി നിലകൊള്ളാനാവുകയുള്ളൂ. എന്താണീ സത്യം? മനുഷ്യസ്വഭാവത്തെ ക്രമപ്പെടുത്തുകയും മാനുഷികതയുടെ അടിസ്ഥാനമായി വർത്തിക്കുകയും ചെയ്യുന്ന ആന്തരിക യാഥാർത്ഥ്യമാണ് സ്വാതന്ത്ര്യത്തിനു വെളിച്ചം തെളിക്കുന്ന ഈ സത്യം. മറ്റുവിധത്തിൽ പറഞ്ഞാൽ സ്രഷ്ടാവിൽനിന്നും മനുഷ്യനിലേക്ക് നിഷ്ക്രമിച്ച മനുഷ്യസ്വഭാവത്തിന്റെ നിയമം തന്നെയാണ് അവനെ നിയന്ത്രിക്കുന്നത്. അങ്ങനെ ദൈവദത്തമായ സ്വാഭാ

www.malankaralibrary.com



വികനിയമം മനുഷ്യന്റെ ഹൃദയഭിത്തികളിൽ രേഖപ്പെടുത്തപ്പെട്ടു. ഈ നിയമത്തിനനുസൃതമായി ജീവിക്കാനുള്ള അവകാശമാണ് യഥാർത്ഥ മനുഷ്യസ്വാതന്ത്ര്യം. ഈ സ്വാതന്ത്ര്യം ശരിയാംവിധം വിനിയോഗിക്കുന്നവന് അപരനിൽ സഹോദരനെ കണ്ടെത്താതിരിക്കാനാവില്ല.

### മനുഷ്യൻ, ആത്മശരീരങ്ങളുടെ അഭേദ്യ സമന്വയം

സ്വാഭാവികനിയമം രേഖപ്പെടുത്തിയിരിക്കുന്നത് മനുഷ്യന്റെ ആത്മാവിൽ മാത്രമല്ല, ആത്മശരീരങ്ങളുടെ സമന്വയമായ മനുഷ്യാസ്തിത്വത്തിൽ മൊത്തം ഈ ദൈവദത്തനിയമം ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. ധാർമ്മികവും അധാർമ്മികവുമായ എല്ലാ പ്രവർത്തനങ്ങളുടെയും ഉത്തരവാദി ആത്മാവിന്റെയും ശരീരത്തിന്റെയും ആകെത്തുകയായ വ്യക്തിയാണ്. പരിണതഫലവാദം, അനുപാതവാദം തുടങ്ങിയ ധാർമ്മികചിന്താധാരകൾ ഉന്നയിക്കുന്ന വാദമുഖങ്ങൾ പോലെ ആത്മശരീരങ്ങളുടെ വേർതിരിവ് ധാർമ്മിക പ്രവർത്തനങ്ങളിലാരോപിക്കുന്നത് ബൈബിളിന്റെയും പാരമ്പര്യത്തിന്റെയും പ്രബോധനങ്ങൾക്കു വിരുദ്ധമാണ്. ശരീരവുമായി ബന്ധപ്പെട്ട സത്പ്രവൃത്തികളെ (ആരോഗ്യ പരിരക്ഷണം, മനുഷ്യജീവന്റെ സംരക്ഷണം തുടങ്ങിവ) ആത്മീയ സത്കർമ്മങ്ങളിൽ (ദൈവസ്നേഹം, മനുഷ്യ സാഹോദര്യം) നിന്നും തരംതാഴ്ത്തി കാണാനുള്ള ത്വര ഈ ചിന്താധാരകളിലൊക്കെ ദൃശ്യമാണ്. ശാരീരിക പ്രവർത്തനങ്ങളെ കേവലം ജൈവശാസ്ത്രതലത്തിൽമാത്രം ഒതുക്കിനിർത്തുന്ന ഇത്തരം പ്രവണതകളെ ചാക്രിക ലേഖനം നിശിതമായി വിമർശിക്കുന്നു. ഇത്തരം ഭൗതികവീക്ഷണം വെച്ചുപുലർത്തുന്നത് മനുഷ്യാസ്തിത്വത്തെ വെട്ടി നുറുക്കുന്നതിന് തുല്യമാണ്. തന്മൂലം സ്വാഭാവിക നിയമം ആത്മശരീരങ്ങളുടെ അവിഭാജ്യസംയോഗമായ മനുഷ്യാസ്തിത്വത്തിന്റെ അടിസ്ഥാനപ്രമാണമാണ്.

### സ്വാഭാവികനിയമത്തിന്റെ സാർവ്വത്രികത

സ്വാഭാവികനിയമം ഓരോ വ്യക്തിയുടെയും അസ്തിത്വത്തെ മുഴുവൻ ബാധിക്കുന്നു എന്നതുപോലെ മാനവകുലം മുഴുവൻ ഈ

www.malankaralibrary.com



നിയമത്തിന് വിധേയമാണ്. ഓരോ വ്യക്തിയും മനുഷ്യവ്യക്തിയാണെന്നതുതന്നെ കാരണം. ഇങ്ങനെ ചിന്തിക്കുമ്പോൾ വ്യക്തിത്വത്തിന്റെ അനന്യത അപകടത്തിലാവുന്നില്ലേ? ഒരിക്കലുമില്ല. ഓരോ വ്യക്തിയുടെയും സ്വതന്ത്രവും അനന്യവുമായ സത്പ്രവൃത്തികളിൽ അന്തർലീനമായിരിക്കുന്ന നന്മ ഇത്തരം പ്രവർത്തനങ്ങൾക്ക് പ്രേരണ പകരുന്ന സാർവ്വത്രികമായ സ്വാഭാവിക നിയമത്തിനും സാക്ഷ്യംവഹിക്കുന്നു. ചില ആനുകാലിക ചരിത്ര സാംസ്കാരിക ചിന്താധാരകളുടെ വീക്ഷണം ഇതിൽനിന്നും വിഭിന്നമാണ്. അവയുടെ ചിന്തയനുസരിച്ച് വിവിധ കാലയളവുകളിൽ, വിവിധ സാംസ്കാരിക പശ്ചാത്തലങ്ങളിൽ ജീവിക്കുന്നവരും ഇനി ജീവിക്കേണ്ടവരുമായ വ്യക്തികളെ ഒരുപോലെ ബാധിക്കുന്ന ധാർമ്മികനിയമങ്ങളുണ്ടാവുക അസാധ്യമാണ്. ചരിത്രത്തെക്കുറിച്ചുള്ള ശരിയായ പഠനം ഈ ചിന്താധാരകളിലുൾച്ചേർന്നിരിക്കുന്ന അബദ്ധധാരണകൾ വെളിച്ചത്തുകൊണ്ടുവരുന്നുണ്ട്. സംസ്കാരങ്ങൾ അചഞ്ചലങ്ങളല്ല. അവ അനുദിനം പുരോഗമനത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. ഈ വളർച്ച ഒരു യാഥാർത്ഥ്യമാണെങ്കിൽ ഇതിനു പിന്നിൽ നിലനിൽക്കുന്ന സ്ഥായിയായ ചില അടിസ്ഥാന മൂല്യങ്ങളുടെ അസ്തിത്വം അനിഷേധ്യവുമാണ്. ഒരേ സംസ്കാരം തന്നെ അനുനിമിഷം പുരോഗമിക്കുകയാണ്. സാംസ്കാരികപുരോഗമനത്തിന് അടിസ്ഥാനമായി വർത്തിക്കുന്ന ഈ മൗലികമൂല്യങ്ങൾ കാലദേശ-സംസ്കാര വിഭാഗീയതകൾക്കതീതമാണ്. ഈ മൂല്യങ്ങളെ (ഇവയുടെ ആകെത്തുകയാണ് സ്വാഭാവികനിയമം) അരക്കിട്ടുറപ്പിക്കുകയാണ് സഭയിവിടെ ചെയ്യുക. ഇന്നലെയും ഇന്നും എന്നും മാറ്റമില്ലാത്തവനായി നിലകൊള്ളുന്ന ക്രിസ്തുവാണീ മൂല്യങ്ങളുടെ അടിസ്ഥാനം. യേശു തന്നെ പറഞ്ഞിട്ടുണ്ട് “ആദി മുതലേ അങ്ങനെ ആയിരുന്നില്ല” (മത്താ. 19:8). ആദ്യം മുതൽക്കേ നിലനിന്നുപോന്ന അടിസ്ഥാനമൂല്യങ്ങൾക്കുമേൽ വന്നുഭവിച്ച അധാർമ്മിക ഏച്ചുകെട്ടലുകളെ വിമർശിച്ചപ്പോഴാണ് (മത്താ.19:1.9) യേശു ഇങ്ങനെ കുണ്ഠിതപ്പെടുന്നത്. അടിസ്ഥാന മൂല്യങ്ങളെ പരിപാവനമായി സംരക്ഷിച്ചുകൊണ്ടുള്ള പുരോഗമനമാണ് സംസ്കാരങ്ങളിൽ സംഭവിക്കേണ്ടതെന്ന സൂചന ഇവിടെയുണ്ട്.

www.malankaralibrary.com



**മനഃസാക്ഷിയും നിയമവും**

ദൈവദത്തമായ സ്വാഭാവികനിയമത്തോടു മനുഷ്യൻ പുലർത്തുന്ന വിശ്വസ്തതയ്ക്കോ, അവിശ്വസ്തതയ്ക്കോ സജീവസാക്ഷ്യം നല്കുന്ന ആന്തരിക ശക്തിയാണ് മനഃസാക്ഷി. ഈ വിശ്വസ്തതയും അവിശ്വസ്തതയും മനുഷ്യന്റെ അന്തഃകരണത്തിലെ അനുഭവമായതുകൊണ്ട് ഇവയ്ക്കു സാക്ഷ്യംനൽകാൻ മനഃസാക്ഷിക്കല്ലാതെ മറ്റൊന്നിനുമാവില്ല. മനഃസാക്ഷി മനുഷ്യവ്യക്തിയുടെ പ്രവർത്തനങ്ങൾക്കു നല്കുന്ന നിർദ്ദേശങ്ങളെ മനുഷ്യൻ അവനോടുതന്നെ നടത്തുന്ന ആന്തരികസംഭാഷണം മാത്രമായി കണക്കാക്കുന്നതു ശരിയല്ല. മനഃസാക്ഷിയുടെ സ്വരം മനുഷ്യനന്മ കുടികൊള്ളുന്ന ദൈവികചേതനയുടെയും ശബ്ദമാണ്. ദൈവനിവേശിതമായ സ്വാഭാവികനിയമമാണ് മനഃസാക്ഷിയുടെ സ്വരമായി ഹൃദയഭിത്തികളിൽ പ്രതിധ്വനിക്കുന്നത്. തന്മൂലം മനഃസാക്ഷി ഒരേസമയം മാനുഷികമൂല്യങ്ങളുടെയും ദൈവദത്തനിയമങ്ങളുടെയും സമ്മേളനമായ ഒരു ആന്തരികശക്തിയാണെന്നു പറയാനാവും. ഈ മനഃസാക്ഷി എപ്പോഴും അപ്രമാദമായിരിക്കണമെന്നു നിർബന്ധമില്ല. തിരുത്താനാവാത്ത ചില തെറ്റിദ്ധാരണകൾ മൂലം മനഃസാക്ഷി വികലമാകാം. മനഃപൂർവമല്ലാത്ത ഈ ധാർമ്മികപ്രതിഭാസത്തെ നീതീകരിക്കാനാവും. തെറ്റിനുനേരേ കണ്ണടച്ച്, സത്യത്തോടു നിസ്സംഗത പുലർത്തി മനഃസാക്ഷിയെ അന്ധമാക്കുന്നത്, അത്യന്തം ആപത്കരമാണ്. ഇതാണ് ആധുനികലോകത്തിന്റെ ശാപവും. സത്യസന്ധമായ മനഃസാക്ഷിരൂപവത്ക്കരണത്തിന് ക്രിസ്തുവിന്റെ വ്യക്തിത്വത്തിലേക്കും അവിടുത്തെ മാതൃകയിലേക്കുമാണ് നാം നോക്കേണ്ടത്.

**ക്രൂശിതന്റെ മാതൃക**

മനുഷ്യവ്യക്തിയുടെ അനന്യതയെ ആദരിച്ചുകൊണ്ട് അചഞ്ചലവും സാർവ്വത്രികവുമായ ധാർമ്മിക നിയമങ്ങൾക്ക് എങ്ങനെ നിലനിൽക്കാനാവും? അവ മനുഷ്യന്റെ ശ്രേഷ്ഠതയ്ക്കും സ്വാതന്ത്ര്യത്തിനും ഭീഷണിയല്ലേ? ഈ ചോദ്യങ്ങൾക്ക് ഉത്തരം തേടാൻ നമ്മുടെ കണ്ണുകൾ കാൽവരി മലയിലേക്കുയരേണ്ടതുണ്ട്. സ്വാതന്ത്ര്യത്തിന്റെ ശരിയായ അർത്ഥവ്യാഖ്യാനം ക്രൂശിതനായ ക്രിസ്

www.malankaralibrary.com



തുവിന്റെ വ്യക്തിത്വത്തിൽ കണ്ടെത്താനാവും. അനുസരണത്തിലൂടെ പ്രഫുല്ലമാകുന്ന സ്വാതന്ത്ര്യം അവിടെ ദർശിക്കാൻ സാധിക്കും. അനുസരണം സ്വസഹോദരനുവേണ്ടിയുള്ള ആത്മപരിത്യാഗമാകുമ്പോൾ അത് സ്വാതന്ത്ര്യസാക്ഷാത്കാരമാണെന്ന് യേശു കാട്ടിത്തന്നു. അപരന്റെയും തന്റെയും നന്മയ്ക്കുവേണ്ടി നിയമം അനുസരിക്കുന്നവൻ സ്വതന്ത്രനാണെങ്കിൽ സ്വന്തം സുഖസൗകര്യങ്ങൾക്കുവേണ്ടി നിയമലംഘനം നടത്തുന്നവൻ സ്വയം കെട്ടിപ്പടുത്ത അസ്വാതന്ത്ര്യത്തിന്റെ ഇരുട്ടറയ്ക്കുള്ളിലാണെന്നതിൽ സംശയമില്ല. ധാർമ്മിക ആപേക്ഷികത്വത്തിനെതിരെയുള്ള ക്രിയാത്മക പ്രതികരണത്തിൻെറ പ്രതിരൂപമായാണ് കാൽവരിയിലെ ക്രൂശിതനെ കാണേണ്ടത്. വെല്ലുവിളി ഉയർത്തുന്ന കാൽവരിയുടെ കവാടം ഇന്നും ക്രൈസ്തവനു നേരേ തുറന്നുകിടക്കുന്നു. ഈ ആഹ്വാനത്തോടുള്ള ഭാവാത്മകമായ പ്രതികരണമാണ് ആധുനികലോകത്തിലെ ധാർമ്മിക അപചയങ്ങൾക്കുള്ള ശരിയായ പ്രതിവിധി. ജീവൻ ബലികഴിച്ചുപോലും ധാർമ്മികത പരിരക്ഷിക്കുവാൻ ചാക്രികലേഖനം ആഹ്വാനം ചെയ്യുന്നു. ഒരു ധാർമ്മിക രക്തസാക്ഷി ദൈവികനിയമത്തിന്റെ വിശുദ്ധിക്കും മനുഷ്യശ്രേഷ്ഠതയുടെ അലംഘനീയതയ്ക്കും അത്യുജ്ജ്വലസാക്ഷ്യം നൽകുകയാണ് ചെയ്യുക.

### സാർവത്രികനിയമവും സാമൂഹികക്ഷേമവും

മാതാവെന്ന നിലയിൽ കരുണാപൂർണ്ണമായ സമീപനമാണ് സഭ തന്റെ സന്താനങ്ങളോട് പുലർത്തുക. ഈ മാതൃദൗത്യം അവളുടെ പ്രബോധന ദൗത്യത്തിൽനിന്നും വ്യത്യസ്തമാണ്. ലോകം ധാർമ്മികപ്രശ്നങ്ങളെ അഭിമുഖീകരിക്കുമ്പോൾ കാർക്കശ്യപൂർവ്വം അവയോട് പ്രതികരിക്കുക എന്നത് പ്രബോധനദൗത്യത്തിന്റെ ഭാഗമാണ്. വർഗ-വർണ വിവേചനങ്ങൾക്കതീതമായി ഈ ദൗത്യം നിർവഹിക്കുക എന്നതാണ് സഭയുടെ കടമ. വ്യക്തികളെ ധാർമ്മിക നിയമം പാലിക്കുന്നതിന് പ്രചോദിപ്പിക്കുന്നതിലൂടെ കുടുംബ-സാമൂഹിക ദേശീയ-അന്തർദേശീയതലങ്ങളിൽ സമാധാനവും കെട്ടുറപ്പും ഭദ്രമാക്കുന്നതിനു വേണ്ട ഒത്താശകൾ ചെയ്യുകയാണ് സഭ. എല്ലാ ധാർമ്മച്യുതിയുടെയും അന്തർധാരയായി വർത്തിക്കുന്ന വികലമായ ജീവിതവീക്ഷണത്തിന്റെ പോരായ്മകളെക്കുറിച്ച് മാനവ

www.malankaralibrary.com



മനഃസാക്ഷിയെ ബോധ്യപ്പെടുത്താനാണ് സഭയുടെ ശ്രമം. ധാർമ്മികതയുടെയെല്ലാം അടിസ്ഥാനമായി നിലകൊള്ളുന്നത് ഒരുതരം മതാത്മകബോധമാണ്. ഈ ബോധത്തിന്റെ പുനരാവിഷ്കരണവും സഭ ലക്ഷ്യംവയ്ക്കുന്നുണ്ട്. ഇത്തരത്തിലുള്ള ഒരു സാർവത്രിക ധർമ്മബോധം മനുഷ്യവ്യാപാരങ്ങളെ പ്രത്യേകിച്ച് (രാഷ്ട്രീയ പ്രവർത്തനങ്ങളെ) നിയന്ത്രിക്കാനില്ലായെങ്കിൽ ആശയങ്ങളും ബോധ്യങ്ങളും ആധിപത്യസ്ഥാപനത്തിനുള്ള മാർഗമായി ദുരുപയോഗിക്കപ്പെടും. തന്മൂലം ഈ ധാർമ്മിക ബോധത്തിന്റെ പ്രചരണം സുവിശേഷ പ്രവർത്തനങ്ങളുടെ അവിഭാജ്യഘടകമായി മാറേണ്ടതുണ്ടെന്ന ബോധ്യം ചാക്രികലേഖനത്തിൽ നിഴലിക്കുന്നു.

**ധാർമ്മിക പ്രകാശം ചൊരിയുവാൻ**

മനുഷ്യജീവിതത്തിന് മാർഗം തെളിക്കാനുള്ള ദൗത്യത്തിൽ നിന്ന് മാർഗസമൂഹമായ സഭയ്ക്ക് ഒഴിഞ്ഞുമാറാനാവില്ല. സഭയുടെ ധാർമ്മിക മാർഗനിർദ്ദേശങ്ങൾ ഏറ്റം അനിവാര്യമായിരിക്കുന്ന സമയമാണ് ഈ ആധുനിക കാലയളവ്. തന്മൂലം ധാർമ്മിക ആപേക്ഷികത്വത്തിനെതിരേ സ്ഥായിയായ ധാർമ്മികമൂല്യങ്ങളുടെ പുനരാവിഷ്കരണത്തിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുകയാണ് 'വേരിത്താത്തിസ് സ്പ്ളെൻദോർ'.

കുറ്റകൃത്യങ്ങളും അധാർമ്മിക പ്രവണതകളും സർവസാധാരണമായിരിക്കുന്നു ഇന്ന്. 1989-ൽ ഇന്ത്യൻ ശിക്ഷാനിയമത്തിൻകീഴിലുള്ള വിവിധ കുറ്റങ്ങൾക്കായി അറസ്റ്റ് ചെയ്യപ്പെട്ടവരുടെ സംഖ്യ 1,15,317 ആണെന്നു കണക്കാക്കപ്പെട്ടിട്ടുണ്ട്. ദുരുപയോഗിക്കപ്പെടുന്ന പിഞ്ചുപൈതങ്ങൾ, മാംസത്തിനു വിലപേശുന്ന സ്ത്രീകൾ, വഴിയരികിലെ ഓടകളിൽ അന്തിയുറങ്ങുന്ന കുടുംബനാഥന്മാർ ഇവരൊക്കെയടങ്ങുന്നതാണ് ഇന്നത്തെ നമ്മുടെ സമൂഹം. ധാർമ്മിക മൂല്യങ്ങളുടെ പ്രചാരണം പ്രേഷിതവൃത്തിയുടെ അനിവാര്യ ഘടകമായി പരിണമിക്കേണ്ടിയിരിക്കുന്നു. അധാർമ്മികതയ്ക്കും അനീതിക്കും എതിരേ ക്രിയാത്മകമായി പ്രതികരിച്ച് ജീവൻ ബലികഴിച്ച ക്രൂശിതന്റെ വ്യക്തിത്വം നമ്മുടെ സുവിശേഷ പ്രഘോഷണങ്ങളിൽ നിറഞ്ഞുനിൽക്കട്ടെ.

www.malankaralibrary.com

# 14
# സഭയുടെ സാമൂഹിക പ്രബോധനം



**സഭയുടെ രക്ഷാകരദൗത്യത്തിന്റെ ഒരു നിർണായക ഭാഗമായി സാമൂഹിക പ്രബോധനത്തെക്കാണുവാനും സഭയ്ക്കായി. മനുഷ്യാവകാശ സംരക്ഷണരംഗത്തും, മാനവമഹത്ത്വം ഉയർത്തിപ്പിടിക്കുന്നതിലും ലോകസമാധാനം നിലനിർത്തുന്നതിലും ഈ സാമൂഹികപ്രബോധനങ്ങൾ വഹിച്ച പങ്ക് എന്നും ശ്ലാഘനീയംതന്നെ.**

**മാ**നവസമൂഹത്തിന്റെ പ്രശ്നങ്ങളെക്കുറിച്ച് ആഴമായി ചിന്തിച്ചു പ്രതിവിധി ആരായുന്ന പ്രബോധനങ്ങൾ സഭയിൽ ഇന്നു സുലഭമാണ്. ദൈവത്തെയും മനുഷ്യനെയും ബന്ധിപ്പിക്കുന്ന കണ്ണിയാണല്ലോ സഭ. ഒരേസമയം ദൈവരാജ്യത്തിന്റെ പ്രതിച്ഛായയും ഭൗതികപരിമിതികളുമുള്ള മാനവസമൂഹവുമാണത്. മനുഷ്യന്റെ സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങൾ തന്മൂലം സഭയുടേതുമാണ്. ഏതെങ്കിലും ഒരു സാമൂഹികവ്യവസ്ഥിതിയുടെ പക്ഷംചേർന്നുകൊണ്ട് ഈ പ്രശ്നങ്ങൾക്ക് സാ

www.malankaralibrary.com



ങ്കേതികപരിഹാരം നിർദ്ദേശിക്കുവാൻ സഭയ്ക്കാവില്ല. എങ്കിലും സാമൂഹികജീവിതത്തെക്കുറിച്ച് സമഗ്രമായ ഒരു ദർശനം രൂപവത്കരിക്കുവാനും പ്രശ്നങ്ങൾക്ക് അനുയോജ്യമായ മനോഭാവങ്ങളും സമീപനരീതികളും ചൂണ്ടിക്കാട്ടുവാനും സഭയ്ക്കാവും. "സാമൂഹികസിദ്ധാന്തങ്ങളുടെ പ്രബോധനവും പ്രചരണവും സഭയുടെ സുവിശേഷപ്രഘോഷണദൗത്യത്തിന്റെ ഭാഗമാണ്" (*സാമൂഹികഔത്സുക്യം* 41). പത്തൊമ്പതാം നൂറ്റാണ്ടിന്റെ പൂർവാർധം മുതല്ക്കാണ് സഭ മാനവസമൂഹത്തിന്റെ പ്രശ്നങ്ങളെക്കുറിച്ച് ആഴമായി ചിന്തിക്കുവാനും അവയ്ക്ക് പ്രതിവിധികൾ ആരായുവാനും ഏറെ ശ്രദ്ധിച്ചു തുടങ്ങിയത്. സഭയുടെ പ്രധാന സാമൂഹികപ്രബോധനങ്ങളിലേക്കൊരു അന്വേഷണം നടത്തുകയാണിവിടെ.

**റേരും നൊവാരും**

തൊഴിലാളികളുടെ 'അവകാശപത്രിക' എന്നു വിശേഷിപ്പിക്കപ്പെട്ട ചാക്രികലേഖനമാണ് 'റേരും നൊവാരും'. 1891 മെയ് 15-ാം തീയതിയാണ് ഇത് പ്രസിദ്ധീകൃതമായത്. ലേഖനകർത്താവ് മഹാനായ ലെയോ പതിമൂന്നാമൻ മാർപാപ്പ. മനുഷ്യന്റെ സാമ്പത്തിക-സാമൂഹിക പ്രശ്നങ്ങളെപ്പറ്റി സഭയുടെ കാഴ്ചപ്പാടുകൾ വ്യക്തമാക്കുന്ന ആദ്യത്തെ പ്രബോധനം എന്ന നിലയിൽ 'റേരും നൊവാരും' ലോകശ്രദ്ധ പിടിച്ചുപറ്റി. വ്യവസായവത്കരണം, ശാസ്ത്രത്തിന്റെ അതിശീഘ്രമായ പുരോഗതി, തകരുന്ന മുതലാളി-തൊഴിലാളി ബന്ധം, ഇവയ്ക്കിടയിൽ ചവിട്ടിമെതിക്കപ്പെടുന്ന മനുഷ്യത്വം, ഇതായിരുന്നു ലെയോ പതിമൂന്നാമന്റെ കാലത്ത് യൂറോപ്യൻ നാടുകളിലെ സാമൂഹിക അന്തരീക്ഷം.

മനുഷ്യന്റെ സാമൂഹിക പ്രശ്നങ്ങൾക്ക് സ്വകാര്യസ്വത്തവകാശനിഷേധത്തിലൂടെ സോഷ്യലിസം വച്ചുനീട്ടുന്ന പരിഹാരമാർഗം അപ്രായോഗികവും മനുഷ്യന്റെ സ്വാഭാവിക സാമൂഹികജീവിതത്തിന് നിരക്കാത്തതുമാണെന്ന് 'റേരും നൊവാരും' സമർത്ഥിച്ചു (3-12). സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിലും അവയ്ക്ക് പ്രതിവിധി കണ്ടെത്തുന്നതിലും സഭയ്ക്കുള്ള ഉത്തരവാദിത്തം അനിഷേധ്യമാണെന്ന് ലെയോ പതിമൂന്നാമൻ ഈ ചാക്രികലേഖനത്തിൽ ഊന്നിപ്പറയുന്നു (13-25). ഈ പ്രമാണരേഖയിലെ മറ്റ് പ്രധാന പ്രതിപാദ്യങ്ങൾ ചുവടെ ചേർക്കുന്നു: സാമൂഹി

www.malankaralibrary.com



ക രംഗത്ത് രാഷ്ട്രത്തിന്റെ ചുമതലകൾ (26), അശരണരുടെ അവകാശസംരക്ഷണത്തിന് രാഷ്ട്രത്തിനുണ്ടായിരിക്കേണ്ട സന്നദ്ധത (27-28), സ്വകാര്യസ്വത്തിനുള്ള മനുഷ്യന്റെ സ്വാഭാവികാവകാശം (30), തൊഴിലാളിസമരങ്ങളുടെ കാരണവും ഫലവും (31), തൊഴിലാളികളുടെ ആധ്യാത്മിക ആവശ്യങ്ങൾ (32), രാഷ്ട്രവും തൊഴിൽ നിയമങ്ങളും (33), തൊഴിലാളികൾക്കു ലഭിക്കേണ്ട നീതിയുക്തവും ജീവിക്കാനാവശ്യമുള്ളതുമായ വേതനം (34), അനിഷേധ്യ സ്വകാര്യസ്വത്തവകാശം (35), തൊഴിലാളി സംഘടനകളുടെ പ്രയോജനം (36-38), സഭാസംഘടനകളുടെ ആവശ്യകത (39), ആപത്കരങ്ങളായ ചില സംഘടനകൾ (40), കത്തോലിക്കാസഭയുടെ ക്ഷേമപ്രവർത്തനങ്ങൾ (41), ഒരു നല്ല സംഘടന-പ്രവർത്തനവും സ്വഭാവവും (42-44).

എല്ലാ പ്രശ്നങ്ങൾക്കും ഈ ചാക്രികലേഖനമുന്നയിക്കുന്ന പരിഹാരമാർഗം ഒന്നേയുള്ളൂ: സുവിശേഷാധിഷ്ഠിതമായ സ്നേഹം; ഈ സാർവത്രികസ്നേഹത്തിന്റെ അനശ്വര സന്ദേശം ലോകമെങ്ങും പരക്കട്ടെ - ഈ ആഹ്വാനത്തോടെ റേരും നൊവാരും ഉപസംഹരിക്കപ്പെടുന്നു.

**ക്വാദ്രജസിമോ ആന്നോ**

പതിനൊന്നാം പീയൂസ് മാർപാപ്പയുടെ കാലത്ത് സഭയുടെ സാമൂഹിക ചിന്ത സാമ്പത്തികരംഗത്തേക്കു മാത്രമല്ല, രാഷ്ട്രീയ രംഗത്തേക്കും കടന്നുചെന്നു. 1931-ൽ അദ്ദേഹം പുറത്തിറക്കിയ 'ക്വാദ്രജസിമോ ആന്നോ' (40-ാം വർഷത്തിൽ) എന്ന ചാക്രികലേഖനം ഒന്നാം ലോകമഹായുദ്ധത്തെ തുടർന്ന് യൂറോപ്യൻ നാടുകളിൽ അനുഭവപ്പെട്ട സാമ്പത്തിക തകർച്ചയിലേക്ക് വിരൽചൂണ്ടുന്നു. കടിഞ്ഞാണൂരിവിട്ട മനുഷ്യസ്വാതന്ത്ര്യം മുഖമുദ്രയാക്കിയിരിക്കുന്ന മുതലാളിത്ത വ്യവസ്ഥിതിയുടെ ദൂഷ്യവശങ്ങളെയും അസ്വാതന്ത്ര്യത്തിന്റെ അടിമച്ചങ്ങലകളിൽ മാനവരാശിയെ തളച്ചിടുന്ന തൊഴിലാളികളുടെ ചുവന്ന പ്രത്യയശാസ്ത്രത്തിന്റെ പരിമിതികളെയും ഈ അപ്പസ്തോലിക പ്രമാണരേഖ ചോദ്യം ചെയ്യുന്നുണ്ട്. മുതലാളി-തൊഴിലാളിബന്ധം മെച്ചപ്പെടുത്തേണ്ടതിന്റെ അനിവാര്യത പതിനൊന്നാം പീയൂസ് മാർപ്പാപ്പ എടുത്തുകാട്ടുന്നു. തൊഴിലാളി സംഘടനകളുടെ ആവശ്യകത, അവകാശസംരക്ഷണത്തിനുവേണ്ടി

www.malankaralibrary.com



യുള്ള സംഘാതമായ പ്രവർത്തന—സാമൂഹിക ജീവിതത്തിന്റെ ഇത്തരം ചില പ്രധാന മേഖലകൾ ഇവിടെ വിശകലനവിധേയമാകുന്നു. ക്രൈസ്തവ ചിന്താധാരകളുടെയും ധനതത്ത്വശാസ്ത്രത്തിലെ ചില നൂതന കാഴ്ചപ്പാടുകളുടെയും പിൻബലത്തോടെയാണ് പരിശുദ്ധ പിതാവ് ഈ പര്യവേക്ഷണം നടത്തിയിട്ടുള്ളത്. ഒരു ധാർമ്മിക നവോത്ഥാനം ആധുനിക ലോകത്തിന് അനിവാര്യമാണെന്നും അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു. മാനവരാശിയുടെ സാമ്പത്തിക-സാമൂഹിക പ്രശ്നങ്ങൾക്ക് വ്യക്തവും പ്രായോഗികവുമായ ചില പ്രതിവിധികൾ നിർദ്ദേശിച്ചുകൊണ്ട് 'ക്വാദ്രജസിമോ ആന്നോ' അവസാനിക്കുന്നു.

**മാതെർ ഏത് മജിസ്ത്രാ**

കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചു മനസ്സിലാക്കാൻ വളരെയേറെ നൈപുണ്യമുണ്ടായിരുന്ന പാപ്പ ആയിരുന്നു ജോൺ ഇരുപത്തിമൂന്നാമൻ. 'റേരും നൊവാരും' പ്രസിദ്ധീകരിച്ചതിന്റെ 70-ാം വാർഷികദിനത്തിൽ (1961 മെയ് 15) അദ്ദേഹം ഒരു ചാക്രികലേഖനം പുറത്തിറക്കി—'മാതെർ ഏത് മജിസ്ത്രാ' (മാതാവും ഗുരുനാഥയും). ക്രൈസ്തവ സ്നേഹത്തിലധിഷ്ഠിതമായ വിമർശനബുദ്ധിയോടെ 'കമ്മ്യൂണിസ'ത്തേയും 'ക്യാപ്പിറ്റലിസ'ത്തേയും വീക്ഷിക്കുവാൻ ജോൺ മാർപ്പാപ്പ ഈ ലേഖനത്തിൽ പരിശ്രമിക്കുന്നു. സാമൂഹിക ഘടനയുടെ സങ്കീർണത, മെച്ചപ്പെട്ട തൊഴിൽവേതനം, സ്വകാര്യസ്വത്ത്, പൊതുസ്വത്ത്, ഉല്പാദക ഘടകങ്ങളുടെ പരസ്പരാശ്രയത്വം, കൃഷിയുടെ പ്രാധാന്യം, ദേശീയതലത്തിലുള്ള സഹകരണത്തിന്റെ ആവശ്യകത, ജനസംഖ്യാവർദ്ധനവും സാമ്പത്തിക പുരോഗതിയും, അന്താരാഷ്ട്ര സഹകരണം, സഭയുടെ സാമൂഹികപ്രബോധനങ്ങൾ പ്രായോഗികമാക്കുന്നതിൽ അല്മായർക്കുള്ള പങ്ക് എന്നിവയാണ് 'മാതെർ ഏത് മജിസ്ത്രാ' ചർച്ചചെയ്യുന്ന പ്രധാന സാമൂഹികവിഷയങ്ങൾ.

**പാച്ചെം ഇൻ തേറിസ്**

1963 ഏപ്രിൽ 11-ന് ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ മറ്റൊരു അപ്പസ്തോലിക പ്രമാണരേഖകൂടി പുറത്തിറക്കി . 'പാച്ചെം

www.malankaralibrary.com



ഇൻ തേറിസ്' (ഭൂമിയിൽ സമാധാനം). കത്തോലിക്കരുടെ മാത്രമല്ല, മത-മതേതര വ്യത്യാസമെന്യേ ലോകജനതയുടെ മുഴുവൻ പ്രശംസയ്ക്ക് പാത്രീഭവിച്ചു ഈ ചാക്രികലേഖനം. ലോകജനതയെ ഒന്നാകെ (സന്മനസ്സുള്ള സകല മനുഷ്യരെയും) അഭിസംബോധന ചെയ്യുന്ന ആദ്യത്തെ പ്രമാണരേഖയാണിത്. മനുഷ്യവ്യക്തിത്വത്തിന്റെ മഹനീയതയിലേക്കും വ്യക്തിയുടെ അവകാശോത്തരവാദിത്തങ്ങളിലേക്കും 'പാച്ചെം ഇൻ തേറിസ്' വെളിച്ചം വീശുന്നുണ്ട്. സത്യത്തിലും സ്നേഹത്തിലും സ്വാതന്ത്ര്യത്തിലും അടിയുറച്ച സാമൂഹികജീവിതമാണാവശ്യം എന്ന് ഈ ചാക്രികലേഖനം അനുശാസിക്കുന്നു. ദൈവത്തിൽ കേന്ദ്രീകൃതമായ ഒരു ധാർമ്മികതയാണ് സമൂഹത്തിന് വേണ്ടതെന്നും ജോൺ മാർപാപ്പ ഇവിടെ സമർത്ഥിക്കുന്നുണ്ട്. ആധുനിക ലോകത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടാണ്, അദ്ദേഹം പറഞ്ഞത്: അധികാരം പൊതുനന്മയ്ക്കുവേണ്ടിയാണ്, വ്യക്തികളുടെ അവകാശ സംരക്ഷണത്തിനുവേണ്ടിയാണ്, തങ്ങളുടെ ഉത്തരവാദിത്തങ്ങളെക്കുറിച്ച് വ്യക്തികളെ ബോധവത്കരിക്കുന്നതിനുവേണ്ടിയാണ്. രാഷ്ട്രീയ അഭയാർത്ഥികളുടെയും നിരായുധീകരണത്തിന്റെയും പ്രശ്നങ്ങൾ ഈ ചാക്രികലേഖനം ചർച്ചചെയ്യുന്നുണ്ട്.

### ഗൗദിയും എത് സ്പെസ്

1962 ഡിസംബർ 4, രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഒന്നാം സമ്മേളനം അവസാനിക്കാൻ ഇനി നാലു ദിവസങ്ങൾ കൂടിയേ ഉള്ളൂ. പ്രതീക്ഷിച്ചത് നേടിയില്ലല്ലോ എന്ന നിരാശ നിഴലിക്കുന്ന മുഖഭാവത്തോടെയായിരുന്ന കൗൺസിൽ പിതാക്കന്മാരുടെ ഇടയിൽനിന്ന് കാർഡിനൽ സ്യൂവൻസ് മുന്നോട്ടുവന്നു. "ഈ കൗൺസിലിന്റെ ലക്ഷ്യം സഭയെ ആധുനിക ലോകവുമായി ബന്ധപ്പെടുത്തുകയാണ്. ആധുനികലോകത്തിന്റെ നീറുന്ന പ്രശ്നങ്ങൾക്ക് ക്രിസ്തുവിന്റെ സഭയ്ക്ക് എന്ത് സാന്ത്വനമാണ് നല്കാനുള്ളതെന്ന് നാമിവിടെയിരുന്നു തീരുമാനിക്കണം"—കാർഡിനൽ സ്യൂവൻസ് നിശ്ചയദാർഢ്യത്തോടെ പറഞ്ഞു. ഈ പ്രസ്താവനയിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ട്, 1965 ഡിസംബർ 7-ന് ഒരു കൗൺസിൽ പ്രമാണരേഖ പുറത്തുവന്നു. 'ആനന്ദവും പ്രതീക്ഷയും'

www.malankaralibrary.com



(Gaudium et Spes) എന്നു തുടങ്ങുന്ന 'സഭ ആധുനികലോകത്തിൽ' എന്ന പാസ്റ്ററൽ കോൺസ്റ്റിറ്റ്യൂഷൻ. വത്തിക്കാൻ കൗൺസിലിന്റെ സാമൂഹിക പ്രബോധനമടങ്ങുന്ന പ്രമാണരേഖയാണ് 'സഭ ആധുനികലോകത്തിൽ'.

ഭൗതികത്വത്തിന്റെയും നിരീശ്വരത്വത്തിന്റെയും അതിപ്രസരത്തിൽ മനുഷ്യവ്യക്തിത്വത്തിനുണ്ടായ വിലയിടിവാണ് ആധുനികലോകത്തിന്റെ ഏറ്റവും വലിയ പ്രശ്നം എന്ന് വത്തിക്കാൻ കൗൺസിൽ കണ്ടെത്തി. ഈ അന്യവത്കരണത്തിൽനിന്ന് മനുഷ്യനെ മോചിപ്പിക്കുവാനുള്ള സഭയുടെ ശ്രമങ്ങളിലേക്കാണ് 'ഗൗദിയും എത് സ്പെസ്' വെളിച്ചം വീശുക. ഭാവിയെക്കുറിച്ചുള്ള വിഹ്വലതകൾ ഉപേക്ഷിച്ച് സാർവത്രികസാഹോദര്യത്തിൽ വിശ്വസിച്ച് ഒരു പുതുജീവിതത്തിലേക്കു കടന്നുവരാൻ കൗൺസിൽ ലോകജനതയെ ഉദ്ബോധിപ്പിക്കുന്നു. ഇതിന് എന്തു പ്രചോദനവും നല്കാൻ സഭ സന്നദ്ധവുമാണ്. തകരുന്ന കുടുംബബന്ധങ്ങളെ സഹതാപത്തോടെയാണ് സഭ വീക്ഷിക്കുന്നത്. വിവാഹജീവിതത്തിന്റെ പ്രധാന ഉദ്ദേശ്യം സന്താനോത്പാദനവും സന്താനങ്ങളുടെ ആധ്യാത്മികവും ഭൗതികവുമായ പരിപോഷണവുമാണെന്ന് സഭ നിഷ്കർഷിക്കുന്നു. വിവേകരഹിതമായ യുദ്ധഭ്രമത്തെയും യുദ്ധോപകരണങ്ങളുടെ അനാവശ്യമായ കുമ്പാരം കൂട്ടലിനെയും ഈ പ്രമാണരേഖ നിശിതമായി വിമർശിക്കുന്നുണ്ട്. അവികസിതരാജ്യങ്ങളെ കൈപിടിച്ചുയർത്താനും പട്ടിണിനിവാരണത്തിനുമായി എല്ലാ രാജ്യങ്ങളുടെയും സഹകരണം സഭ ക്ഷണിക്കുന്നു.

### പോപ്പുലോരും പ്രൊഗ്രെസിയോ

1967 മാർച്ച് 26-ന് പ്രസിദ്ധീകൃതമായ പോപ്പ് പോൾ ആറാമന്റെ 'പോപ്പുലോരും പ്രൊഗ്രെസിയോ' (മാനവപുരോഗതി) എന്ന ചാക്രികലേഖനം മാനവപുരോഗതിക്ക് ഒരു നൂതന അർത്ഥമാണ് കല്പിക്കുന്നത്. പുരോഗതി വെറും സാമ്പത്തിക അഭിവൃദ്ധി മാത്രമല്ല, എല്ലാ മനുഷ്യരും മാനവികതയുടെ പൂർണതയിലെത്തുമ്പോഴാണ് യഥാർത്ഥ മാനവപുരോഗതി സംജാതമാകുക എന്നു പോൾ മാർപാപ്പ കണ്ടു. മനുഷ്യത്വത്തെ തൃണവത്ഗണിച്ചുകൊണ്ടുള്ള സമ്പദ് സമാഹരണവും മാനവിക, സാംസ്കാരികപൈതൃകങ്ങൾക്ക് വിരുദ്ധമായ പുരോഗതിയും സമൂഹത്തിന്റെ പൊതുനന്മയ്ക്ക് ഹാ

www.malankaralibrary.com



നികരങ്ങളാണെന്ന് ഈ ചാക്രികലേഖനം വ്യക്തമാക്കുന്നു. ജനങ്ങളെ ഒരു പ്രത്യേക പ്രത്യയശാസ്ത്രത്തിന്റെ ഉപകരണങ്ങളാക്കാൻ രാഷ്ട്രത്തിന് അവകാശമില്ല. കമ്മ്യൂണിസത്തിലെ വ്യക്തിസ്വാതന്ത്ര്യരാഹിത്യവും മുതലാളിത്തത്തിന്റെ അനീതികളും ഇവിടെയും വിമർശനവിധേയമാകുന്നുണ്ട്. കൊളോണിയലിസത്തിന്റെ ദോഷവശങ്ങളും അതോടൊപ്പം അജ്ഞതയും അനാരോഗ്യവും ദൂരീകരിക്കുന്നതിൽ കൊളോണിയലിസം വഹിച്ച പങ്കും ഇതിലെ പ്രതിപാദ്യങ്ങളാണ്.

## ലബോറെം എക്സെർചെൻസ്

ലെയോ പതിമൂന്നാമൻ മുതലുള്ള മാർപാപ്പമാർ സമൂഹത്തെയും വ്യക്തിക്ക് സമൂഹവുമായുള്ള ബന്ധത്തെയുമാണ് തങ്ങളുടെ പ്രമാണരേഖകളിൽ പ്രധാനമായും പ്രതിപാദിച്ചിരുന്നത്. 1978-ൽ സ്ഥാനമേറ്റ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ സാമൂഹിക ചിന്ത ചില വ്യത്യസ്ത വീക്ഷണങ്ങൾ വച്ചുപുലർത്തുന്നതായിരുന്നു. സാമൂഹിക യാഥാർത്ഥ്യങ്ങൾക്ക് താത്ത്വിക വിശദീകരണങ്ങൾ നൽകുവാനുള്ള ശ്രമമായിരുന്നു പരിശുദ്ധപിതാവിന്റേത്. 1981 സെപ്റ്റംബർ 14-ന് പ്രസിദ്ധീകരിച്ച 'ലബോറെം എക്സെർചെൻസ്' എന്ന ചാക്രികലേഖനം തൊഴിലിന്റെ വിശാലമായ അർത്ഥമേഖലയിലേക്കാണ് നമ്മെ കൂട്ടിക്കൊണ്ടുപോവുക. തൊഴിൽ മാനവശ്രേഷ്ഠതയുടെ പ്രകാശനം ആണെന്നു മാത്രമല്ല അതു മാനവശ്രേഷ്ഠതയെ വർദ്ധിപ്പിക്കുകകൂടി ചെയ്യുന്നു. തൊഴിലാണ് മൂലധനത്തെക്കാൾ പ്രധാനം എന്ന വസ്തുത ചൂണ്ടിക്കാണിക്കാനുള്ള പരിശ്രമം ഈ ലേഖനത്തിലുടനീളം കാണാം. തൊഴിലാളികൾക്ക് തൊഴിൽശാലകളുടെ ഉടമസ്ഥാവകാശത്തിലും ഭരണകാര്യങ്ങളിലും പങ്കാളിത്തമുണ്ടായിരിക്കണമെന്നും 'ലബോറെം എക്സെർചെൻസ്' സമർത്ഥിക്കുന്നു. സ്ത്രീകൾക്കും ഉചിതമായ തൊഴിൽ നൽകപ്പെടണമെന്ന ആഹ്വാനവും ഈ ലേഖനത്തിൽ മുഴങ്ങിക്കേൾക്കാം.

## സൊളിച്ചിത്യൂദോ റേയി സോച്ചിയാലിസ്

1987 ഡിസംബർ 30-ാം തീയതി ജോൺ പോൾ രണ്ടാമൻ മാർപാപ്പ മറ്റൊരു സാമൂഹിക ചാക്രികലേഖനംകൂടി പ്രസിദ്ധീകരിച്ചു

www.malankaralibrary.com



—'സൊളിച്ചിത്യൂദോ റേയി സോച്ചിയാലിസ്' (സാമൂഹിക ഔത്സുക്യം). ആധുനിക സമൂഹത്തിന്റെ ഗുണദോഷങ്ങൾ വ്യക്തമാക്കുവാൻ മാർപാപ്പ ഈ ചാക്രികലേഖനത്തിൽ പരിശ്രമിക്കുന്നു. ഗർഭഛിദ്രം, കാരുണ്യവധം തുടങ്ങിയ സാമൂഹിക പ്രശ്നങ്ങളാൽ കലുഷിതമാണ് ആധുനികസാമൂഹിക അന്തരീക്ഷം. എങ്കിലും സമാധാനത്തിനുവേണ്ടിയുള്ള അഭിവാഞ്ഛയും സമാധാനം അഖണ്ഡമാണെന്ന അവബോധവും എങ്ങും ദൃശ്യമാണ് (26). പോൾ ആറാമൻ മാർപാപ്പ പുരോഗതിക്ക് നൽകിയ അർത്ഥത്തിന്റെ ചുവടുപിടിച്ച് മാനവവികസനത്തിന് ചില നൂതനമാനങ്ങൾ കണ്ടെത്താനുള്ള ശ്രമവും ഈ പ്രമാണരേഖയിൽ കാണാം. വികസനത്തിന് ഒരു ധാർമ്മികവശമുണ്ടെന്ന് ചൂണ്ടിക്കാണിക്കുന്നതോടൊപ്പം യഥാർത്ഥ വികസനം മതസ്വാതന്ത്ര്യത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും പിൻബലത്തോടെ നേടിയെടുക്കുന്നതാവണം എന്ന് മാർപാപ്പ ഉദ്ബോധിപ്പിക്കുന്നു (33). ആധുനിക പ്രശ്നം ദൈവശാസ്ത്രത്തിന്റെ കാഴ്ചപ്പാടിലൂടെ നോക്കിക്കാണുവാനും ഇവിടെ ശ്രമിക്കുന്നുണ്ട്. അപരനെ അയൽക്കാരനായി കണ്ട് ജീവന്റെ വിരുന്നിൽ അവനെയും പങ്കാളിയാക്കാൻ ഓരോ വ്യക്തിക്കും കടമയുണ്ട്. ഈ ഐക്യദാർഢ്യം അന്താരാഷ്ട്ര രംഗത്ത് കൈവരുമ്പോൾ യുദ്ധത്തിനോ സുരക്ഷിതത്വത്തെപ്പറ്റിയുള്ള അതിരുകവിഞ്ഞ വിഹ്വലതയ്ക്കോ സ്ഥാനമില്ലാതാകും. ഇവിടെയാണ് യഥാർത്ഥ വികസനം സംജാതമാവുക. ജനജീവിതം കൂടുതൽ 'മാനുഷികമാക്കാൻ' ഓരോരുത്തരും ചെയ്യുന്ന പ്രവൃത്തികൾ ഒരിക്കലും വ്യർത്ഥമാവുകയില്ലെന്നും പരിശുദ്ധ പിതാവ് ഈ ചാക്രിക ലേഖനത്തിൽ ഓർമ്മിപ്പിക്കുന്നു. ക്രിയാത്മകമായ നീക്കങ്ങളിലൂടെ യഥാർത്ഥവികസനത്തിന്റെ പാതയിൽ അണിനിരക്കുവാനുള്ള ആഹ്വാനത്തോടെയാണ് 'സാമൂഹിക ഔത്സുക്യം' അവസാനിക്കുന്നത്.

**ചെന്തെസിമൂസ് ആന്നൂസ്**

'റേരും നൊവാരും' പ്രസിദ്ധീകൃതമായതിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ജോൺ പോൾ രണ്ടാമൻ മാർപാപ്പ 1991 മെയ് 2-ാം തീയതി പ്രസിദ്ധീകരിച്ച ചാക്രിക ലേഖനമാണ് ചെന്തെസിമൂസ് ആന്നൂസ്' (100-ാം വർഷത്തിൽ). ആധുനികലോക

www.malankaralibrary.com



ത്തിൽ 'തൊഴിലാളികളുടെ മാഗ്നാകാർട്ടാ' (റേരും നൊവാരും) യ്ക്കുള്ള പ്രസക്തിയെക്കുറിച്ച് പരാമർശിച്ചുകൊണ്ടാണ് ഈ ചാക്രികലേഖനം ആരംഭിക്കുക. മാനവസ്വാതന്ത്ര്യവും മനുഷ്യാവകാശങ്ങളും മുദ്രാവാക്യങ്ങളാക്കിക്കൊണ്ട് തുടക്കംകുറിച്ച രണ്ടാം ലോകമഹായുദ്ധം അവസാനിച്ചപ്പോൾ ശേഷിച്ചത് മാനവമനസ്സിന് എന്നും നടുക്കമുളവാക്കുന്ന കുറെ നഗ്നസത്യങ്ങൾ മാത്രമായിരുന്നു. ഈ വസ്തുത ചൂണ്ടിക്കാട്ടിക്കൊണ്ട് ലോകത്തിന്റെ ഇന്നത്തെ സ്ഥിതിവിശേഷത്തെ വിലയിരുത്തുകയാണ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ. രണ്ടാം ലോകമഹായുദ്ധത്തെ തുടർന്ന് പല രാജ്യങ്ങളിലും നടന്ന നീക്കങ്ങൾ ജനായത്തഭരണത്തിനനുകൂലവും കമ്യൂണിസത്തിന് പ്രതികൂലവുമായിരുന്നു എന്നും മാർപാപ്പ ഓർമ്മിപ്പിക്കുന്നു. കൊളോണിയലിസത്തിന്റെ പിടിയിൽനിന്നും പല രാജ്യങ്ങളും വിമുക്തമായെങ്കിലും അവ ഇപ്പോഴും ആഭ്യന്തര അസമാധാനത്തിന്റെയും തൊഴിലില്ലായ്മയുടെയും മറ്റു സാമൂഹിക തിന്മകളുടെയുമൊക്കെ ബന്ധനങ്ങളിലാണ്. മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള അവബോധം ഇക്കാലത്ത് നവചൈതന്യത്തോടെ ഉയിർത്തെഴുന്നേറ്റു എന്നത് ആശ്വാസകരമായ ഒരു വസ്തുതയാണെന്നും ചാക്രികലേഖനം അനുസ്മരിക്കുന്നു.

'ചെന്തെസിമൂസ് ആന്നൂസ്'-ൽ 1989 മാനവചരിത്രത്തിലെ ഒരു നിർണായക വത്സരമായി ചിത്രീകരിക്കപ്പെടുന്നു. പൗരസ്ത്യ യൂറോപ്പിൽ സംഭവിച്ച രാഷ്ട്രീയ, സാമൂഹിക വ്യതിയാനങ്ങൾ, 'റേരും നൊവാരും' പ്രവചിച്ച ചരിത്രപുരോഗതി അതിന്റെ പരമകാഷ്ഠയിലെത്തി എന്നതിന്റെ സൂചനയാണ്. കമ്യൂണിസത്തിന്റെ തകർച്ചയുടെ കാരണങ്ങളിൽ പ്രധാനപ്പെട്ട ഒന്നായി ജോൺ പോൾ രണ്ടാമൻ ചൂണ്ടിക്കാട്ടുന്നത് അസ്വാതന്ത്ര്യത്തിൽ നിന്നും വിമുക്തി നേടാൻ മുറവിളി കൂട്ടിയ തൊഴിലാളിവർഗ്ഗത്തിന്റെതന്നെ സമ്മർദ്ദത്തെയാണ്. സാമ്പത്തികശാസ്ത്രത്തിന്റെയോ വർഗ്ഗസമരങ്ങളുടെയോ പശ്ചാത്തലത്തിലല്ല മനുഷ്യനെ മനസ്സിലാക്കേണ്ടത്. മനുഷ്യൻ ജീവിക്കുന്ന സംസ്കാരത്തിന്റെയും അവൻ സംസാരിക്കുന്ന ഭാഷയുടെയും അവൻ പിൻചെല്ലുന്ന മതാത്മകപൈതൃകത്തിന്റെയും പശ്ചാത്തലത്തിലായിരിക്കണം മനുഷ്യാസ്തിത്വം മനസ്സി

www.malankaralibrary.com



ലാക്കപ്പെടേണ്ടതെന്ന് പരിശുദ്ധ പിതാവ് ഉദ്ബോധിപ്പിക്കുന്നു. "ദരിദ്രരുടെ പുനരുദ്ധാരണം, മാനവകുലത്തിന്റെ മുഴുവൻ സാമ്പത്തികവും സാംസ്കാരികവും ധാർമ്മികവുമായ ഉന്നമനത്തിന് ഒരു വലിയ അവസരമൊരുക്കുന്നു" (28). രാഷ്ട്രങ്ങളുടെ പൊതുജനക്ഷേമ ദൗത്യത്തെക്കുറിച്ചും ഈ ചാക്രികലേഖനം സംസാരിക്കുന്നുണ്ട്. സമൂഹത്തെയും കുടുംബത്തെയും ബഹുമാനിക്കുന്ന രാഷ്ട്രം, മതസംഘടനകൾക്കും മനുഷ്യവ്യക്തികൾക്കും വിലകല്പിക്കുന്ന രാഷ്ട്രം അതാണ് ഇവിടെ വിഭാവന ചെയ്യപ്പെടുക. സഭയുടെ സാമൂഹികപ്രബോധനം സുവിശേഷവത്കരണത്തിന്റെ ഒരു മേഖലയായി പരിഗണിക്കപ്പെടുന്നുണ്ട്. ഈ ചാക്രികലേഖനത്തിൽ മനുഷ്യനെ മനുഷ്യനുതന്നെ വെളിപ്പെടുത്തുക. ഇതാണ് സഭയുടെ സാമൂഹിക പ്രബോധനം ലക്ഷ്യംവയ്ക്കുന്നത്. ക്രിസ്തുവിന്റെ രക്ഷാകരരഹസ്യം തന്നെയാണിവിടെ അനാവരണം ചെയ്യപ്പെടുന്നത്.

**പ്രബോധനപരിണാമം**

സഭയ്ക്ക് സാമൂഹികപ്രശ്നങ്ങൾക്കു നേരേയുണ്ടായിരുന്ന വീക്ഷണത്തിന് പത്തൊമ്പത് ഇരുപത് നൂറ്റാണ്ടുകളിലുണ്ടായ വളർച്ചയാണ് മുകളിൽ വിശകലനവിധേയമായത്. ആദ്യകാലങ്ങളിൽ സാമൂഹിക സാമ്പത്തിക പ്രശ്നങ്ങളോട് കേവലം ഉപരിപ്ളവമായ സമീപനമായിരുന്നു സഭ വച്ചുപുലർത്തിയിരുന്നത്. ക്രിസ്തീയ പ്രബോധനങ്ങളുടെ പിൻബലത്തോടെ അവയെ വീക്ഷിക്കാനായിരുന്നു പിന്നീട് സഭയുടെ ശ്രമം. ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടമാകുമ്പോഴേക്കും സാമൂഹിക പ്രശ്നങ്ങൾക്ക് ദാർശനികവിശദീകരണങ്ങൾ നൽകുവാനാണ് സഭ ശ്രമിക്കുന്നത്. സഭയുടെ രക്ഷാകരദൗത്യത്തിന്റെ ഒരു നിർണായകഭാഗമായി സാമൂഹിക പ്രബോധനത്തെക്കാണുവാനും സഭയ്ക്കായി. മനുഷ്യാവകാശ സംരക്ഷണരംഗത്തും, മാനവമഹത്ത്വം ഉയർത്തിപ്പിടിക്കുന്നതിലും ലോകസമാധാനം നിലനിർത്തുന്നതിലും ഈ സാമൂഹികപ്രബോധനങ്ങൾ വഹിച്ച പങ്ക് എന്നും ശ്ലാഘനീയംതന്നെ.

www.malankaralibrary.com

# 15
# വിവാഹവഴിയിലെ കാരുണ്യസ്പർശം



**കാരുണ്യനിഷേധം നീതിയുടെയും സത്യത്തിന്റെ മറച്ചുവയ്ക്കലാണെന്ന ധീരമായ നിലപാടോടെ ഈ പ്രബോധനം ഉപസംഹരിക്കപ്പെടുമ്പോൾ ആധുനിക അജപാലകർക്ക് മുന്നിൽ അതുയർത്തുന്നത് ധീരമായ ഒരു വെല്ലുവിളി തന്നെയാണ്.**

**കാ**രുണ്യനിഷേധം നീതിയുടെയും സത്യത്തിന്റെ മറച്ചുവയ്ക്കലാണെന്ന ധീരമായ നിലപാടോടെ ഈ പ്രബോധനം ഉപസംഹരിക്കപ്പെടുമ്പോൾ ആധുനിക അജപാലകർക്ക് മുന്നിൽ അതുയർത്തുന്നത് ധീരമായ ഒരു വെല്ലുവിളി തന്നെയാണ്.

വിവാഹജീവിതം ഇന്ന് മറ്റെന്നത്തേതിനെക്കാളും ഏറെ സങ്കീർണ്ണതകളുടെ പാതയിലൂടെയാണ് മുന്നേറിക്കൊണ്ടിരിക്കുന്നത്. പരസ്പര പ്രതി

www.malankaralibrary.com



ബദ്ധതയില്ലാത്ത ബന്ധങ്ങളും സാമ്പത്തിക സ്വയംപര്യാപ്തതയും മാധ്യമലോകത്തെ ദുഷ്പ്രവണതകളും വിവാഹബന്ധമാകുന്ന സുവർണ്ണചരട് അറ്റുപോകുന്നതിന് പലപ്പോഴും വഴിമരുന്നിടുക യാണ് ചെയ്യുന്നത്. ഈ പശ്ചാത്തലത്തിൽ ആഗോള കത്തോലി ക്കാസഭ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ നേതൃത്വത്തിൽ കുടുംബത്തെയും വിവാഹബന്ധത്തെയും കുറിച്ച് ഗൗരവമായി ചിന്തിക്കുന്നതിനും പഠിക്കുന്നതിനുംവേണ്ടി 2014 ഒക്ടോബറിലും 2015 ഒക്ടോബറിലും രണ്ട് സൂനഹദോസുകൾ വിളിച്ചുചേർക്കുക യുണ്ടായി. ഈ സൂന്നഹദോസുകളിൽ ഉരുത്തിരിഞ്ഞ കണ്ടെത്ത ലുകളുടെ വെളിച്ചത്തിൽ 2016 മാർച്ച് 19 ന് 'സ്നേഹത്തിന്റെ സന്തോഷം' (*Amoris Laetitia*) എന്ന അപ്പസ്തോലിക പ്രബോധനം പരിശുദ്ധ പിതാവ് പുറത്തിറക്കി. ഈ പ്രബോധനത്തിന്റെ ഒരു സുപ്ര ധാനഭാഗമാണ് അതിന്റെ 8-ാം അധ്യായം. 291 മുതൽ 312 വരെയുള്ള ഖണ്ഡികകൾ ഉൾപ്പെടുന്ന 8-ാം അധ്യായത്തിൽ വിവാഹജീവിത ത്തിൽ അപചയങ്ങൾ സംഭവിച്ചവരോട് പുലർത്തേണ്ട കരുണാമ സൃണമായ സമീപനത്തെക്കുറിച്ച് ഊന്നിപ്പറയുകയാണ് പരിശുദ്ധ പിതാവ്.

## വിവാഹജീവിതത്തിന്റെ ദൈവശാസ്ത്രം

വിവാഹകൂദാശയുടെ ദൈവശാസ്ത്രം പങ്കുവയ്ക്കാനാണ് ഈ അധ്യായത്തിന്റെ പ്രാരംഭ ഭാഗം മാർപാപ്പ നീക്കിവച്ചിരിക്കുന്നത്. ക്രിസ്തുവിന് തന്റെ മണവാട്ടിയായ സഭയോടുള്ള സ്നേഹത്തെ യാണ് ഇതിന് മാതൃകയായി ഈ പ്രബോധനത്തിൽ ചൂണ്ടിക്കാ ണിക്കപ്പെടുന്നത്. "അവൻ സഭയെ വിശുദ്ധീകരിക്കുന്നതിന് ജലം കൊണ്ട് കഴുകി വചനത്താൽ വെൺമയുള്ളതാക്കി. ഇത് അവളെ കറയോ, ചുളിവോ മറ്റ് കുറവുകളോ ഇല്ലാത്ത മഹത്ത്വപൂർണ്ണയായി തനിക്ക് തന്നെ പ്രതിഷ്ഠിക്കുന്നതിനും അവൾ കളങ്കരഹിതയും പരിശുദ്ധയുമായിരിക്കുന്നതിനുംവേണ്ടിയാണ്"(എഫേ 5:26-27). വിവാഹജീവിതത്തിലെ സ്നേഹം ക്രിസ്തുവിന് സഭയുമായുണ്ടാ യിരുന്ന ബന്ധത്തിന്റെ മാതൃകയിൽ സ്വതന്ത്രവും വിശ്വസ്തവും നിഷേധക(Exclusive)വുമായിരിക്കണമെന്ന ഉദ്ബോധനത്തോടെ

www.malankaralibrary.com



യാണ് പ്രമാണരേഖയുടെ 292-ാം ഖണ്ഡിക ആരംഭിക്കുക. ഈ സ്നേഹത്തിൽ അടിസ്ഥാനമുറപ്പിച്ചിരിക്കുന്നതുകൊണ്ട് പരസ്പരം സമ്പൂർണ്ണമായി നൽകുകയും സ്വീകരിക്കുകയും ചെയ്യുന്ന സ്ത്രീയും പുരുഷനും അവരുടെ വിവാഹജീവിതത്തിൽ അവസാന ശ്വാസംവരെ സമർപ്പിതരായി കഴിയേണ്ടവരാണെന്ന് പരിശുദ്ധപിതാവ് പഠിപ്പിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വിവാഹത്തെ സംബന്ധിച്ച ആരാധനാക്രമ ദൈവശാസ്ത്രവും ഈ സന്ദർഭത്തിൽ ഏറെ പ്രസക്തമാണ്. വിവാഹ ഉടമ്പടിയിൽ വധൂവരന്മാരുടെ സമ്മതം മോതിരം കൈമാറുന്നതിലൂടെയാണല്ലോ വ്യക്തമാക്കപ്പെടുന്നത്. ക്രിസ്തു തന്റെ മണവാട്ടിയായ സഭയ്ക്ക് തന്റെ തിരുശരീരരക്തങ്ങൾ നൽകിക്കൊണ്ട് ചെയ്ത ഉടമ്പടിയോടാണ് ഇതിനെ സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. "ജയം നൽകുന്ന നിന്റെ തിരുശരീരവും തിരുരക്തവും അവൾക്ക് നീ മോതിരമായി വെടിപ്പോടെ നൽകുകയും നിന്റെ സന്തോഷരശ്മിയാൽ അവളെ പ്രശോഭിപ്പിക്കുകയും ചെയ്തു" (വിവാഹ കൂദാശ, ഒന്നാം ശുശ്രൂഷ, സെദറ). സ്വന്തം ശരീരരക്തങ്ങളാകുന്ന ഉടമ്പടി അടയാളം കൊണ്ടാണ് ക്രിസ്തു തന്റെ സഭയെ വിവാഹം ചെയ്തത്. സ്വന്തം ജീവനും ശരീരവും രക്തവും നൽകുന്ന ഉടമ്പടിയാണ് വിവാഹത്തിലേതെന്ന് ക്രിസ്തു പഠിപ്പിക്കുകയായിരുന്നു.

അതോടൊപ്പം വിവാഹത്തിൽ ദമ്പതികളുടെ നന്മ ഉറപ്പാക്കപ്പെടണമെന്ന ഉദ്ബോധനവും മാർപാപ്പയുടെ പ്രബോധനത്തിലുണ്ട്. ദമ്പതികളുടെ നന്മകൊണ്ട് മാത്രം വിവാഹത്തിന്റെ ലക്ഷ്യം പൂർത്തീകരിക്കപ്പെടുന്നില്ല. മനുഷ്യജീവന്റെ സംപ്രേഷണത്തിൽ (Transmission) കണ്ണികളായി ഭവിക്കുന്നതിന് ദമ്പതികൾക്കുള്ള അനിഷേധ്യമായ ഉത്തരവാദിത്തത്തെക്കുറിച്ചും മാർപാപ്പ ഈ പ്രബോധനത്തിൽ പഠിപ്പിക്കുന്നു (292).

വിവാഹത്തിലൂടെ ഉടലെടുക്കുന്ന ഗാർഹികസഭ ലോകമാകുന്ന ഗോതമ്പുമാവിനെ പുതുജീവൻ നൽകി പുളിപ്പിക്കുന്ന പുളിമാവായി വർത്തിക്കണമെന്ന അനുശാസനവും ഇവിടെ കണ്ടെത്താനാവും (292).

www.malankaralibrary.com



**വിവാഹജീവിതത്തിലെ അപചയങ്ങൾ**

മാറിവരുന്ന സാമൂഹിക ചുറ്റുപാടുകളിൽ വിവാഹജീവിതത്തിലെ അപചയങ്ങൾ അത്ര അസാധാരണമല്ലാതായിരിക്കുന്നു. തന്മൂലം, മാമോദീസ സ്വീകരിച്ചവരെങ്കിലും കൂദാശാപരമായ വിവാഹജീവിതം നയിക്കാത്തവരുടെ എണ്ണം സഭയിൽ അത്ര ചെറുതല്ല എന്ന വസ്തുത അൽപം ആശങ്കയോടെ മാർപാപ്പ പങ്കുവയ്ക്കുന്നു. കൂദാശാപരമായ വിവാഹജീവിതം നയിക്കുന്നതിന് സാഹചര്യമില്ലാതിരിക്കെ രജിസ്റ്റർ വിവാഹമോ, ഇതരമതവിശ്വാസമനുസരിച്ചുള്ള വിവാഹമോ നടത്തി ജീവിതം നയിക്കുന്ന ദമ്പതികളോടു കരുണാപൂർണ്ണമായ അജപാലന സമീപനം കൈകൊണ്ട് അവരെ കൂദാശാജീവിതത്തിലേക്ക് ആനയിക്കണമെന്ന് പരിശുദ്ധ പിതാവ് പഠിപ്പിക്കുന്നു (293).

ചില രാജ്യങ്ങളിൽ ഇത്തരത്തിലുള്ള വിവാഹബന്ധങ്ങളുടെ സംഖ്യ ഏറിവരികയാണെന്നുള്ള ആശങ്കയും പരിശുദ്ധപിതാവ് മുന്നോട്ടുവയ്ക്കുന്നു. വിവാഹാഘോഷങ്ങളുടെ ഭാരിച്ച ചെലവുകൾ വഹിക്കുന്നതിനുള്ള ബുദ്ധിമുട്ടും ഇതിന് കാരണമായി പരിശുദ്ധപിതാവ് ചൂണ്ടിക്കാട്ടുന്നുണ്ട്. എന്നാൽ ഇത്തരം ബന്ധങ്ങളിൽ കുടുംബമൂല്യങ്ങൾ നിരാകരിക്കപ്പെടുന്നു എന്നർത്ഥമില്ല. ഇത്തരം സാഹചര്യങ്ങളിൽ സുവിശേഷാധിഷ്ഠിതവും കരുണാർദ്രവുമായ സമീപനത്തിലൂടെ ഈ ബന്ധങ്ങളെ ക്രിസ്തീയമാക്കുന്നതിന് അജപാലകർ പ്രത്യേക ശ്രദ്ധപുലർത്തണമെന്ന് പരിശുദ്ധപിതാവ് ഓർമ്മിപ്പിക്കുന്നു (294). കേരളത്തിലെ ഇന്നത്തെ സാഹചര്യത്തിൽ ഏറെ പ്രസക്തമായ ഒരു അജപാലന നിർദ്ദേശമാണ് പരിശുദ്ധപിതാവ് ഈ അപ്പസ്തോലിക പ്രബോധനത്തിലൂടെ ഒരിക്കൽക്കൂടി മുന്നോട്ടുവയ്ക്കുന്നത്. നമ്മുടെ ചില ഇടവകകളിൽ കൂദാശേതര വിവാഹകർമ്മം ചില സന്ദർഭങ്ങളിൽ നടത്തുന്നതിന് വിശ്വാസികൾ നിർബന്ധിതരാകുന്നു. ചില സാമൂഹിക ചുറ്റുപാടുകളിൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാനാകാതെ വരുന്നു. എന്നാൽ ഉറച്ച കത്തോലിക്കാ വിശ്വാസമുള്ളവർക്ക് ഇത് ഏറെ മനോവിഷമം ഉളവാക്കുന്ന ഒരു സന്ദർഭമാണ്. എന്നാൽ ഇത്തരം കൂദാശേതര വിവാഹകർമ്മങ്ങളിൽ പങ്കാളികളായ വധൂവരന്മാരെ അജപാലന

www.malankaralibrary.com



പരമായി അനുഗമിച്ച് ആ വിവാഹം കൂദാശാവത്കരിക്കുകയും അതു വഴിയായി കൃപാപൂർണ്ണതയിലേക്ക് നയിക്കുകയും ചെയ്യേണ്ട വലിയ ഉത്തരവാദിത്തം നമ്മുടെ അജപാലകർക്കുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ അജപാലകർക്കുവേണ്ട പിന്തുണ നൽകുന്നതിനു ഭദ്രസനകച്ചേരികൾ സദാസന്നദ്ധമായിരിക്കുകയും വേണം. നമ്മുടെ ഭദ്രാസനങ്ങൾ ഇക്കാര്യങ്ങളിൽ സദാ ജാഗ്രത പുലർത്തുന്നു എന്നത് ഏറ്റവും ആശ്വാസകരമായ വസ്തുതയാണ്.

### സുവിശേഷാധിഷ്ഠിതമായ കരുണയുടെ വഴി

ആദ്യ നൂറ്റാണ്ടിലെ ജറുസലേം സുന്നഹദോസ് മുതൽ സഭയിൽ പിന്തുടരുന്നത് യേശുവിന്റെ കരുണയുടെ വഴിയാണ്. ആരെയും എന്നെന്നേക്കുമായി വിധിക്കുവാൻ അത് പഠിപ്പിക്കുന്നില്ല (296). വഴിതെറ്റിയ ആടിനെ തേടിയിറങ്ങുന്ന അജപാലകന്റെ മനോഭാവത്തോടെ വിവാഹജീവിതത്തിൽ അപചയം സംഭവിച്ചുപോയവരെ തേടി കണ്ടെത്തി കരുണാപൂർവം അവരുടെ പിഴവുകൾ പരിഹരിച്ച് മുഖ്യ അജഗണത്തോട് ചേർക്കുകയാണ് വേണ്ടത്. മതേതരമാർഗങ്ങളിലൂടെ വിവാഹം കഴിച്ചവരോടും മതേതരമായി വിവാഹം മോചിച്ചശേഷം രണ്ടാമത് വിവാഹം കഴിച്ചവരോടും അല്ലെങ്കിൽ ഔദ്യോഗികമായി വിവാഹിതരാകാതെ ഒരുമിച്ച് താമസിക്കുന്നവരോടും അവരുടെ ജീവിതത്തിൽ ദൈവകൃപയുടെ ആവശ്യകതയെക്കുറിച്ചും അതിലേക്ക് അവരെ നയിക്കുന്നതിനുതകുന്ന മാർഗങ്ങളെക്കുറിച്ചും കരുണാമയിയായ മാതാവിനെപ്പോലെ അവരെ ബോധ്യപ്പെടുത്തേണ്ടത് സഭയുടെ ഉത്തരവാദിത്തമാണ് (297).

വിവാഹമോചനത്തിനുശേഷം ദ്വിതീയ വിവാഹത്തിലേർപ്പെട്ട് ജീവിക്കുന്നവരെ സഭ പുറത്താക്കുകയല്ല വേണ്ടത്. മറിച്ച് അവരുടെ ജീവിതം സഭാത്മകമാക്കുന്നതിനുവേണ്ട മാർഗങ്ങൾ അവരെ ബോധ്യപ്പെടുത്തുകയും ഇക്കാലയളവിൽ അവരുടെ ജീവിതത്തിന്റെ പിഴവുകളെ കുറിച്ച് അവർക്ക് മനസ്സിലാകത്തക്കവിധത്തിൽ പൂർണ്ണമായ സഭാത്മകജീവിതത്തിൽനിന്നും ചില ഒഴിവാക്കലുകൾ നൽകി പൂർണ്ണമായ സഭാത്മകജീവിതത്തിന്റെ മാധുര്യത്തെക്കുറിച്ച് അവരെ ബോധ്യപ്പെടുത്തേണ്ടതും ആവശ്യമാണ്.

www.malankaralibrary.com



മതേതരമായ വിവാഹമോചനങ്ങളുടെ സംഖ്യ ഇന്ന് നമ്മുടെയിടയിൽ വർദ്ധിച്ചുവരികയാണ്. ഇത്തരം സാഹചര്യങ്ങളിൽ വിശ്വാസത്തിന്റെ തിരസ്കാരം സംഭവിക്കാതെ ആദ്യ വിവാഹം അസാധുവായി പ്രഖ്യാപിച്ചുകൊണ്ട് കൂദാശപരമായ പുനർവിവാഹത്തിന് ഇക്കൂട്ടരെ സഹായിക്കുന്നതിനുതകുന്ന നടപടികൾ കത്തോലിക്കാ സഭയിൽ ഉണ്ട്. ഇതിനായി നിലവിലുള്ള നിയമങ്ങളെ ലഘൂകരിച്ചുകൊണ്ട് 2015 സെപ്തംബർ 8-ാം തീയതി പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ രണ്ട് പ്രമാണരേഖ(*Motu Proprio*)കൾ പുറത്തിറക്കുകയുണ്ടായി. ലത്തീൻകാനൻ നിയമസംഹിത(CIC)യുടെ പരിഷ്കരണത്തിനായി 'കർത്താവായ യേശു ശാന്തശീലനായ ന്യായാധിപൻ' (*Mitis Iudex Dominus Iesus*) എന്ന പ്രമാണരേഖയും, പൗരസ്ത്യസഭകളുടെ കാനോനസംഹിത(CCEO)യുടെ പരിഷ്കരണത്തിനായി 'ശാന്തശീലനും കരുണാമയനുമായ ഈശോ' (*Mitis Misericors Iesus*) എന്ന പ്രമാണരേഖയുമാണ് പ്രസിദ്ധീകരിച്ചത്. ഈ പ്രമാണരേഖകളനുസരിച്ച് നിലവിലുണ്ടായിരുന്ന നിയമങ്ങളെ തിരുത്തിക്കൊണ്ട് പ്രധാനമായും താഴെപ്പറയുന്ന പരിഷ്കാരങ്ങളാണ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ മുന്നോട്ടുവച്ചത്.

1. വിവാഹം അസാധുവാക്കുന്നതിനുള്ള കാരണങ്ങൾ (grounds for nullity) സുവ്യക്തമാണെങ്കിൽ സാധാരണ കോടതി നടപടികൾ ഒഴിവാക്കിക്കൊണ്ട് ഭദ്രാസന മെത്രാപ്പോലീത്തയ്ക്കു തന്നെ വിവാഹം അസാധുവായി പ്രഖ്യാപിക്കാൻ സാധിക്കും.

2. ഇതിനു മുമ്പുവരെ വിവാഹം അസാധുവാക്കുന്ന പ്രക്രിയയ്ക്ക് രണ്ടു കോടതികളുടെ സമാനവിധികൾ ആവശ്യമായിരുന്നു. എന്നാൽ ഈ പ്രമാണരേഖ നിലവിൽ വന്നതോടെ പ്രാഥമിക കോടതിയുടെ വിധിന്യായം മാത്രം പരിഗണിച്ചുകൊണ്ട് ഭദ്രാസന മെത്രാപ്പോലീത്തയ്ക്ക് വിവാഹത്തിന്റെ അവാസ്തവികത സ്ഥാപിക്കുവാൻ സാധിക്കും. കേസ് ഫയൽ അപ്പീൽ കോടതിയിലേക്ക് അയയ്ക്കേണ്ടതില്ലെന്ന് ചുരുക്കം.

3. കോടതിയിൽ തെളിവുകൾ പഠിച്ച് വിധിന്യായം പ്രസ്താവിക്കുന്നതിന് നിയമപരിജ്ഞാനവും നീതിബോധവുമുള്ള ജഡ്ജിയായ ഒരു വൈദികന് തന്നെ സാധിക്കും. നേരത്തെ ഇത് നടപ്പി

www.malankaralibrary.com



ലാക്കിയിരുന്നത് മൂന്ന് ജഡ്ജിമാരുടെ ഒരു പാനലിലായിരുന്നു. ഈ ഏക ജഡ്ജിയുടെ വിധിന്യായം പരിഗണിച്ചുകൊണ്ട് ഭദ്രാസന മെത്രാപ്പോലീത്തയ്ക്ക് വിവാഹത്തിന്റെ അവാസ്തവികത സ്ഥിരീകരിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കും.

2014 ലും 2015 ലും നടന്ന കുടുംബങ്ങളെ സംബന്ധിക്കുന്ന മെത്രാന്മാരുടെ സുന്നഹദോസുകളിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളാണ് ഈ നിയമപരിഷ്കരണങ്ങൾക്ക് പരിശുദ്ധ പിതാവിനെ പ്രേരിപ്പിച്ചത്. ഈ പശ്ചാത്തലത്തിൽ വേണം 'സ്നേഹത്തിന്റെ സന്തോഷ'ത്തിന്റെ 8-ാം അധ്യായം പഠനവിധേയമാക്കേണ്ടത്.

**പുതിയ സംഹിത നൽകപ്പെടുന്നില്ല**

മേൽ പ്രസ്താവിച്ച പ്രബോധനങ്ങളുടെ അർത്ഥം വിവാഹം അസാധുവാക്കുന്നതിനോ, ദ്വിതീയ വിവാഹം ആശീർവദിക്കുന്നതിനോ ഇതുവരെ നിലനിന്നിരുന്ന കാനൻ നിയമങ്ങളെ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ മാറ്റിമറിച്ചു എന്നല്ല. മറിച്ച് നവീകൃതമായ ബോധ്യത്തോടെ വിവാഹമോചിതരുടെയും അതിനുശേഷം ദ്വിതീയ വിവാഹത്തിലേർപ്പെട്ടിരിക്കുന്നവരുടെയും നേരെ പുലർത്തേണ്ട അജപാലനസമീപനത്തെക്കുറിച്ച് മാർപാപ്പ ഓർമ്മിപ്പിക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽപ്പെട്ടവരോട് സഭയുടെ പ്രബോധനങ്ങൾക്കും നിയമങ്ങൾക്കും ഭദ്രാസനമെത്രാന്റെ മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി കരുണാപൂർണ്ണമായ അജപാലനസമീപനം പുലർത്തേണ്ടതുണ്ട്. ദൈവത്തിന്റെ തിരുമുമ്പിൽ തങ്ങളുടെ സാഹചര്യങ്ങളെ മനസ്സിലാക്കുവാൻ പോരുന്നവിധം ഇത്തരത്തിൽപ്പെട്ടവരെ അനുധാവനം ചെയ്യുകയാണ് വേണ്ടത്. എളിമ, സഭാസ്നേഹം, സഭയുടെ പ്രബോധനങ്ങളോടുള്ള പ്രതിബദ്ധത, ദൈവത്തിന്റെ തിരുഹിതത്തോടുള്ള തുറവി, ദൈവത്തിന്റെ തിരുഹിതത്തിന് ഏറ്റവും ഉചിതമായ പ്രതികരണം തുടങ്ങിയ പുണ്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് വേണം അജപാലകർ ഇത്തരം സാഹചര്യങ്ങളിൽ തീരുമാനങ്ങൾ കൈക്കൊള്ളുകയും അജഗണത്തെ നയിക്കുകയും ചെയ്യേണ്ടത്. ഇത്തരം സാഹചര്യങ്ങളിൽ ഈ സമീപനം അനാവശ്യമായ തെറ്റിദ്ധാരണകൾ ഒഴിവാക്കുന്നതിന് സഹായിക്കും (300).

www.malankaralibrary.com



പൊതുനിയമങ്ങൾ ചില പ്രത്യേക സാഹചര്യങ്ങൾക്ക് ചേരാത്തവയായിരിക്കും. ഇത്തരം സാഹചര്യങ്ങളെ വ്യക്തമായി പഠിക്കുവാനും അവയ്ക്കനുസൃതമായ അജപാലകശ്രദ്ധ നൽകുന്നതിനും ഇടവകവികാരിമാർക്ക് സാധിക്കണം (303). എന്നാൽ ഇത്തരം സാഹചര്യങ്ങളിൽ കൈകൊള്ളുന്ന പ്രത്യേക തീരുമാനങ്ങൾ യാതൊരു കാരണവശാലും പൊതുനിയമത്തിന്റെ തലത്തിലേക്ക് ഉയർത്തപ്പെടാൻ പാടുള്ളതല്ല (304). ഇവിടെ അജപാലകർ ആത്മാക്കളുടെ രക്ഷ(*Salus Animarum*)യെ കരുതി ഭദ്രാസനമെത്രാന്റെ മാർഗനിർദ്ദേശമനുസരിച്ച് തങ്ങളുടെ അജപാലനവിവേകം ഉപയോഗപ്പെടുത്തണം. സ്വാഭാവികനിയമ(Natural Law)ത്തിന്റെ വസ്തുനിഷ്ഠത നിലനിർത്തിക്കൊണ്ട് തന്നെ വസ്തുനിഷ്ഠമായി പാപകരമായ ഒരു സാഹചര്യം ചിലപ്പോൾ പ്രത്യേകമായി പാപകരമല്ലാത്തതായി പരിഗണിക്കേണ്ടതായി വന്നേക്കാം (305). ഇവിടെ അജപാലകർ 'ആത്മാക്കളുടെ രക്ഷയാണ് അത്യുന്നത നിയമം' (*Salus Animarum Suprema Lex*) എന്ന തത്ത്വം അതീവഗൗരവത്തോടെ പരിഗണിക്കേണ്ടതുണ്ട്.

ഈ തത്ത്വത്തെ സാധൂകരിച്ചുകൊണ്ട് ഏതാനും ദൈവവചനങ്ങൾ കൂടി മാർപാപ്പ ഉദ്ധരിക്കുന്നുണ്ട്; "സർവ്വോപരി നിങ്ങൾക്ക് ഗാഢമായ പരസ്പര സ്നേഹം ഉണ്ടായിരിക്കട്ടെ; കാരണം, സ്നേഹം നിരവധി പാപങ്ങളെ മറയ്ക്കുന്നു" (1 പത്രോസ് 4:8). "ധർമ്മനിഷ്ഠ പാലിച്ചുകൊണ്ട് പാപങ്ങളിൽനിന്നും, മർദ്ദിതരോട് കാരുണ്യം കാണിച്ചുകൊണ്ട് അകൃത്യങ്ങളിൽനിന്നും ഒഴിഞ്ഞു നിൽക്കുക. ഒരുപക്ഷേ നിന്റെ സ്വസ്ഥതയുടെ കാലം നീട്ടിക്കിട്ടിയേക്കാം" (ദാനി 4:27). "ജലം ജ്വലിക്കുന്ന അഗ്നിയെ കെടുത്തുന്നതുപോലെ ദാനധർമ്മം പാപത്തിന് പരിഹാരമാണ്" (പ്രഭാ 3:30).

### കൂദാശപരമായ വിവാഹജീവിതത്തിന് പകരമാവില്ല

എന്നാൽ കൂദാശപരമായ വിവാഹജീവിതത്തിലൂടെ യുവതീയുവാക്കന്മാരുടെ ജീവിതത്തിൽ കൈവരുന്ന ദൈവകൃപയ്ക്ക് മറ്റൊരു ജീവിതശൈലികൊണ്ടും പകരം വയ്ക്കാനാവില്ല. മാത്രമല്ല കാനോനിക വിവാഹബന്ധങ്ങളിലൂടെയാണ് യുവതീയുവാക്ക

www.malankaralibrary.com



ന്മാർക്ക് പൂർണ്ണമായും സഭാത്മകജീവിതത്തിലേക്ക് ഉൾച്ചേരാൻ കഴിയുക. പ്രത്യേക സാഹചര്യങ്ങളിൽ സഭാമാതാവ് കാട്ടുന്ന കരുണയെ സാമാന്യവത്കരിക്കാൻ പാടില്ലായെന്നും മാർപാപ്പ ഓർമ്മിപ്പിക്കുന്നു (307).

എങ്കിലും സഭ തന്റെ വസ്തുനിഷ്ഠമായ പ്രബോധനങ്ങളിൽ മുറുകെപ്പിടിച്ചുകൊണ്ടുതന്നെ, തന്റെ മക്കളെ വീണ്ടെടുക്കുന്നതിനുവേണ്ടി ചെളിപുരണ്ട പാതകളിലൂടെ സഞ്ചരിച്ച് തന്റെ പാദരക്ഷകൾ മലിനമാക്കണമെങ്കിൽ അതിനും അവൾ തയ്യാറാണ്. ബലഹീനരോട് കരുണാപൂർണ്ണവും സ്നേഹമസൃണവുമായ സമീപനങ്ങൾക്ക് പകരം അവരോട് ധാർഷ്ട്യത്തിന്റെയും കാർക്കശ്യത്തിന്റെയും സമീപനം പുലർത്തുന്നത് ഉത്തമ അജപാലകർക്ക് ചേർന്നതല്ല എന്നും മാർപാപ്പ ഓർമ്മിപ്പിക്കുന്നു (308). കാരുണ്യം സത്യത്തെയോ നീതിയെയോ ഒഴിവാക്കുന്നില്ല. മറിച്ച് കാരുണ്യം നീതിയുടെ പൂർണ്ണതയും ദൈവിക സത്യത്തിന്റെ സുവ്യക്തമായ പ്രകാശനവുമാണ്. കാരുണ്യം ഒഴിവാക്കപ്പെടുന്നിടത്ത് നീതിയും സത്യവും നിഷേധിക്കപ്പെടുകയാണ് എന്ന ഓർമ്മപ്പെടുത്തലോടെയാണ് സ്നേഹത്തിന്റെ സന്തോഷത്തിന്റെ 8-ാം അധ്യായം ഉപസംഹരിക്കപ്പെടുന്നത്.

**ഉപസംഹാരം**

'സ്നേഹത്തിന്റെ സന്തോഷം' മുന്നോട്ടുവയ്ക്കുന്നത് പുതിയ നിയമമൊന്നുമല്ല. മറിച്ച് നവീകൃതമായ അജപാലകബോധ്യത്തോടെ ആധുനിക മനുഷ്യന്റെ ജീവിതസാഹചര്യങ്ങളെ മനസ്സിലാക്കുവാനും മാർഗനിർദ്ദേശങ്ങൾ നൽകാനും അജപാലകരെ ആഹ്വാനം ചെയ്യുകയുമാണ് ഈ പ്രബോധനത്തിലൂടെ ഫ്രാൻസിസ് മാർപാപ്പ. കാരുണ്യനിഷേധം നീതിയുടെയും സത്യത്തിന്റെ മറച്ചുവയ്ക്കലാണെന്ന ധീരമായ നിലപാടോടെ ഈ പ്രബോധനം ഉപസംഹരിക്കപ്പെടുമ്പോൾ ആധുനിക അജപാലകർക്ക് മുന്നിൽ അതുയർത്തുന്നത് ധീരമായ ഒരു വെല്ലുവിളി തന്നെയാണ്.

www.malankaralibrary.com

# 16
# ‘ഫ്രത്തെല്ലി തൂത്തി’യുടെ സഭൈക്യദർശനം




**നി**രവധി പ്രത്യേകതകളുള്ള ഒരു സാമൂഹിക ചാക്രികലേഖനമാണ് ‘ഫ്രത്തെല്ലി തൂത്തി.’ 2020 ഒക്ടോബർ 3 ന് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ഈ സാമൂഹിക പ്രബോധനം ഇറ്റലിയിലെ അസ്സീസിയിൽവച്ച് ഒപ്പുവയ്ക്കുമ്പോൾ അത് സഭാചരിത്രത്തിലെ ഒരു നാഴികക്കല്ലാവുകയായിരുന്നു. വത്തിക്കാനു പുറത്തുവച്ച് ഒരു ചാക്രികലേഖനത്തിൽ മാർപാപ്പ ഒപ്പിട്ടത് 200 ൽപരം വർഷങ്ങൾക്കുമുമ്പാണ്. 1814 ൽ പരിശുദ്ധ പീയൂസ് VII മാർപാപ്പ ‘ഇൽ ത്രിയോൺഫോ’ എന്ന പ്രമാണരേഖയാണ് ഇറ്റാലിയൻ നഗരമായ

**‘ഫ്രത്തെല്ലി തൂത്തി’ ഒരു എക്യുമെനിക്കൽ ക്രിയാത്മകതയിലേക്കാണ് വിരൽചൂണ്ടുന്നത്. അല്ലാതെ നിഷ്ക്രിയതയിലേക്കല്ല. ഈ ക്രിയാത്മക എക്യുമെനിസത്തിന്റെ ഇന്ധനം ദൈവത്തിന്റെ അനന്തമായ സ്നേഹവും കരുണയുമാണ്.**

www.malankaralibrary.com



ചെസേനയിൽ വച്ച് ഒപ്പുവച്ചത്. വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ വിശ്വപ്രസിദ്ധമായ വാക്കുകളാണ് "എല്ലാവരും സഹോദരർ." വിശ്വസാഹോദര്യത്തിന്റെ മഹനീയ ആചാര്യനായിരുന്ന വിശുദ്ധ ഫ്രാൻസിസിന്റെ കർമ്മഭൂമിയായ അസ്സീസിയിൽവച്ച് ഈ ചാക്രിക ലേഖനം ഒപ്പുവയ്ക്കപ്പെട്ടത് ഏറെ അർത്ഥപൂർണ്ണമാണ്. "ലൂമെൻ ഫിദേയി" (2013), "ലൗദാത്തോ സി" (2015) എന്നീ രണ്ട് ചാക്രിക ലേഖനങ്ങൾക്കുശേഷം മൂന്നാമത്തേതായാണ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ "ഫ്രത്തെല്ലി തൂത്തി"യിൽ ഒപ്പുവയ്ക്കുന്നത്. ഈ ചാക്രികലേഖനത്തിന്റെ സഭൈക്യദർശന(Ecumenical Vision)ത്തിലേക്ക് ഒരു അന്വേഷണം നടത്തുകയാണ് ഈ ലേഖനോദ്ദേശ്യം. ഈ ചാക്രികലേഖനത്തിന്റെ എട്ടാം അധ്യായ(271-287)ത്തിലാണ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ തന്റെ സഭൈക്യ ദർശനം അവതരിപ്പിക്കുക.

**നാം അനാഥരല്ല, ദൈവമക്കളാണ്**

നാമെല്ലാവരും ദൈവമക്കളാണ് എന്ന കാഴ്ചപ്പാടോടെയാണ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ എട്ടാമത്തെ അധ്യായം ആരംഭിക്കുന്നതുതന്നെ. ഭാരത മെത്രാൻസംഘം പുറപ്പെടുവിച്ചിട്ടുള്ള ഒരു പ്രതികരണം (2016 മാർച്ച് 9) ഈ അധ്യായത്തിന്റെ ആരംഭത്തിൽത്തന്നെ ഉദ്ധരിക്കുന്നത് നമുക്ക് ഏറെ അഭിമാനം പകരുന്നതാണ്. ഈ ഉദ്ധരണി താഴെപ്പറയുന്ന പ്രകാരമാണ്: "സംവാദത്തിന്റെ ലക്ഷ്യം സൗഹൃദം, സമാധാനം, ഐക്യം ഇവ സ്ഥാപിക്കുന്നതോടൊപ്പം ആത്മീയവും ധാർമ്മികവുമായ മൂല്യങ്ങളും അനുഭവങ്ങളും സത്യത്തിന്റെയും സ്നേഹത്തിന്റെയും അരൂപിയിൽ പങ്കിടുകയുമാണ്." തുടക്കത്തിൽ തന്നെ ഈ വാക്കുകൾ ഉദ്ധരിക്കുന്നതിലൂടെ മാർപാപ്പയുടെ സഭൈക്യദർശനം നമുക്ക് വ്യക്തമാണ്. സൗഹൃദവും സമാധാനവും ഐക്യവും സ്ഥാപിക്കുന്നതോടൊപ്പം ആത്മീയവും ധാർമ്മികവുമായ മൂല്യങ്ങൾ സംരക്ഷിക്കപ്പെടുകയും അവ സത്യത്തിന്റെയും സ്നേഹത്തിന്റെയും അരൂപിയിൽ പങ്കിടുകയും വേണം. സഭൈക്യ ബന്ധങ്ങളുടെ ഉദ്ദേശ്യം സംവാദങ്ങൾ മാത്രമല്ല സത്യത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ മൂല്യ

www.malankaralibrary.com



ങ്ങളുടെയും അനുഭവങ്ങളുടെയും സംവേദനം ഇവയിലൂടെ സാക്ഷാത്കൃതമാവുക തന്നെ വേണം. മാർപാപ്പ പറയുന്നു: "നാം അനാഥരല്ല, മക്കളാണെന്ന ബോധ്യമുണ്ടെങ്കിൽ മാത്രമേ നമുക്ക് പരസ്പരം സമാധാനത്തോടെ ജീവിക്കാൻ സാധിക്കുകയുള്ളൂ" (Homily at Mass in Domus Sanctae Marthae, 17 May 2020). നാം എല്ലാവരും ദൈവമക്കളാണെങ്കിൽ നമ്മുടെ ഇടയിൽ സൗഹൃദവും സ്നേഹവും മാത്രമാണ് വളരുക. ക്രൈസ്തവസ്നേഹത്തിലധിഷ്ഠിതമായ കൂട്ടായ്മയിലാണ് സഭാമക്കളെല്ലാവരും വളരേണ്ടത് എന്ന ആഹ്വാനമാണ് ഇവിടെ കാണാൻ കഴിയുക. ക്രൈസ്തവസഭകൾക്കും അവയുടെ വിശ്വാസികൾക്കുമിടയിൽ ഉളവാകേണ്ടത് ഈ പുത്രത്വ വികാരമാണെന്ന് മാർപാപ്പ ഇവിടെ ഊന്നിപ്പറയുന്നു.

'ഫ്രത്തെല്ലി തൂത്തി'യോടുള്ള പ്രതികരണത്തിൽ വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ (WCC) ജനറൽ സെക്രട്ടറിയായ റവ. പ്രൊഫ. ഡോ. യൊവാൻ സൗക്കാ ഇപ്രകാരം അഭിപ്രായപ്പെട്ടു: "സാഹോദര്യവും സാമൂഹികസൗഹൃദവുമാണ് സ്നേഹമാകുന്ന പുണ്യത്താൽ പ്രചോദിതരായ മനുഷ്യരുടെ ഇടയിലുള്ള സമാധാനപൂർണമായ സാമൂഹികബന്ധത്തിന്റെ രൂപങ്ങൾ. നല്ല സമരിയക്കാരന്റെ ഉപമയുടെ വ്യാഖ്യാനത്തിലൂടെ മാർപാപ്പ മനുഷ്യന്റെ സാമൂഹികവും രാഷ്ട്രീയവുമായ ജീവിതത്തെ സ്വാധീനിക്കുന്ന ഒരു വലിയ യാഥാർത്ഥ്യത്തെ ചൂണ്ടിക്കാണിക്കുന്നു. അത് സ്നേഹമെന്ന ക്രിസ്തീയ പുണ്യമാണ്," പ്രൊഫ. സൗക്കാ വ്യക്തമാക്കി. ഇതുതന്നെയാണ് 2022 ൽ ജർമ്മനിയിലെ കാൾസ്റൂവേയിൽ നടക്കാനിരിക്കുന്ന WCC യുടെ പതിനൊന്നാം അസംബ്ലിയുടെ ആപ്തവാക്യവും "ക്രിസ്തുവിന്റെ സ്നേഹം ലോകത്തെ അനുരഞ്ജനത്തിലേക്കും ഐക്യത്തിലേക്കും നയിക്കണം." ദൈവമക്കളെന്ന നിലയിൽ എല്ലാവർക്കും ക്രൈസ്തവ സ്നേഹത്തിൽ അധിഷ്ഠിതമായി ജീവിക്കുവാനും ഇപ്രകാരം ജീവിക്കുവാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുവാനും കടമയുണ്ടെന്ന് 'ഫ്രത്തെല്ലി തൂത്തി' ഉദ്ബോധിപ്പിക്കുന്നു. ഇതുതന്നെയാണ് എല്ലാ ക്രൈസ്തവ സമൂഹങ്ങളുടെയും അടിസ്ഥാനലക്ഷ്യമെന്നാണ് പ്രൊഫ. സൗക്കായുടെ പ്രതികരണം വ്യക്തമാക്കുന്നത്.

www.malankaralibrary.com



## സുവിശേഷത്തിന്റെ സംഗീതത്തിന് കാതോർക്കാം

ഓരോ വിശ്വാസിയുടെയും ക്രൈസ്തവ അസ്തിത്വത്തിൽനിന്നും ഒരു ആന്തരിക സുവിശേഷനാദം ഉയരുന്നുണ്ട്. മാർപാപ്പ പറയുന്നു: "നമ്മുടെ സത്തയിൽ പ്രതിധ്വനിക്കുന്ന സുവിശേഷത്തിന്റെ സംഗീതം അവസാനിച്ചാൽ—അനുകമ്പയിൽനിന്ന് ഉടലെടുക്കുന്ന സന്തോഷം, വിശ്വാസത്തിൽനിന്ന് ഉദ്ഭവിക്കുന്ന അനുകമ്പാർദ്ര സ്നേഹം, നമ്മൾ ക്ഷമിക്കപ്പെട്ടവരും അയയ്ക്കപ്പെട്ടവരും ആണെന്നതിന്റെ ഉറവിടമായ അനുരഞ്ജനത്തിനുള്ള ശേഷി ഇവയെല്ലാം നഷ്ടപ്പെട്ടേക്കാം. നമ്മുടെ ഭവനങ്ങളിലും പൊതു ഇടങ്ങളിലും ജോലി സ്ഥലങ്ങളിലും രാഷ്ട്രീയ സാമ്പത്തിക മേഖലകളിലും സുവിശേഷത്തിന്റെ നാദം നിലച്ചാൽ ഓരോ സ്ത്രീയുടെയും പുരുഷന്റെയും അന്തസ്സ് സംരക്ഷിക്കാൻ നമ്മെ ആഹ്വാനം ചെയ്യുന്ന ആന്തരികശക്തി പിന്നീടൊരിക്കലും കേൾക്കില്ല" (Ecumenical Prayer Service, Riga, Latvia, 24 September 2018). ഓരോ ക്രൈസ്തവന്റെയും ആന്തരികചോദനയാണ് സുവിശേഷചൈതന്യത്തിലധിഷ്ഠിതമായ സ്നേഹം. മാർപാപ്പ തുടരുന്നു, "മറ്റുള്ളവർ വ്യത്യസ്ത ഉറവിടങ്ങളിൽനിന്നും പാനം ചെയ്യുമ്പോൾ നമ്മെ സംബന്ധിച്ച് മനുഷ്യാന്തസ്സിന്റെയും സാഹോദര്യത്തിന്റെയും അരുവി യേശുക്രിസ്തുവിലാണ്. ഇതിൽനിന്നും മനസ്സിലാക്കുന്നത്, എല്ലാവർക്കുമുള്ള വിളി എന്ന നിലയിൽ ക്രൈസ്തവചിന്തകളിലും സഭയുടെ പ്രവർത്തനങ്ങളിലും പ്രാമുഖ്യം നൽകപ്പെട്ടിരിക്കുന്നത് പാരസ്പര്യത്തിനും അപരനെന്ന വിശുദ്ധ രഹസ്യത്തെ കണ്ടുമുട്ടുന്നതിനും മാനവകുടുംബവുമായുള്ള സാർവത്രിക കൂട്ടായ്മയ്ക്കുമാണ്" (*L'Osservatore Romano*, March 27, 2019). ക്രൈസ്തവരുടെ ഹൃദയങ്ങളിൽ അന്തർലീനമായിരിക്കുന്ന സുവിശേഷചൈതന്യം അവരെ സാഹോദര്യത്തിലേക്കും സൗഹാർദ്ദത്തിലേക്കുമാണ് നയിക്കേണ്ടത് എന്നാണ് പരിശുദ്ധപിതാവിന്റെ ഉദ്ബോധനത്തിന്റെ സാരം. ഈ സുവിശേഷചൈതന്യം ഓരോ ക്രൈസ്തവനെയും അപരനെ ഒരു വിശുദ്ധ രഹസ്യമായി നോക്കിക്കാണുവാൻ പ്രാപ്തനാക്കണം. പാരസ്പര്യത്തിലൂടെ ഈ ബന്ധത്തിൽ അനുകമ്പയും ആർദ്രതയും പ്രവഹിക്കണം. അപരനെ ഒരു

www.malankaralibrary.com



"വിശുദ്ധ രഹസ്യ"മായി കാണുന്നിടത്ത്, അവനിലെ കഴിവുകൾ തിരിച്ചറിയപ്പെടും, നന്മകൾ ആദരിക്കപ്പെടും, പോരായ്മകൾ പരിഹരിക്കപ്പെടും, അനുരഞ്ജനം സാധ്യമാകും.

സഭകൾ തമ്മിലുള്ള ബന്ധത്തിലും ഈ വ്യാഖ്യാനം ഏറെ പ്രാധാന്യമർഹിക്കുന്നു. വിവിധ സഭാസമൂഹങ്ങളുടെ വ്യക്തിത്വങ്ങളെ ആദരിക്കുന്നതിനും, തത്ഫലമായ അനുരഞ്ജനത്തിനുമാണ് ഓരോ ക്രൈസ്തവന്റെയും ഉള്ളിൽ മുഴങ്ങുന്ന സുവിശേഷനാദം അവനെ പ്രേരിപ്പിക്കുന്നത്. ഈ സുവിശേഷനാദത്തിന് കാതോർക്കാൻ കഴിയാത്തതാണ് പല ഭിന്നതകളുടെയും വ്യവഹാരങ്ങളുടെയും കാരണമെന്ന സത്യം മാർപാപ്പയുടെ ഉദ്ബോധനം നമ്മെ ഓർമ്മിപ്പിക്കുന്നു. സുവിശേഷനാദത്തിനു നേരെ കാതടയ്ക്കുന്നത് ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം തികച്ചും ആത്മഹത്യാപരമാണെന്ന വസ്തുതയും ഇവിടെ വെളിവാകുന്നു.

പരിശുദ്ധപിതാവ് തുടരുന്നു, "ലോകമെമ്പാടും നൂറ്റാണ്ടുകളായി നിലവിലുള്ള സഭ എല്ലാ സ്ഥലങ്ങളിലും വേരുറപ്പിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നതിനാലാണ് 'കാതോലിക'മായിരിക്കുന്നത്. അങ്ങനെ സാർവത്രിക സ്നേഹത്തിലേക്കുള്ള ക്ഷണത്തിന്റെ മനോഹാരിത അവൾക്ക് മനസ്സിലാക്കാൻ കഴിയുന്നത് അവളുടെ തന്നെ പാപത്തിന്റെയും കൃപയുടെയും അനുഭവത്തിൽനിന്നാണ്." ക്രൈസ്തവ ഐക്യത്തിലേക്കുള്ള യാത്രയിൽ സഭാജീവിതത്തിലുണ്ടായ പൂർവകാല പാപങ്ങൾ തിരിച്ചറിയപ്പെടുകയും അനുരഞ്ജനത്തിലൂടെ അവ പരിഹരിക്കപ്പെടുകയും ചെയ്യണമെന്നുള്ള ആഹ്വാനം പരിശുദ്ധപിതാവ് തന്റെ സഭാമക്കൾക്ക് നൽകുന്നത് ഏറെ പ്രസക്തമാണ്. ഈ ആഹ്വാനത്തിൽനിന്നും ഊർജം ഉൾക്കൊണ്ട്, ഇതിന്റെ പ്രാദേശിക സാക്ഷ്യം ഓരോയിടത്തും സംഭവിക്കേണ്ടതുണ്ട്. അവിടെയാണ് നമ്മിൽ പ്രതിധ്വനിക്കുന്ന സുവിശേഷനാദം സഭാമക്കളായ നമ്മിൽ ഫലദായകമാവുക. അനുരഞ്ജനത്തോടൊപ്പം കൃപയുടെ നിറവും സഭയിലുണ്ടാകണമെന്നും പരിശുദ്ധപിതാവ് ഉദ്ബോധിപ്പിക്കുന്നു. കൃപയുടെ നിറവാണ് അനുരഞ്ജനത്തിലേക്കും ഐക്യത്തിലേക്കും ക്രൈസ്തവരെ നയിക്കുന്നത്. ഈ കൃപയുടെ നിറവിനായി തുറന്ന മനസ്സോടെ പ്രാർത്ഥിക്കാനും ജീവിതത്തെ വിലയിരുത്തുവാനും സഭാമക്കൾക്കാവണം.

www.malankaralibrary.com



## ക്രൈസ്തവ സാഹോദര്യത്തിന്റെ അർത്ഥവ്യാപ്തി

ക്രൈസ്തവ സാഹോദര്യത്തിനടിസ്ഥാനം എല്ലാവരും ദൈവ മക്കളാണെന്ന അടിസ്ഥാന വസ്തുതയാണ്. അതോടൊപ്പം പരിശുദ്ധ ദൈവമാതാവിനെ തങ്ങളുടെ അമ്മയായി ഭൂരിപക്ഷം ക്രൈസ്തവരും സ്വീകരിക്കുന്നതിനെ ഭാവാത്മകമായ അർത്ഥത്തിലാണ് പരിശുദ്ധപിതാവ് നോക്കിക്കാണുന്നത്. പരിശുദ്ധപിതാവ് പറയുന്നു, "സാഹോദര്യത്തിന്റെ ഈ യാത്രയിൽ, മിക്ക ക്രൈസ്തവർക്കും മറിയമെന്ന അമ്മയുണ്ട്. കുരിശിന്റെ ചുവട്ടിൽ (യോഹ 19:26). ഈ സാർവത്രിക മാതൃത്വം അവൾ സ്വീകരിച്ചതുമുതൽ അവൾ യേശുവിനെ മാത്രമല്ല, അവളുടെ ശേഷിക്കുന്ന മക്കളെയും പരിപാലിക്കുന്നു (വെളി 12:17). ഉത്ഥിതനായ കർത്താവിന്റെ ശക്തിയിൽ നീതിയും സമാധാനവും സമൃദ്ധമായ ഒരു പുതിയ ലോകത്തിന് ജന്മം നൽകാൻ അവൾ ആഗ്രഹിക്കുന്നു; ആ ലോകത്തിൽ നാമെല്ലാവരും സഹോദരീസഹോദരന്മാരാണ്. നമ്മുടെ സമൂഹം ഉപേക്ഷിക്കുന്ന എല്ലാവർക്കും അവിടെ ഇടമുണ്ട്." ക്രൈസ്തവ ഐക്യത്തിലേക്കുള്ള പരിശുദ്ധ കന്യകാമറിയത്തിന്റെ മാതൃത്വത്തിന് അലംഘനീയമായ സ്ഥാനമുണ്ട്. അവളുടെ മാതൃത്വം ക്രൈസ്തവരെ സാഹോദര്യത്തിലേക്ക് നയിക്കുന്നതിൽ നിർണ്ണായക പങ്കു വഹിക്കുന്നു. പരിശുദ്ധ അമ്മയുടെ മാതൃത്വം നമ്മെ ത്യാഗപൂർണ്ണമായ ശുശ്രൂഷയുടെയും അനുരഞ്ജനത്തിന്റെയും പാഠങ്ങൾ പഠിപ്പിക്കുന്നു. ആ അമ്മയുടെ നീലക്കാപ്പയുടെ കീഴിൽ സഹോദരീസഹോദരന്മാരായ സഭാമക്കൾക്കേവർക്കും പ്രത്യേകമായ സ്ഥാനവും സംരക്ഷണവും ലഭ്യമാകുന്നു.

സഭാമക്കളുടെ സാഹോദര്യത്തെ കുറിച്ചുള്ള പ്രബോധനത്തിനിടയിൽ ഫ്രാൻസിസ് മാർപാപ്പ, വിശുദ്ധ പോൾ ആറാമൻ മാർപാപ്പയുടെ "എക്ലേസിയാം സുവാം" എന്ന ചാക്രികലേഖനത്തെ ഉദ്ധരിച്ചുകൊണ്ട് വ്യക്തമാക്കുന്നു. "എല്ലാറ്റിലുമുപരി മനുഷ്യത്വമാണ് നമ്മുടെ വിഷയം" (St. Paul VI, *Ecclesiam Suam*, 1964, 650). സഭൈക്യത്തിനുവേണ്ടിയുള്ള പരിശ്രമത്തിനിടയിൽ മനുഷ്യത്വവും മനുഷ്യാവകാശങ്ങളും ഏറെ പ്രാധാന്യത്തോടെ മാനിക്കപ്പെടണം. ഈ ഉത്തരവാദിത്തം മനസ്സിലാക്കി മനുഷ്യാവകാശങ്ങളും കടമകളും

www.malankaralibrary.com



സ്ഥാപിക്കുന്നതിന് ലോകരാഷ്ട്രങ്ങൾക്കിടയിൽ സ്വാധീനം ചെലുത്തുവാൻ ഓരോ സഭാസമൂഹത്തിനും സാധിക്കണം. ഇതിനാലാണ് 'ഫ്രത്തെല്ലി തൂത്തി'യോടുള്ള പ്രതികരണത്തിൽ കോൺസ്റ്റാന്റിനോപ്പിളിലെ എക്യുമെനിക്കൽ പാത്രിയർക്കീസ് ബർത്തലോമിയോ ഒന്നാമൻ ഇപ്രകാരം വ്യക്തമാക്കിയത്, "നമ്മുടെ പാരിസ്ഥിതികവും, രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായ ജീവിതത്തെ സ്വാധീനിക്കുന്ന ഗൗരവമായ ഉദാസീനതയെയോ, വിദ്വേഷത്തെയോ ഉപേക്ഷിക്കുവാനോ വെല്ലുവിളിക്കുവാനോ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ നൽകുന്ന ആഹ്വാനം നാം സർവാത്മനാ സ്വീകരിക്കുന്നു. നമ്മുടെ ലോകത്തെ ഒരു ഏകീകൃതകുടുംബമായി കാണുകയും അവിടെ നാം സഹോദരീസഹോദരന്മാരായി വർത്തിക്കുകയും ചെയ്യുന്ന വിധത്തിൽ സ്വപ്നം കാണാൻ പ്രേരിപ്പിക്കുന്ന ഈ പ്രബോധനം ഏറെ ചിന്തനീയമാണ് (Interview with Vatican media representative, Andrea Tornielli). ലോകമെമ്പാടുമുള്ള സഭാസമൂഹങ്ങളുടെ ചിന്ത എക്യുമെനിക്കൽ പാത്രിയർക്കീസിന്റെ പ്രതികരണത്തിൽ നിഴലിക്കുന്നുണ്ട്.

ലോകം നേരിടുന്ന അനൈക്യത്തിന്റെയും വിദ്വേഷത്തിന്റെയും ഭീഷണികൾക്ക് നടുവിൽ ക്രൈസ്തവർ ഐക്യത്തിന്റെ സാക്ഷ്യം നൽകണമെന്ന് ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്യുന്നു. "ക്രൈസ്തവർ ന്യൂനപക്ഷമായിരിക്കുന്ന രാജ്യങ്ങളിൽ ക്രൈസ്തവർക്ക് സ്വാതന്ത്ര്യം ഉറപ്പ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നതോടൊപ്പം അക്രൈസ്തവർ ന്യൂനപക്ഷമായിരിക്കുന്ന സ്ഥലങ്ങളിൽ അവർക്കുള്ള സ്വാതന്ത്ര്യവും ക്രൈസ്തവർ പ്രോത്സാഹിപ്പിക്കുക തന്നെ വേണം. സാഹോദര്യത്തിലേക്കും സമാധാനത്തിലേക്കുമുള്ള ഈ യാത്രയിൽ അടിസ്ഥാനപരമായ ഒരു മനുഷ്യാവകാശവും വിസ്മരിക്കപ്പെടുവാൻ പാടില്ല." സഭകൾ തമ്മിലുള്ള ബന്ധങ്ങളിൽ ഏറെ പ്രസക്തമായ ഒരു തിരിച്ചറിവാണിത്. മാർപാപ്പ തുടരുന്നു, "ഓരോ ദൈവത്തിന്റെ മക്കളെന്ന നിലയിൽ സഹോദരീസഹോദരന്മാരായ നമുക്ക് ആനന്ദിക്കുവാനും നമ്മുടെ വൈവിധ്യങ്ങളെ അംഗീകരിച്ച് ശാന്തവും ക്രമാനുസൃതവും സമാധാനപൂർണവുമായ സഹവർത്തിത്വത്തിനുള്ള ഒരു മാർഗം കണ്ടെത്തുവാനും സാധിക്കുമെന്ന് ഇത് സാക്ഷ്യപ്പെടുത്തുന്നു."

www.malankaralibrary.com



സഭയ്ക്കുള്ളിൽ ഐക്യവും കൂട്ടായ്മയും ശക്തിപ്പെടുത്തുവാൻ ദൈവത്തോട് ആത്മാർത്ഥമായി പ്രാർത്ഥിക്കണം. പരിശുദ്ധപിതാവ് തുടരുന്നു, "ഭിന്നതകൾക്കിടയിൽ അനുരഞ്ജനത്തിലൂടെ പരിശുദ്ധാത്മാവിനാൽ പരിപോഷിപ്പിക്കപ്പെടുന്ന ഐക്യമാണത്. 'നമ്മളെല്ലാവരും ഒരേ ആത്മാവിനാൽ സ്നാനമേറ്റും' (1 കോറി 12:13) എന്നു പറയുമ്പോഴും സഭയിലെ ഓരോ അംഗത്തിനും തങ്ങളുടേതായ സവിശേഷതകളുണ്ട്." സഭ ലക്ഷ്യംവയ്ക്കുന്ന ഐക്യം (Unity) നയിക്കേണ്ടത് ഐകരൂപ്യ(Uniformity)ത്തിലേയ്ക്കല്ല എന്ന വത്തിക്കാൻ കൗൺസിൽ പ്രബോധനം ഇവിടെ വ്യക്തമാണ്.

പരിശുദ്ധപിതാവ് തുടരുന്നു, "വ്യത്യസ്തമായ ക്രൈസ്തവ അനുരഞ്ജനങ്ങൾക്ക് സാക്ഷ്യമേകാൻ നടത്തുന്ന യാത്രകൾ അടിയന്തിരസ്വഭാവത്തോടെ തുടരുക തന്നെ വേണം. 'എല്ലാവരും ഒന്നായിരിക്കണമെന്ന്' (യോഹ 17:21) ക്രിസ്തുവിന്റെ ആഗ്രഹം നമുക്ക് മറക്കാനാകില്ല... പൂർണ്ണമായ കൂട്ടായ്മയിലേക്കുള്ള യാത്ര സാധ്യമാകുന്നത്, മാനവസേവയ്ക്കായി ഒരുമിച്ച് നിന്ന് എല്ലാവരുടേയും മുമ്പിൽ ദൈവത്തിന്റെ സ്നേഹം നിറഞ്ഞ സാക്ഷികളായി നിലകൊള്ളാൻ നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന കടമകളിലൂടെയാണ്." ഇവിടെ പരിശുദ്ധ പിതാവ് പൂർണമായ ക്രൈസ്തവ കൂട്ടായ്മയുടെ ആവശ്യകത കാണുന്നത് മാനവസേവയ്ക്കായുള്ള ഒരു അവസരമായിട്ടാണ്. ദൈവത്തിന്റെ അനന്തമായ കരുണയാലും സ്നേഹത്താലും പ്രചോദിതമായ ഈ ശുശ്രൂഷാസാക്ഷ്യം ആരംഭിക്കുന്നത്, 'ദൈവം കാണുന്നതുപോലെ വസ്തുതകളെ വീക്ഷിക്കുന്നിടത്തായിരിക്കണം' എന്നും പരിശുദ്ധപിതാവ് ചൂണ്ടിക്കാണിക്കുന്നു.

## 'ഫ്രത്തെല്ലി തൂത്തി'യുടെ കേരളഭാഷ്യം

'ഫ്രത്തെല്ലി തൂത്തി'യുടെ സഭൈക്യദർശനം ഇന്നത്തെ കേരളത്തിലെ ക്രൈസ്തവ സഭാന്തരീക്ഷത്തിൽ ഏറെ പ്രസക്തമാണ്. വ്യവഹാരങ്ങളുടെയും തെരുവ് സമരങ്ങളുടെയും 'പള്ളിപിടുത്തത്തി'ന്റെയും ഒക്കെ വാർത്തകൾകൊണ്ട് ഏറെ കലുഷിതമാണ് ഇന്നത്തെ കേരള ക്രൈസ്തവ സഭാന്തരീക്ഷം. ശ്രേഷ്ഠാചാര്യന്മാർ പോലും തെരുവുകളിലൂടെ വലിച്ചിഴയ്ക്കപ്പെടുന്ന കാഴ്ച നമ്മുടെ സ്വീകരണ മുറികളിൽ ഇരുന്നുകൊണ്ട് നാം കാണുമ്പോൾ സഹോ

www.malankaralibrary.com



ദരതുല്യമായ ക്രൈസ്തവ സാക്ഷ്യത്തിലൂടെയും സമവായ സംവാദങ്ങളിലൂടെയും ക്രൈസ്തവ ഐക്യത്തിന് ചാലകങ്ങളായി വർത്തിക്കുവാൻ ഓരോ ക്രൈസ്തവനുമുള്ള ഉത്തരവാദിത്തത്തിനു നേരെ വെളിച്ചം വീശുന്നുണ്ട് 'ഫ്രത്തെല്ലി തൂത്തി.' ഈ ദൗത്യം മനസ്സിലാക്കുന്നവർ നിഷ്ക്രിയരായിരിക്കുകയല്ല; മറിച്ച് കൃത്യമായ പ്രശ്നപരിഹാരത്തിനായി പ്രാർത്ഥനാപൂർവം പര്യാലോചന നടത്തുകയും തക്കതായ ഇടപെടലുകൾ നടത്തുകയും വേണം. 'ഫ്രത്തെല്ലി തൂത്തി' ഒരു എക്യുമെനിക്കൽ ക്രിയാത്മകതയിലേക്കാണ് വിരൽചൂണ്ടുന്നത്. അല്ലാതെ നിഷ്ക്രിയതയിലേക്കല്ല. ഈ ക്രിയാത്മക എക്യൂമെനിസത്തിന്റെ ഇന്ധനം ദൈവത്തിന്റെ അനന്തമായ സ്നേഹവും കരുണയുമാണ്. അത് നമ്മിലൂടെ സാക്ഷാത്കൃതമാകുവാൻ നമ്മെത്തന്നെ നമുക്ക് ഉപകരണങ്ങളാക്കാം.

**ഉപസംഹാരം**

എല്ലാ മനുഷ്യരും ദൈവമക്കളാണെന്നും, അതിനാൽതന്നെ സഹോദരരാണെന്ന വസ്തുത അടിവരയിട്ട് സ്ഥാപിക്കുകയാണ് 'ഫ്രത്തെല്ലി തൂത്തി.' ക്രൈസ്തവ ഐക്യത്തിന്റെ സാക്ഷ്യത്തിലൂടെ ലോകസമാധാനം ഉറപ്പുവരുത്താൻ നമുക്കുള്ള വലിയ ഉത്തരവാദിത്തത്തിലേക്കാണ് ഈ ചാക്രികലേഖനം വെളിച്ചം വീശുന്നത്. ഇതിന് നമ്മുടെ അമ്മയായ പരിശുദ്ധ ദൈവമാതാവിന്റെ മാധ്യസ്ഥം നമുക്ക് കോട്ടയായിരിക്കട്ടെ. ഇന്നത്തെ കേരള സഭാന്തരീക്ഷത്തിൽ ഏറെ പ്രസക്തമാണ് ഈ പ്രബോധനങ്ങൾ.

# ദൈവശാസ്ത്ര പഠനങ്ങൾ

ഡോ. തോമസ് കുഴിനാപ്പുറത്ത്

യേശുക്രിസ്തു തന്റെ ജനന-ജീവിത-മരണോത്ഥാനങ്ങളിലൂടെ നമുക്ക് പ്രദാനം ചെയ്ത രക്ഷയുടെ അനുഭവം, ഈ രക്ഷയുടെ ആനുകാലിക ആവിഷ്കരണം സഭയിലൂടെ എപ്രകാരം സാധിതമാകുന്നു. സഭയുടെ ഈ രക്ഷാപാതയിൽ ഇന്ന് അഭിമുഖീകരിക്കേണ്ടിവരുന്ന വെല്ലുവിളികൾ തുടങ്ങിയ സമസ്യങ്ങളാണ് ഈ ഗ്രന്ഥത്തിൽ ചർച്ച ചെയ്യപ്പെടുന്നത്.




## ഡോ. തോമസ് കുഴിനാപ്പുറത്ത്

പത്തനംതിട്ട ജില്ലയിൽ, ഓമല്ലൂർ കുഴിനാപ്പുറത്ത് ജോൺ തോമസിന്റെയും അന്നമ്മ ജോണിന്റെയും ഇളയമകനായി 1969 ഏപ്രിൽ 5ന് ജനനം. തിരുവനന്തപുരം മേജർ അതിരൂപതയുടെ ചാൻസിലർ, ജുഡീഷ്യൽ വികാർ, മലങ്കര മേജർ സെമിനാരി പ്രൊഫസർ എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. ദീപിക ദിനപത്രത്തിന്റെ തിരുവനന്തപുരം റെസിഡന്റ് മാനേജർ ആയിരുന്നു. കേരള സർവ്വകലാശാലയുടെ മലയാള സാഹിത്യ പാഠപുസ്തകമായ "ഭാഷാതിലക"ത്തിന്റെ രചയിതാക്കളിലൊരാളായി പ്രവർത്തിച്ചിട്ടുണ്ട്. ദൂരദർശൻ, ആകാശവാണി തുടങ്ങിയ ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങളിൽ വൈജ്ഞാനിക പരിപാടികൾ അവതരിപ്പിച്ച് ജനശ്രദ്ധ നേടിയിട്ടുണ്ട്. റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കാനൻ നിയമത്തിൽ ഡോക്ടറേറ്റ് നേടി. ഗ്രന്ഥങ്ങൾ: ദൈവജനം, Salvific Law, കാനോനിക പഠനങ്ങൾ, ദൈവശാസ്ത്രപഠനങ്ങൾ, സ്നേഹത്തിന്റെ സന്തോഷം: ഒരു സമ്പൂർണ്ണ പഠനം, അനുഗ്രഹത്തിന്റെ അക്ഷരവർഷങ്ങൾ, മാതാപിതാക്കളും മക്കളും അറിയാൻ.



ISBN 978-93-91296-31-5

₹ 180.00

CARMEL INTERNATIONAL PUBLISHING HOUSE

TRIVANDRUM, KERALA, INDIA - 695 014

www.carmelpublication.com